# കരയോഗ സൗഹൃദം


*സത്യം പരം ധീമഹി* **Rs. 6**

**മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം** **Pages 68**

വാല്യം - 13 ലക്കം - 10 കന്നി - 1197 ഒക്ടോബർ 2021
















*മുതിർന്ന പത്രപ്രവർത്തകനായ കെ. എം. റോയി, മുൻ ജില്ലാ കളക്ടർ ഡോ. കെ. ആർ. വിശ്വംഭരൻ എന്നിവരുടെ നിര്യാണത്തിൽ സാംസ്കാരിക കൊച്ചിയുടെ സ്മൃതി പ്രണാമം ടി.ഡി.എം. ഹാളിൽ നടന്നു. ചടങ്ങിൽ പ്രമുഖ വ്യക്തികൾ പ്രണാമം അർപ്പിച്ചു സംസാരിച്ചു.*





*ചെറായിൽ എറണാകുളം കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പള്ളിപ്പുറം സഹകരണബാങ്കുമായി സഹകരിച്ച്, സമൃദ്ധകേരളം പദ്ധതിയുടെ ഭാഗമായി നടത്തിയ കൃഷിയുടെ വിളവെടുപ്പ് വൈപ്പിൻ എം.എൽ.എ. ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ നിർവ്വഹിച്ചു. ചടങ്ങിൽ പള്ളിപ്പുറം സഹകരണബാങ്ക് എംപ്ലോയിസ്സും എറണാകുളം കരയോഗം അംഗങ്ങളും.*



# എഡിറ്റോറിയൽ

## നാടിന്റെ മുഖച്ഛായ മാറ്റുന്ന ഇലക്ട്രിക് ഹൈവേകൾ

നമ്മുടെ നാട് ഏറ്റവും കൂടുതൽ വിദേശനാണ്യം ചിലവിടുന്നത് പെട്രോളിയും ഉത്പന്നങ്ങളുടെ ഇറക്കുമതിക്കു വേണ്ടിയാണല്ലോ? ഈ ഇറക്കുമതി എത്ര കണ്ട് കുറയ്ക്കാൻ കഴിയുമോ അത്രയ്ക്ക് സാമ്പത്തീകമായി നമ്മുടെ രാജ്യം മുന്നേറും എന്നുള്ളതിൽ സംശയമില്ല. ഇന്ന് ഏററവും അത്യന്താപേക്ഷിതമായി നാം കരുതുന്ന ഫോസിൻ ഇന്ധനങ്ങളുടെ ആവശ്യം തീരെ ഇല്ലാതെ വരുന്ന കാലത്തെക്കുറിച്ച് ഒന്ന് ചിന്തിച്ച് നോക്കുക. സാമ്പത്തീകമായും പാരിസ്ഥിതികമായും എത്ര വലിയ നേട്ടങ്ങളായിരിക്കും നമുക്ക് ഉണ്ടാവുക. വിവിധ തരത്തിലുള്ള ആവശ്യങ്ങൾക്കുവേണ്ടി വ്യക്തികളും രാജ്യവും ഇന്ന് ചിലവാക്കുന്ന തുകയിൽ നിന്നും വളരെ കുറച്ചു മാത്രം തുക മറ്റ് ഇന്ധനങ്ങൾ ഉപയോഗിക്കുക വഴി ഈ ഇനത്തിൽ ചിലവഴിക്കേണ്ടതായി വരുമ്പോൾ മിച്ചമുണ്ടാകുന്ന പണം ഓരോരുത്തരുടേയും ജീവിത സാഹചര്യം മെച്ചപ്പെടുത്തുവാൻ ഉപയുക്തമായ രീതിയിൽ ഉപയോഗിക്കാൻ കഴിയും. അതുപോലെ സമ്പാദ്യശീലവും വർദ്ധിക്കും. അങ്ങനെ രാജ്യത്തിന്റെയും ജനങ്ങളുടേയും സാമ്പത്തീകസ്ഥിതി മെച്ചപ്പെടും. ജീവിത നിലവാരവും ഉയരും ഇതിനെല്ലാമുപരി ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കുമ്പോഴുണ്ടാകുന്ന അന്തരീക്ഷമലിനീകരണം മൂലം എത്രയെത്ര ആളുകളാണ് രോഗബാധിതരാവുന്നത്. എത്ര വിലപ്പെട്ട ജീവനുകളാണ് അങ്ങനെ നമുക്ക് നഷ്ടപ്പെടുന്നത്. ഇത്രയ്ക്ക് ദോഷകരമായതും വിലകൂടിയതുമായ പെട്രോളിയം ഉത്പന്നങ്ങളെ ഒഴിവാക്കാവുന്ന എല്ലാ മേഖലകളിൽ നിന്നും ഒഴിവാക്കിയാൽ എത്ര വലിയ നേട്ടമായിരിക്കും

# ഉള്ളടക്കം

വാല്യം 13 | ലക്കം 10 | ഒക്ടോബർ 2021


എഡിറ്റോറിയൽ ... 3
സെക്രട്ടറിയുടെ പംക്തി ... 5
ബാലലോകം ... 6
രാഗപരിചയം ... 10
നവരാത്രി പൂജ ... 11
വാസ്തു ... 13
ക്ഷേത്രങ്ങളിലൂടെ ... 15
ശ്രീമഹാഭാഗവതം ... 18
നവരാത്രി ... 23
ശ്വാനപുരാണം ... 25
രാമായണത്തിലെ സ്ത്രീ സാന്നിദ്ധ്യം ... 28
അദൃശ്യശക്തി ... 33
ആരോഗ്യം ... 34
ഞാൻ കണ്ട കുലാംഗനകൾ ... 37
പാതഞ്ജലയോഗദർശനം ... 38
ദശാവതാരം ... 40
മരം എന്ന ദിവ്യാത്ഭുതം ... 43
പഞ്ചമഹായജ്ഞങ്ങൾ ... 50
ഭാരതത്തിന്റെ ശാസ്ത്രപൈതൃകങ്ങൾ ... 52
മനഃശുദ്ധീകരണവും നിയന്ത്രണവും ... 54
പ്രാണവായു എന്ന ഓക്സിജൻ ... 60
മാസഫലം ... 62
മാട്രിമോണിയൽ ... 63


## പത്രാധിപസമിതി


**ആലപ്പാട്ട് മുരളീധരൻ** (മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ** (എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**

അതുണ്ടാക്കുക. ആരോഗ്യവും സമ്പത്തും സമൃദ്ധിയുമുള്ള രാജ്യം എത്രമേന്മയേറിയതായിരിക്കും ആ രാജ്യം. ഇത് വെറും ഭാവനയാണെന്ന് തോന്നുന്നുണ്ടോ? എങ്കിൽ നിങ്ങൾക്ക് തെറ്റി. ഒരു കാലത്ത് സാമ്പത്തീകമായി മറ്റ് പലരാജ്യങ്ങളെക്കാളും ഏറെ പിന്നിൽ നിന്ന രാജ്യം എന്തിനുമേതിനും വിദേശരാജ്യങ്ങളെ ആശ്രയിച്ചിരുന്ന രാജ്യം. എന്തിനേറെ അത്യാവശ്യചിലവുകൾക്കായി രാജ്യത്തിന്റെ കരുതൽ സ്വർണ്ണം വരെ പണയപ്പെടുത്തിയ ഒരു രാജ്യം അവിടെ നിന്ന് ഫിനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേറ്റ് ഇന്നിതാ ലോകത്തിലെ വൻശക്തികളിലൊന്നായി കുതിച്ചുയരുന്ന കാഴ്ചയാണ് നാം കാണുന്നത്. രാജ്യത്തിന്റെ ത്വരിതഗതിയിലുള്ള ഈ വളർച്ചയ്ക്ക് ആക്കം കൂട്ടുന്ന മറ്റൊരു മഹത് പദ്ധതിയ്ക്കാണ് ഇലക്ട്രിക് ഹൈവേകളുടെ നിർമ്മാണത്തിലൂടെ തുടക്കം കുറിക്കുന്നത്. കേന്ദ്രഗതാഗതവകുപ്പ് മന്ത്രി നിതിൻ ഗഡ്കരി തന്റെ ''സ്വപ്ന പദ്ധതിയായിട്ടാണ്'' ഈ പദ്ധതിയെ വിശേഷിപ്പിച്ചിരിക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും അമിതമായ വിലയും അതിന്മേൽ ചുമത്തുന്ന ഭാരിച്ച നികുതിയും താങ്ങാനാവാതെ ഒട്ടേറെ ആളുകൾ ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് മാറിക്കഴിഞ്ഞു. എന്നാൽ ഇന്ന് ഇത്തരം വാഹനങ്ങൾക്ക് വേണ്ടി ആവശ്യാനുസരണം ചാർജിങ് സ്റ്റേഷനുകൾ ഇല്ല എന്നുള്ളത് വലിയ പോരായ്മ തന്നെയാണ്. അതുകൊണ്ട് തന്നെ ദൂരെ യാത്രയ്ക്ക് ഇത് എത്ര കണ്ട് പ്രയോജനപ്പെടും എന്ന കാര്യത്തിലും സംശയം നിലനില്ക്കുന്നു. ഈ പ്രശ്നങ്ങളെല്ലാം പരിഹരിച്ച് വാഹനം ഓടുന്നതിനൊപ്പം ചാർജ്ജ് ചെയ്യുവാനും പറ്റുന്ന ഒരു സംവിധാനമാണ് ഇലക്ട്രിക് ഹൈവേകൾ വഴി നടപ്പിലാവുക. ഇലക്ട്രോമാഗ്നറ്റിക് സാങ്കേതിക വിദ്യയിലൂടെയാണ് വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുമ്പോൾ തന്നെ ചാർജ് ചെയ്യുന്നത്. ജർമ്മനിയിലും സിഡ്നിയിലും ഇപ്പോൾ ഇത്തരം ഇലക്ട്രിക് ഹൈവേകൾ നിലവിലുണ്ട്. സ്വീഡനിലും കഴിഞ്ഞ വർഷം ഇല്ക്ട്രിക് ഹൈവേ ഉത്ഘാടനം ചെയ്തതായിട്ടാണ് അറിവ് ഭാരതത്തിലെ ആദ്യത്തെ ഇലക്ട്രിക് ഹൈവേ രാജ്യതലസ്ഥാനമായ ദില്ലിയിൽ നിന്നും ജയ്പൂർവരെയുള്ളതാണ് ഇതിന്റെ നിർമ്മാണം, താമസം വിനാതുടങ്ങുമെന്നാണ് അറിയുന്നത്. അതിന് ശേഷം രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും ഇത്തരം ഇലക്ട്രിക് ഹൈവേകളുുടെ നിർമ്മാണം ആരംഭിക്കും. പല സംസ്ഥാനങ്ങളിലും സമയബന്ധിതമായിതന്നെ ലാഭകരമായ, ആരോഗ്യപ്രദമായ സുഖസവാരി ഒരുക്കുന്ന ഈ പദ്ധതി നടപ്പിലാക്കുമെന്നതിൽ സംശയമില്ല. എന്നാൽ മറ്റുള്ള പല സംസ്ഥാനങ്ങളെക്കാലും പലതിലും ഒന്നാം സ്ഥാനക്കാരായ നമുക്ക് എന്ന് ഇത് പ്രതീക്ഷിക്കാം. ഇവിടെ എന്ന് ഇത് നടപ്പിലാവും മുൻകാല അനുഭവങ്ങളാണ് ആ സംശയത്തിന് കാരണം കാലത്തിന്റെ മാറ്റം ഉൾക്കൊണ്ട് സാങ്കേതിക വിദ്യയുടെ വളർച്ചക്കനിസരിച്ച് അത് പ്രയോജനപ്പെടുത്തി ലോകം ദ്രുതഗതിയിൽ മുന്നേറുമ്പോൾ നാം അവകാശങ്ങളും അനുകൂലങ്ങളും സ്ഥിതിസമത്വവും സോഷ്യലിസവും ഒക്കെ പറഞ്ഞ് എല്ലാവിധ സംരംഭങ്ങൾക്കെതിരേയും സമരം ചെയ്യുകയും അവയെയൊക്കെ ഇല്ലായ്മ ചെയ്യുകയും ചെയ്യുന്ന കാഴ്ച ഏറെ നാളായി കാണുന്നവരല്ലെ നമ്മൾ. ട്രാക്ടറും കമ്പ്യൂട്ടറും ഒക്കെ വന്നപ്പോൾ എന്തായിരുന്നു കോലാഹലം അന്ന് സമരം ചെയ്ത പല നേതാക്കളും ഇന്ന് കയ്യിൽ ലാപ്ടോപ്പുമായി നടക്കുന്ന കാഴ്ച ഏറെ കൗതുകത്തോടെയാണ് ജനം നോക്കി കാണുന്നതും ഉള്ളാലെ ചിരിക്കുന്നതും. അതുപോലെ കൊച്ചി അന്താരാഷ്ട്രവിമാനത്താവളം, സിറ്റിഗ്യാസ്പദ്ധതി അങ്ങനെ അങ്ങനെ ഒരു പാട് ഒരു പാട് വികസനപദ്ധതികളും പ്രക്രിയകളും ഈ നേതാക്കളോടൊക്കെ ഒരു അപേക്ഷയെ ഉള്ളൂ. ഈ പദ്ധതി കേരളത്തിലേയ്ക്ക് എത്തുമ്പോൾ ഒരു കാരണം പറഞ്ഞും മുടക്കരുതേയെന്ന്. യാത്രാക്ലേശവും യാത്രാദുരിതവും ഏറെ അനുഭവിക്കുന്ന ഇവിടുത്തെ സാധാരണക്കാരായ ജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമായേക്കാവുന്ന ഈ പുതിയ ഇലക്ട്രിക് ഹൈവേ പദ്ധതി കഴിയുന്നത്ര വേഗത്തിൽ കേരളത്തിൽ നടപ്പിലാക്കുവാൻ ബഹു. കേരളമുഖ്യമന്ത്രിയും, ഗതാഗതവകുപ്പ് മന്ത്രിയും മുൻകൈയ്യെടുക്കണമെന്ന് ഞങ്ങൾ വിനയപുരസ്വകരം അഭ്യർത്ഥിക്കുന്നു. സിറ്റിഗ്യാസ് പദ്ധതി നടപ്പിലാക്കുവാൻ ബഹു. മുഖ്യമന്ത്രി കാണിച്ച ഔത്സ്യുക്യവും ആർജ്ജവവും ഇക്കാര്യത്തിലും ഉണ്ടാവും എന്ന് പ്രതീക്ഷിക്കാം. നമുക്ക് അദ്ദേഹത്തിൽ വിശ്വാസമർപ്പിച്ച് കാത്തിരിക്കാം. ശുഭചിന്തകളോടെ, ശുഭപ്രതീക്ഷയോടെ..

ഭാരതത്തിലെ പ്രധാനപ്പെട്ട രണ്ട് ഉത്സവങ്ങളുടെ കാലമാണല്ലോ ഇത്. ഒക്ടോബർ 6 മുതൽ 15 വരെ നവരാത്രിയും നവംബർ 4-ാം തീയതി ദീപാവലിയുമാണല്ലോ. എല്ലാവർക്കും നവരാത്രി ആശംസകളും ദീപാവലി ആശംസകളും നേർന്നു കൊള്ളുന്നു.

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രിയ കരയോഗാംഗങ്ങളെ,

എല്ലാവർക്കും എറണാകുളം കരയോഗത്തിന്റെ നവരാത്രി ആശംസകളും ദീപാവലി ആശംസകളും നേർന്നു കൊള്ളുന്നു.

എറണാകുളം കരയോഗത്തിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ ഒന്നര വർഷത്തിലധികമായി കോവിഡ് – 19 ന്റെ പശ്ചാത്തലത്തിൽ ഭാഗികമായി മാത്രമേ ചെയ്യുവാൻ കഴിഞ്ഞിരുന്നുള്ളൂ. ഇപ്പോഴും തത്സ്ഥിതി തുടരുക തന്നെയാണ്. കഴിഞ്ഞ വാർഷിക പൊതുയോഗത്തിന്റെ തീരുമാനമനുസരിച്ച് നമ്മൾ നേരിടുന്ന സാമ്പത്തികമായ പ്രതിസന്ധി തരണം ചെയ്യുന്നതിന് അംഗങ്ങളോട് നിയമാവലിക്കു വിധേയമായി സംഭാവന നല്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. പല അംഗങ്ങളും നിർലോഭമായ സഹായങ്ങൾ കരയോഗത്തിന് നല്കിയെന്നു പറയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. അവരോടുള്ള നന്ദി ഇത്തരുണത്തിൽ പ്രത്യേകം രേഖപ്പെടുത്തുന്നു.

കരയോഗത്തിലേക്കുള്ള ചാരിറ്റി, കോവിഡ് കണ്ടിജൻസി ഡൊണേഷൻ എന്നിവകളിൽ കുടിശ്ശിക ഉള്ളവർ എത്രയും വേഗം ആയത് കരയോഗത്തിലടച്ച് ഈ പ്രതിസന്ധിഘട്ടത്തെ മറികടക്കുവാനായി ഒപ്പം ഉണ്ടാവണമെന്ന് ഒരിക്കൽ കൂടി വിനീതമായി അഭ്യർത്ഥിക്കുന്നു.

കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ചെറിയ തോതിൽ ആരംഭിക്കുവാനാണ് ആലോചിക്കുന്നത്. ആയതിന്റെ മുന്നോടിയായി ഒക്ടോബർ 6 മുതൽ 15 വരെ നവരാത്രി ആഘോഷപരിപാടികൾ ഭാഗികമായി കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് ടി. ഡി. എം ഹാളിൽ നടത്തപ്പെടുന്നു.

കരയോഗത്തിന്റെ വിവിധ ഹാളുകളിൽ വിവാഹം, വിവാഹ നിശ്ചയം എന്നിവയ്ക്കും മറ്റു പരിപാടികൾക്കുമുള്ള ബുക്കിംഗ് പുരോഗമിച്ചു വരുന്നു. കരയോഗാംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും സുഹൃത്തുക്കളും ടി.ഡി. എം ഹാളിന്റെ സേവനങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തണമെന്ന് താല്പര്യപ്പെടുന്നു.

കഴിഞ്ഞ മാസത്തിൽ കരയോഗത്തിന്റെ 32 സബ്കമ്മിറ്റികളുടെ ആദ്യയോഗം കൺവീനർമാർ വിളിച്ചു കൂട്ടുകയും അടുത്ത ഒരു വർഷത്തേക്കുള്ള പരിപാടികളും പദ്ധതികളും ചർച്ച ചെയ്ത് വിശദമായ റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് മുൻഗണനാക്രമത്തിൽ സാമ്പത്തിക സ്ഥിതി പരിഗണിച്ച് അടിയന്തിര സ്വഭാവമുള്ളവ നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും തുടർന്നും ഉണ്ടാവണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

* * *



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

*പ്രിയപ്പെട്ട ബാലലോകം കൂട്ടുകാരെ,*

കഴിഞ്ഞ കുറച്ചു ലക്കങ്ങളിലായി ഏറെ ഗൗരവതരങ്ങളായ കാര്യങ്ങളാണല്ലോ പറഞ്ഞു പോയത് എന്നൊരു തോന്നൽ ചിലർക്കെങ്കിലുമുണ്ടെന്നു തോന്നുന്നു. തീരെ ചെറിയ കുട്ടികൾക്കും 'ബാലലോകം' രസാനുഭവമാകണം. വേണ്ടേ? വേണം! അപ്പോൾ കളിപ്പാട്ടുകളിലൂടെ, കളികളിലൂടെ കൊച്ചുകൊച്ചു കവിതകളിലൂടെ കുറച്ചു വല്ലതും പറഞ്ഞാലോ? പറയാമല്ലേ? ശരി, പറയട്ടെ?

നമുക്ക് കളികളിലൂടെയും പഠിക്കാം ചിലത് കളികളിലൂടെ ഓർത്തു വെച്ചാൽ പഠിക്കാനുള്ള പലതും മറക്കാതെ ഓർത്തിരിക്കാം.

ഉദാഹരണത്തിന് കുന്നിനെയോർത്താൽ 'ഒന്ന്' എളുപ്പത്തിൽ തന്നെ ഓർമ്മയിൽ വരുന്ന ഒരെണ്ണൽ പാട്ടാണ് ചുവടെ ചേർത്തിരിക്കുന്നത്. ഒന്നുമുതൽ എണ്ണിപഠിക്കാൻ തുടങ്ങുന്ന കൊച്ചു കൂട്ടുകാർക്ക് ഈ എണ്ണൽപാട്ട് രസിക്കും. എനിക്കുറപ്പാണ്.

'ഒന്നെന്നോർക്കാൻ കുന്നുണ്ട്
കുന്നുംമേലേ കയറീടാം.
രണ്ടെന്നോർക്കാൻ ഞണ്ടുണ്ട്
ഞണ്ടതിറുക്കും സൂക്ഷിച്ചോ....!
മൂന്നിനെ യോർക്കാൻ മുക്കണ്ണൻ
തേങ്ങാപ്പൂളിതു തിന്നാലോ
നാലിനെയോർക്കാൻ കാലുണ്ട്
നാൽക്കാലികളെ കണ്ടോളൂ
അഞ്ചിനെയോർക്കാൻ കൊഞ്ചുണ്ട്
കൊഞ്ചു കറിക്കോ സ്വാദെന്തേ!
ആറെന്നോർക്കാൻ പെരിയാറ്
ആറതിൽ മുങ്ങിക്കയറാല്ലോ
ഏഴിനെയോർക്കാൻ കഴിവുണ്ട്
കുഴിയാന കളിക്കാം ചങ്ങാതി.
എട്ടെന്നോർക്കാൻ ഞെട്ടുണ്ട്
ഞെട്ടിൽ പൂവുകളെട്ടുണ്ട്
ഒൻപതതോർക്കാൻ കൊമ്പുണ്ട്
കൊമ്പിൽ നിറയെ കിളിയുണ്ട്
പത്തിനെയോർക്കാൻ പൊത്തുണ്ട്
പൊത്തിൽ നത്തുകൾ പത്തുണ്ട്
ഇങ്ങനെയെണ്ണി നോക്കുമ്പോൾ
അങ്ങനെ എണ്ണൽ സുഖമയമായ്!

ഒന്നെന്നോർക്കാൻ 'കുന്ന്' ഉള്ളതുപോലെ 'രണ്ടിനെ'യോർക്കാൻ ഞണ്ടുണ്ട് ഈ എണ്ണൽ പാട്ടിൽ. ഞണ്ടിന്റെ പ്രത്യേകതയും പറയുന്നുണ്ട്. 'ഞണ്ടതിറുക്കും സൂക്ഷിച്ചോ'.

ഇതുപോലെ നമുക്കു ചുറ്റുമുള്ള ജീവജാലങ്ങളെയൊക്കെ കൊച്ചു കൊച്ചു വരികളിലൂടെ കൊച്ചു കവിതകളിലൂടെ പരിചയപ്പെടാം. അടുത്തറിയാം മനസ്സിൽ അവയെക്കുറിച്ചുള്ള കൗതുകങ്ങൾ സൂക്ഷിച്ചുവെക്കാം. ഇടയ്ക്കൊക്കെ ഒന്നോർത്തു നോക്കി കൗതുകം മങ്ങാതെ, മറവി മൂടാതെ നോക്കാം.

'പലനിറമുള്ള കുഞ്ഞുങ്ങൾ
മുട്ടവിരിഞ്ഞൊരു കുഞ്ഞുങ്ങൾ
കോഴിപ്പൂവും ചേലും ചിറകും
ചേരും കോഴിക്കുഞ്ഞുങ്ങൾ'.-

കോഴിക്കുഞ്ഞുങ്ങളെപ്പറ്റിയാണ്. മുട്ടവിരിഞ്ഞിറങ്ങിയ, പല വർണ്ണങ്ങളിലുള്ള കോഴിക്കുഞ്ഞുങ്ങൾ 'കീയോം കീയോം' എന്ന് ഒച്ച വെച്ച് അവിടെയുമിവിടെയും ചിക്കി മാന്തി നടക്കുന്ന കോഴിക്കുഞ്ഞുങ്ങൾ. എന്തു രസമാണല്ലേ?

'ചെപ്പും പന്തും' നോക്കൂ.-

'ചന്തുവിനുണ്ടൊരു പന്ത്

ചന്ദനവർണ്ണപന്ത്
കൂട്ടരുമൊത്തു കളിക്കാൻ
കൗതുകമുള്ളൊരു പന്ത്'.
ചക്കിയ്ക്കുണ്ടൊരു ചെപ്പ്
മത്താപ്പൂത്തിരിചെപ്പ്
ചെപ്പുതുറന്നാലൊത്തിരിനേരം
മത്താപ്പൂത്തിരി മിന്നും.

ചന്തുവും ചക്കിയും ചങ്ങാതിമാർ. ചന്തുവിന് പന്തും ചക്കിക്കു ചെപ്പും കളിക്കുട്ടി പ്രായത്തിൽ കൗതുകമാവുന്നു. പന്തിന്റേയും ചെപ്പിന്റേയും വർണ്ണനകൾ എളുപ്പം മനസ്സിലാക്കിവെക്കാൻ പാകത്തിലാണ് വരികൾ.

'തുമ്പിപ്പാട്ടും' താളത്തിലാണ് ചൊല്ലി നോക്കൂ...

'തുമ്പീ തുമ്പീ പൂത്തുമ്പി
തുമ്പപ്പൂവിൽ തേൻ തുമ്പീ
പമ്മിപ്പാറി ചെന്നാലും
പൂവിലിരുന്നു നുകർന്നാലും
പൂമ്പൊടിയല്പം ഉണ്ടാലും
ഒന്നുമയങ്ങിയുണർന്നാലും
ചെമ്മേ നൃത്തം ചെയ്താലും
പൂക്കൾ തേടി പോയാലും
പിച്ചനടക്കും കുട്ടിക്കും
പല്ലുകൊഴിഞ്ഞൊരു മുത്തിക്കും
തുമ്പീതുമ്പീ പൂത്തുമ്പീ
കൗതുകമെന്നും നിൻനൃത്തം'.

തുമ്പിക്കു പിൻപേ പോകാത്ത കുട്ടികൾ ഉണ്ടാവില്ല. പാത്തുപതുങ്ങിചെന്ന്, പൂവിൽവന്നിരിക്കുന്ന തുമ്പിയെ പിടിക്കാൻ പോയ പഴയ ബാല്യകാലം മുതിർന്നവർക്കും ഓർത്തുനോക്കാം.

ആകാശമുറ്റത്ത് അമ്പിളിച്ചന്തം കണ്ടാലോ? ഉള്ളം തുടിക്കാത്തവരായി ആരും കാണില്ല. കുട്ടികളുടെ കാര്യം പിന്നെ പറയണോ? ഇതാ 'അമ്പിളിപ്പൂത്താലം' – കൊച്ചുകവിത

'ചിത്തിരപ്പൂത്താലം, ആഹാ,
ചേലുള്ളപൂത്താലം
ആകാശത്താഴ്വാരത്താരോ ഒരുക്കിയ
മാകന്ദപ്പൂത്താലം!
ചക്കരമാവിന്റെ തുഞ്ചത്ത് തൂമലർ–
തൂകുന്നപൂത്താലം
ചിത്തിരപ്പൂത്താലം ആഹാ,
ചേലുള്ള പൂത്താലം
അമ്പലമുറ്റത്തെ ആലിലകൊമ്പിലെ
അമ്പിളിപ്പൂത്താലം
രാവിന്റെ ചന്ദനത്തോളിൽതിളങ്ങുന്ന
വാസന്തപ്പൂത്താലം!
വാലിട്ടെഴുതിയ വർണ്ണക്കറുപ്പിന്മേൽ
മായികപൂത്താലം
ചിത്തിരപ്പൂത്താലം, ഹായ്, ഹായ്
ചേലുള്ള പൂത്താലം!'

ചൊല്ലിനോക്കു. താളത്തിൽ വേണം. രസമൊക്കെയുണ്ട് ചൊല്ലാൻ ഇല്ലേ?

'പൂത്താല'ത്തെപോലെ പൂക്കളെപ്പറ്റിയും പറയാനുണ്ട് ചിലത്. കൂട്ടുകാർക്ക് ഏതൊക്കെ പൂക്കളെപ്പറ്റി അറിയാം?. ഒന്നോർത്ത് നോക്കൂ പരിചയമുള്ള പൂക്കളെയൊക്കെ. ഇനി ചുവടെ ചേർത്തിരിക്കുന്ന കവിതയിലെ പൂക്കളെ അടുത്തറിയുമോ എന്നു നോക്കൂ.

'മുക്കുറ്റി, തുമ്പപ്പൂ, കാക്കപ്പൂവ്
മുത്തശ്ശിയമ്മയ്ക്കു കമ്മൽപ്പൂവ്
ചെത്തിപ്പൂ, ചിറ്റാമ്പൽ, ചെമ്പരത്തി
തെക്കേലെ ചെക്കനു കോഴിപ്പൂവ്
മുല്ലപ്പൂ, മന്ദാരം, മല്ലികപ്പൂ
അഴകൊത്തപെണ്ണിനരളിപ്പൂവ്
താലിപ്പൂ, പീലിപ്പൂ, താമരപ്പൂ
താലത്തിൽ തിരിയിട്ട താരകപ്പൂ
ബന്തിപ്പൂ, പിച്ചിപ്പൂ, ചെമ്പകപ്പൂ
ചെഞ്ചായം ചോപ്പിട്ട ചിത്തിരപ്പൂ
അല്ലിപ്പൂ ലില്ലിപ്പൂ കണ്ണാന്തളി
കണ്ണന്റെ കോവിലിൽ കർപ്പൂരപ്പൂ!' – ഇതിൽ

പറഞ്ഞിരിക്കുന്ന പൂക്കളൊക്കെ അറിയുമോ കൂട്ടുകാർക്ക്? ഇല്ലെങ്കിൽ അമ്മമാരോടോ അമ്മൂമ്മമാരോടോ ചോദിച്ചറിയൂ

താരാട്ടു കേട്ടുറങ്ങിയിട്ടില്ലാത്ത കുഞ്ഞുങ്ങൾ ഉണ്ടായിരിക്കില്ല. താരാട്ടുപാട്ടായാലോ ഇനി? താരാട്ടുതാളം

രാരീരം രാരീരം പാടി, അമ്മ
ഈണമായ്താരാട്ടുമൂളി.
അമ്മിഞ്ഞപ്പാൽ മണംപേറി, ഉണ്ണി
രാവിന്റെ തോളിൽ മയങ്ങി.
ഇമ്പമായ് കാതിൽ മുഴങ്ങും, ഹൃദ്യ

ഭാവ പ്രപഞ്ചമാം സാരം
ഈരേഴുലകിലും കാലം, എന്നും
കാതോർത്തിരിക്കുന്ന താളം!

താരാട്ടിനുണ്ടൊരീണം. താളം പാടുന്നതും മൂളുന്നതും അമ്മയാവുമ്പോൾ അതിന് തേനിമ്പമാണ്. അമ്മയെപ്പോലെ ആരാണ് മക്കളെ വാത്സല്യത്തോടെ, ലാളനയോടെ നെഞ്ചിൽ ചേർക്കുന്നത്? അമ്മയെപ്പോലെ ആരാണ് നമ്മെ സ്നേഹിക്കുക.?

ചോറുരുട്ടിത്തരാൻ, പായസവും പലഹാരങ്ങളും തരാൻ, പൊന്നുമ്മതരാൻ അമ്മ വേണ്ടേ? നമ്മൾ നല്ല കുട്ടികളാണെങ്കിൽ ലോകത്തിലെ നല്ല അമ്മമാരെല്ലാം നമ്മളെ സ്നേഹിക്കും. സ്ത്രീകളെ അമ്മയായി കാണുന്നത് മഹത്വം. ദേവിയായി കാണുന്നത് അതിമഹത്വം.

നാട്ടിടവഴിയിലെ, നാൽക്കവലയിൽ നിന്ന് പണ്ടൊരു മക്കാറുമൂപ്പൻ കൂവിവിളിച്ചു. 'ആകാശമിഠായി വേണോ?'

പിള്ളേർക്കൊപ്പം പലരും ചുറ്റും കൂടി. മൂപ്പൻ ഉച്ചത്തിൽ വിളിച്ചു ചൊല്ലി.

'ആകാശമിഠായി ആർക്കു വേണം?'
മക്കാറുമൂപ്പൻ വിളിച്ചുകൂവി
ആകാശമിഠായി ആർക്കുവേണം?
ചൊല്ലുന്നവർക്കുണ്ടൊരെണ്ണം
കൈ ചൂണ്ടുന്നവർക്കുണ്ടൊരെണ്ണം
ആളുണ്ടോ, വേണ്ടവർ വന്നു നിൽക്കൂ
വേണ്ടവർ, വേണ്ടവർ ചോദിച്ചോളൂ!
'മിഠായി രണ്ടെണ്ണം വേണമല്ലോ
മക്കാറേ എന്താ വഴിയതിന്'?
തെക്കേലെ മീനൂട്ടി കേട്ടപാടെ
മക്കാറോടായി തിരിച്ചടിച്ചു.
മക്കാറുടനടി വാതുറന്നു
മീനൂട്ടി വട്ടം ചെവി പിടിച്ചു
'ആഞ്ഞിലിപൊക്കത്തെ ആകാശത്തെ
മിഠായി തേൻമരം കണ്ടതില്ലേ?
ആ മരപ്പൊക്കത്ത് ആയത്തിൽ നിന്നിട്ട്
ആർക്കും പറിച്ചിടാം എത്രവേണേൽ!

ആഞ്ഞിപൊക്കത്തു കയറിനിന്ന് ആകാശത്തെ മിഠായി തേൻ മരത്തിൽ നിന്ന് നിങ്ങൾ കൊച്ചുകൂട്ടുകാർക്കും പറിക്കാം. ആകാശമിഠായി. ചെണ്ടയും കോലും ചേരുമ്പോൾ താളം മുറുകും, ഇല്ലേ? ദാ കേട്ടോളൂ:-

'ചെണ്ടപ്പുറത്താരോ കോലുവെച്ചു
ചെണ്ട ചിണുങ്ങി തുടങ്ങി
കേട്ടവർ കേട്ടവർ ഓടിയെത്തി
ചെണ്ടയ്ക്കു ചുറ്റും ഇടം പിടിച്ചു.
ചെണ്ടയ്ക്കു ചൊല്ലുവാനുള്ളതെല്ലാം
കേൾക്കുവാനെന്നോണം കാത്തുനിന്നു
കോലുപുറത്തുകൊള്ളുമ്പോഴെല്ലാം
ചെണ്ടമുഴക്കത്തിൽ മിണ്ടിനിന്നു
ചുറ്റിനും നിന്നവർ കൈയ്യടിച്ചു
ഒപ്പത്തിനൊപ്പം ചുവടുവെച്ചു'.

'ചെണ്ടയും കോലും' ചേർന്ന് അസ്സൽ മേളമായി. ഇനിയൊരു കടക്കാരനെപ്പറ്റിയാകാം. എന്തേ? എന്റെ നാട്ടിൽ ഭക്ഷണശാല നടത്തിയിരുന്ന ഒരു നാണുവാശാൻ ഉണ്ടായിരുന്നു. കട നടത്തി, നടത്തി കടത്തിലായ കടക്കാരൻ. ആളെ പരിചയപ്പെട്ടോളൂ.

'നാണുവാശാന്റെ കടയിലെന്നും
നാലഞ്ചുപേരവർ വന്നിരിക്കും
നാട്ടുവിശേഷങ്ങൾ ചൊല്ലിപറഞ്ഞവർ
കാശുകൊടുക്കാതെ 'ഫുഡ്ഡടിക്കും'.!
ചപ്പാത്തീം ചിക്കനും ചോറുമെല്ലാം
പെട്ടെന്നവർ തീർത്തു തിന്നുകൊള്ളും
ചായയോടൊപ്പം കടിയുമവർ
മേലനങ്ങാതെ കഴിച്ചുതീർക്കും
നാണുവാശാനില്ല ലാഭമൊന്നും
ഇങ്ങനെ കച്ചോടം ചെയ്യുന്നതിൽ
നഷ്ടക്കണക്കുകൾ വീട്ടിൽ വിളമ്പുമ്പോൾ
ആശാന് നിത്യവും തട്ടുതന്നെ!

'ഓസിന് ഒരു കച്ചോട'മായിരുന്നു നാണുവാശാന്റേത്. 'കടം കുടികെടുത്തും' പഴയമൊഴിയാണ്. പതിരില്ല. 'കിട്ടാകടം നഷ്ടം വരുത്തും.' സ്പഷ്ടം! പൊളിയല്ല.

പ്രകൃതിയിൽ എന്തിനും, ഏതിനും ഒരു താളം കാണും. കാറ്റുവീശുന്നതിലും, കിളിചിലയ്ക്കുന്നതിലും, മരങ്ങൾ ചാഞ്ചാടുന്നതിലും, മനുഷ്യർ നടക്കുന്നതിലും, കുയിൽ പാടുന്നതിലും, എന്നു വേണ്ടാ എന്തിലും ഏതിലും നമ്മുടെയൊക്കെ ജീവിതത്തിനുതന്നെയും കാണും ഒരു താളം. ഈണവും താളവുമില്ലെങ്കിൽ ഒക്കെയും ഇമ്പമില്ലാതെയാകും. നിശ്ചലമെന്ന ഒരവസ്ഥതന്നെയാവും.

കൂട്ടുകാർ ജീവിതത്തിന്റെ താളം മനസ്സിലാക്കാൻ ശ്രമിക്കണം. ജീവിതം കൂടുതൽ കൂടുതൽ താളാത്മകമാക്കാൻ പഠിക്കണം. ഇതാ താളത്തെ കുറിച്ചൊരു കവിത – 'താളം'

ചെണ്ടയ്ക്കുണ്ടൊരു താളം
ചേലേറുന്നൊരു താളം
പീപ്പിയ്ക്കുണ്ടൊരു താളം
ഊതിയുണർത്തും താളം
നാദസ്വരത്തിൻ താളം
മധുമഴപൊഴിയും താളം
ജീവിതമേയൊരു താളം
എന്തൊരു രസികൻ താളം

എല്ലാവർക്കും ശുഭകാലം ആശംസിക്കുന്നു.

## വാക്കിന്റെ വില

ഒരിടത്ത് ഒരു മഹാക്ഷേത്രത്തിന്റെ പണി നടക്കുകയായിരുന്നു. നൂറുകണക്കിന് നിർമ്മാണ തൊഴിലാളികൾ അവിടെ വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുകയാണ്.

അപ്പോഴാണ്, അതുവഴി പോയാൽ എവിടെ എത്തുമെന്നു ചോദിച്ച് ഒരു സന്യാസി അവിടെ എത്തിയത്.

'ഇവ്ടെ അടുത്ത് ഒര് സിദ്ധാശ്രമമുണ്ടെന്നു കേട്ട് വന്നതാണ്. ഇതുവഴിയല്ലേ അങ്ങോട്ട് എളുപ്പം.?'

'അതെയതെ കുറച്ചുചെല്ലുമ്പോൾ വഴിപിരിയും. വലത്തോട്ടുതിരിഞ്ഞ് അൽപം ചെല്ലുമ്പോൾ അത്രയൊന്നും ദൂരെയല്ലാതെ കാണാം ഗുരുവിന്റെ പർണ്ണശാലയും ആശ്രമവും.

പണിക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ടു നിന്ന ആൾ പറഞ്ഞു.

ഇപ്പോൾ ചെന്നാൽ എങ്ങനെ, ഗുരുവിനെ കാണാൻ പറ്റുമോ കാണുമോ അവിടെ? അദ്ദേഹം

'ചെന്നു നോക്കൂ. വലിയ സിദ്ധനെന്നാ എല്ലാവരും പറഞ്ഞുകേൾക്കണെ. എപ്പോഴും പല വേഷത്തിൽ യാത്ര പോവും ഗുരു. ഞങ്ങൾ കൂടി ഇതുവരെ ഒന്നു കണ്ടിട്ടില്ല'.

'ഓഹ് അങ്ങിനെയോ ചെന്നു നോക്കട്ടെ'. അയാൾക്ക് നന്ദി പറഞ്ഞ് നടക്കാൻ തുടങ്ങുമ്പോൾ സന്യാസി അവിടെ കണ്ട് ഒരു കല്ലാശാരിയോട് ചോദിച്ചു.

'നിങ്ങൾ എന്തിനു വേണ്ടിയാണ് ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നത്...?'

കല്ലാശാരി മുഖമുയർത്തി

'ഇതെന്റെ വയറ്റിപ്പിഴപ്പാണ്. കുടുംബത്തെ പോറ്റണ്ടേ. കഴിഞ്ഞു പോകണ്ടേ. അതിനായി മാത്രം ഞാൻ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു'.

സന്യാസി മുൻപോട്ടു നടന്നു.

കല്ലിൽ നിന്ന് കരകൗശലത്താൽ ഏതോ രൂപം കൊത്തിയുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന മറ്റൊരാശാരിയെ സന്യാസി കണ്ടു. അയാളോടും അദ്ദേഹം ചോദ്യം ആവർത്തിച്ചു.

'നിങ്ങൾ എന്തിനു വേണ്ടിയാണ് ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നത്....?'

അയാളുടെ മറുപടി മറ്റൊന്നായിരുന്നു. അയാൾ പറഞ്ഞു.

'നോക്കൂ, ഞാനൊരു ശിൽപിയാണ്. ഈ ശിൽപത്തിലൂടെ എന്റെ കഴിവ് എനിക്ക് ലോകത്തെ അറിയിക്കണം. അതിനായിക്കൊണ്ടുമാത്രം ഞാനിവിടെ ജോലിചെയ്യുന്നു'.

സന്യാസി നടന്ന് മൂന്നാമതൊരു കല്ലാശാരിയുടെ അടുത്തെത്തി. മറ്റു രണ്ടുപേരോടും ചോദിച്ച അതേ ചോദ്യം അദ്ദേഹം മൂന്നാമനോടും ആവർത്തിച്ചു.

മൂന്നാമന്റെ ഉത്തരം തീർത്തും വ്യത്യാസ്തവും ചിന്താപരവുമായിരുന്നു. മൂന്നാമത്തെ ആശാരി പറഞ്ഞു.

വിഷ്ണുക്ഷേത്രമാണ് ഇവിടെ പണിതുയർത്തുന്നത്. വിഷ്ണു എന്റെ പ്രഭുവാണ്, ഈ ലോകത്തിന്റെ തന്നെയും. പ്രഭുവിനെ നിത്യവും കണ്ട് ഉപാസിക്കുന്നതിനായി കാലാന്തരത്തിൽ ഇവിടെ എത്ര ലക്ഷം പേരെത്തും. അവർക്കു വേണ്ടി, ഈ ക്ഷേത്രത്തിന്റെ പണി എത്രയും വേഗം പൂർത്തിയാക്കണമെന്നുണ്ട്. ആ മഹത്കർമ്മത്തിനു വേണ്ടി, ഇവിടെ ഞാൻ എന്നെത്തന്നെ സമർപ്പിച്ചിരിക്കുന്നു.

മൂന്നാമത്തെ ആശാരിയുടെ പ്രതികരണം സന്യാസിയെ വല്ലാതെ സന്തോഷിപ്പിച്ചു. അദ്ദേഹം പറഞ്ഞു.

'വിലയുള്ള വാക്കുകളാണിത്'.

സന്യാസി നിലത്തു നിന്ന് ഒരു കല്ലെടുത്ത് തന്റെ ചൂണ്ടുവിരൽ കൊണ്ട് തൊട്ടു. അതൊരു പൊൻ മോതിരമായി. അദ്ദേഹം അത് ആ കല്ലാശാരിക്കു കൊടുത്തു.

– 'വിലയുള്ള വാക്കുകൾക്കാണിത്. വെച്ചോളൂ. നല്ലതുവരട്ടെ'.

സന്യാസി നടന്ന് എങ്ങോ മറഞ്ഞു.

*****

രാഗപരിചയം



# ദേവഗാന്ധാരി

**ഡോ. ജയലക്ഷ്മി നന്ദകുമാർ**

29-മത്തെ മേളകർത്താരാഗമായ ശങ്കരാഭരണത്തിന്റെ ജന്യരാഗമാണ് ദേവഗാന്ധാരി. വളരെ പുരാതനമായ രാഗമാണിത്. ഈ രാഗത്തിലെ പല പ്രത്യേക പ്രയോഗങ്ങളും ഗുരുമുഖത്തു നിന്നു തന്നെ കേട്ടു മനസ്സിലാക്കേണ്ടതാണ്.

ആരോഹണം : സ രി മ പ ധ സ

അവരോഹണം : സ നി ധ പ മ ഗ രി സ/
സ നി ധ നി ധ പാ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതുഃശ്രുതി രിഷഭം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതുഃശ്രുതി ധൈവതം, കാകളി നിഷാദം, കൈശികി നിഷാദം.

കൈശികി നിഷാദം ഈ രാഗത്തിൽ അന്യസ്വരമായി വരുന്നതിനാൽ ദേവഗാന്ധാരി ഒരു ഏക അന്യസ്വര ഭാഷാംഗ രാഗമാണ്. ആരോഹണത്തിൽ അഞ്ചു സ്വരങ്ങളും അവരോഹണത്തിൽ വക്രമായി സമ്പൂർണ്ണ സ്വരങ്ങളും വരുന്നതിനാൽ ഇത് ഔഡവ വക്ര സമ്പൂർണ്ണ രാഗമാണ്. വിളംബിത കാലം, അതായത് സാവധാനത്തിലാണ് ദേവഗാന്ധാരി രാഗം ആലപിക്കേണ്ടത്. ഭക്തി, കരുണ, ബഹുമാനം തുടങ്ങിയ ഭാവങ്ങളാണ് ഈ രാഗത്തിൽ നിന്നും ഉളവാകുന്നത്. കഥകളി പദങ്ങളിൽ, സന്താന ഗോപാലം കഥയിലെ അർജ്ജുനന്റെ 'നാഥാ ഭവൽ ചരണ ദാസനാം' എന്നു തുടങ്ങുന്ന പദം ഇതിന് ഉത്തമ ഉദാഹരണമാണ്. സംഗീത നൃത്തനാടകങ്ങളിൽ നായകന്റെ ധീരകൃത്യങ്ങൾ വർണ്ണിക്കുവാൻ യോജിച്ച രാഗം. ത്യാഗരാജസ്വാമി ഈ രാഗം 8 മണിക്കൂർ തുടർച്ചയായി ആലപിച്ചതായി ചരിത്രമുണ്ട്.

ഏതു സമയത്തും ആലപിക്കാവുന്ന ഒരു സർവ്വകാലിക രാഗമാണ് ദേവഗാന്ധാരി. ആരഭി രാഗത്തിനും ദേവഗാന്ധാരി രാഗത്തിനും ഒരേ ആരോഹണ അവരോഹണങ്ങളാണ്. ആരഭി രാഗത്തിന്റേതു പോലെ, ജണ്ഡവരിശ പ്രയോഗങ്ങളും ഗമകം കുറച്ചു കൊണ്ടുള്ള പ്രയോഗങ്ങളും ഒഴിവാക്കി ശ്രദ്ധയോടെ ആലപിച്ചെങ്കിൽ മാത്രമേ ദേവഗാന്ധാരി രാഗത്തിന്റെ ഭംഗി പ്രകടമാവുകയുള്ളൂ. ഹിന്ദുസ്ഥാനിയിലെ ദേവ്ഗാന്ധാരി എന്ന രാഗം അസാവേരി ഥാട്ടിന്റെ ജന്യ രാഗമാണ്. കർണ്ണാടക ദേവഗാന്ധാരിയുമായി സാദൃശ്യം ഇല്ല.

### ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1) | ക്ഷീരസാഗര ശയനാ | ആദി | ത്യാഗരാജസ്വാമി |
| 2) | ശാരദേ വീണാവാദന | ആദി | പാപനാശം ശിവൻ |
| 3) | സ്വാമികി സരി | ആദി | മാനംബുച്ചാവടി വെങ്കട സുബ്ബയ്യർ |
| 4) | വിനറാദനാ മനവി | ആദി | ത്യാഗരാജസ്വാമി |
| 5) | തനലോനേ ധ്യാനിംചി | ആദി | ത്യാഗരാജസ്വാമി |

### ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1) | പ്രിയ മാനസാ നീ വാ വാ | ചിലമ്പൊലി |
| 2) | ശ്രീമഹാദേവൻ തന്റെ ഓമന ഉണ്ണീടെ. | നിർമ്മാല്യം |
| 3) | കൈതപ്പൂമണമെന്തേ ചഞ്ചലാക്ഷി | സ്നേഹം |
| 4) | ഹരി ചന്ദന മലരിലെ മധുവായ് | കണ്ണെഴുതി പൊട്ടും തൊട്ട് |
| 5) | പീലിപ്പൂമുടി | ശ്രീ ഗുരുവായൂരപ്പൻ |
| 6) | നാളെ നാളെയെന്നായിട്ട് | ഭക്തകുചേല |
| 7) | പ്രമദവനത്തിൽ വെച്ചെൻ | അമ്പലപ്രാവ് |
| 8) | മധുരമീനാക്ഷി അനുഗ്രഹിക്കും | യൗവനം |
| 9) | തിങ്കൾ മുഖീ തമ്പുരാട്ടി | അരക്കള്ളൻ മുക്കാൽ കള്ളൻ |
| 10) | കണ്ണനെ കണ്ണിനാൽ കണ്ടു ഞാൻ | ശ്രീ ഗുരുവായൂർ മാഹാത്മ്യം |

* * *

# നവരാത്രി പൂജ

എം. രാജലക്ഷ്മി

ഭാരതത്തിലെ ഉത്സവങ്ങളിൽ വച്ച് പ്രകാശത്തിന്റെയും വിദ്യയുടെയും സ്ത്രീ പൂജയുടെയും സമന്വയമായി, സാർവ്വത്രികമായി ആഘോഷിക്കുന്ന ഒരു പൂജയാണ് നവരാത്രി പൂജ. കന്നിമാസത്തിലെ ശുക്ലപക്ഷത്തിൽ പ്രഥമ ദിവസം മുതൽ നവമിവരെയുള്ള രാത്രികാലങ്ങളിൽ ഈ ഉത്സവം ആഘോഷിക്കുന്നതുകൊണ്ട് ഇതിന് നവരാത്രി പൂജ എന്ന പേര് വന്നു. എന്നാൽ കർണ്ണാടകയിൽ പത്താമത്തെ ദിവസം ചടങ്ങുള്ളതുകൊണ്ട് ദസറ എന്ന പേര് വന്നു.

നവരാത്രിയിൽ ഏറ്റവും പ്രധാനപ്പെട്ട, വളരെ ആകർഷണീയമായ ഒരു പൂജ, കുമാരി പൂജയാണ്. ''കുമാരി തുസാപ്രോക്താ ദ്വിവർഷയാ ഭവേദിഹ'' എന്നതനുസരിച്ച് 2 വയസ്സായ പെൺകുട്ടിയെയാണ് പൂജിക്കുന്നത്. ഒന്നിൽ കൂടുതൽ കുമാരിമാരെയും പൂജിക്കാവുന്നതാണ്. പൂജക്കായി തിരഞ്ഞെടുക്കുന്ന കുമാരിമാർക്ക് യാതൊരു തരത്തിലുള്ള രോഗമോ, വൈരൂപ്യമോ ഉണ്ടാകാൻ പാടില്ല. ആ ദിവസങ്ങളിൽ അന്നദാനവും വസ്ത്രാലങ്കാര ദാനവും ചെയ്തിരിക്കണം. 3 വയസ്സായ കുമാരിയെ ത്രിമൂർത്തിയെന്നും 4 വയസ്സായ കുമാരിയെ കല്യാണിയെന്നും 5 വയസ്സായ കുമാരിയെ രോഹിണിയെന്നും 6 വയസ്സുകാരിയെ കാളിയെന്നും 7 വയസ്സുകാരുയെ ചണ്ഡിക എന്നും 8 വയസ്സുകാരിയെ ശാംഭവി എന്നും 9-ാം വയസ്സുകാരിയെ ദുർഗ്ഗ എന്നും വിളിക്കപ്പെടുന്നു. 10-ാം വയസ്സുകാരിയെ സുഭദ്ര എന്നും വിളിക്കപ്പെടുന്നു. ഏതു കാര്യസിദ്ധിക്കാണോ കുമാരി പൂജ നടത്തുന്നത് അതനുസരിച്ചുള്ള കന്യകയ തിരഞ്ഞെടുക്കേണ്ടതുണ്ട്.

''യെത്ര നാര്യസ്തു പൂജ്യന്തേ,
രമന്തേ തത്ര ദേവത''



സ്ത്രീ പൂജിക്കപ്പെടുന്നിടത്ത് ദൈവസാന്നിധ്യം ഉണ്ടാകുന്നു എന്നാണ് ഋഷീശ്വരന്മാർ പറഞ്ഞിട്ടുള്ളത്. ഈ നവരാത്രി വേളയിൽ ഈ പൂജയിലൂടെ ഭാരത സങ്കല്പം പ്രകാശമാനമാകുന്നു. സ്ത്രീ ഒരിയ്ക്കലും പീഡിക്കപ്പെടേണ്ടവളല്ല, മറിച്ച് പൂജിക്കപ്പെടേണ്ടവളാണ്.

വടക്കെ ഇന്ത്യയിലും തെക്കേ ഇന്ത്യയിലും വ്യത്യസ്തപുരാണകഥയെ ആസ്പദമാക്കി നവരാത്രികൊണ്ടാടുന്നു. മൈസൂരിൽ ദുർഗ്ഗാദേവി മഹിഷാസുരനെ വധിച്ച് വിജയം കൈവരിച്ച കാലമായി ആഘോഷിക്കുന്നു. മഹിഷാസുർ എന്നവാക്കാണ് മൈസൂർ ആയി മാറിയത് എന്ന് കർണ്ണാടകക്കാർ പറയുന്നു. മഹിഷാസുരന്റെ തലസ്ഥാനം മൈസൂറായി കണക്കാക്കപ്പെടുന്നു. ദുർഗ്ഗ മഹിഷാസുരനെ വധിച്ചതിനാൽ എല്ലാ

വിധ അജ്ഞാനമാകുന്ന അന്ധകാരത്തെ അകറ്റി ജ്ഞാനമാകുന്ന പ്രകാശത്തെ നൽകുന്നതിന്റെ പ്രതീകമാണത്. എല്ലാ കലകളുടെയും പഠനം ആരംഭിക്കുന്നതിനാൽ ഈ ദിവസം വിദ്യാരംഭ മായി നാം ആഘോഷിക്കുന്നു.

യോദ്ധാവ് തന്റെ ആയുധങ്ങളും സാഹിത്യകാരൻ, അധ്യാപകൻ, വിദ്യാർത്ഥി തുടങ്ങിയവർ തന്റെ ആയുധമായ പുസ്തകവും പേനയും രാമായണം, ദേവീമഹാത്മ്യം തുടങ്ങിയ പുരാണ ഗ്രന്ഥങ്ങളും, സംഗീതജ്ഞർ തങ്ങളുടെ വാദ്യോപകരണങ്ങളും, വിറകുവെട്ടുകാരൻ കോടാലിയും, കർഷകൻ തൂമ്പയും കൈക്കോട്ടും, വർക്ക് ഷോപ്പുകാരൻ തന്റെ ടൂൾസും ദേവീ പൂജക്കായി സമർപ്പിക്കുന്നു. പണ്ട് വീടുകളിൽ പൂജിച്ചിരുന്നത് ഇന്ന് ദേവായലങ്ങളിൽ കൊടുത്ത് പൂജിക്കുന്നു എന്ന് മാത്രം. വിജയദശമി നാളിൽ കാലദോഷമില്ലാത്ത സമയത്ത് പൂജക്ക് വച്ച സാധനങ്ങൾ എടുത്ത് അതാത് തൊഴിൽ ആരംഭിക്കുന്നു. കുട്ടികളുടെ നാവിൽ തേനിൽ മുക്കിയ സ്വർണ്ണ മോതിരം കൊണ്ട് ഹരിശ്രീഗണപതയെ നമ എന്ന് കുറിക്കുന്നു. മണലിലോ അരിയിലോ നമ്മൾ പഠിച്ച എല്ലാ ഭാഷകളിലെ ലിപികളും എഴുതുന്നു. അതാത് മാതൃഭാഷയിൽ വിദ്യാരംഭം കുറിക്കുന്നു.

ഉത്തരേന്ത്യയിൽ മറ്റൊരു കഥയുമായി ബന്ധപ്പെടുത്തി നവരാത്രി ആഘോഷിക്കുന്നു. കോസലരാജാവായിരുന്ന ധ്രുവ സന്ധിയുടെ രാജ്യഭരണകാലം സമൃദ്ധിയുടെയും, സദാചാരത്തിന്റയും, സമാധാനത്തിന്റെയും കാലമായിരുന്നു. അദ്ദേഹത്തിന് 2 ഭാര്യമാരുണ്ടായിരുന്നു. മനോരമയും ലീലാവതിയും. മനോരമയുടെ മകൻ സുദർശനനും ലീലാവതിയുടെ മകൻ ശത്രുജിത്തും, ശത്രുജിത്തിന്റെ അമ്മ ഉജ്ജെയിനിലെ രാജപുത്രിയാണെങ്കിൽ സുദർശനന്റെ അമ്മ മനോരമ കലിംഗ രാജപുത്രിയായിരുന്നു. ഒരിക്കൽ ധ്രുവസന്ധിരാജാവ് വേട്ടയാടാൻ പോയ അവസരത്തിൽ ഒരു സിംഹത്താൽ വധിക്കപ്പെട്ടു. മരണവാർത്ത അറിഞ്ഞ് രണ്ടു രാജാക്കന്മാരും തന്റെ കൊച്ചുമകനെ യുവരാജാവാക്കണമെന്ന വിചാരത്താൽ യുദ്ധം ആരംഭിച്ചു. ആ യുദ്ധത്തിൽ കലിംഗരാജാവായിരുന്ന വീരസേനനെ ഉജ്ജയിനി രാജാവായ യുധാജിത്ത് വധിച്ച് ശത്രുജിത്തിനെ യുവരാജാവാക്കി. മന്ത്രിയായ വിതുലന്റെ ഉപദേശപ്രകാരം മനോരമയും സുദർശനനും അയോദ്ധ്യ വിട്ട് പാലായനം ചെയ്തു. വഴിക്ക് വച്ച് തസ്കരന്മാർ കയ്യിലുണ്ടായിരുന്നതെല്ലാം കവർന്നു. അവർ ഗംഗാനദിയിലൂടെ ഒരു പൊങ്ങിൻ തടിയുടെ സഹായത്തോടെ രക്ഷപ്പെട്ട് തൃകൂടാചലത്തിൽ ഭരദ്വാജമുനിയുടെ ആശ്രമത്തിൽ അഭയം പ്രാപിച്ചു. യുധാജിത്ത് ഈ വിവരം അറിഞ്ഞ് മനോരമയേയും സുധാജിത്തിനെയും വധിക്കുവാൻ സൈന്യവുമായി എത്തി. പക്ഷെ ഭരദ്വാജമുനിയുടെ മന്ത്രശക്തിക്ക് മുന്നിൽ അവർ പരാജിതരായി മടങ്ങി. ഇവരോട് കൂറുണ്ടായിരുന്ന വിതുലൻ ഒരു ദിവസം ഭരദ്വാജാശ്രമത്തിൽ വന്നു. വിതുലനെ കണ്ടപ്പോൾ മുനികുമാരന്മാർ ക്ലീബ, ക്ലീബ എന്ന് ഉച്ചരിച്ചു, എന്നാൽ സുദർശനന് ക്ലീ, ക്ലീ എന്ന ശബ്ദം മാത്രമ പുറത്തു വന്നുള്ളൂ. അത് ദേവിയുടെ കാമ രാജ ബീജ മന്ത്രമായതിനാൽ രാജകുമാരന് അത്ഭുതശക്തി കൈവന്നു. ദേവീഭക്തനായി വളർന്ന സുദർശനന് ദേവി പ്രത്യക്ഷപ്പെട്ട് ദിവ്യമായ വില്ലും അമ്പും അസ്ത്രം നിറഞ്ഞ ആവനാഴിയും അഭേദ്യമായ കവചവും നൽകി. ഭരദ്വാജമുനിയിൽ നിന്നും വേദശാസ്ത്രങ്ങളും അഭ്യസിച്ചു. സുദർശൻ കാശീരാജാവിനായ സുബാഹുവിന്റെ പുത്രി ശശികലയെ വിവാഹം ചെയ്തു. ശൃംഗവേരിപുരത്തിലെ രാജാവായ നിഷാദൻ ഒരു വിശേഷപ്പെട്ട തേരും സമ്മാനിച്ചു. സുബാഹു നൽകിയ സൈന്യബലത്തോടെ അയോദ്ധ്യയിലേക്ക് പോകുന്ന വഴിക്ക് യുധാജിത്ത് യുദ്ധം ചെയ്തു എങ്കിലും ദേവിയുടെ സഹായത്താൽ സുദർശൻ ശത്രുക്കളെതോൽപ്പിച്ച് അയോദ്ധ്യയിലെ രാജാവായി, ചക്രവർത്തിയായി വാണു. അങ്ങിനെ ദേവിയുടെ സഹായത്താൽ വിജയം കൈവരിച്ച ദിവസമായി ഉത്തരേന്ത്യക്കാർ വിജയദശമി ആഘോഷിക്കുന്നു.

വിദ്യാരംഭത്തെക്കുറിച്ച് കാളിദാസനുമായി ബന്ധപ്പെട്ട കഥയും രേഖപ്പെടുത്തിയിട്ടുണ്ട്. ആടിനെമേച്ച് നടന്നിരുന്ന യാദവൻ കാളിദാസനായി മാറിയ കഥ നമുക്കേവർക്കും അറിയാവുന്നതാണ്. വിദുഷി തന്നെക്കാൾ അറിവുള്ള ഒരാളെ മാത്രമെ വിവാഹം കഴിക്കൂ എന്നുറച്ച് മത്സരിച്ച അവസരത്തിൽ മത്സരിക്കാനായി അവിടെ കാളിദാസനെ കൊണ്ടുവന്നപ്പോൾ രാവണപ്രതിമ കണ്ടിട്ട് പറഞ്ഞു അമ്പമ്പടരാഭണ എന്ന്. കുംഭ

*(ശേഷം പേജ് 14)*

വാസ്തു

# വാസ്തു ശാസ്ത്രം

## പ്രധാന വാതിലും, ഗേറ്റും




ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ (ഫോൺ: 9447032434)

കഴിഞ്ഞയാഴ്ച ഞാൻ പരിശോധിച്ച ഒരു വീടിന്റെ മുഖം പടിഞ്ഞാറോട്ടാണ്. വീട്ടിലേക്കുള്ള വഴി ഈ പറമ്പിന്റെ പടിഞ്ഞാറ് തെക്കു വന്ന് അവസാനിക്കുന്നു. അതായത് വീടിന്റെ ഗേറ്റ് പടിഞ്ഞാറ് തെക്കാണ്. യാതൊരു കാരണവശാലും ഗേറ്റ് പടിഞ്ഞാറ് വടക്കോട്ടു മാറ്റുവാൻ സാധിക്കുകയില്ല. വീടിന്റെ തെക്കെ അതിർ കിഴക്കോട്ടു പോകുന്തോറും വടക്കോട്ടു ചരിഞ്ഞു വരുന്നു. അതുകൊണ്ട് വീടിന്റെ തെക്കുവശം കിഴക്കുഭാഗത്ത് കുറവും, പടിഞ്ഞാറുഭാഗത്ത് കൂടുതലുമാണ്. വീടിന്റെ തെക്കുപടിഞ്ഞാറെ മുറി, തെക്കു വശം മുറിഞ്ഞിട്ടുണ്ട്. ഗേറ്റ് കന്നിമൂലയിലായതുകൊണ്ടും, യാതൊരു കാരണവശാലും സ്ഥാനം മാറ്റുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടും,സാധാ രണ ഇങ്ങനെ വന്നാൽ, തെക്കു വടക്ക് കുട്ടിമതിൽ പണിത് രണ്ടു പറമ്പാക്കി കിഴക്കെ പറമ്പിൽ വീടു പണിയണം.

ചിത്രത്തിൽ കാണുന്നതു പോലെ, പറമ്പിന്റെ നീളത്തിന്റെ മൂന്നിൽ ഒന്നു നീളം തെക്കു നിന്നും വടക്കോട്ട് വീടിനുസമാന്തരമായി 18 സെ.മീ. ഉയരത്തിൽ മതിൽ കെട്ടണം. ചിത്രത്തിൽ A to B തെക്കുവശത്ത് വീടിനു സമാന്തരമായി പറമ്പിന്റെ കിഴക്കു, തെക്കെ മൂലയിൽ നിന്ന് പടിഞ്ഞാറോട്ട് 18 സെമീ. ഉയരത്തിൽ മതിൽ കെട്ടണം. ചിത്രത്തിൽ C to D. ഇപ്പോൾ പറമ്പിൽ വീടിന്റെ തെക്കു പടിഞ്ഞാറു മൂല അടഞ്ഞിരിക്കുന്നതാണ്.

വീട്ടിലേക്ക് കയറിയാൽ പ്രധാനവാതിൽ ഹോളിന്റെ പടിഞ്ഞാറ് തെക്കാണ്. ഒരിക്കലും പ്രധാനവാതിൽ മെയിൻ ഹോളിന്റെ പടിഞ്ഞാറുതെക്ക് വരരുത്. വാതിൽ പടിഞ്ഞാറ് തെക്കു നിന്നു പടിഞ്ഞാറ് വടക്കോട്ടു മാറ്റണം. അവിടെയുള്ള ജനൽ തെക്കോട്ടു മാറ്റണം.

തെക്കു പടിഞ്ഞാറുള്ള കിടപ്പുമുറിയിലാണ് ഗൃഹനാഥൻ കിടക്കുന്നത്. വടക്കോട്ടു




വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

തല വച്ചാണ് കിടക്കുന്നത്. തലവയ്ക്കുന്നത് തെക്കോട്ടായിരിക്കണം. കട്ടിലിന്റെ കിഴക്കും വടക്കും കൂടുതൽ സ്ഥലം കിട്ടാൻ പാകത്തിന് ക്യമീകരിക്കണം.

തെക്കു കിഴക്കുള്ള കിടപ്പുമുറിയിൽ കട്ടിലിട്ട് കിടക്കുന്നത് വടക്കെ ചുമരിനോട് മുട്ടിയാണ് ഇട്ടിരിക്കുന്നത്. കുട്ടികൾ വീഴാതെയിരിക്കുന്നതിനാണ് ഇങ്ങനെ ഇട്ടിരിക്കുന്നത്. തെക്കെ ചുമർ മുട്ടിച്ച് കിഴക്കോട്ട് തലവച്ചും പടിഞ്ഞാറെ ചുമർ മുട്ടിച്ച് തെക്കോട്ട് തലവച്ചും കിടക്കാവുന്നതാണ്. അടുക്കളയിലേക്ക് കടന്നാൽ പടിഞ്ഞാറെ തെക്കാണ് വാതിൽ. ഒരിക്കലും ഒരു മുറിയുടെയും തെക്കു പടിഞ്ഞാറൊ, പടിഞ്ഞാറു തെക്കൊ വാതിൽ വരാൻ പാടില്ല. ഇവിടെ താമസിക്കുന്ന വീടായതുകൊണ്ട്, അടുക്കളയിലേക്കുള്ള വാതിലിന് 6 സെമീ ഉയരത്തിൽ അടിപ്പടി വയ്ക്കണം. അടുക്കളയിൽ വടക്കോട്ടാണ് ജന്നൽ ഉള്ളത്. കിഴക്കുവശം തുറന്ന സ്ഥലമായതുകൊണ്ട് കിഴക്ക് വടക്ക് ഒരു ജന്നൽ വയ്ക്കണം. പറമ്പിന്റെ തെക്കുപടിഞ്ഞാറെ മൂല താഴ്ന്നുകിടക്കുന്നുണ്ട്. മഴവെള്ളം ഇവിടെ വന്നാണ് പുറത്തേയ്ക്കു പോകുന്നത്. ഈ ഭാഗം ഉയർത്തി വെള്ളത്തിന്റെ ഒഴുക്ക് കിഴക്കോട്ടാക്കണം. ഗേറ്റിന്റെ തൂണിൽ കൊടുത്തിട്ടുള്ള കുറ്റി മാറ്റിപ്പിടിപ്പിച്ച്, ഗേറ്റ് പൊക്കാവുന്നതാണ്.

എവിടെയും, എപ്പോഴും വെള്ളത്തിന്റെ ഒഴുക്ക് കിഴക്കോട്ട്, വടക്കോട്ട്, വടക്ക് കിഴക്ക് ആയിരിക്കണം. ഒരിക്കലും തെക്കോട്ടോ, പടിഞ്ഞാറോട്ടോ, തെക്കു പടിഞ്ഞാറോട്ടോ ആയിരിക്കരുത്. ദയവായി സ്ഥലം വാങ്ങുന്നതിനു മുൻപ് സമീപിക്കണം.

* * *

*(12-ാം പേജിന്റെ തുടർച്ച)*

കർണ്ണോ ഭയാരോസ്തി വിഭീഷണോ ഭകാരോസ്തി രാക്ഷസ്സാനാം കുലശ്രേഷ്ഠോരാഭണോ നൈവ രാവണ എന്ന പദ്യത്തിൽ മൂന്ന് സഹോദരന്മാരുടെയും രണ്ടാമത്തെ അക്ഷരം ഭ ആണെന്ന് തെളിയിച്ച് അവസാനം ആ വിഢ്ഢിയെ തന്നെ വിദുഷിക്ക് വിവാഹം ചെയ്യേണ്ടിവന്നു. രാത്രി അവൻ കാളി ദേവിയുടെ അമ്പലത്തിൽ പോയി കതകടച്ചിരുന്നു. നാട് കാണൽ കഴിഞ്ഞ് വന്ന കാളി വാതിൽ അടഞ്ഞുകിടക്കുന്നത് കണ്ട് ചോദിച്ചു അകത്താര് എന്നതിന് പുറത്താര് എന്ന പ്രതിവചനത്തിന് കാളി എന്ന് പറഞ്ഞപ്പോൾ ഞാൻ കാളിദാസനാണെന്ന് ഉത്തരം പറഞ്ഞു. കാളിദാസാ വാതിൽ തുറക്കൂ എന്ന് പറഞ്ഞു. ഈ കഥനമുക്കറിയാം. കാളി അവന്റെ നാവിൽ ബീജാക്ഷരമന്ത്രം കുറിച്ചു. ഹരിശ്രീ ഗണപത്യേ നമ ഇന്നും ഈ വാക്യം കുറിച്ചുകൊണ്ടാണ് വിദ്യാരംഭം ചെയ്യുന്നത്. വളരെ ജ്ഞാനിയായി തിരിച്ച് വന്ന കാളിദാസന്റെ വാക്ചാതുര്യം കേട്ട് അസ്തി കഞ്ചിത വാക് വിലാസാ എന്ന് ആ വിദൂഷിണി തിരിച്ച് പറഞ്ഞു. എന്തൊരു മഹത്തായ വാക് ചാതുര്യം എന്നാണതിന്റെ അർത്ഥം. ആ 3 വാക്കുകൾ ചേർത്ത് വച്ചാണ് കുമാരസംഭവം മുതലായ മഹാകാര്യങ്ങൾ അദ്ദേഹം രചിച്ചത്.

അങ്ങിനെ തിന്മയുടെ മേൽ നന്മയുടെ വിജയം കൈവരിച്ച വിജയദശമി മഹിഷാസുരനെ വധിച്ച ദുർഗ്ഗാദേവിയും, സുദർശനരാജകുമാരന് വിജയം നേടി കൊടുത്ത ദുർഗ്ഗാദേവിയും, കാളിദാസന് വിദ്യ നേടികൊടുത്ത കാളിയും, സരസ്വതി-ലക്ഷ്മി-പാർവ്വതി-സ്ത്രീയുടെ 3 രൂപങ്ങളാണ്. സരസ്വതി-വിദ്യയുടെ പ്രതീകം - ലക്ഷ്മി - സമ്പത്സമൃദ്ധിയുടെ പ്രതീകം-പാർവ്വതി-ശക്തിയുടെ പ്രതീകവുമാകുന്നു. ഒരേ സമയം തന്നെ സ്ത്രീയുടെ പൂജയും, വിദ്യാരംഭവും, ആയുധ പൂജയും ഒത്തുചേരുമ്പോൾ, മാനവ സംസ്കാരത്തിന്റെ ഉദാത്തമായ ഉത്സവമായി ഈ നവരാത്രി ഭാരതീയർ ആഘോഷിക്കുന്നു. ഈ വിജയദശമി ദിവസം ഏത് തൊഴിൽ ചെയ്യുന്നവനും അവനവന്റെ ആയുധ കലയിലൂടെ അജ്ഞാനാന്ധകാരത്തെ നീക്കി പ്രകാശപൂരിതമായ വിജയം കൈവരിച്ച് തങ്ങളുടെ ജീവിതം ധന്യമാക്കുന്നു.

*****

ക്ഷേത്രങ്ങളിലൂടെ



# തിരുവളയനാട് ഭഗവതിക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892




ഭാരതീയർ പുരാതനകാലം മുതൽ തന്നെ ദേവീ ഉപാസകരായിരുന്നു. ശക്തിസ്വരൂപിണിയായ ദേവിയെ വിവിധ ഭാഗങ്ങളിൽ ആരാധിച്ചിരുന്നവരായിരുന്നു നമ്മുടെ പൂർവ്വികർ. സാക്ഷാൽ ജഗദംബയായ പരാശക്തിയെ ശക്തിയായും ദുർഗ്ഗയായും ഭദ്രകാളിയായും സരസ്വതിയായും മഹിഷാസുരമർദ്ദിനിയായും ആരാധിച്ചു പോരുന്ന നിരവധി ക്ഷേത്രങ്ങളും നമുക്കുണ്ട്. പല ക്ഷേത്രങ്ങളിലും ദേവിയുടെ സൗമ്യഭാവത്തേയും രൗദ്രഭാവത്തേയും ആരാധിക്കുന്നുണ്ട്. ശക്തിസ്വരൂപിണിയായ മഹാമായയുടെ ഏറ്റവും രൗദ്രഭാവമാർന്ന രൂപമാണ് ഭദ്രകാളി സങ്കല്പം. ശക്തി സ്വരൂപിണിയായ ആ ദേവീസങ്കല്പത്തെ കാളിയെന്നും കാളികയെന്നും വിളിക്കുന്നു. കാളിയെന്നാൽ കാളുന്നവൾ എന്നും അഗ്നിയെ പുറം തള്ളുന്നവൾ എന്നും അർത്ഥം കല്പിക്കുന്നുണ്ട്. പ്രപഞ്ചശക്തികളിൽ ഏറെക്കുറെ പൂർണ്ണമായ ഊർജ്ജമാണ് അഗ്നി. ഈ ഊർജ്ജത്തെയാണ് പുരാണങ്ങളിൽ ചൈതന്യം എന്നു വ്യക്തമാക്കിയിട്ടുള്ളത്. പ്രപഞ്ചത്തെ സൃഷ്ടിച്ചിരിക്കുന്നത് ദേവീ ചൈതന്യമാകുന്ന പരമാണുക്കളെക്കൊണ്ടാണ് എന്ന് വേദവ്യാസവിരചിതമായ ശ്രീ മഹാഭാഗവതത്തിലും വ്യക്തമാക്കിയിട്ടുണ്ട്.

ഉഗ്രരൂപിണിയായ ദേവി കുടികൊള്ളുന്ന അങ്ങനെയുള്ള ഒരു അതിപുരാതനക്ഷേത്രത്തെയും ക്ഷേത്രചരിത്രങ്ങളെയും നമുക്കൊന്നു പരിചയപ്പെടാം. കേരളത്തിലെ പല സ്ഥലനാമങ്ങൾക്കും ക്ഷേത്രങ്ങളുമായോ ക്ഷേത്രത്തിലെ ദേവീദേവന്മാരുമായോ ക്ഷേത്ര ഐതിഹ്യങ്ങളുമായോ ക്ഷേത്രചരിത്രങ്ങളുമായോ ബന്ധമുള്ളതായി കേൾക്കാറുണ്ട്. കുന്നുകളും മലകളും മരങ്ങളും കാവുകളും കുളങ്ങളും തോടുകളും പുഴകളും വയലുകളും പാറകളും പുരങ്ങളും കൊട്ടാരങ്ങളും സ്ഥലനാമങ്ങൾക്കു നിദാനമാകാറുണ്ട്.

എന്നാൽ ക്ഷേത്രത്തിൽ കുടികൊള്ളുന്ന ദേവീദേവന്മാരുടെ ആഭരണം ഒരു സ്ഥലനാമത്തിനു ഹേതു ആകുന്നുവെന്നത് ഒരപൂർവ്വതയാണ്. ഭഗവതിയുടെ ആഭരണത്തിന്റെ പേരിലറിയപ്പെടുന്ന ഒരു സ്ഥലവും അവിടെ സ്ഥിതിചെയ്യുന്ന അതിപ്രശസ്തമായ ഒരു ഭഗവതിക്ഷേത്രവും നമ്മുടെ കൊച്ചുകേരളത്തിലുണ്ട്. ദേവിയുടെ കൈയ്യിൽ അണിഞ്ഞിരുന്ന വളയാണ് ഇവിടെ സ്ഥലനാമത്തിനു കാരണമായത്. ദേവിയുടെ കൈവള അന്തരീക്ഷത്തിൽ ചുറ്റിത്തിരിഞ്ഞ സ്ഥലവും ഒരു പ്രത്യേക പേരിലറിയപ്പെട്ടു. മലബാർ ചരിത്രത്തിലെ ഒരു പ്രധാനപ്പെട്ട സ്ഥലവുമാണത്. ഇന്നും അതേപേരിൽ തന്നെ ആസ്ഥലം അറിയപ്പെടുന്നു എന്നത് ദേവീഭക്തരായ ഭക്തജനങ്ങളുടെ വിശ്വാസങ്ങൾക്ക് ശക്തി വർദ്ധിപ്പിക്കുന്നു. കോഴിക്കോട്ടങ്ങാടി എന്നു കേൾക്കുമ്പോൾ മഹാലക്ഷ്മിയെ പിടിച്ചു നിർത്തിയ സ്ഥലം എന്ന് പഴമക്കാർ പറയും. ഒരു കാലത്ത് മലബാറിന്റെ പ്രതാപവും ഐശ്വര്യവും സാമ്പത്തിക അഭിവൃദ്ധിയും സാംസ്കാരിക മഹത്വവും വള്ളുവനാടിനേയും കോഴിക്കോടിനേയും ആശ്രയിച്ചാണ് നിലനിന്നിരുന്നത്. വള്ളുവക്കോനാതിരിയുടേയും സാമൂതിരിരാജവംശത്തിന്റെയും ഉപാസനാമൂർത്തിയായ ഭഗവതിയുടെ ചൈതന്യ പ്രവാഹത്താലാണ് ഈ ഐശ്വര്യവും പ്രതാപവും നിലനിന്നിരുന്നത്. സാമൂതിരി രാജവംശത്തിന്റെ ഉപാസനാമൂർത്തിയായ ഭഗവതി കോഴിക്കോടിന്റെ ഐശ്വര്യദേവതയായി പരിലസിക്കുന്നതിനു പിന്നിൽ അതി മഹത്തായ ഐതിഹ്യപ്പെരുമയാണുള്ളത്.

കോഴിക്കോടു സാമൂതിരിയും വള്ളുവക്കോനാതിരിയും തമ്മിൽ പലപ്പോഴും അധികാരമത്സരങ്ങളുണ്ടാകുമായിരുന്നു. ഇരുവരുടേയും അധികാരമത്സരങ്ങളിൽ മിക്കപ്പോഴും വിജയം വള്ളുവക്കോനാതിരിക്കായിരുന്നു. അദ്ദേഹത്തേക്കാൾ സാമ്പത്തിക ശക്തിയും സൈന്യബലവും യുദ്ധനൈപുണ്യവും സാമൂതിരിക്കുണ്ടായിരുന്നു എങ്കിലും സാമൂതിരിക്ക് എന്നും പരാജയമായിരുന്നു ഫലം. വള്ളുവക്കോനാതിരിയുടെ വിജയവും തന്റെ പരാജയവും സാമൂതിരിയെ ചിന്താധീനനാക്കി. വള്ളുവക്കോനാതിരിയുടെ വിജയരഹസ്യം അദ്ദേഹത്തിന്റെ ഉപാസനാമൂർത്തിയായ ഭഗവതിയുടെ അനുഗ്രഹത്താലാണ് എന്ന് സാമൂതിരി മനസ്സിലാക്കി. സൈന്യശക്തിയും യുദ്ധനൈപുണ്യവും കൊണ്ട് വിജയം നേടാൻ സാധിക്കില്ല, അതിന് ഈശ്വരാനുഗ്രഹവും ഉണ്ടെങ്കിലേ കഴിയൂ എന്ന് സാമൂതിരി തിരിച്ചറിഞ്ഞു. അദ്ദേഹം തിരുമാന്ധാംകുന്നിലമ്മയെ താപസ്സുചെയ്തു. സാമൂതിരിയുടെ തപസ്സിൽ പ്രസന്നയായ ദേവി അദ്ദേഹത്തിനു പ്രത്യക്ഷയായി. തന്റെ തട്ടകത്തിലും സർവൈശ്വര്യദായിനിയായി അമ്മയുടെ സാന്നിദ്ധ്യമുണ്ടാകേണമെന്ന് സാമൂതിരി ഭഗവതിയോടപേക്ഷിച്ചു. അമ്മ അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ പ്രസന്നയായി അദ്ദേഹത്തെ അനുഗ്രഹിച്ചു. ഭഗവതി ഇങ്ങനെ അരുളിചെയ്തു. മുമ്പേ നടന്നു കൊള്ളൂ ഞാൻ പിന്നാലെ വരാം. യാത്രക്കിടയിൽ നിങ്ങൾ പിൻതിരിഞ്ഞു നോക്കാൻ പാടില്ല. തിരിഞ്ഞു നോക്കിയാൽ ഞാൻ അപ്പോൾ തന്നെ മടങ്ങിപ്പോരും. സാമൂതിരി സമ്മതിച്ചു. അദ്ദേഹം തിരുമാന്ധാംകുന്നിലമ്മയേയും കൂട്ടി യാത്ര തിരിച്ചു. കുറെ ദൂരം പിന്നിട്ടപ്പോൾ അദ്ദേഹത്തിന് ഒരു സംശയം. ഭഗവതിയുടെ ചിലമ്പൊലിയോ നടക്കുന്ന ശബ്ദമോ ഒന്നും കേൾക്കുന്നില്ലല്ലോ. ദേവി പിന്നാലെയുണ്ടോ. സംശയം തീർക്കാനായി സാമൂതിരി തിരിഞ്ഞുനോക്കി. ഇതു കണ്ട ദേവി ഇനി ഞാൻ വരില്ല മടങ്ങിപ്പോവുകയാണ് എന്നറിയിച്ചു. സങ്കടത്തോടെ മാപ്പപേക്ഷിച്ച സാമൂതിരിയോട് ദേവി ഇങ്ങനെ കല്പിച്ചു. ഞാൻ എന്റെ കൈവള ഊരി ഇവിടെ എറിയുകയാണ്. ഈ വള എവിടെ വീഴുന്നുവോ അവിടെ എന്റെ സാന്നിദ്ധ്യമുണ്ടാകും എന്നനുഗ്രഹിച്ച് ദേവി അപ്രത്യക്ഷയായി. ഭഗവതി ഊരിയെറിഞ്ഞ വള പെട്ടന്ന് നിലത്തു പതിച്ചില്ല. ആ വള ഒരാഴ്ചക്കാലം അന്തരീക്ഷത്തിൽ വട്ടം കറങ്ങി നടന്നു. അതിനുശേഷം ഒരു കുന്നിൻ മുകളിൽ ആ വള വന്നു പതിച്ചു. ദേവിയുടെ കല്പന പോലെ സാമൂതിരി വള വന്നു പതിച്ച സ്ഥലത്ത് ക്ഷേത്രം നിർമ്മിച്ച് ദേവീ പ്രതിഷ്ഠ നടത്തിച്ചു. ദേവിയുടെ വള വന്നു വീണസ്ഥലം തിരുവളയനാട് എന്നും വള വീണ സ്ഥലത്തു സ്ഥിതി ചെയ്യുന്ന ക്ഷേത്രം തിരുവളയനാട് ഭഗവതി ക്ഷേത്രം എന്ന പേരിലും പ്രസിദ്ധമായി. ഭഗവതിയുടെ വള ഒരാഴ്ച അന്തരീക്ഷത്തിൽ വട്ടം ചുറ്റിത്തിരിഞ്ഞ സ്ഥലം ആഴ്ചവട്ടം എന്നും അറിയപ്പെടുന്നു. തിരുമാന്ധാംകുന്നിലമ്മയുടെ തിരുവളയുമായി ബന്ധമുള്ള തിരുവളയനാടും ആഴ്ചവട്ടവും കോഴിക്കോടിന്റെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളായി മാറി. അങ്ങനെ കോഴിക്കോട് സാമൂതിരി സ്വരൂപത്തിന്റെ ഉപാസനാമൂർത്തിയായി തട്ടകത്തമ്മയായി വളയനാട്ടമ്മ തിരുവളനയനാട് ഭഗവതി ക്ഷേത്രത്തിൽ വിരാജിക്കുന്നു. പണ്ട് മാമാങ്കമഹോത്സവങ്ങൾക്ക് പുറപ്പെടുമ്പോൾ സാമൂതിരി വളയനാട്ട

മ്മക്ക് ബലി അർപ്പിച്ച ശേഷമാണ് പോയിരുന്നത്. വളയനാട്ടമ്മയെ തന്റെ സ്വരൂപത്തിന്റെ ഉപാസനാമൂർത്തിയായി ആരാധിച്ചു തുടങ്ങിയതിനുശേഷം ഒരിക്കലും സാമൂതിരിക്ക് പരാജയത്തിന്റെ രുചി അറിയാൻ ഇടവന്നിട്ടില്ല. ഇന്നും സാമൂതിരി കുടുംബത്തിൽ ഒരു കുഞ്ഞു ജനിച്ചാൽ ദേവിക്ക് അടിമയായി സമർപ്പിച്ച് പോറ്റുകാരായി സ്വീകരിക്കുന്നു. ഈ പതിവ് ഇന്നും തുടർന്നു പോരുന്നു.

കോഴിക്കോടിന്റെ ചരിത്രത്തിൽ അതിപ്രാധാന്യം നേടിയിട്ടുള്ളതും നഗരമദ്ധ്യത്തിൽ തന്നെ സ്ഥിതിചെയ്യുന്നതുമായ തളി മഹാദേവക്ഷേത്രത്തിൽ നിന്നും 3 കിലോമീറ്റർ അകലത്തായാണ് വളയനാട് ഭഗവതിക്ഷേത്രം സ്ഥിതി ചെയ്യുന്നത്. തിരക്കേറിയ സിറ്റിയുടെ നടുവിൽ തന്നെയെങ്കിലും തിരക്കനുഭവപ്പെടാത്തതും നാട്ടിൽ പുറം എന്ന പ്രതീതിയുളവാക്കുന്നതുമായ പ്രശാന്തസുന്ദരമായ ഒരു ഉയർന്ന സ്ഥലത്താണ് തിരുവളയനാട് ഭഗവതി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. കേരളത്തിൽ ഭഗവതിയുടെ വിവിധ ഭാവ ചൈതന്യങ്ങളെ ആരാധിക്കുന്ന ക്ഷേത്രങ്ങളുണ്ട്. എന്നാൽ അവയിൽ നിന്നൊക്കെ വളരെ വ്യത്യസ്തത പുലർത്തുന്ന ഒരു ഭഗവതി ക്ഷേത്രമാണ് തിരുവളയനാട് ഭഗവതി ക്ഷേത്രം. കുളാർത്തവ തന്ത്രത്തെ അടിസ്ഥാനമാക്കി രുരുജിത്ത് വിധാനക്രമത്തിൽ ആരാധന നടത്തുന്ന അപൂർവ്വംശാക്തേയ ക്ഷേത്രങ്ങളിലൊന്നാണ് ഈ ഭഗവതിക്ഷേത്രം. മഹാർഗ്ഗം, കാലസങ്കർപ്പിണി എന്നീ സാങ്കേതിക സംജ്ഞകളിലും ഭഗവതി അറിയപ്പെടുന്നു. ചണ്ഡികയെന്ന അപൂർവ്വകാശ്മീരിദേവതാഭാവത്തെയാണ് ഈ ശാക്തേയക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്. കാശ്മീരി സമ്പ്രയാതക്കാരായ മൂസ്സതുമാരാണ് അവിടുത്തെ പൂജാരിമാർ. തഞ്ചാവൂർ ശിവാങ്കൾ എന്ന ശിവയോഗി തങ്കത്തകിടിൽ തയ്യാറാക്കിയ ശ്രീചക്രം ഈ ക്ഷേത്രത്തിലെ ദേവതാസ്ഥാനത്തു സ്ഥിതിചെയ്യുന്നുണ്ട്. ഇത് ഇവിടുത്തെ ഒരു പ്രത്യേകതയാണ്. അതിനാൽ ശത്രുസംഹാരം അഭീഷ്ടസിദ്ധി എന്നീ പ്രാർത്ഥനകൾക്ക് വേഗം ഫലപ്രാപ്തിയുണ്ടാകുന്നു എന്ന് അനുഭവസ്ഥരായ ഭക്തർ സാക്ഷ്യപ്പെടുത്തുന്നു.

ദാരികവധത്തിനു ശേഷം ദേവിസപ്തമാതൃക്കളോടുകൂടി ഇവിടെ വാഴുന്നു. ബ്രമ്മാണി, മാഹേശ്വരി, കൗമാരി, വൈഷ്ണവി, വാരാഹി, ഇന്ദ്രാണി, ചാമുണ്ഡി എന്നിവരോടൊപ്പം വാഴുന്ന ഉഗ്രരൂപിണിയായദേവിയുടെ തിരുനടയിൽ നിന്നു ദർശനം നടത്തുവാൻ കഴിയില്ല. ശ്രീകോവിലിന്റെ ഒരു വശത്തുള്ള നടയിലൂടെ ആണ് ദേവീദർശനം നടത്തേണ്ടത്. ചണ്ഡമുണ്ഡാസുരന്മാരെ നിഗ്രഹിച്ചശ്ശേഷം ചാമുണ്ഡയായി അറിയപ്പെട്ട ദേവിയെ പ്രചണ്ഡകാളിയെന്നും വിളിക്കുന്നു. മഹാലക്ഷ്മി മഹാസരസ്വതി മഹാകാളി എന്നീ മൂന്നു ഭാവങ്ങൾ ചേർന്ന ദേവിയെ വേഗത കൂടിയത് എന്ന അർത്ഥത്തിൽ പ്രചണ്ഡകാളിയായും സങ്കല്പിക്കുന്നു. സാമൂതിരിയുടെ ഉപാസനാമൂർത്തിയായും തിരുമാന്ധാംകുന്നിലമ്മയുടെ ശക്തിചൈതന്യമായും കോഴിക്കോടിന്റെ ഐശ്വര്യദേവതയായും ഭഗവതി തിരുവളയനാട് ക്ഷേത്രത്തിൽ കുടികൊള്ളുന്നു. അമ്മയുടെ തിരുവള ഇന്നും ഈ ക്ഷേത്രത്തിലെ ബലിക്കല്ലിനടിയിൽ ഉണ്ട് എന്ന് വിശ്വസിക്കുന്നു. ഈ ക്ഷേത്രത്തിൽ വടക്കോട്ടും കിഴക്കോട്ടും പ്രവേശനകവാടങ്ങളുണ്ടെങ്കിലും ദേവിയുടെ ദർശനം വടക്കോട്ടാണ്.

മകരമാസത്തിലെ കാർത്തികനാളിൽ കൊടിയേറി എട്ടാം നാൾ ആറാട്ടോടുകൂടി ഇവിടെ ഉത്സവം സമാപിക്കുന്നു. ഉത്സവത്തോടനുബന്ധിച്ച് തളി ശിവക്ഷേത്രത്തിൽ നിന്നും നാന്ദകം എഴുന്നള്ളിച്ച് കൊണ്ടുവരുന്നു. നിത്യവും പന്തീരടിപൂജക്കു ശേഷം മദ്ധ്യമപൂജ നടത്തുന്ന ഈ ക്ഷേത്രത്തിൽ ഉത്സവകാലത്ത് ഉത്തമപൂജകളാണ് നടത്തുന്നത്. മണ്ഡലക്കാലത്ത് ഇവിടെ നാല്പത്തൊന്നു ദിവസം കളമെഴുത്തുപാട്ടു നടത്തുന്നു. ശിവൻ, ക്ഷേത്രപാലൻ, ശാസ്താവ്, ഗണപതി എന്നീ ഉപദേവതകളും ഈ ക്ഷേത്രത്തിലുണ്ട്.

കോഴിക്കോടിന്റെ ഐശ്വര്യത്തിനും അഭിവൃദ്ധിക്കും വേണ്ടി സാമൂതിരി കൂട്ടിക്കൊണ്ടുവന്ന് കുടിയിരുത്തിയതും സാമൂതിരി രാജവംശത്തിന്റെ ഉപാസനാമൂർത്തിയുമായ ഭഗവതി തിരുവളയനാട്ടമ്മയായി കുടി കൊള്ളുന്ന ഈ പുണ്യക്ഷേത്രത്തിൽ തിരുവള കുടികൊള്ളുന്ന ബലിക്കല്ലിനെ വലം വച്ച് തിരുനടയിലെത്തി തൊഴുത് ഇന്നു നാം അഭിമുഖീകരിക്കുന്ന എല്ലാവിധ ദുരിതങ്ങളും ഇല്ലാതാക്കി ഭക്തരെ രക്ഷിക്കുമാറാകേണമേ എന്ന് നമുക്ക് സർവ്വാഭീഷ്ഠാദായനിയായ അമ്മയോട് പ്രാർത്ഥിക്കാം. തിരുവളയനാട്ടമ്മ എല്ലാഭക്തരേയും കാത്തുരക്ഷിക്കുമാറാകട്ടെ. അമ്മയെ തിരുനടയിലെത്തി കണ്ടുവണങ്ങുവാൻ എല്ലാ ഭക്തജനങ്ങൾക്കും അവസരമുണ്ടാകട്ടെ. നമുക്കു നേരേ വരുന്ന എല്ലാ ആപത്തുകളെയും തടയുവാനുള്ള ഒരു ദിവ്യായുധമായി മാറട്ടെ ദേവീ പ്രാർത്ഥന.

* * *



# ശ്രീമഹാഭാഗവതം

## ഭാഗവത ദർശനം.

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

മനുഷ്യ ജീവിതമെന്നു പറയുന്നത് അയാളുടെ ആന്തരികവും ബാഹ്യവുമായ പ്രവർത്തനങ്ങളുടെ ആകെത്തുകയാണ്. ഇന്നു കാണുന്ന ശാസ്ത്രസാങ്കേതിക നേട്ടങ്ങളുടെ ഫലമായി എന്തും തന്റെ കൈപ്പിടിയിലാണെന്നു ധരിക്കുന്ന മനുഷ്യൻ പലപ്പോഴും സ്വന്തമായി തീരുമാനങ്ങളെടുക്കുവാൻ കഴിവില്ലാത്ത ഒരവസ്ഥയിലെത്തിച്ചേരുന്നു. ഇത്തരം ചിന്താഗതിക്കു ദൈവികതയുടെ ആവിഷ്കാരം ലഭിച്ചാൽ മനുഷ്യസ്നേഹത്തിനുള്ള പ്രേരണ ലഭിക്കും. ശാസ്ത്രീയ ജിജ്ഞാസയും നിരീക്ഷണപാടവവും ശാസ്ത്രീയ സാമൂഹിക വിപ്ലവവും ആദ്ധ്യാത്മിക വിപ്ലവവും ഉണ്ടാകുമെന്നതിൽ സംശയമില്ല. സ്വാമി വിവേകാനന്ദൻ പറയുന്നത് മനുഷ്യന്റെ മനസ്സ് വിശാലമാകുമ്പോൾ ആദ്ധ്യാത്മിക പ്രവർത്തനങ്ങൾ വിശാലമാകും. ആദ്ധ്യാത്മികതയും ഭൗതികതയും മനുഷ്യന്റെ രണ്ട് വ്യത്യസ്ഥ വഴികളാണ്. ആദ്ധ്യാത്മിക ശാസ്ത്രത്തിനാവശ്യം അദമ്യമായ ജിജ്ഞാസയാണ്. നമുക്ക് ആവശ്യം സദ്വിചാരങ്ങളും സദ്ചിന്തകളും വളർത്തിയെടുത്ത് നമ്മുടെ മനസിനെ ആദ്ധ്യാത്മിക ചിന്തകൊണ്ട്, അതായത് പരംപൊരുളിനെ മനസിലാക്കി ജീവിക്കുക എന്നതാണ്. ഒരു ചൈനീസ് പഴമൊഴിയുണ്ട്. ഓരോ പഴം കഴിക്കുമ്പോഴും ആ വൃക്ഷം നട്ടവനെ നന്ദിയോടെ സ്മരിക്കുക. സംശുദ്ധമായ ജീവിതത്തിലൂടെ ആദ്ധ്യാത്മികത നേടി ഭൗതിക ജീവിതത്തെ ധന്യമാക്കുകയെന്നതായിരിക്കണം ഓരോരുത്തരുടേയും ലക്ഷ്യം.

രാമായണവും മഹാഭാരതവും എഴുതപ്പെട്ട സാഹചര്യം ഇന്നത്തെ കാലഘട്ടത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതും അവ മനുഷ്യപുരോഗതിക്കും മാനസിക പരിവർത്തനത്തിനും എങ്ങനെ പ്രയോജനമാക്കി മാറ്റണം എന്നതാണ് ചിന്തിക്കേണ്ടത്. ഉത്തമനായ ഒരു മനുഷ്യ സങ്കല്പമായിരുന്നു വാത്മീകിക്കുണ്ടായിരുന്നത്. അതിന്റെ ഫലമായി രാമകഥ വരുംതലമുറക്ക് ചിന്തിക്കാൻ തക്ക വിധത്തിൽ രചിക്കപ്പെട്ടു. വാത്മീകിയുടെ ജീവിതത്തിൽ സംഭവിച്ച മാറ്റം ഏതു വ്യക്തിയിലും ഉണ്ടാകേണ്ടതാണെന്നും മനുഷ്യജന്മത്തിൽ സുഖവും ദുഃഖവും സമ്മിശ്രമാണെന്നും ഈ സന്ദർഭത്തിൽ സാധാരണ ജനങ്ങളിൽ നിന്നും വ്യത്യസ്തമായി രാജാവ് എങ്ങനെയിരിക്കണമെന്നും ശക്തികൊണ്ട് എവിടേയും ജയിക്കാമെന്നുള്ള ധാരണ തെറ്റാണെന്നും അത് അവന് നല്കുന്നത് പതനം മാത്രമാണെന്നും വാത്മീകി വിവരിക്കുന്നു. ഇത് ആധുനിക മനുഷ്യൻ അറിഞ്ഞിരിക്കേണ്ട ഒരു വലിയ ഗുണപാഠമാണ്. വിധിയുടെ ക്രൂര ഹസ്തങ്ങളിൽ പെട്ടു ജീവിതം പകുതി വഴിക്കു നഷ്ടപ്പെടേണ്ടി വന്ന പക്ഷി ഇന്നത്തെ സമൂഹത്തിന്റെ നേർരൂപമല്ലേ?

ഇതുപോലെതന്നെ മഹാഭാരതത്തിൽ സമകാലീന ഭാരതീയ ചരിത്രം മനുഷ്യമനസ്സിന് ചിന്താധീനവും വഴികാട്ടിയുമായി തീർക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ദ്വൈപായന വേദവ്യാസൻ മഹാഭാരതം നമുക്കു സമ്മാനിച്ചത്. ഗുരുക്കന്മാരാൽ അനുഗ്രഹീതനും വിജ്ഞാനദാഹിയുമായ വ്യാസൻ, കർമ്മജ്ഞാനയോഗവും ഭക്തിയോഗവും കൂട്ടി കലർത്തി, വരും തലമുറക്കുവേണ്ടി ജീവിതമൂല്യം ഉൾക്കൊണ്ട് ജീവിക്കുക എന്ന ഉദ്ദേശത്തോടുകൂടി തന്നതാണ് നമുക്ക് ഈ വിലപിടിപ്പുള്ള വിജ്ഞാനകോശം. നമ്മുടെ പൈതൃകങ്ങളായ ഇതിഹാസങ്ങളും പുരാണങ്ങളും എല്ലാം തന്നെ മാനുഷികമൂല്യങ്ങൾക്ക് പ്രാധാന



്യം കൊടുത്തുകൊണ്ട് പ്രായോഗികമായ സിദ്ധാന്തങ്ങൾ മനുഷ്യരാശിക്കു വേണ്ടി രചിക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്. ഇതിഹാസവും പുരാണങ്ങളും ധർമ്മശാസ്ത്രവും ഉൾപ്പെടുത്തി കാവ്യാത്മകമായി ചിട്ടപ്പെടുത്തിയ ഒരു സർവ്വവിജ്ഞാനകോശവുമാണ് ഭാരതം. ഭാരതം അല്പമെങ്കിലും വായിക്കുന്ന ഒരാൾക്ക് പകലും രാവും ചെയ്യുന്ന പാപങ്ങളൊക്കെ നശിക്കുമെന്നു പറയപ്പെടുന്നു.

ശൗനകമഹർഷി ആയിരം വർഷംകൊണ്ട് പൂർത്തിയാകുന്ന ഒരു യാഗം ആരംഭിച്ചു. ഈ യാഗം തുടങ്ങുന്നതിനു മുൻപ് കലിയുഗത്തിൽ വളരെക്കാലം ഭഗവാൻ വിഷ്ണുവിനെ സേവിക്കുന്നതിനുവേണ്ടിയുള്ള ഒരു സ്ഥലം പറഞ്ഞുതരണമെന്ന് വിഷ്ണുവിനോട് അപേക്ഷിച്ചു. അദ്ദേഹം മനസുകൊണ്ട് ഒരു ചക്രം സൃഷ്ടിച്ചു മുനിക്കു കൊടുത്തു. ഈ ചക്രം ഉരുട്ടിക്കൊണ്ടു പോകുമ്പോൾ എവിടെയെങ്കിലും വീണുടഞ്ഞാൽ അവിടെ പൂജക്കു പറ്റിയ സ്ഥലമാണെന്നു പറഞ്ഞു. അങ്ങനെ ആചക്രം വീണുടഞ്ഞ ആ സ്ഥലമാണ് നൈമിശം. ഇവിടെയാണ് ശൗനകമഹർഷി യാഗം ആരംഭിച്ചത്. ഒരു ദിവസം ലോമഹർഷന്റെ പുത്രൻ ഉഗ്രവസ് അവിടെയെത്തി. ഈ സൂതപുത്രന്റെ അടുക്കൽനിന്നും സൽകഥകൾ കേൾക്കുവാൻ അവിടെ കൂടിയിരുന്ന മഹർഷിമാർ ഒത്തുകൂടി. മഹർഷിമാരുടെ ചോദ്യങ്ങൾക്ക് ഉത്തരമായി അദ്ദേഹം പറഞ്ഞു പരീക്ഷിത്തിന്റെ പുത്രനായ ജനമേജയൻ നടത്തുന്ന സർപ്പസത്രത്തിൽ നിന്നാണ് താൻ വരുന്നത്. അവിടെ വൈശമ്പായൻ ജനമേജയനോട് കൃഷ്ണദ്വൈപായനൻ രചിച്ച മഹാഭാരതകഥ കേട്ടു പഠിച്ചുവെന്നും മറ്റും പറഞ്ഞു. ആ കഥകൾ പറയാനായി മുനിമാർ ആവശ്യപ്പെട്ടു. അങ്ങനെയാണ് മഹാഭാരത കഥ നാം കേൾക്കുന്നത്.

ശൗനകമഹർഷി ചോദിച്ച ചോദ്യവും അതിനുത്തരമായി സൂതൻ നല്കിയ മറുപടിയിലാണ് ഭാഗവത മാഹാത്മ്യം വിവരിക്കുന്നത്. ഇവിടെയാണ് പരീക്ഷിത്തു രാജാവിന്റെ കഥ മകനായ ജനമേജയൻ അറിയാനാഗ്രഹിക്കുന്നത്. ജനമേജയൻ പറയുന്നുണ്ട് അഛന്റെ ചരിത്രം എനിക്കറിയാം. ഞാനദ്ദേഹത്തിനുവേണ്ടി കർമ്മം ചെയ്യാനാഗ്രഹിക്കുന്നു. നായാട്ടിനുപോയ പരീക്ഷിത്ത് ഒരു മാനിന്റെ പിറകേ ഓടി. അവിടെ ധ്യാനത്തിലിരുന്ന മുനിയോട് രാജാവ് മാനിനേക്കുറിച്ച് ചോദിച്ചു. മുനി മിണ്ടിയില്ല. കോപം വന്ന രാജാവ് അവിടെ കിടന്ന ചത്ത ഒരു പാമ്പിനെ എടുത്ത് മുനിയുടെ കഴുത്തിലിട്ടു. ഇതു കണ്ടു വന്ന മുനിപുത്രൻ ഏഴുദിവസത്തിനുള്ളിൽ സർപ്പദംശനമേറ്റ് രാജാവു മരിക്കുമെന്ന് ശപിച്ചു. ശാപമോക്ഷത്തിനായി ഗംഗാനദിയുടെ തീരത്ത് ആഹാര നിഹാരാദികൾ ഉപേക്ഷിച്ച് പ്രായോപവേശം എന്ന വൃതം ആനുഷ്ഠിച്ചു. സർപ്പദോഷത്തിൽനിന്നും മോചനം ലഭിക്കാനായി വ്യാസപുത്രനായ ശുകൻ പരീക്ഷിത്തിനെ കേൾപ്പിച്ചതാണ് ശ്രീമദ്ഭാഗവതം. പദ്മപുരാണത്തിലെ ഉത്തരഖണ്ഡത്തിൽ നിന്നെടുത്തു ചേർത്തതാണ് ഭാഗവതമാഹാത്മ്യം. ഭാഗവതകഥ പറയാനാരംഭിച്ചപ്പോൾ ദേവന്മാർ അമൃതകലശം കൊണ്ടുവന്ന് രാജാവിനു കൊടുക്കാനും പകരം ഭാഗവതം അവർക്കു നല്കാനും ശ്രീശുകനോട് ആവശ്യപ്പെട്ടു. ഈ സാരാംശം കേട്ടതുകൊണ്ടാണ് സർപ്പദംശം ഏറ്റിട്ടും പരീക്ഷിത്തിനു മോക്ഷം ലഭിച്ചത്. ബ്രഹ്മാവ് ഭാഗവതം നാരദന് ഉപദേശിക്കുകയും സനകമുനി ഏഴുദിവസം കൊണ്ട് നാരദർക്ക് വായിച്ചു കേൾപ്പിക്കുകയും ചെയ്തു. ഇതാണ് സപ്താഹയജ്ഞത്തിന്റെ പുറകിലുള്ള സാരാംശം. ശ്രീശുകൻ പരീക്ഷിത്തിനെ വായിച്ചു കേൾപ്പിച്ച മഹാഭാഗവതം കേട്ടാൽ എല്ലാ ദുരിതവും മാറും. വേദവ്യാസൻ ഭാഗവതം രചിച്ച് പുത്രൻ ശുകനെ പഠിപ്പിച്ചു. ഭാഗവതം വായിക്കുന്നിടത്ത് ഭക്തിയും ജ്ഞാനവും വൈരാഗ്യവും ഉണ്ടാകും. കൃഷ്ണൻ ഉദ്ദവരുടെ ആഗ്രഹപ്രകാരം കൃഷ്ണതേജസ് ഭാഗവതത്തിൽ നിക്ഷേപിച്ചുവെന്നും പറയപ്പെടുന്നു. കലിയുഗത്തിലെ മുപ്പതാമതു വർഷം കന്നിമാസത്തിലെ ശുക്ലനവമി ദിവസം മുതലാണ് ശുകമഹർഷി പരീക്ഷിത്തിന് ഭാഗവതം ഉപദേശിച്ചുതെന്നും പറയപ്പെടുന്നു.

ഭാഗവതം ആരംഭിക്കുന്നത് ശൗനകാദി മഹർഷിമാർ ശ്രീശുകനോട് ചോദിക്കുന്ന ചോദ്യത്തോടെയാണ്. അങ്ങയുടെ അറിവിൽ മനുഷ്യന്റെ ഉത്തമമായ ശ്രേയസിനേപ്പറ്റി അങ്ങയുടെ പൂർണ്ണ വിശ്വാസമെന്താണ്? മനുഷ്യൻ താഴ്ന്ന നിലവാരത്തിൽ അശക്തനും ഇന്ദ്രിയാനുഭൂതിയിൽ കഴിയുന്നവനുമാണ്. ഈ വ്യക്തി എപ്പോൾ ഈശ്വരാവതാരത്തേക്കുറിച്ചു ബോധവാനാകുന്നുവോ അപ്പോൾ ആദ്ധ്യാത്മിക ജീവിതത്തോട് അടുക്കുന്നു. ഭാഗവതത്തിൽ പറയുന്നത് ഭയങ്കരമായ സമുദ്രത്തിൽ വീണ് നിസ്സഹായനായി തീർന്ന മനുഷ്യൻ ഈശ്വരനാമത്തെ ആശ്രയിച്ച് വിമുക്തനാകുന്നുവെന്നാണ്. ഭൗതികജീവിതത്തിൽ നിന്നും ആദ്ധ്യാത്മിക ജീവിതത്തിലേക്ക് കടക്കു



മ്പോൾ ഹൃദയശുദ്ധി കൈവരും. ഭാഗവതത്തിൽ മനുഷ്യന്റെ ആദ്ധ്യാത്മിക വളർച്ചയേക്കുറിച്ചു വിശദമായി പ്രതിപാദിക്കുന്നു. ആരാണോ ഭഗവാന്റെ കഥാമൃതം കേൾക്കുകയും പഠിക്കുകയും ചെയ്യുന്നത് അവർ ഹൃദയശുദ്ധി വരുത്തുന്നു.

ശ്രീമദ്ഭാഗവതം ആര് എങ്ങനെ രചിച്ചുവെന്നും ആരുടെ നിയോഗത്താലാണ് രചന നടത്തിയത് എന്നും ശുകൻ അത് പഠിക്കുവാനുള്ള കാരണമെന്താണെന്നും അറിയാനുള്ള ആഗ്രഹത്താൽ ശൗനകമുനി സൂതനോട് ചോദ്യങ്ങളുടെ ശരവർഷം തന്നെ നടത്തി. എവിടേയും സ്ഥിരമായി നിൽക്കാത്ത ശുകമുനി പരീക്ഷിത്തിന് ഭാഗവതം ഉപദേശിച്ചതെങ്ങനെ. ഇതിനൊക്കെയുള്ള മറുപടിയാണ് ഭാഗവതാരം'ത്തിൽ നമുക്കു ലഭിക്കുന്നത്.

പരാശരമഹർഷിക്കു കാളി എന്നറിയപ്പെടുന്ന സത്യവതി എന്ന മുക്കുവ സ്ത്രീയിൽ ജനിച്ച മകനാണ് ഭഗവാന്റെ അംശാവതാരമെന്നറിയപ്പെടുന്ന വേദവ്യാസൻ. ഭൂതകാലവും വർത്തമാനകാലവും ഭാവികാലവും എല്ലാം വ്യാസന്റെ ചിന്തകളിൽ ആമഗ്നമായിരുന്നു. ഓരോ സമയത്തും ധർമ്മാചരണത്തിൽ ച്യുതി സംഭവിക്കുന്നുവെന്ന തോന്നലിൽ അദ്ദേഹം വേദത്തെ നാലായി പകുത്ത് ഓരോ വേദങ്ങളും ഓരോ ശിഷ്യന്മാരെ പഠിപ്പിച്ചു. അവർ അവരുടെ ശിഷ്യന്മാരെ പഠിപ്പിച്ചു. വേദം പഠിക്കാൻ അധികാരമില്ലാത്ത സ്ത്രീകൾക്കും മറ്റുംവേണ്ടി മഹാഭാരതം രചിച്ചു. എന്നിട്ടും മനശാന്തി ലഭിക്കുന്നില്ലല്ലോ എന്നു കരുതി വിഷമിച്ചിരിക്കുമ്പോഴാണ് അവടേക്ക് നാരദനെത്തുന്നത്. വ്യാസന്റെ ദുഖത്തിന് കാരണം തിരക്കി. വ്യാസൻ തനിക്കറിയില്ലാ എന്നു പറഞ്ഞു. ഉടനേ നാരദൻ പറഞ്ഞു:

സർവ്വ ലോകേശനായ ഭഗവദ്യശസ്സോടു
സർവൈക സമ്മതമായുള്ളോരു പുരാണം നീ
ചമക്ക വേണമിനിയെന്നാൽ നിന്മനസ്സപ്പോൾ
രമിക്കും പരമാത്മാവോടു ചേർന്നനുദിനം

ഭാരതത്തിൽ ധർമ്മവും അർത്ഥവുമെല്ലാം വിവരിച്ചു പക്ഷെ ഭഗവാന്റെ മഹിമ പ്രധാനമായി വർണ്ണിച്ചിട്ടില്ല. ഭഗവാന്റെ വാക്കുകൾ കേൾക്കാനാണ് സജ്ജനങ്ങൾക്കിഷ്ടം. ഭഗവാന്റെ അവതാര ലീലകൾ വർണ്ണിച്ചാൽ സംസാരക്ലേശം ഉണ്ടാവുകയില്ല. നാരദൻ തന്റെ മുൻജന്മത്തേക്കുറിച്ച് പറഞ്ഞു. നാരദൻ തന്റെ മുജ്ജന്മത്തിൽ ഒരു ബ്രാഹ്മണന്റെ വീട്ടിലെ ദാസിയുടെ മകനായിരുന്നു. ആ വീട്ടിൽ വന്നു കുറച്ചു ദിവസം താമസിച്ച യോഗികളെ ശുശ്രൂഷിച്ചത് ഇദ്ദേഹമായിരുന്നു. അവരുടെ ഭജനയും മറ്റു കേട്ട് അതിൽ താല്പര്യം ജനിച്ചു. പിന്നീടു ഭഗവാന്റെ കഥകൾ കേട്ട അദ്ദേഹം എല്ലാം ഈശ്വരാർപ്പിതമായി ചെയ്തു. അങ്ങനെ ഭഗവാൻ ഭഗവത് ഭക്തിയും ജ്ഞാനവും നൽകി നാരദരെ അനുഗ്രഹിച്ചു. അമ്മയുടെ മരണശേഷം വീടു വിട്ടു, ആത്മജ്ഞാനത്തിൽ മുഴുകി. അങ്ങനെ ഈ ജന്മം ഭഗവദ്നാമവുമായി സഞ്ചാരം നടത്തി കഴിയുന്നു. ഇതെല്ലാം കേട്ട വ്യാസൻ ധ്യാനനിമഗ്നനായി. ജീവാത്മാവ്, പരമാത്മാവാണെന്നറിഞ്ഞു. ആ ജ്ഞാനമാണ് ദുഃഖ കാരണമെന്നു മനസ്സിലാക്കി. അതിൽനിന്നും മനുഷ്യസമൂഹത്തെ ഉദ്ധരിക്കാൻ ഭാഗവതം രചിച്ചു. ഈ രചനയുടെ ഉദ്ദേശം ജീവന്മരണ പ്രതിസന്ധിയിലുഴറുന്ന മനുഷ്യനെ രക്ഷിക്കുകയെന്നതാണ്. മോഹം, ഭയം ഇവയൊക്കെ ഇല്ലാതാക്കാൻ ഭാഗവതത്തിനു കഴിയും. പിന്നീടു പുത്രനായ ശുകനെ അത് പഠിപ്പിച്ചു.

ബ്രഹ്മോപാസം കൊണ്ടു ശുദ്ധമായ് ചമഞ്ഞൊരു
നിർമ്മലാത്മാനാ പരമേശ്വര തത്ത്വത്തെയും
മായാകാരണമായ സംസാരബന്ധത്തേയും
മായാസംബന്ധം തീർപ്പാനുള്ള സാധനങ്ങളിൽ
ഭക്തിയോഗത്തേയും കണ്ടുൾക്കാമ്പിലുറപ്പിച്ചു
മുക്തി സന്മാർഗ്ഗ പ്രതിപാദൈക കരണീയം
ശ്രീ ഭാഗവതം ചമച്ചീടിനാനതി ഭക്ത്യാ

ശ്രീ ശുകൻ പഠിച്ചതു വിസ്തരിക്കയും ചെയ്തു. പാണ്ഡവരും കൗരവരും തമ്മിൽ നടന്ന യുദ്ധം മൂലം അനേകം ആളുകൾ മരിച്ചു. പാണ്ഡവർ ജയിച്ചു. പാഞ്ചാലിയുടെ അഞ്ചു പുത്രന്മാരേയും ദ്രോണരുടെ പുത്രൻ അശ്വത്ഥാമാവ് വധിച്ചു. ശ്രീകൃഷ്ണന്റെ സഹായത്താൽ അർജ്ജുനൻ അശ്വത്ഥാമാവിനെ കണ്ടുപിടിച്ചു. അശ്വത്ഥാമാവിന്റെ ബ്രഹ്മാസ്ത്രത്തെ അർജ്ജുനന്റെ ബ്രഹ്മാസ്ത്രത്താൽ നശിപ്പിച്ചു. അശ്വത്ഥാമാവിനെ കൊല്ലാൻ തുടങ്ങിയ അർജ്ജുനനെ പാഞ്ചാലി തടഞ്ഞു. ഗുരുപുത്രൻ ഗുരുവിനു തുല്യനാണെന്നു പറഞ്ഞു. അവസാനം അർജ്ജുനൻ അശ്വത്ഥാമാവിന്റെ ശിഖ മുറിച്ചു കളഞ്ഞു നാട്ടിൽനിന്നും പുറത്താക്കി. ഇങ്ങനെ ഉത്തരയുടെ ഗർഭവും ഭഗവാൻ രക്ഷിച്ചു. വംശം നിലനിർത്തുന്നതിനായി ആ കുഞ്ഞ് ശുഭലഗ്നത്തിൽ ജന്മം കൊണ്ടു. മഹത്തായ ഈ ജന്മം ഭഗവാൻ കൃഷ്ണനാണു രക്ഷിച്ചത്. ഈ ജന്മം കീർത്തിമാനായ രാജാവും കീർത്തിമാനും വില്ലാളിവീരനും സദ്ഗുണസമ്പന്നനും ആയിരിക്കുമെന്നും എല്ലാവരും പ്രവചിച്ചു. വിഷ്ണുരാതൻ എന്നാണ് നാമധേയം. എന്നാൽ ഗർഭത്തിൽ കിടന്ന തന്നെ രക്ഷിച്ച പുരുഷൻ ആര് എന്നു പരീക്ഷിച്ചു കണ്ടുപിടിക്കും എന്ന അർത്ഥത്തിൽ പരീക്ഷിത്ത് എന്ന പേരുകൂടി ലഭിച്ചു. അശ്വമേധങ്ങൾ നടത്തി മഹാനാകുന്ന ഇദ്ദേഹം ഒരു ബ്രാഹ്മണകുമാരന്റെ ശാപംമൂലം തക്ഷകൻ കടിച്ചു മരിക്കുമെന്നും പറഞ്ഞു. ശ്രീശുക്രനിൽ നിന്നും ആത്മാവിനേക്കുറിച്ചും അനാത്മാവിനേക്കുറിച്ചും പഠിച്ചു. ഗംഗാതീരത്ത് അന്ത്യം സംഭവിച്ച് ശ്രീകൃഷ്ണനിൽ അഭയം പ്രാപിക്കുമെന്നും പ്രവചനമുണ്ടായിരുന്നു.

ഈ ലോകത്തുള്ള താമസം മതിയാക്കാനുള്ള തീരുമാനം പാണ്ഡവരെടുത്തു. അഭിമന്യുവിന്റെ പുത്രനായ പരീക്ഷിത്തിനെ രാജാവാക്കി. ഉത്തരന്റെ മകൾ ഇരാവതിയെ വിവാഹം കഴിച്ചു, 4 പുത്രന്മാരും ജനിച്ചു. അതിലൊരാളാണ് ജനമേജയൻ. പരീക്ഷിത്തു പോയ സ്ഥലങ്ങളിലെല്ലാം കൃഷ്ണന്റെ കഥകൾ ശ്രവിച്ചു. ഒരു ദിവസം കാളകളേയും പശുവിനേയും ഉപദ്രവിക്കുന്ന ഒരാളെ അദ്ദേഹം കാണാനിടയായി. രാജാവിനു സഹിച്ചില്ല. അദ്ദേഹം അതിനെ ചോദ്യം ചെയ്തു. ഇവർ യഥാക്രമം ധർമ്മദേവനും ഭൂമിദേവിയുമായിരുന്നു. അന്യോന്യം ധർമ്മത്തേക്കുറിച്ചു സംസാരിച്ചു. കലിയായ ശൂദ്രനെ കൊല്ലാൻ ശ്രമിച്ചു. കലി ക്ഷമ യാചിച്ചു. നാട്ടിൽനിന്നും പുറത്തു പോകാൻ അഭ്യർത്ഥിച്ചു. കലിയുടെ സ്ഥാനം ചൂതു കളിക്കുന്നവരിലും മദ്യപാനം ചെയ്യുന്നവരിലും മറ്റുമാണെന്ന് ഇവിടെ പരീക്ഷിത്ത് പറഞ്ഞു. ഇവിടെ ഭാഗവതത്തിന്റെ ലക്ഷ്യം ജനന, മരണ ക്ലേശങ്ങളിൽ നിന്നും രക്ഷിക്കുകയാണെന്നു പറയുന്നു. എന്നാൽ ബദര്യാശ്രമത്തിൽ ധ്യാനത്തിലിരിക്കുന്ന വ്യാസൻ അജ്ഞാനിയായ ഒരു മനുഷ്യൻ ഈ ലോകത്തിൽ ദുഃഖിക്കുന്നതെങ്ങനെയെന്നു കാണിച്ചുതരുന്നു. അതിനാണദ്ദേഹം കാളയുടെ മൂന്നു പാദങ്ങളെ തപസ്, ശൗചം, ദയ എന്നാണെന്നും അധർമ്മം ഇവയിൽ കടന്നുകൂടിയാൽ എന്താണ് സംഭവിക്കുന്നതെന്നും മറ്റും സാധാരണക്കാർക്ക് പ്രാപ്യമായ രീതിയിൽ വർണ്ണിക്കുകയാണ്.

ഇങ്ങനെ പരീക്ഷിത് രാജ്യം ഭരിച്ചുവരവേ, ഒരിക്കൽ നായാട്ടിനായി പുറപ്പെട്ടു. വഴിക്കുവെച്ച് ദാഹം തോന്നിയ രാജാവ് അടുത്തുകണ്ട ആശ്രമത്തിൽ കയറി. അവിടെ ധ്യാനത്തിലിരുന്ന മുനിയോട് വെള്ളം വേണമെന്ന് രാജാവ് ആവശ്യപ്പെട്ടു. പക്ഷെ മുനി ഇതൊന്നും അറിയാതിരുന്നതുകൊണ്ട് മറുപടി ഒന്നും പറഞ്ഞില്ല. ക്രുദ്ധനായ രാജാവ് ഒരു ചത്ത പാമ്പിനെ എടുത്ത് മുനിയുടെ കഴുത്തിലിട്ടു. ഇതുകണ്ടു വന്ന മുനികുമാരൻ രാജാവിനെ ശപിച്ചു. ഇന്നേക്ക് ഏഴാംനാൾ അങ്ങയെ തക്ഷകൻ കടിച്ചു കൊല്ലുമെന്നായിരുന്നു ശാപം. പരീക്ഷിത് രാജാവ് ആഹാരവും വെള്ളവും ഉപേക്ഷിച്ച് ഗംഗാനദിയുടെ തെക്കേക്കരയിൽ കിഴക്കോട്ടു ദർഭ വിരിച്ച് വടക്കോട്ടു നോക്കിയിരുന്നു. പ്രായോപവേശം തുടങ്ങാൻ ഒരുങ്ങിയ രാജാ

വിനെ കാണാൻ ദേവർഷികളും ബ്രഹ്മർഷികളും എത്തി. വിഷ്ണുവിനെ ഭജിച്ചാൽ അടുത്ത ജന്മത്തിലും എനിക്കു ഭഗവാനിൽ ഭക്തിയുണ്ടാകുമെന്നു രാജാവു പറഞ്ഞു. ഈ സമയം

ശ്രീ ശുകമഹാമുനി താനതി മന്ദം മന്ദം
ആശു ക്ഷണി ദേവനാശകൾ മിന്നും വണ്ണം
ഭൂപതി തന്നെ കാണ്മാനായവതാരം ചെയ്താൾ

വേദവ്യാസന്റെ പുത്രനാണ് ശുകൻ. അദ്ദേഹത്തെ കണ്ട് എല്ലാവരും എഴുന്നേറ്റു പൂജിച്ചു. പരീക്ഷിത്ത് തന്റെ സന്തോഷം രേഖപ്പെടുത്തി. തനിക്കു മരണം അടുത്തിരിക്കുന്നു. എന്തു മന്ത്രം ജപിക്കണം എന്നു തുടങ്ങി:

എന്നാലെന്തപ്പോൾ പരലോകപ്രാപ്തിക്കെന്നു
മുന്നേ ചെയ്യേണ്ടതെന്നും കേൾക്കേണ്ടതെന്താണെന്നും
വന്ദിച്ചു പൂജിക്കേണ്ടതാരെയെന്നും
നന്നായനുഗ്രഹിച്ചാനന്ദം വരും വണ്ണം
സന്ദേഹമൊഴിച്ചരുൾ ചെയ്യേണം ദയാനിധേ

എന്നു പറഞ്ഞു. ഇതിനുത്തരമായി ശുകൻ പറഞ്ഞ കാര്യങ്ങൾ ഗൃഹസ്ഥാശ്രമിയായി ജീവിക്കുന്ന ഒരാൾക്ക് കേൾക്കേണ്ട കാര്യങ്ങളാണ്. ഇന്നാളുകൾ പകലന്തിയോളം കഷ്ടപ്പെട്ടു കുടുംബം നോക്കുന്നു. പക്ഷെ, എല്ലാം നശ്വരമാണെന്നു മനസിലാക്കുന്നില്ല. ഭഗവാന്റെ ഗുണങ്ങൾ പ്രതിപാദിക്കുന്ന ഭാഗവതം എല്ലാ പുരാണങ്ങളിലും പ്രധാനമാണെന്നു പറയുന്നു.

മുനികുമാരൻ ആശ്രമത്തിലെത്തി മുനിയോടു നടന്നതെല്ലാം പറഞ്ഞു. മുനിക്കു വിഷമമായി. മുനി പറഞ്ഞു, (ഇവിടെ രാജാവിന്റെ ധർമ്മവും ജനങ്ങൾ പാലിക്കേണ്ടതുമെല്ലാം വിവരിക്കുന്നു.)

കേവലം സപ്ത വ്യസനങ്ങളാലോരോ വിധം
ഭൂപരന്മാർക്കു പരിഭ്രമങ്ങളുണ്ടായ്‌വരും
സാധുക്കളവയെല്ലാമറിഞ്ഞു പൊറുക്കുന്നു
ക്രോധിച്ചു ശപിക്കെന്നതാചാരമല്ലീവണ്ണം

അതുകൊണ്ട് രാജാവിനെ കണ്ട് വിവരങ്ങൾ ധരിപ്പിക്കണം. യഥാർത്ഥ ജ്ഞാനിക്കു കോപമില്ല. പുത്രൻ രാജാവിനോടു ചെയ്തതാണപരാധം എന്നു സവിസ്തരം മുനി പറയുന്നു. അറിവില്ലാത്തവരുടെ മുൻപിൽ അറിവുള്ളവർ ക്ഷമിക്കുകയെന്ന തത്ത്വം മുനിയിലൂടെ വിസ്തരിക്കുകയാണ്. മുനിയോടു താൻ ചെയ്ത തെറ്റും അക്ഷന്തവ്യമാണെന്ന് രാജാവു ചിന്തിക്കുന്നു.

ശാപവിവരമറിഞ്ഞ രാജാവ് ഇതു തനിക്കു ലഭിക്കേണ്ടതു തന്നെമനസിലാക്കി രാജ്യഭാരം മകനായ ജനമേജയനെ ഏൽപ്പിച്ച് ഭഗവദ് പാദങ്ങളിൽ തന്നെ തന്നെയർപ്പിക്കാൻ തീരുമാനിച്ചു. മാമുനിമാരെല്ലാവരും വിഷമിച്ചു. നല്ലവനായ പരീക്ഷിത് രാജാവിന് ഇങ്ങനെ സംഭവിച്ചതിൽ അവർ വേദനിച്ചു.

താനറിയാതെ ചെറിയോരപരാധം ചെയ്ത
മാനവേന്ദ്രനെ ക്രോധിച്ചിങ്ങനെ ശപിക്കാൻ
ഭൂദേവോത്തമ ശാപം തടുക്കവതല്ലെങ്കിലും
മേദിനീ പതിയോടു ചേർന്നു നാം പിരിയാതെ
വാസം ചെയ്യണമേഴു വാസരം കഴിയാതെ
വാസുദേവനെസ്സേവിച്ചെല്ലാവരും കൂടെ
ആ പുരാണത്തെ മമ താതനാം വേദവ്യാസൻ
മുൽപ്പാടു ചമച്ചെന്നെയെപ്പേരും പഠിപ്പിച്ചു
തൽ പ്രബന്ധത്തെ വിഷ്ണരാതനാം നിനക്കു ഞാൻ
ഉൾപ്പൂവിലത്യാനന്ദ സിദ്ധിതം ചൊല്ലാമല്ലോ

എന്നു പറഞ്ഞു ഭഗവദ് വിരാടരൂപം വർണ്ണിക്കുകയാണ്. ഇന്നുണ്ടാകാൻ പോകുന്ന ഈ ലോകം തുടങ്ങി എല്ലാം തന്നെ ഭഗവാന്റെ സ്വരൂപമാണ്. എല്ലാം ഭഗവാന്റെ അവതാരങ്ങളാണ്. ഈ ഈശ്വരനിൽ മനസ്സുറപ്പിക്കണം. ദേഹത്തിലും ഇന്ദ്രിയങ്ങളിലും ആസക്തനായിരിക്കരുത്. ഈ ലോകദുഃഖത്തിനു കാരണം ആസക്തിയാണ്. ഈശ്വരധ്യാനത്തിലൂടെ ജനനമരണദുഃഖങ്ങൾ ഒഴിവാക്കാം. സ്വപ്നം കാണുമ്പോൾ നമുക്ക് സ്വപ്നത്തിൽ കാണുന്ന വസ്തുക്കളോട് ഒരു ബന്ധവുമില്ല. അതുപോലെ ദേഹവും പ്രകൃതിയുമെല്ലാം സത്യമാണെന്നു തോന്നുന്നത് മായകൊണ്ടാണ്. ആത്മാവിന്റെ യഥാർത്ഥ രൂപം മായകൊണ്ടു മറഞ്ഞിരിക്കുന്നു. ഇങ്ങനെ തുടങ്ങി 10 ലക്ഷണങ്ങളുള്ള ഭാഗവതം ബ്രഹ്മാവ് നാരദനുപദേശിച്ചു. നാരദൻ വ്യാസനും വ്യാസൻ ശുകനും ഈ പരമ സത്യം ഉപദേശിച്ചു. ഭാഗവതത്തിനു സർഗം, വിസർഗം, സ്ഥാനം, പോഷണം, ഊതികൾ, മന്വന്തരങ്ങൾ, ഈശാനുചരിതം, നിരോധം, മുക്തി, ആശ്രയം തുടങ്ങി 10 ലക്ഷണങ്ങളുണ്ട്. സൃഷ്ടി നടത്തുന്ന ബ്രഹ്മാവും, പരിപാലിക്കുന്ന വിഷ്ണുവും, സംഹരിക്കുന്ന രുദ്രനും ഭഗവാനാണ്. ഇതെല്ലാം നമുക്കു തോന്നുന്നത് മായകൊണ്ട്.

ഇനി തൃതീയ സ്കന്ധം.

*(തുടരും)*

*****



# നവരാത്രി

**ഓം സം സരസ്വത്യൈ നമ**

പ്രസന്നക്കുറുപ്പ് 9633561262

ഭാരതത്തിന്റെ ഉത്സവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പൂജയാണ് നവരാത്രി പൂജ. കന്നിമാസത്തിലെ ശുക്ലപക്ഷത്തിൽ പ്രഥമദിവസം മുതൽ നവമിവരെയുള്ള രാത്രികാലങ്ങളിൽ ഈ ഉത്സവം ആഘോഷിയ്ക്കുന്നതുകൊണ്ടായിരിക്കാം ഇതിന് നവരാത്രി പൂജ എന്നു പേരുവന്നത്. എന്നാൽ കർണ്ണാടകയിൽ പത്താമത്തെ ദിവസം ചടങ്ങുകൾ ഉള്ളതുകൊണ്ട് ദസറ എന്ന പേരുവന്നു.

തിരുവനന്തപുരത്ത് ഈ സമയത്തു നടക്കുന്ന പൂജയെപ്പറ്റി പലർക്കും അറിയാമായിരിയ്ക്കും. പത്മനാഭപുരത്ത്ു നിന്ന് തിരുവനന്തപുരത്തേയ്ക്ക് വിദ്യാദേവിയെ എഴുന്നെള്ളിയ്ക്കുന്നു.അനന്തപുരിയുടെ ഒമ്പതു രാത്രികൾ അതോടെ ഉത്സവത്തിമിർപ്പിൽ ആയിരിയ്ക്കും. നവരാത്രി വിഗ്രഹങ്ങൾ എത്തിച്ചേരുന്നതോടെ അനന്തപുരി ഇനി കൊലുബൊമ്മ ഒരുക്കങ്ങളുടേയും മന്ത്രജപങ്ങളുടേയും ഭക്തി സാന്ദ്രമായ പൂജവയ്പിന്റേയും ദിനങ്ങളാണ്. ഈ വർഷം ഒക്ടോബർ മാസം 7-ാം തീയതി ആരംഭിച്ച് ഒക്ടോബർ 15-ാം തീയതി വിദ്യാരംഭത്തോടുകൂടി സമാപിക്കുന്നു.

പത്മനാഭപുരത്തുനിന്ന് സരസ്വതീദേവിയേയും, വേളിമല കുമാരകോവിലിൽ നിന്ന് കുമരസ്വാമിയേയും ശുചിന്ദ്രത്തുനിന്ന് മുന്നൂറ്റിനങ്കയേയും ആനയിച്ച് എഴുന്നെള്ളിക്കുന്നതോടുകൂടി നവരാത്രി ഉത്സവത്തിന് തുടക്കമാകും.

ശുചിന്ദ്രം ക്ഷേത്രത്തിൽ നിന്ന് മുന്നൂറ്റിനങ്കയെ ആണ് ആദ്യമായി എഴുന്നെള്ളിക്കുന്നത്. ആചാരനുഷ്ഠാനങ്ങളോടുകൂടി പല്ലക്കിലേറ്റി പോലീസ് കമാൻഡോകളുടേയും ബാൻഡുസംഘത്തിന്റെ റൈഫിൽ പോലീസിന്റേയും അകമ്പടിയോടുകൂടി ആനയിച്ച് പുറത്തിറക്കി ഘോഷയാത്രയോടുകൂടി ശ്രീപത്മനാഭപുരം മഹാദേവക്ഷേത്രസന്നിധിയിൽ എത്തിയ്ക്കുന്നു.

വെള്ളിക്കുതിരേയും പല്ലക്കിൽ കുമാരസ്വാമിയേയും, വേളിമല കുമാര കോവിലിൽ നിന്ന് ആനയിക്കുന്നു. 1000 കിലോ ഭാരമുള്ള വെള്ളിക്കുതിരയെ 19 പേർ ചേർന്ന് ഒരു സംഘം ആളുകളും, 14 റൈഫിൽ പോലീസ് അകമ്പടിയും ഉണ്ടാകും.

## സരസ്വതി ദേവി

മൂന്നു ഗജവീരന്മാരുടെ അകമ്പടിയോടെ പത്മാനഭപുരം കൊട്ടാരത്തിനടുത്തുള്ള തേവാരകെട്ടിൽ നിന്ന് വിദ്യാദേവിയായ സരസ്വതി ദേവിയെ ആനപ്പുറത്ത് ആനയിച്ചുകൊണ്ടുവരുന്നു. കളയിക്കാവിളയിൽ വച്ച് മന്ത്രിമാർ, നെയ്യാറ്റിൻകര തഹസീൽദാർ, റൂറൽ എസ്.പി. മറ്റുപ്രതിനിധികൾ 60 പോലീസുകാർ എന്നിവർ ഗാർഡ് ഓഫ്ഓണർ നൽകി വിഗ്രഹങ്ങളെ കേരളത്തിലേയ്ക്ക് സ്വീകരിച്ചുകൊണ്ടുവരുന്നു. തുടർന്ന്, ഘോഷയാത്രയായി ആദ്യം നെയ്യാറ്റിൻകര ശ്രീകൃഷ്ണ ക്ഷേത്രത്തിൽ എത്തുകയും അവിടെ തമ്പടിക്കുകയും ചെയ്യുന്നു. മൂന്നുദിവസത്തെ യാത്രയ്ക്കു ശേഷം, നാലാം ദിവസം ഉച്ചയ്ക്ക് കരമന ആവുടൈയമ്മൻ ക്ഷേത്രത്തിൽ എത്തുന്നു. വൈകീട്ട് വിഗ്രഹങ്ങൾ വൻ ഘോഷയാത്രയായി നവരാത്രി മണ്ഡപത്തിലേയ്ക്ക് തിരിക്കുന്നു. ഇവിടം മുതൽ നാല് ഗജവീരന്മാരുടെ അകമ്പടിയോടെ വെള്ളിക്കുതിരയുടെ പുറത്താണ് കുമാരസ്വാമിയുടെ എഴുന്നെള്ളത്ത്. വഴിനീളെ ഭക്തജനങ്ങൾ വിളക്കു കൊളുത്തിയും തട്ടാരാധന ചെയ്തും പുഷ്പവൃഷ്ടിചെയ്തും ദേവതകളെ സ്വീകരിയ്ക്കുന്നു. തിരുവിതാംകൂർ

മഹാരാജാവ് നവരാത്രി മണ്ഡപത്തിനു മുൻപിൽ എത്തുന്ന വിഗ്രഹങ്ങളെ സ്വീകരിയ്ക്കുന്നു. ഉടവാൾ ഏറ്റുവാങ്ങി സരസ്വതി ദേവിയെപത്മതീർത്ഥ കുളത്തിൽ ആറാടിച്ച ശേഷം നവരാത്രി മണ്ഡപത്തിൽ വയ്ക്കുന്നു. ക്ഷേത്രത്തിനു ചുറ്റും പ്രദക്ഷിണം ചെയ്തശേഷം കുമാരസ്വാമിയെ ആര്യശാല ദേവീക്ഷേത്രത്തിലും മുന്നൂററിനങ്കയെ ചെന്തിട്ട്ദേവീക്ഷേത്രത്തിലും കുടിയിരുത്തുന്നു.

തുടർന്നുള്ള ഒമ്പതു ദിവസങ്ങൾ ഉത്സവനാളുകളാണ്. ഒൻപതാം നാൾ പൂജവയ്ക്കുന്നു. പത്താംനാൾ വിദ്യാരംഭം നടത്തി പൂജ എടുക്കുന്നു. വിദ്യാരംഭത്തിൽ പൂജ എടുക്കാൻ വേണ്ടി ആര്യശാല ദേവീക്ഷേത്രത്തിൽ നിന്ന് കുമാരസ്വാമി പൂജപ്പുര മണ്ഡപത്തിലേയ്ക്ക് ആനയിക്കുന്നു. വൈകീട്ട് 4 മണിയ്ക്ക പൂജപ്പുരയിൽ നിന്ന് തിരിച്ച് ചാലയിൽ എത്തുന്നു. ഈ സമയം ചാല ഇലക്കട ജംഗ്ഷനിൽ ചെന്തിട്ട ദേവീക്ഷേത്രത്തിൽ നിന്ന് മുന്നൂറ്റിനങ്കയും എത്തുന്നു. ഇരുവരും ഒരുമിച്ച് നവരാത്രി മണ്ഡപത്തിൽ എത്തിയിട്ട് തിരിച്ചു വരുന്നതോടെ നവരാത്രി ഉത്സവം സമാപിക്കുന്നു. 11-ാം ദിവസം നല്ലിരിപ്പു കഴിഞ്ഞ് 12-ാം ദിവസം രാവിലെ തമിഴ് നാട്ടിലേയ്ക്ക് യാത്ര തിരിയ്ക്കും. കിള്ളിപ്പാലം ജംഗ്ഷനിൽ വച്ച് കേരളഗവൺമെന്റിന്റെ നേതൃത്വത്തിൽ ഗംഭീരയാത്രയയപ്പു നൽകുന്നു.

ഉത്സവദിനങ്ങളിൽ നവരാത്രിമണ്ഡപത്തിൽ സംഗീതോത്സവവും, ആര്യശാല ചെന്തിട്ട ദേവീക്ഷേത്രങ്ങളിൽ കലാപരിപാടികളും നടക്കും. ആര്യശാല ദേവീക്ഷേത്രത്തിൽ പ്രശസ്തമായ അഗ്നിക്കാവടി ഉണ്ടാകും. ഈ ദിനങ്ങളിൽ നവരാത്രി മണ്ഡപത്തിലും രണ്ടു ദേവീക്ഷേത്രങ്ങളിലും ഭക്തജനങ്ങളുടെ വൻതിരക്കായിരിയ്ക്കും.

മാർത്താണ്ഡവർമ്മ മഹാരാജാവാണ് 18-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ നവരാത്രി ഉത്സവം ആരംഭിച്ചതെന്ന് പറയുന്നു. നവരാത്രി സംഗീതോത്സവത്തിന് വടക്കേ ഇന്ത്യയിൽ നിന്ന് സംഗീതജ്ഞർ എത്തിയിരുന്നു. ഇന്നത്തെ ഈ രീതിയിലുള്ള നവരാത്രി മണ്ഡപം ഉണ്ടാക്കിയത് സ്വാതിതിരുന്നാളാണ്. കുമാരസ്വാമിയെ അമ്മയായ പാർവ്വതിദേവി കുടികൊള്ളുന്ന ആര്യശാല ദേവീക്ഷേത്രത്തിലിരുത്തുന്നതും മുന്നൂറ്റിനങ്കയെ ചെന്തിട്ട ദുർഗ്ഗാദേവിക്ഷേത്രത്തിൽ ഇരുത്തുന്നതും ദേവിയായതിനാലാണെന്ന് പഴമക്കാർ പറയുന്നു.

സരസ്വതി വിദ്യയുടെ പ്രതീകവും ലക്ഷി സമ്പത്ത് സമൃദ്ധിയുടെ പ്രതീകവും പാർവ്വതിശക്തിയുടെ പ്രതീകവുമാകുന്നു. ഈ വിജയദശമി ദിവസം ഏതു കലകൾ ചെയ്യുന്നവനും അവനവന്റെ ആയുധകലയിലൂടെ അന്ധകാരത്തെ നീക്കി പ്രകാശപൂരിതമായ വിജയം കൈവരിച്ച് ജീവിതം ധന്യമാക്കുന്നു. ഇപ്രകാരം എല്ലാവരുടേയും ജീവിതം സഫലമാകട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം. ആ പ്രാർത്ഥനയോടെ ദേവിയെ നമിച്ചുകൊണ്ട് ഇവിടെ നിർത്തുന്നു. (കോവിഡ് സമയമായതിനാൽ ഈ വർഷം പൂജയ്ക്ക് എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടായിരിക്കാം)

അമ്മേ നാരയണ, ദേവീനാരായണ

ലക്ഷ്മീ നാരായണ, ഭദ്രേ നാരായണ

*****

മിനിക്കഥ

# നിശ്ചയദാർഢ്യം

ഉണ്ണി വാരിയത്ത്

ജീവിതത്തിൽ ഒരു മാറ്റം വേണമെന്ന് അവൻ ചിന്തിച്ചു. വെറും ആഗ്രഹം ഒരു മാറ്റവും വരുത്തിയില്ല. അല്പം ആവേശം ചെലുത്തിയപ്പോൾ, ചെറിയ തോതിൽ മാറ്റം സംഭവിച്ചു. നിശ്ചയദാർഢ്യം ഉണ്ടെങ്കിൽ അവന് എന്തും മാറ്റിമറിക്കാമായിരുന്നു. ഉറച്ചു നിൽക്കുന്ന പാറയെപ്പോലും ഉറച്ച തീരുമാനത്തിന് മറിച്ചിടാൻ കഴിയുമല്ലോ.

# ശ്വാനപുരാണം

സി. നാരായണൻ

രാമയ്യർ ആ നാട്ടിലെ ഹൈസ്ക്കൂളിലെ കണക്കു മാഷാണ്. അദ്ദേഹത്തിന്റെ വീട്ടിൽ രാവിലെ ഒമ്പതാം ക്ലാസ്സിലെ മൂന്നു വിദ്യാർത്ഥികൾ ട്യൂഷനു വരാറുണ്ട്. ഭരത്, ഡേവീസ്, വിലാസ് എന്നിവരായിരുന്നു അവർ. വീടിനോടനുബന്ധിച്ച ഒരു കയ്യാലയിലാണ് ട്യൂഷൻ. വീടിന്റെയും കയ്യാലയുടേയും ഇടയിൽ ഒരു മരം കൊണ്ടുണ്ടാക്കിയ ഒരു പ്രത്യേക കൂട്ടിലാണ് വീരൻ എന്ന രാമയ്യരുടെ ഭാര്യ സീതാമ്പാൾ വളർത്തുന്ന നായയുടെ വാസം. ഏതു ഇനത്തിൽ പെട്ടതാണെന്നു പറയാൻ പറ്റില്ല. സങ്കരനാണ്. പക്ഷേ നിരന്തരമായ തീറ്റ കാരണം, അതിന്റെ രൂപം നായയുടേതായിരുന്നില്ല.

ഭക്ഷണപ്രിയനായ ഒരു പോർക്ക് എന്നേ ആരും പറയൂ. പിള്ളേർ വന്നയുടനെയാണ് വീരന്റെ പ്രാതൽ. ഏകദേശം രണ്ടിടങ്ങഴി അരിയുടെ ചോറും, അത്ര തന്നെ ചെറുപയറും പിന്നെ ഒരു നാഴി പാലുമാണ് പ്രാതലിന്റെ മെനു. അതു തിന്നു തീരുന്നതു വരെ, സീതാമ്പാൾ തിന്നുന്നത് നോക്കിനിൽക്കയും, അതിനെ വാത്സല്യത്തോടെ തലോടുകയും ചെയ്യും.

ഈ ജന്തുവിന് ഒരു വ്യായാമം കിട്ടുന്നില്ല്യ, അതങ്ങനെ ചീർത്തിരിക്കണത്. അതിനെ നാലു ചാല് ഓടിക്കണം വിലാസ് പറഞ്ഞു. പക്ഷേ അമ്പാൾക്ക് അതിനെന്തെങ്കിലും ക്ലേശമേൽക്കുന്നത് വലിയ വിഷമമുണ്ടാക്കുന്ന കാര്യമാണ്. ഒരിക്കൽ ഡേവീസ് ഒരു ബിസ്ക്കറ്റ് മുകളിൽ പിടിച്ച് വീരനെ ചാടിക്കാൻ ശ്രമിച്ചു. സീതാമ്പാൾ അതുകണ്ട് വല്ലാതെ ക്ഷോഭിച്ചു. എന്ത്, വീരനെക്കൊണ്ട് ചാടിക്ക്യേ, അവന്റെ കാലിനു എന്തെങ്കിലും പറ്റിയാലോ- അന്ന് സീതാമ്പാൾ അവനു അരനാഴി ചെറുപയറ് കൂടുതൽ കൊടുത്തു. ഇടയ്ക്കിടക്ക് കോപത്തോടെ ഡേവീസിനെ നോക്കുകയും ചെയ്തു. ഇവനെ നമുക്കൊന്ന് ശര്യാക്കിയെടുക്കണം. ഒരു നായേടെ രൂപത്തിലാക്കണം, വിലാസ് പറഞ്ഞു, എന്താ ഒരു വഴി

സീതാമ്പാളോട് അവർ വ്യായാമത്തിന്റെ കാര്യം പറഞ്ഞു.

നിങ്ങള് നിങ്ങടെ കാര്യം നോക്ക്യ മതി. വീരന്റെ കാര്യം ഞാൻ നോക്കിക്കൊളാം. വ്യായാമം വേണത്രെ, ന്താത്, ഒളിമ്പിക്സില് മത്സരിക്കാൻ പൂവ്വാ? കഴിഞ്ഞ ഒരാഴ്ചയായീ വീരൻ കൊറച്ച് മെലിഞ്ഞിട്ടുണ്ടോന്ന് എനിക്ക് സംശണ്ട് അപ്പളാ എന്തായാലും ഏറെ കളിച്ചെ മാഷോട് പറഞ്ഞ് നിങ്ങളുടെ ട്യൂഷൻ ഞാൻ നിർത്തിക്കും.

വീരൻ ഇതെല്ലാം കേട്ട് വിഷമിച്ചിട്ടുണ്ടാവുമോ എന്നായിരുന്നു സീതാമ്പാളുടെ പ്രധാന ഭയം. അവർ അവനെ തലോടി അന്ന് ഉരിപാല് എക്സ്റ്ററാ കൊടുത്തു. ഉച്ചക്കുള്ള ഭക്ഷണത്തിനോടൊപ്പം രണ്ട് നേന്ത്രപ്പഴം കൂടുതൽ കൊടുക്കണമെന്ന് നിശ്ചയിക്കയു ചെയ്തു. മോൻ ഇവര് പറേണതന്നും കേട്ടു പേടിക്കണ്ടാട്ടോ മോനേ പിടിച്ച് ഓടിക്കാനൊന്നും അമ്മ സമ്മതിക്കില്യാട്ടാ കൊറച്ചു കഴിഞ്ഞ് മോന് പയറ് കുതിർത്തത് തരാട്ടാ

സീതാമ്പാൾ എത്രകണ്ട് വീരനെ വിശ്രമിപ്പിക്കാൻ ബദ്ധപ്പെടുന്നുവോ, അത്രകണ്ട് പിള്ളേർക്ക് അവന് അത്യാവശ്യമായി വേണ്ടത് ഒരാഴ്ചത്തെ പട്ടിണിയും, ദിവസവും നാലു മൈല് ഓട്ടവുമാണെന്നുള്ള വിശ്വാസം ഉറച്ചു വന്നു.

വേറൊന്നിനും വേണ്ടിയല്ല, പ്രധാനമായും ഒരു സഹജീവിക്ക് നന്മ ചെയ്യാനുള്ള മനസ്സ്. പിന്നെ അവരുടെ സിദ്ധാന്തം ശരിയാണെന്ന് സ്ഥാപിക്കാനും.

കുട്ടികൾ തലപുകഞ്ഞാലോചിച്ചു. വീരനെ അവിടെ നിന്ന് മാറ്റാതെ ഒന്നും നടക്കില്ലെന്ന് ഉറപ്പാണ്. അവനെ താത്ക്കാലികമായി കടത്താനാണ് ആദ്യം ശ്രമിക്കേണ്ടത്. അവിടെ രാവിലെ മുറ്റം തൂക്കാൻ വരുന്ന ദേവകിയെ അവർക്കറിയാം. അവൾ കഴിഞ്ഞ കൊല്ലം വരെ അവരുടെ

തന്നെ സ്കൂളിലായിരുന്നു. ഒമ്പതാം ക്ലാസ്സിൽ നിന്ന് പ്രമോഷൻ കിട്ടില്ലെന്ന് ടീച്ചർമാർ ഉറപ്പു നൽകിയപ്പോളാണ്, അവൾ പഠിത്തം നിർത്തിയത്. അവളുടെ സഹായമുണ്ടെങ്കിൽ പിന്നെ വലിയ ബുദ്ധിമുട്ടുണ്ടാവില്ല. അതുകൊണ്ട് അന്നു വൈകീട്ടു തന്നെ അവർ ദേവകിയെ കണ്ടു. അവരുടെ ആവശ്യം പറഞ്ഞപ്പോൾ അവൾ അതിനെ സർവാത്മനാ പിന്തുണച്ചു. ആ നായയെ അജീർണ്ണം പിടിച്ചുള്ള നിശ്ചിതമായ മരണത്തിൽ നിന്നു രക്ഷിക്കാൻ, അവൾ തന്നെക്കൊണ്ട് ചെയ്യാൻ പറ്റുന്ന എന്തു സഹായവും ചെയ്യാമെന്നേറ്റു. കൂടു തുറന്നുകൊണ്ടുപോകുമ്പോൾ, വീരനിൽ നിന്ന് ഒരു പ്രതിഷേധവും ഉണ്ടാവാൻ പാടില്ല. അതുകൊണ്ട് വീരനുമായി ഒരു നല്ല ബന്ധം സ്ഥാപിക്കണം. അന്ന് അവർ വരുമ്പോൾ, ഇറച്ചിക്കട വഴിയാണ് വന്നത്. അഞ്ച് നല്ല എല്ലിൻ കഷ്ണം അവർ അവിടെ നിന്ന് തരപ്പെടുത്തി. വീരനെ തീറ്റിച്ച്, തലതഴുകിയും മറ്റും വീരനെ വളച്ചു.

ഭരത്തിന്റെ വീട് അത്ര അടുത്തല്ല. പിന്നെ ഭരത്തിന്റെ അമ്മ കുറച്ചു ദിവസത്തേക്ക് ഒരു നായയെ മുററത്തു കെട്ടിയിടാൻ വലിയ എതിർപ്പും പറയില്ല.

എല്ലാ ദിവസവും രാവിലെ കൃത്യം ഏഴു മണിക്ക് സീതാമ്പാൾ വീരനു തലേ ദിവസത്തെ ചോറ്, തൈരിൽ കൊഴച്ചത് കൊടുക്കാറുണ്ട്. പതിവുപോലെ അതു കൊടുക്കാൻ വന്നപ്പോൾ, വീരൻ അവന്റെ ഭവനത്തിലില്ല. താൻ കാലത്ത് പല്ലു തേക്കാൻ വേണ്ടി വായ തുറക്കാൻ ശ്രമിച്ചപ്പോൾ, വായ അവിടെയില്ലെങ്കിൽ എത്ര പരിഭ്രമം തോന്നുമോ, അത്രകണ്ട് പരിഭ്രമായി സീതാമ്പാൾക്ക് അത് പൊറത്തെങ്ങാനും ഒന്ന് കറങ്ങാൻ പോയിട്ടുണ്ടാവും ദേവകി ചൂലു കുത്തി ഉറപ്പിച്ചു കൊണ്ടു പറഞ്ഞു.

നീ അവിടെ നിന്ന് ശാസ്ത്രം പറയാതെ എല്ലായിടത്തും ഒന്ന് നോക്കെടീ, സീതാമ്പാൾ അവളോട് തട്ടിക്കയറി. രാവിലെ ഭരതും ഡേവീസും വന്നപ്പോൾ കൂടു തുറന്നു കൊടുത്തത് അവളാണ്. അതു കൊണ്ട് ദേവകി ചിരി അടക്കിപ്പിടിച്ച് എല്ലായിടത്തും തിരയുന്ന പോലെ അഭിനയിച്ചു.

ആ സമയത്ത് വീരൻ ഭരതിന്റെ വീട്ടിലെ തൊഴുത്തിൽ നിൽക്കുകയാണ്. വീരനു ഇന്നദിക്കിൽ തന്നെ നിൽക്കണമെന്ന് നിർബന്ധമൊന്നുമില്ല. മാത്രമല്ല, അവൻ പുതിയ സ്ഥലങ്ങൾ കണ്ട് അവിടങ്ങളിലെ സവിശേഷതകൾ പഠിക്കാനും, വിശകലനം ചെയ്ത് വിലയിരുത്താനും ഉത്സുകനുമാണ്. പക്ഷേ, പ്രഭാതത്തിൽ കിട്ടാറുള്ള തൈരു ഒഴിച്ച വെള്ളച്ചോറ് ഇത്ര നേരമായിട്ടും കിട്ടാത്തതിൽ അവനു പ്രതിഷേധമുണ്ട്. ആഹാരത്തിൽ കൃത്യനിഷ്ഠ വേണമെന്ന പക്ഷക്കാരനാണ് വീരൻ.

ഒരു മണിക്കൂറു നേരത്തെ നിശിതമായ തിരച്ചിലിനു ശേഷവും, വീരനെ കണ്ടുപിടിക്കാൻ കഴിയാഞ്ഞതിനാൽ സീതാമ്പാൾ ഹതാശയായി തളർന്ന് ഒരു ഭാഗത്ത് ഇരിപ്പായി. അവർ രാമയ്യരോട് ഉടനെ പോയി പോലീസിൽ പരാതി കൊടുക്കാൻ പറഞ്ഞു. വീരനു ഒററക്ക് ഒരിടത്തും പോയി പരിചയമില്ലാത്തതാണ്. പക്ഷേ, പോലീസിലൊന്ന് പരാതി കൊടുക്കാൻ രാമയ്യർ തയ്യാറായില്ല.

പിന്നെ നെന്റെ നായ തെണ്ടാൻ പോയത് എവടക്കാണെന്നന്വേഷിച്ചു നടക്കലല്ലേ പോലീസിന്റെ ജോലി. പേശാമൽ ഒരിടത്ത് ഉക്കാര്, രാമയ്യർ കോപിച്ചു.

ആരോ മോഷ്ടിച്ചു കൊണ്ടു പോയതാവാനേ വഴിയുള്ളൂ എന്നായിരുന്നു സീതാമ്പാളുടെ നിർണ്ണയം. തേങ്ങാക്കാരൻ വേലായുധൻ അവൻ ഏതോ വിശേഷ വർഗ്ഗത്തിൽ പെട്ടതാണെന്ന് ഒരിക്കൽ പറഞ്ഞിട്ടുണ്ട്. അവനല്ലെങ്കിൽ വേറെയാരോ വീരന്റെ ഭംഗികണ്ട് ഒളിപ്പിച്ചു കൊണ്ടു പൊയതാണ്. സീതാമ്പാൾ തൃശൂരിൽ കോളേജിൽ പഠിക്കുന്ന മകൻ വെങ്കിട്ടിനു ഫോൺ ചെയ്തു പറഞ്ഞു. നമ്മുടെ വീരനെ ആരോ കിഡ്നാപ്പ് ചെയ്തെടാ

അമ്മക്കെന്താ പ്രാന്ത് പിടിച്ചോ, തട്ടിക്കൊണ്ട് പോകാൻ അമ്മടെ നായ എന്താ വല്ല പ്രഭുകുമാരനാ, അത് വല്ല പെൺപട്ടിയേയും അന്വേഷിച്ച് പോയതാവും.

ഡാ, നീയെന്റെ വീരനെ സ്വഭാവത്തെപ്പറ്റി പറഞ്ഞാലുണ്ടല്ലോ. ഞാൻ അങ്ങന്യോന്നല്ല അവനെ വളർത്തീട്ടുള്ളത്.

സീതാമ്പാൾ വളരെ നേരം കരഞ്ഞും, മൂക്കു പിഴിഞ്ഞും കഴിച്ചു കൂട്ടി.

വീരനെ കൊണ്ടു പോയ മൂന്നു പേരുടെ പതിനഞ്ചോളം വരുന്ന എല്ലാ കൂട്ടുകാരുടേയും

അഭിപ്രായം അത്യാവശ്യമായി എക്സർസൈസ് ആർക്കെങ്കിലും ആവശ്യമുണ്ടെങ്കിൽ അത് വീര നാണ് എന്നു തന്നെയായിരുന്നു. അത് എങ്ങനെ നടപ്പാക്കണം എന്ന കാര്യത്തിലേ അഭിപ്രായ വ്യത്യാസമുണ്ടായുള്ളൂ.

കടപ്പുറത്തു കൊണ്ടുപോയി ഒരു ചാട്ട വാറു കയ്യിൽ പിടിച്ച് മാറി മാറി രണ്ടുമണിക്കൂർ ഓടിക്കലാണ് നല്ലതെന്നു മനു പറഞ്ഞപ്പോൾ, അമ്പലക്കുളത്തിന്റെ നടുവിൽ കൊണ്ടിട്ട് കര പിടിക്കാൻ സമ്മതിക്കാതെ, നാക്ക് പുറത്തു ചാടുന്നതു വരെ നീന്തിക്കലാണ് നല്ലതെന്ന അഭിപ്രായക്കാരനായിരുന്നു അബ്ദു. പത്തു രൂപക്ക് പടക്കം വാങ്ങി വാലിൽ കെട്ടിയിട്ട് പൊട്ടിച്ചാൽ ഉയരത്തിൽ ചാടുമെന്നും, ചാട്ടം പോലെ നല്ല വ്യായാമമില്ലെന്ന് കുഞ്ഞനന്തൻ പറഞ്ഞു. അത് എല്ലാവരും അംഗീകരിച്ചു.

അവസാനം, എല്ലാം പ്രയോഗത്തിലാക്കാൻ തീരുമാനിച്ചു. ഈ പ്രക്രിയകളൊക്കെ ചെയ്യുമ്പോൾ ശുനകന്റെ കഴുത്തിൽ ഡം ബെല്ലു പോലുള്ള ഇരുമ്പിന്റെ ഒരു ഭാരം കെട്ടിയിട്ടാൽ അത് സവിശേഷ ഗുണം ചെയ്യുമെന്നായിരുന്നു ജിംനേഷ്യം നടത്തുന്ന ഉത്തമന്റെ വിദഗ്ധോപദേശം. അത് വളരെ വില പിടിച്ച ഒരഭിപ്രായമാണെന്ന് എല്ലാവരും സമ്മതിച്ചു. ഒരാഴ്ച പച്ചവെള്ളമല്ലാതെ ഒന്നും ശ്വാനനുകൊടുക്കരുതെന്ന കാര്യത്തിൽ ആർക്കും എതിർപ്പുണ്ടായില്ല. ഏകദേശം പതിനഞ്ചു ദിവസം കഴിഞ്ഞു കാണും. ഒരു ദിവസം രാവിലെ താൻ പുതുതായി കൊണ്ടു വന്ന ലീലയെന്ന പെൺപട്ടിക്ക് വെള്ളച്ചോറ് തൈരിൽ കുഴച്ചത് കൊടുക്കാൻ സീതാമ്പാൾ വന്നപ്പോൾ കണ്ടത് കായികാഭ്യാസിയെന്നു തോന്നിപ്പിക്കുന്ന ഒരു നായ, ലീലയുടെ കൂടെ കിടക്കുന്നതാണ്. തന്റെ മകൻ പറഞ്ഞപ്പോൾ എതിർത്തെങ്കിലും, സീതാമ്പാൾക്ക് ചെറിയ ഒരു സംശയമുണ്ടായിരുന്നു. വീരൻ ഒരു പെൺപട്ടിയുടെ കൂടെ പലായനം ചെയ്തതാണോയെന്ന്.

അതുകൊണ്ട് പുതിയ ഒന്നിനെ കൊണ്ടു വരുമ്പോൾ അത് പെണ്ണായിരിക്കണമെന്ന് സീതാമ്പാൾ നിശ്ചയിച്ചിരുന്നു.

ഇപ്പോൾ ഇതാ തന്റെ വളർത്തു മകളെ വഴി തെറ്റിക്കാൻ എവിടുന്നോ ഒരു ഗുസ്തിക്കാരൻ നായ വന്നിരിക്കുന്നു. സീതാമ്പാൾ ഉച്ചത്തിൽ ശകാരിച്ച് അവനെ ചട്ടുകം കൊണ്ടടിക്കാൻ തുനിഞ്ഞപ്പോൾ ദേവകി പറഞ്ഞു.

അത് നമ്മടെ വീരനാണെന്നാ തോന്നണ്. പത്തു ദിവസം തെണ്ടി നടന്നപ്പോൾ മെലിഞ്ഞതാ, ചികത്സ പൂർത്തിയാക്കി വീരനെ ഭരത് അവളുടെ പക്കലാണ് രാവിലെ ഏൽപ്പിച്ചത്.

പോ പെണ്ണേ, ഇതേതോ അധിക പ്രസംഗി നായയാണ്. വീരൻ ഇങ്ങനെ പെൺകുട്ട്യോളെ വഴിതെറ്റിക്കാൻ നടക്കണന്നൂല്ല്യ.

ദേവകിക്കറിയാമായിരുന്നു കുട്ടികൾ മൂന്നു പേരും മൃഗസ്നേഹികളാണെന്നും അവരിൽ ഏതെങ്കിലും ഒരാൾ വീരനെ വളർത്താൻ ഏറ്റെടുക്കുമെന്നും അതുകൊണ്ട് അവൾ പറഞ്ഞു.

എന്നാൽ ഞാൻ കൊണ്ടോയ്ക്കോളാം.

*****

# അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

# രാമായണത്തിലെ സ്ത്രീ സാന്നിധ്യം

കല്പകം സോമരാജൻ ഫോൺ : 9895453072

നമ്മുടെ തുഞ്ചത്താചാര്യൻ തന്നെ ശ്രീരാമ നാമം പാടി വന്ന പൈങ്കിളിപ്പെണ്ണേ എന്നു പറഞ്ഞാണ് രാമായണം തുടങ്ങുന്നത്. ശ്രീരാമ ചരിതം നീ ചൊല്ലീടു മടിയാതെ അപ്പോഴോ

ശാരിക പൈതൽതാനും വന്ദിച്ചു വന്ദ്യന്മാരെ

ശ്രീരാമസ്തുതിയോടെ പറഞ്ഞു തുടങ്ങി നാൾ........

അങ്ങനെ പെൺ ജാതിയായ ശാരികയുടെ കളമൊഴിയിൽ കൂടിയാണ് നമ്മുടെ രാമായണം തുടങ്ങുന്നത്. രാമായണത്തിലെ സ്ത്രീ കഥാ പാത്രങ്ങളെ കുറിച്ചു ചിന്തിക്കുമ്പോൾ സീതാ ദേവിയാണ് മനസ്സിലക്കോടിയെത്തുക. പുസ്ത കത്തിൽ ആദ്യന്തം നിറഞ്ഞു നിൽക്കുന്ന കഥാ പാത്രം. ദേവതാംശമായ സീതാദേവിയെ അവ തരിപ്പിച്ചിരിക്കുന്നതിന് സുവ്യക്തമായ ഉദ്ദേശ വുമുണ്ട്. ദേവതാംശമായ ഈ സീതയെ രത്ന സിംഹാസനത്തിൽ ഉപവിഷ്ടയാക്കി കൊണ്ട് ഇതര കഥാപാത്രങ്ങളിലേക്ക് ശ്രദ്ധ തിരിക്കാം. ശ്രേഷ്ഠ പുരാണേതിഹാസ കൃതികളിൽ മലയാ ളം വിട്ടാൽ പിന്നെ സംസ്കൃത കൃതികളോടാണ് നാം കടപ്പെട്ടിരിക്കുന്നത്. നമ്മുടെ പുരാണേതി ഹാസങ്ങൾ ഏറെയും സംസ്കൃത കൃതികളുടെ തത്ഭവങ്ങളോ സ്വതന്ത്രതർജ്ജിമകളോ ആണ്. ഏതു സാഹിത്യശാഖയും അതിലെ കഥാ പാത്രങ്ങളെ എടുത്ത് വിചിന്തനം ചെയ്തു നോ ക്കിയാൽ, സ്ത്രീ കഥാപാത്രങ്ങൾ കഥാഗതിയിൽ വളരെ മിഴിവോടെ കഥാഗതി നിയന്ത്രിക്കുന്നതു കാണാം. പ്രസക്തഭാഗങ്ങളും അപ്രസക്തഭാഗ ങ്ങളും വളരെ മിഴിവോടെ കൈകാര്യം ചെയ്യുന്ന സ്ത്രീ കഥാപാത്രങ്ങളെ കൊണ്ട് സമ്പുഷ്ടമാണ് നമ്മുടെ ഇതിഹാസങ്ങൾ. രാമായണ കഥ തുട ങ്ങുന്നതു തന്നെ

നീലലോഹിതം നിജ ഭർത്താരംവിശ്വേശ്വരം,
വന്ദിച്ചുവാമോത്സംഗം വാഴുന്ന ഭഗവതി,
സുന്ദരി ഹൈമവതി ചോദിച്ചു ഭക്തിയോടെ
കാരുണ്യമെന്നെക്കുറിച്ചുണ്ടെങ്കിലെനിക്കിപ്പോൾ
"ശ്രീരാമദേവതത്ത്വം ഉപദേശിച്ചിടണം"

അങ്ങനെ ശ്രീരാമകഥാസാരം കേൾക്കാനുള്ള ഔത്സ്യക്യത്തൊടെ ആകാംക്ഷ പരവശയായി ചോദിക്കുന്ന ദേവിയോട് മഹേശ്വരൻ സന്തോഷ പൂർവ്വം കഥ കേൾപ്പിക്കുകയാണ്. മാത്രമോ "മുന്നമെന്നോടിതാരും ചോദ്യം ചെയ്തീലാ ഞാനും. നിന്നാണെ കേൾപ്പിച്ചതില്ലാരെയും ജീവനാഥേ"

അങ്ങനെ ഭാഗവാന്റെ ജീവാംശത്തിന്റെ സന്തോഷവായ്പിനായിട്ട് രാമകഥ പറയുന്നു. അതും പ്രേമപൂർവ്വം വാമോത്സംഗേ ഉപവിഷ്ട യാക്കിക്കൊണ്ട്. എത്ര സുന്ദരമായ സങ്കല്പം. ഞാൻ കാണുന്ന ആദ്യ സ്ത്രീ കഥാപാത്രം ഈ ഉമാമഹേശ്വരിയാണ്. മഹാദേവൻ ചുരുക്കിപ്പറ യുന്ന രാമ കഥ കേട്ട് അതിചാരിതാർത്ഥ്യമുണ്ടാ യെങ്കിലും കഥ വിസ്തരിച്ചു കേൾക്കണമെന്ന ആശാപൂർത്തീകരണത്തിനായി ഭഗവാൻ കഥ തുടരുന്നു.

അടുത്തത് ഭൂമിദേവി---പാലാഴി തീര ത്തെത്തി പന്നഗശായിയോട് ക്രൂരരാക്ഷസരുടെ ഉപദ്രവത്തിൽ നിന്ന് രക്ഷിക്കണമെന്ന് സങ്കട പൂർവ്വം അപേക്ഷിക്കുന്നു. ഭഗവാനാകട്ടേ താൻ അയോദ്ധ്യയിൽ അവതരിക്കുന്നുണ്ടെന്നും, ദുഷ്ട നിഗ്രഹം നടത്തുന്നതുണ്ടെന്നും അരുളിച്ചെയ്ത് എല്ലാവരെയും ആശ്വസിപ്പിക്കുന്നു.

ഇനിയാണ് രാമായണത്തിലെ കാതലായ കഥ തുടങ്ങുന്നത്. അയോദ്ധ്യാപതി ദശരഥ മഹാ രാജാവിന് മൂന്ന് ഭാര്യമാർ. ആദ്യപത്നി കൗസല്യ, രണ്ടാമത്തേത് ഭർത്തൃ ശുശ്രൂഷക്കേറ്റം കൗശല

മേറും കൈകേയി, പിന്നെ സുമിത്ര. ജേഷ്ഠപത്നിയായ കൗസല്യയാണ്. ശംഖുചക്ര ഗദാധാരിയായ ഭഗവാനു ജന്മം നൽകിയ സ്ത്രീരത്നം. ഭൂമിയിൽ ജന്മമെടുത്ത ഭഗവാനെ കണ്ടിട്ട്

''കേവലം അലൗകികം വൈഷ്ണവ മായ രൂപം
ലോകേശാമറയ്ക്കേണം മറ്റുള്ളോർ
കാണും മുൻപേ
എന്നിട്ടോ ലാളനാശ്ലേഷാദ്യനുരൂപകയിരിപ്പോരു
ബാലഭാവത്തെ മമ കാട്ടേണം ദയാനിധേ''

എന്നു പറയുമ്പോൾ അതെന്തിനാണെന്നു പറയുന്നുണ്ട് പുത്രവാത്സല്യ വ്യാജപരിചരണത്താലെ ദുഃഖസംസാരാർണവം കടക്കേണം. അതാണ് ലക്ഷ്യം. അതിലപ്പുറമൊന്നും ആശിക്കാത്ത ഒരു സാധാരണ അമ്മ. രാമാഭിഷേകവൃത്താന്തമറിയുന്ന കൗസല്യ വിഘ്നഹരണത്തിനായി ലക്ഷ്മീദേവിയെ പ്രാർത്ഥിക്കുന്നു. മാത്രമല്ല കേകയ പുത്രി എന്തെങ്കിലും ദുഷ്കൃതം ചെയ്തു വെക്കുമോ എന്നും ചിന്തിക്കുന്നുണ്ട്.

ഒടുവിൽ രാമാഭിഷേക വിഘ്നം ശ്രവിക്കുന്ന മാത്രയിൽ, മോഹിച്ചു ഭൂമിയിൽ വീഴുന്നു. അവിടെ യുക്തിസഹമായ പല കാര്യങ്ങളും പറയുന്നുണ്ട്. താതൻ പോകാൻ നിയോഗിച്ചാൽ പോകരുതെന്നു പറയുവാൻ എനിക്കും അധികാരമുണ്ട്. അത് ധിക്കരിച്ചു നീ പോയാൽ

''ഞാനുമെൻ പ്രാണങ്ങളെ ത്യജിച്ചീടുവൻ
മാനവവംശവുമിന്നേ മുടിഞ്ഞുപോം''.

എന്ന സങ്കടക്രൗര്യങ്ങളോടെ ശാപം ചൊരിഞ്ഞു കരയുകയാണ് ചെയ്യുന്നത്. എന്നാൽ രാമവചസ്സുകൾ അമ്മയെ ശാന്തചിത്തയാക്കുന്നു.

ശ്രീരാമചന്ദ്രന്റെ വനയാത്ര കണ്ട് മോഹിച്ചു വീഴുന്ന രാജാവ് ബോധത്തിലെത്തുമ്പോൾ തന്നെ കൗസല്യ ഗൃഹത്തിലെത്തിക്കുവാനാണ് ആവശ്യപ്പെടുന്നത്. അഭിഷേക വിഘ്നവും കാനനയാത്രയും അറിയിക്കുവാനായി മാതൃസമീപം എത്തുന്ന ശ്രീരാമചന്ദ്രന്റെ മുഖം വാടിയിരിക്കുന്നതു കണ്ട് ഈ വിവരങ്ങൾ ഒന്നും അറിയാത്ത അമ്മ പുത്രനെ മാറത്തണച്ച്

''എന്തെൻമകനേമുഖാംബുജം വാടുവാൻ
ബന്ധമുണ്ടായത് പാരം വിശക്കയോ
വന്നിരുന്നീടു നീ പാരം ഭുജിക്കുവാൻ'' എന്നാണ് ചോദിക്കുന്നത്. എന്നാൽ പുത്രൻ പറയുന്ന അഗ്നിതുല്യമായ വാക്കുകൾ കേട്ട് അമ്മ നിലംപതിക്കുന്നു. ദശരഥമഹാരാജാവിന്റെ ദേഹത്യാഗാനന്തരം ഭരദ്വാജാശ്രമത്തിൽ രാമസവിധമെത്തുന്ന അമ്മ രാമപുത്രനെ പുണരുക മാത്രമേ ചെയ്യുന്നുള്ളൂ

ഇനി സുമിത്ര--രണ്ടു പങ്കുപായസം പുത്രകാമേഷ്ടി സമയത്തു ഭുജിക്കയാൽ രണ്ടു പുത്രൻമാർക്കു ജന്മം നൽകി എന്നതൊഴിച്ചാൽ സുമിത്രാദേവിക്ക് അത്ര പ്രാധാന്യമൊന്നും രാമായണത്തിൽ കൊടുത്തു കാണുന്നില്ല. സുമിത്രാത്മജൻ, സുമിത്രാത്മജൻ എന്നിങ്ങനെ കഥാവസാനം വരെ ലക്ഷ്മണനെ വിളിക്കുന്നതു കേൾക്കുമ്പോൾ സുമിത്രാദേവി തീർത്തും വിസ്മൃതിയിൽ ആണ്ടു പോകാതിരിക്കാനുള്ള കാവ്യകാരന്റ ഒരു പൊടിക്കൈയാണോ ഈ വിളി എന്ന് ഞാൻ സന്ദേഹിക്കാറുണ്ട്. വനവാസത്തിനു പുറപ്പെടുന്ന സുമിത്രാത്മജൻ മാതാവിനെ കൗസല്യാമാതാവിനെയാണ് എല്പിക്കുന്നത്. ഈ സമയം തന്നെ വന്ദിക്കുന്ന പുത്രനെ ഗാഢം പുണർന്ന് കാതലായ ഒരു ഉപദേശമാണ് ആ മാതാവ് നൽകുന്നത്. ഈ ഒറ്റ സന്ദർഭം കൊണ്ടുമാത്രം ആചന്ദ്രതാരം സ്മരിക്കപ്പെടേണ്ട അമ്മയാണ് സുമിത്രാദേവി. രാമായണഭാഗങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ ഒരു ഭാഗമായി ഈ ഉപേദശത്തെ വിലയിരുത്താം. രാമായണകാലത്തെന്നല്ല എക്കാലത്തും ജനാവലി ആചരിക്കേണ്ട ശ്രേഷ്ഠമായ ഉപദേശമാണത്. ഒരമ്മക്ക് സ്വന്തം മക്കൾക്കു കൊടുക്കാവുന്ന അമൂല്യമായ ഉപദേശം.

അഗ്രജൻ തന്നെ പരിചരിച്ചെപ്പൊഴും
അഗ്രേ നടന്നു കൊള്ളണം പിരിയാതെ
രാമനേ നിത്യം ദശരഥനെന്നുള്ളി-
ലാമോദമോടു നിരുപിച്ചുകൊള്ളണം
എന്നെ ജനകാത്മജയെന്നുറച്ചുകൊൾ
പിന്നെ അയോദ്ധ്യയെന്നോർത്തീടടവിയെ

ശ്രേഷ്ഠമായ ഉപദേശം - ഇനിയും കഥാഗതിയിൽ സുമിത്ര അധികമൊന്നും വന്നു കാണുന്നില്ല. ഇനിയുള്ള അമ്മ - കൈകേയി ആ അമ്മയാണ് കഥാഗതിയ നിയന്ത്രിച്ചു തിരിച്ചു വിടുന്നത്. ഭർത്തൃശ്രുശ്രൂഷക്ക് കൗശലമേറും കൈകേയിക്കെന്ന് ആദ്യമേ കവി ഒരു അറിയിപ്പായി പറഞ്ഞു വച്ചിട്ടുണ്ട്. രാമായണഭാഗങ്ങളിലൂടെ വായിച്ചുപോകുമ്പോൾ ഒരിക്കലും കൈകേയിയെ ഒരു വില്ലൻ കഥാപാത്രമായി എനിക്ക് തോന്നിയിട്ടില്ല. സുന്ദരിയും ഏറ്റവും

ചെറുപ്പമുള്ളവളുമായ പത്നിയോട്, സ്ത്രീ ജിതൻ എന്ന് പുസ്തകഭാഗങ്ങളിൽ പറയുന്ന രാജാവിന് ഇത്തിരി പ്രിയം കൂടുതൽ ഉണ്ട് എന്നതു സത്യമായ വസ്തുത. യുദ്ധമുഖത്തൊക്കെ കൂടെ കൂട്ടുക എന്നു പറയുമ്പോൾ അവർ രാജാവിന് അത്രയും പ്രിയപ്പെട്ടവൾ എന്നു മാത്രമല്ല, സമയോചിതമായി പ്രവർത്തിക്കുവാൻ പ്രാപ്തയും കൂടിയാണ് രാജ്ഞി എന്ന് കഥയിൽ കാണുന്നുണ്ട്. അങ്ങനെയാണ് വരപ്രാപ്തിക്ക് അർഹയാകുന്നത്. ആ വരം ആവശ്യസമയത്ത് കഥാവികസനത്തിന് അത്യാവശ്യമായി വരുന്ന സമയത്ത് ഉചിതമാം വണ്ണം പുരാണ കർത്താവ് ഉപയോഗിക്കുന്നതായി കാണാം എന്നും കൈകേയിയുടെ അപ്പോഴത്തെ പ്രവർത്തി ശരിയോ തെറ്റോ അതെന്തായാലും സാമാന്യയായ ഒരമ്മയുടെ ചെയ്തികൾ എന്ന് നമുക്കതിനെ വിവക്ഷിക്കാം.

അവതാരോദ്ദേശം മുന്നിൽ കാണുമ്പോൾ കൈകേയി എന്ന രാജ്ഞി കേവലം ഒരു ചട്ടുകം മാത്രമാണ്. അവിടെയും വരുന്നു മറ്റൊരു സ്ത്രീ കഥാപാത്രം തൃവിക്രയായ മന്ഥര. അവരുടെ നാവിലോ ദേവലോകവാസികളുടെ അപേക്ഷ മാനിച്ച് സാക്ഷാൽ ശ്രീസരസ്വതീ ദേവി തന്നെ കയറി ഒളിച്ചിരിക്കയാണ്. കൈകേയിയുടെ ഈ ദാസി പിതൃഗ്രഹത്തിൽ നിന്നേ കൂടെയുണ്ട്. കൈകേയി സവിധത്തിലെത്തി ദാസി പറയുന്നത് നീ കാര്യമൊന്നുമറിയാതെ സന്തോഷവതിയായി ഉണ്ടുറങ്ങി അങ്ങനെ കഴിഞ്ഞോ എന്നാണ്. എന്താണ് കാര്യമെന്നന്വേഷിക്കുമ്പോൾ രാമാഭിഷേകവൃത്താന്തം അറിയിക്കുന്നു. ചിന്തിച്ചാലോ അതേ തുടർന്നുള്ള മറ്റു കാര്യങ്ങളും പ്രഥമ ദൃഷ്ട്യാ ദുഷ്ടകഥാപാത്രം തന്നെയാണ് മന്ഥര. അപ്പോഴും അവരെ ഒരു ദുഷ്ട കഥാപാത്രമായി കാണാൻ സാധിക്കുമോ? ഒരിക്കലുമില്ല. രാമന്റെ പിതൃഭക്തി, സോദരസ്നേഹം, സത്യദീക്ഷ, പ്രജാവാത്സല്യം, ധർമ്മസംസ്ഥാപനം, ദുഷ്ടനിഗ്രഹം തുടങ്ങി എല്ലാ മഹത്ചര്യകൾക്കും വായനക്കാരുടെ ഉള്ളിൽ ബീജാവാപം ചെയ്യുന്നത് മന്ഥരയുടെ കുത്സിത തന്ത്രമാണ്. രാമമഹത്വത്തെ ലോകത്തിനു മുന്നിൽ കാട്ടിക്കൊടുക്കുവാൻ ഉതകുന്ന കഥാപാത്രം. ഇതാണ് മന്ഥരയുടെ പ്രസക്തി. സ്വപുത്രന്റെ ശ്രേയസ്സുമാത്രം മുന്നിൽ കണ്ടു പ്രവർത്തിച്ച കൈകേയിക്ക് ഇനിയങ്ങോട്ടുള്ള രാമായണ ഗതിയിൽ നിന്ദ മാത്രമാണ് ലഭിക്കുന്നത്. രാമായണ കഥയുടെ അന്തസത്ത വച്ചു ചിന്തിക്കുമ്പോൾ ഇങ്ങനെയൊരു ചിന്ത മനസ്സിൽ വിങ്ങലായി നില നിൽക്കുന്നു. (രാജപത്നിമാരെ കൊട്ടാരത്തിൽ വിട്ട് നമുക്ക് പുത്രവധുക്കളെ കുറിച്ചു ചിന്തിക്കാം.

പുത്രവധുക്കളിൽ ആദ്യത്തെയാൾ ശ്രീരാമപത്നി സീതാദേവി. രാമായണകഥയിലെ കാതലായ കഥാപാത്രം. ലോകം കണ്ടിട്ടുള്ളിൽ വച്ച് ഏറ്റവും ഗുണവതിയും, സൗന്ദര്യവതിയും, പുണ്യവതിയും, പരിശുദ്ധയുമായ കഥാപാത്രം. ജനകജ എന്ന് പാടി പുകഴ്ത്തുമ്പോഴും ജനകരാജപുത്രിയല്ല സീതദേവി. യാഗഭൂമി ഉഴുമ്പോൾ ഉഴവുചാലിൽ പൊന്തി വന്ന കുഞ്ഞാണ്. ഈ കുഞ്ഞിനെ രാജാവ് ഓമനിച്ചു വളർത്തുന്നു. സീതാദേവിയുടെ ജന്മരഹസ്യം രാജാവ് നാരദമഹർഷിയിൽ നിന്ന് മനസ്സിലാക്കുന്നു. അങ്ങനെ സീതാദേവി മിഥിലാപുരിയിൽ ഓമനയായി വളരുന്നു. ''ഇത്തത്തയെന്തസത്തമ്മേ, രാമൻ വന്നമ്മ തൻ കുഞ്ഞിനെ വേൾക്കുമത്രേ'' എന്ന് കവി കൊഞ്ചലോടെ പാടുമ്പോൾ, ആ രാജപുത്രിയുടെ കുട്ടിത്തവും കിളികൊഞ്ചലും അവൾക്കു ലഭിക്കുന്ന പരിലാളനാസൗഭാഗ്യങ്ങളുമെല്ലാം അനുവാചകന് ആസ്വാദ്യം തന്നെയാണ്.

മഹാലക്ഷ്മിയുടെ അവതാരമെന്നു നാം വിശ്വസിക്കുന്ന ദേവി ത്രൈയംബകം കുലച്ചു മുറിച്ച് തന്നെ വേൾക്കുന്ന പതിയെ വിശ്വസ്ഥ പത്നിയുടെ എല്ലാ നീതിയോടും എല്ലാ സമയത്തും അനുധാവനം ചെയ്യുന്നു, അനുസരിക്കുന്നു. അതിന് നാടെന്നോ, വീടെന്നോ, കാടെന്നോ വ്യത്യാസം കാണുന്നില്ല. അപൂർവം സന്ദർഭങ്ങളിൽ മാത്രമേ സീതാദേവി ചപലയായി കാണുന്നുള്ളൂ. അതിൽ ഏറ്റവും ശ്രദ്ധേയം അരണ്യകാണ്ഡത്തിൽ ശ്രീരാമൻ മാരീചനെ നിഗ്രഹിക്കുന്ന സമയത്താണ്. രാമശബ്ദത്തിലുള്ള മാരീചന്റെ രോദനം കേട്ട് ലക്ഷ്മണനോട് ഭർത്താവിനെ രക്ഷിക്കുവാൻ സീത ആവശ്യപ്പെടുന്നു. ലക്ഷ്മണനാകട്ടെ രാമന്റെ വാക്കാണ് മുഖവിലക്കെടുക്കുന്നത് സീതയോടേ നിശാചരന്റെ കാപട്യത്തെ കുറിച്ചു പറഞ്ഞു മനസ്സിലാക്കുന്നു. എന്നാൽ, സീതയാകട്ടെ അതും മായ സീതയാണെന്നു നാം ധരിക്കേണം, ലക്ഷ്മണനോട് അതിക്രൂരമായി

''രക്ഷോജാതിയിലത്രേ നീയുമുണ്ടായി
നൂനം എന്നുമാത്രമല്ല

ഭ്രാതൃനാശത്തിനത്രേ കാംക്ഷയാകുന്നു തവ
ചെതസി ദുഷ്ടാത്മാവേ ഞാനിതോർത്തീല
യല്ലോ എന്നുമാത്രമല്ല
രാമനാശാകാംക്ഷിതനാകിയ ഭരതന്റെ
കാമസിദ്ധ്യർത്ഥം അവൻ തന്നുടെ നിയോഗ
ത്താൽ
കൂടെ പോന്നിതു നീയും രാമനു നാശം
വന്നാൽ
ഗൂഢമായെന്നെയും കൊണ്ടങ്ങു ചെല്ലുവാൻ
ന്യൂനം
എന്നുമേ നിനക്കെന്നെ കിട്ടുകയില്ലതാനു
മിന്നുമൽ പ്രാണത്യാഗം ചെയ്‌വൻ ഞാന
റിഞ്ഞാലും
മാത്രമോ രാമനെയൊഴിഞ്ഞു ഞാൻ മറ്റൊരു
പുരുഷനെ
രാമപാദങ്ങളാണെ തീണ്ടുകയില്ലയല്ലോ''

എന്നാണ് പറയുന്നത്. ഇതൊക്കെപ്പറയുന്ന സീതാദേവിയെ ഏറ്റവും സാധാരണയായ ഒരു സ്ത്രീയായെ നമുക്കു കാണാൻ കഴിയൂ എന്നാൽ, മറ്റെല്ലാ സന്ദർഭങ്ങളിലും പ്രൗഢ ലളിതമായ ഈ ലക്ഷ്മി തേജസ്സ് അനന്യ സാധാരണമായ മിഴിവോടെ, മിന്നൽ കൊടി പോലെ തെളിഞ്ഞു നിൽക്കുന്നതു കാണാം. അപമാനഭയത്താൽ രാമൻ ത്യജിക്കുന്ന സീതയും, ആശ്രമവാസികളോടൊപ്പം താമസിക്കുകയും തന്റെ പുത്രൻമാർക്കു ജന്മം നൽകുന്ന സീതയും എന്തിനേറെ പുത്രസമേതയായി രാജസഭയിൽ എത്തുന്ന സീതപോലും തന്റെ വ്യക്തിപ്രഭാവത്തെ വിളിച്ചോതി സ്വമാതാവിനോട് താൻ സത്യസന്ധയെങ്കിൽ തന്നെ കൈയേൽക്കുവാനാണ് അപേക്ഷിക്കുന്നത്. ഇതാണ് ഈ കഥാപാത്രത്തിന്റെ ശ്രേഷ്ഠത.

രാമായണത്തിലെ അടുത്ത പ്രധാന്യമുള്ള, എന്നാൽ അത്രയൊന്നും പ്രാധാന്യം കൊടുത്തു കാണാത്ത കഥാപാത്രം, മിഥില രാജാവിന്റെ പുത്രി ഊർമ്മിള ജനകജ എന്നു സദാ വിശേഷിപ്പിക്കുന്നു സീതാദേവി ജനക പുത്രിയല്ല. അതുപോലെ ഭരതപത്നി മാണ്ഡവിയും ശത്രുഘ്നപത്നി ശ്രുത കീർത്തിയും ജനകമഹാരാജിന്റെ സഹോദരൻ കുശദ്വജന്റെ പുത്രിമാരാണ്. എന്നാൽ ജനകജ എന്ന് പ്രഥമസന്താനമായി രാജാവ് കരുതുന്നതും ശ്രീരാമദേവന് പ്രിയപത്നിയായി സീതാദേവിയെ കൊടുക്കുന്നതും ഒരു പക്ഷെ ലക്ഷ്മി ഭഗവതിയുടെ അവതാരോദ്ദേശം മഹർഷിയിൽ നിന്ന് അറിഞ്ഞതിനാലാവാം.

മിഥിലപുത്രി ഊർമ്മിള ലക്ഷ്മണ പത്നിയായി അയോദ്ധ്യയിലെത്തുന്നു. ഈ ദമ്പതിമാർക്ക് അംഗദൻ, ധർമ കേതു എന്നു രണ്ടു പുത്രൻമാർ ജനിക്കുന്നു. നല്ല ജ്ഞാനിയും ചിത്രകാരിയുമായി ഊർമ്മിള അറിയപ്പെടുന്നു. സീതാദേവി പറഞ്ഞുണ്ടായ അറിവ് മുൻനിർത്തി, ഊർമ്മിള രാവണരൂപം വരച്ചതായി വായിച്ചോരറിവുണ്ട്. വനവാസത്തിനായി പുറപ്പെടുന്ന ലക്ഷ്മണകുമാരൻ ഒരിക്കൽ പോലും പ്രിയ പത്നിയെ ഒന്നാശ്വസിപ്പിക്കുന്നതായി കാണുന്നില്ല. ചില പാഠങ്ങളിൽ ഊർമ്മിള തന്നെ കൂടെ കൊണ്ടുപോകണമെന്നാവശ്യപ്പെടുകയും അതു സാധ്യമല്ല എന്ന ലക്ഷ്മണ വാക്യം കേട്ട് മോഹിച്ചു ഭൂമിയിൽ പതിച്ചു എന്നെല്ലാം കാണുന്നുണ്ട്. മോഹാലസ്യം വിട്ടുണർന്ന കുമാരിയെ മാതാപിതാക്കളുടെ പരിചരണത്തിനായി നിയുക്തയാക്കുകയാണ് ലക്ഷ്മണൻ ചെയ്യുന്നത്.

എന്നാൽ, പതിമുന്നുവത്സരവും ഊർമ്മിള മോഹാത്സ്യത്തിലായിരുന്നു എന്നും രാമലക്ഷ്മണൻമാർ തിരിച്ചു വന്നതിനുശേഷം മാത്രമാണ് ഊർമ്മിള സ്വബോധത്തിലേക്ക് തിരിച്ചു വന്നതെന്നും ഒരു പാഠം കാണുന്നുണ്ട്. അതുപോലെ ഈ സമയം ശ്രീരാമചന്ദ്രൻ അതീവദുഖിതയായ അനുജത്തിയെ ആശ്വസിപ്പിച്ച് യാത്രാവചനം ചൊല്ലുവാനായി സമീപിക്കുമ്പോൾ, അവൾ ഒരു വരം പിതൃതുല്യനായ ജ്യേഷ്ഠനോട് ആവശ്യപ്പെടുന്നു. ഭർതൃവിരഹചിന്ത അനുഭവപ്പെടാതെ ഭർത്തൃ സാമീപ്യാനുഭവം എപ്പോഴും തനിക്കുണ്ടാകണമെന്നാണ് ആ സതീരത്നം ശ്രീരാമചന്ദ്രനോട് ആവശ്യപ്പെടുന്നത് രാമദേവൻ ആ വരം നൽകി അവളെ അനുഗ്രഹിക്കുന്നു. ഇത് മറ്റൊരു പാഠഭേദമായിക്കാണുന്നു. തന്നെയുമല്ല രാജധാനിയിൽ തിരിച്ചെത്തിയ രാമരാജാവ് അർദ്ധനിശീഥിനിയിൽ ഊർമ്മിളയുടെഗ്രഹത്തിലേക്കു പോകുന്നു. ഏകാന്തത്തിലെ ഈ പോക്കു കണ്ട ലക്ഷ്മണ കുമാരൻ പുറകെ ചെന്ന് എന്താണവിടെ നടക്കുന്നതെന്നു നിരീക്ഷിക്കുന്നു. അവിടെ കണ്ട കാഴ്ച അത്യന്തം വിചിത്രമായിരുന്നു. സ്വസ്ഥമായി ഉറങ്ങുന്ന ഊർമ്മിളയുടെ പാദങ്ങൾ അവളറിയാതെ മൃദുവായി സ്പർശിച്ച് തന്റെ മൂർദ്ധാവിൽ ചേർത്ത് വണങ്ങുകയാണ് ശ്രീരാമൻ ചെയ്യുന്നത്. സ്പർശന മാത്രയിൽ ഉണർന്ന ഊർമ്മിള ശ്രീരാമചന്ദ്രനെ കൈകൂപ്പി വണങ്ങി

നമസ്ക്കരിക്കുന്നു. അപ്പോൾ ഭഗവാൻ പറയുന്ന വാക്കുകൾ എത്രയും മഹനീയമാണ്. എന്റെ നമസ്ക്കാരം ഏൽക്കാൻ നിന്നോളം അർഹയായി ഭൂമിയിൽ ആരും തന്നെയില്ല. അത്രയും ഉത്തമയായ ത്യാഗിനിയാണ് ഊർമ്മിള എന്നാണ് രാമവചസ്സ്, ഇതൊരു പാഠഭേദം.

മറ്റേതൊരു മഹത്കൃതിയിലുമെന്നപോലെ ആദിമ കാവ്യമായ രാമായണത്തിൽ അനേകം പോഷക കഥാപാത്രങ്ങൾ അണിനിരക്കുന്നുണ്ട്. കഥാഗതി നിയന്ത്രിക്കലും സാരോപദേശങ്ങൾ നൽകലും ഉപകഥകളെ കൂട്ടിയിണക്കലുമെല്ലാം ചെയ്യുന്നത് ഈ കഥാപാത്രങ്ങളാണ്. സംസ്കൃതരും അസംസ്കൃതരുമായ സ്ത്രീ പുരുഷ ഭേദമെന്യേ അനേകം കഥാപാത്രങ്ങൾ രാമായണത്തിലുട നീളം പ്രാധാന്യത്തോടെ തന്നെ നിലകൊള്ളുന്നു. പ്രാധാന്യം കൊടുക്കേണ്ട ആദ്യ സ്ത്രീ കഥാപാത്രം രത്നാകര പത്നിയായ ആ കാട്ടാള സ്ത്രീ തന്നെയാണ്. ശ്രേഷ്ഠ കഥാപാത്രങ്ങൾക്കിടയിൽ പേരു കൊണ്ടു പോലും സൂചിപ്പിക്കപ്പെടാത്ത ഇവർ വായനക്കാരുടെ ദൃഷ്ടിയിൽ അജ്ഞാനിയും അപരിഷ്കൃതയുമാണ്. (കേവലമൊരു കാട്ടാളസ്ത്രീ) എങ്കിലോ ചിന്തിച്ചാൽ ഏതു പരിഷ്കൃതർക്കും മാതൃകയാക്കാൻ തക്ക യോഗ്യതയുള്ള സ്ത്രീരത്നമാണിവർ. സ്വഭർത്താവിനെ ആത്യന്തികമായി സ്നേഹിച്ച് വിശ്വസിക്കുന്ന സത്യസന്ധമായി കാര്യങ്ങൾ പറയുന്ന, കാപട്യമേല്ക്കാത്ത ശുദ്ധമനസ്ക. ഇതിൽ പരം എന്തു ഗുണമാണ് ഒരു മനുഷ്യസ്ത്രീക്കു വേണ്ടത്. സത്യം മറച്ച് ഒരു വാക്കിവർ പറഞ്ഞിരുന്നെങ്കിൽ വാല്മീകി എന്ന മഹർഷിയോ രാമായണകാവ്യമോ ഉണ്ടാകുമായിരുന്നോ എന്നത് ചിന്തനീയം.

യാഗരക്ഷാർത്ഥം വിശ്വാമിത്ര മഹർഷിക്കൊപ്പം വനത്തിൽ പ്രവേശിക്കുന്ന രാമലക്ഷ്മണൻമാർ ആദ്യമായി അഭിമുഖീകരിക്കുന്ന രാക്ഷസ സ്ത്രീയാണ് താടക. ബാലകാണ്ഡത്തിലെ ആദ്യ രാക്ഷസി. ബ്രഹ്മദേവനെ പ്രാർത്ഥിച്ച് സുകേതു എന്ന യക്ഷന് ലഭിച്ച സന്താനം. ഇവൾക്ക് ആയിരം ആനകളുടെ ശക്തിയും അനേകം മായാവിദ്യകളും ബ്രഹ്മാവ് അനുഗ്രഹിച്ച് നൽകി. ഝർഝര പുത്രൻ സുന്ദരനായിരുന്നു താടകയുടെ ഭർത്താവ്. മാരീചനും സുബാഹുവും പുത്രൻമാരും. ഒരിക്കൽ അഗസ്ത്യാശ്രമം ആക്രമിച്ച സുന്ദരനെ മഹർഷി തപശ്ശക്തിയാൽ ഭസ്മമാക്കി. ഇതറിഞ്ഞ താടകയും പുത്രൻമാരും അഗസ്ത്യാശ്രമം ആക്രമിച്ചു. കോപിഷ്ഠനായ മഹർഷി ഇവരെ ശപിച്ച് നിശാചരരാക്കി പാതാളത്തിലേക്ക് അയച്ചു. രാമബാണത്താൽ എപ്പോൾ വധിക്കപ്പെടുന്നോ അന്ന് ശാപമോക്ഷം സിദ്ധിച്ച് സ്വരൂപം പ്രാപിക്കും എന്നതായിരുന്നു അഗസ്ത്യൻ നൽകിയ സമാധാന വാക്ക്. ശാപഗ്രസ്തയായ താടകയും പുത്രരും പാതാളത്തിൽ നിന്ന് ലങ്കയിലും അതു കഴിഞ്ഞ് അയോദ്ധ്യക്കടുത്ത് കരുഷമെന്ന വനത്തിലും താമസമാക്കി. (ഇവളെപ്പേടിച്ചാരും നേർ വഴി നടപ്പീല-ഭുവനവാസിജനം ഭവനേശ്വരപോറ്റി) എന്നാണ് കവി ഇവളെ പറ്റി പറയുന്നത് ഇവരുടെ ക്രൂരതയാൽ വശം കെട്ട് വിശ്വാമിത്രമഹർഷി യാഗരക്ഷാർത്ഥം രാമലക്ഷ്മണ കുമാരന്മാരെ ഈ വനത്തിലൂടെ ആനയിക്കുന്നു. മുൻധാരണയായി താടകയുടെ ക്രൂരതകളും കുമാരന്മാരെ ധരിപ്പിക്കുന്നു. കൊന്നു ഭക്ഷിപ്പാനായി ആർത്തടുത്ത രാക്ഷസിയെ രാമബാണം നിർജ്ജീവമാക്കുന്നു. അപ്പോൾ കാണുന്നതോ ഘോരരൂപിണിയായ താടക സുന്ദരിയായ അപ്സരസ്സായി മാറുന്നതാണ്. അവൾ ഭഗവാനെ ആവോളം സ്തുതിച്ച് പാടുന്നു. (രാവണമാതാവായ് കൈകസി താടകാപുത്രിയാണ്).

മറ്റൊരു പ്രധാന സ്ത്രീകഥാപാത്രമാണ് വാനരരാജാവായ ബാലിയുടെ പത്നി താര. താരയുടെ ജന്മത്തെകുറിച്ച് രണ്ടു തരത്തിൽ പറഞ്ഞു കാണുന്നു. സുഷേണൻ എന്ന വാനരന്റെ പുത്രിയാണ് താര എന്നത് ഒരു കഥ. അതല്ല പാലാഴി മഥനത്തിൽ ആഴിയിൽ നിന്ന് ഉത്ഭവിച്ചതാണെന്ന് ഒരു കഥ. അംഗതന്റെ മാതാവാണ് താര. ബാലി നിഗ്രഹത്തിനുശേഷം സുഗ്രീവനെ താര വരിക്കുന്നുണ്ട്. വിവേകവതിയാണ് താര. അനുഭവപാടത്വമുള്ള വ്യക്തിത്വമാണ് താരയുടേത്. ബാലി സുഗ്രീവയുദ്ധസമയത്ത് ഇത് വ്യക്തമായി കാണാം. യുദ്ധത്തിൽ നിന്ന് പിൻതിരിയുവാൻ താര ബാലിയെ ഉപദേശിക്കുന്നുണ്ട്. നിർബന്ധിക്കുന്നുണ്ട്. അതുപൊലെ സീതാന്വേഷണം മന്ദഗതിയിലായോ എന്ന് സംശയിച്ച് ശ്രീരാമൻ സുഗ്രീവന്റെ സമീപത്തേക്ക് ലക്ഷ്മണനെ അയക്കുന്ന സന്ദർഭമുണ്ട്. കോപിഷ്ഠനായി എത്തുന്ന ലക്ഷ്മണനെ അനുനയിപ്പിച്ച് സമാധാനത്തിലാക്കുവാൻ സുഗ്രീവൻ താരയെയാണ് നിയോഗിക്കുന്നത്. ഇത്രയും പറഞ്ഞത് രാമായണത്തിലെ താരയെ കുറിച്ചാണ്.

*(തുടരും)*

# അദൃശ്യശക്തി

വിദ്വൽപ്രഭ. ജെ.എസ്. 9847537007

ശാസ്ത്രം എത്ര പുരോഗതമിച്ചാലും അതിനതീതമായ ഒരു ശക്തിയുണ്ടെന്ന് ശാസ്ത്രജ്ഞർ തന്നെ അനുഭവത്തിന്റെ വെളിച്ചത്തിൽസാക്ഷ്യപ്പെടുത്തുന്നു. സാമ്പത്തിക ഭദ്രതയും ആഡംബരസുഖങ്ങളും എല്ലാമുള്ളവർ ആശങ്കാകുലരും നിരാശരുമാണ്. അവർക്ക് മനസ്സിനെ നിയന്ത്രിക്കാനാകാതെ, ആത്മഹത്യയെക്കുറിച്ചുപോലും ചിന്തിച്ചുപോകുന്നു. ഇത്തരുണത്തിൽ അദൃശ്യമായ ഒരു ശക്തിയുണ്ടെന്ന വിശ്വസത്തിൽ അടിയുറച്ചു നില്ക്കുന്നവർ, സുഗമമായി മുന്നോട്ടുകുതിയ്ക്കുന്നു.

ദൈവത്തിന്റെ വീക്ഷണം ഭാഗീകമല്ല. മനുഷ്യനതറിയുന്നില്ല. സമഗ്രദർശനത്തെ അറിയാൻ പക്വതയില്ലാത്ത മനുഷ്യൻ, ദൈവത്തെ പഴിചാരി, ആശ്വസിക്കുന്നു. ഒരു പുൽക്കൊടി പോലും ചലിയ്ക്കുന്നത്, ആ പ്രപഞ്ചശക്തിയുടെ കൈയ്യൊപ്പോടുകൂടിയാണെന്ന സത്യം പലപ്പോഴും മറക്കുന്നു.

റേഡിയം പോലെ സ്വയം പ്രകാശിയ്ക്കുന്നതും, ഊർജ്ജദായകവുമാണ് പ്രാർത്ഥന. ജീവിതത്തിന്റെ സ്വസ്ഥതയ്ക്കും. സംതൃപ്തിയ്ക്കും, ഉത്കർഷത്തിനും, ആദ്ധ്യാത്മികതയ്ക്കും, വലിയ ഒരു പങ്കുവഹിക്കുന്നുണ്ടെന്ന് നാം വിശ്വസിയ്ക്കുന്നു. ആ വിശ്വാസം ശരിയെന്ന് ശാസ്ത്രീയമായി തന്നെ തെളിയിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്.

ഇന്ന് നമ്മുടെ സമൂഹം ആശങ്കയും ആകുലതയും കൊണ്ട് വീർപ്പുമുട്ടുകയാണ്. ഈശ്വരനിൽ സർവ്വം അർപ്പിച്ച് പ്രവർത്തിക്കുകയാണ് ഇതിനുള്ള ഏക പരിഹാരമെന്ന് മനസ്സിലാക്കുക. പ്രാർത്ഥിക്കുമ്പോൾ നമുക്കു സാദ്ധ്യമല്ലാത്തതായി ഒന്നുമില്ലായെന്ന ദൃഢത മനസ്സിലുദിക്കും. മനസ്സും ശരീരവും ഊർജ്ജസ്വലമാകും. അതിനൊരു ദൃഷ്ടാന്തമാണ് ഫ്ളോറൻസിന്റെ അനുഭവം.

സുഖലോലുപതയിൽദന്തഗോപുരത്തിൽ ജീവിച്ച ഫ്ളോറൻസ് സ്വന്തം സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ നിരന്തരം ശ്രമിച്ചു. അച്ഛൻ സ്കൂളിൽ പോലുമയയ്ക്കാതെ വീട്ടിലിരുത്തിപഠിപ്പിച്ചു. വായനാശീലം വളർത്തി. അതിലൂടെ നേടിയ അറിവ് അവരെ മഹത്‌വ്യക്തിയാക്കി മാറ്റി. ബാല്യത്തിൽ കണ്ട സ്വപ്നം നേടാനുള്ള ചവിട്ടു പടിയായിരുന്നു വായന. കുടുംബം ഉല്ലാസയാത്രകൾ ധാരാളം നടത്തിയിരുന്നു. പക്ഷേ അതിലൊന്നും ആ വനിത സന്തോഷം കണ്ടെത്തിയില്ല. പഠിക്കാനുള്ള ത്വര മാതാപിതാക്കളെ അറിയിച്ചു. പക്ഷേ, പെട്ടെന്നൊന്നും ഫലം കണ്ടില്ല. ശക്തമായ എതിർപ്പായിരുന്നു. നിത്യേന കുടുംബത്തിൽ നിന്നും ലഭ്യമായത്. എന്നാൽ ആ സ്വപ്നം മനസ്സിന്റെ ഉള്ളറയിൽ നെയ്തു കൂട്ടുന്നതിൽ നിന്നും പിൻമാറിയില്ല അവൾ. അവളുടെ മനസ്സു മന്ത്രിച്ചു എന്റെ ആഗ്രഹം ഞാൻ നേടുംഎന്ന്. തുടരെതുടരെ.സാമൂഹ്യസേവനത്തിനായി അവൾ എല്ലാഎതിർപ്പുകളെയും ശക്തമായി എതിർത്തുകൊണ്ട് അതിനായി പുറപ്പെട്ടു. പാവപ്പെട്ടവരെയും രോഗികളെയും തന്റെ ചുറ്റിലുമുള്ള അവശരേയും സഹായിക്കാൻ സന്നദ്ധയായി. സമൂഹത്തിന്റെ കണ്ണിൽ ധനികയായ അവർ ആതുരസേവനത്തിനിറങ്ങിയത് വിമർശനമായി. പക്ഷേ, അതൊന്നും വകവയ്ക്കാതെ സ്വന്തം ലക്ഷ്യമാണ് ശ്രേഷ്ഠമെന്ന ചിന്തയിൽ പടപൊരുതി.

രാജമന്ത്രാലയവും, മറ്റുദ്യോഗസ്ഥരും അകമഴിഞ്ഞു നല്കിയ പിന്തുണ അവരുടെ കൃത്യനിർവ്വഹണം തുടരാനുള്ള പ്രേരണയായി. വായനയിലൂടെ നേടിയ അറിവ് വേണ്ടത്ര പരിഷ്ക്കാരങ്ങൾ വരുത്താനുള്ള ആർജ്ജവം കാട്ടി വീട്ടുകാരെ അവഗണിച്ചുകൊണ്ടുള്ള സേവനം അവരെ ധാരാളം പ്രശംസയ്ക്കർഹയാക്കി. എന്നാൽ മാനസാന്തരത്തിനായി, അവർ അവളെ വിദേശത്തേയ്ക്കയച്ചു. ജർമ്മനിയിൽ കൂടുതൽ വാതായനങ്ങൾ തുറന്നു കിട്ടി. മരുന്നുമാത്രമല്ല,

*(ശേഷം പേജ് 36)*

# ആരോഗ്യം

ഡോ. പാർവ്വതി കെ.എസ്.

രോഗമില്ലാത്ത അവസ്ഥയെയാണ് സാമാന്യേന ആരോഗ്യം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ 1948 ലെ ലോക ഹെൽത്ത് അസംബ്ലിയുടെ നിർവചനപ്രകാരം രോഗ, വൈകല്യരാഹിത്യമുള്ള അവസ്ഥ മാത്രമല്ല, സമ്പൂർണ്ണ, ശാരീരിക, മാനസിക, സാമൂഹ്യസുസ്ഥി കൂടി ആണ് ആരോഗ്യം. ഈ നിർവചനമാണ് ഇന്ന് പൊതുവെ സ്വീകാര്യമായുള്ളത്. ഈ നിർവചനത്തോട് ലോകാരോഗ്യസംഘടനയുടെ 1986 ലെ ഒട്ടാവ ചാർട്ടർ ഫോർഹെൽത്ത് പ്രൊമോഷന്റെ നിർവചനം കൂടി കൂട്ടി വായിക്കാറുണ്ട്.

ആരോഗ്യം സമ്പൂർണ്ണ ദൈനംദിന ജീവിതത്തിനുള്ള ഒരുപാധിയാണ് നിലനിൽപിനായി മാത്രമുള്ളതല്ല ആരോഗ്യം എന്നത് ശാരീരിക ശേഷിയിലും സാമൂഹിക വ്യക്തിപരമായ ഉപാധികൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള സാക്ഷാത്തായ ഒരു സംഗതിയുമാണ്. കുറേ കൂടി വിപുലമായ രീതിയിൽ ഇതിനെ പൊതുജനാരോഗ്യം എന്ന് വിളിക്കുന്നു. സമൂഹത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യത്തെ കുറിക്കാനും പൊതുജനാരോഗ്യം എന്ന വാക്ക് ഉപയോഗിക്കാറുണ്ട്. പാരമ്പര്യവും പരിതഃസ്ഥിതിയുമാണ് ആരോഗ്യത്തിന് നിദാനമായ ഘടകങ്ങൾ. ഭൗതിക പരിതഃസ്ഥിതി സാമൂഹ്യപരിതഃസ്ഥിതി, ജൈവപരിതഃസ്ഥിതി എന്ന് പരിതഃസ്ഥിതി ഘടകങ്ങളെ മൂന്നായി തരംതിരിക്കാം.

രോഗാവസ്ഥയ്ക്കുള്ള കാരണങ്ങൾ പലതാകാം. രോഗാണുക്കൾ, പരാദങ്ങൾ എന്നിവയുടെ ആക്രമണം, പോഷണക്കുറവ്, അതിപോഷണം, അമിതാഹാരം, മദ്യപാനം, പുകവലി പോലെയുള്ള ലഹരി ഉപയോഗം എന്നിവ കൂടാതെ ആഹാരത്തിൽ നിന്ന് ലഭിക്കുന്ന ചില ഘടകങ്ങൾ കൂടുതലായി ചയാപചയ പ്രക്രിയയിലൂടെ അതിലുള്ള ക്രമക്കേട് മൂലമോ അളവ് കൂടുതലായതിനാലോ വ്യയം ചെയ്യപ്പെടാതെയോ പുറംതള്ളപ്പെടാതെയോ ശരീരത്തിൽ അടിഞ്ഞുകൂടി രോഗാവസ്ഥ ഉണ്ടാകാം. കൂടാതെ അത്യാവശ്യമായ ചില ഘടകങ്ങൾ ലഭിക്കാതെ ശാരീരിക പ്രക്രിയകൾ താളം തെറ്റുന്നതു മൂലമുള്ള രോഗാവസ്ഥയാകാം, വ്യായാമക്കുറവുകൊണ്ടുണ്ടാകുന്ന മേൽപ്പറഞ്ഞതിലേതെങ്കിലും സ്ഥിതിവിശേഷമാകാം. അമിതാദ്ധ്വാനം, സുരക്ഷിതമല്ലാത്ത തൊഴിൽ മാനസികസമ്മർദ്ദം, ഉറക്കക്കുറവ്, എന്നിവ രോഗാവസ്ഥയായി മാറാം. മഹാമാരികൾ പൊട്ടിപ്പുറപ്പെടുന്നത് സാമൂഹികമായ ആരോഗ്യത്തെ മൊത്തത്തിൽ ബാധിക്കുന്നു.

ശരീര കോശങ്ങളുടെ അപകർഷവും പ്രായ വർദ്ധനയും രോഗ കാരണങ്ങളാണ്. കൂടാതെ പാരമ്പര്യ ഘടകങ്ങളും കാരണമാകാം. മേൽപ്പറഞ്ഞ ഏതെങ്കിലും അസന്തുലിതാവസ്ഥയ്ക്കുള്ള ശരീരത്തിന്റെ സ്വാഭാവിക പ്രതികരണമായുണ്ടാകുന്ന ചില ക്രമക്കേടുകളായാകാം പുറത്ത് കാണപ്പെടുന്നത്. അതോടൊപ്പം തെറ്റായ ജീവിതശൈലി കൂടിയാകുമ്പോൾ രോഗമുണ്ടാകാനുള്ള സാധ്യത വളരെയധികം വർദ്ധിക്കുന്നു. രോഗാവസ്ഥയ്ക്കുള്ള ചികിത്സ തെറ്റായതു മൂലം രോഗാവസ്ഥ സൃഷ്ടിക്കപ്പെടാം. മരുന്നുകളുടെ കുറവു കൊണ്ടും ആധിക്യം കൊണ്ടും രോഗാവസ്ഥ ഉണ്ടാകാം.

പ്രമേഹം, ഹൃദ്രോഗം, ധമനിരോഗങ്ങൾ, അമിതരക്തസമ്മർദ്ദം, കാൻസർ, പക്ഷാഘാതം, സിഒപിഡി, വൃക്കരോഗം, കരൾ രോഗങ്ങൾ, പി.സി.ഒ.എസ്, അമിതവണ്ണം എന്നിവ ജീവിതശൈലി മൂലമുണ്ടാകുന്ന രോഗങ്ങളുടെ കൂട്ടത്തിൽ എടുത്തു പറയേണ്ടതാണ്. ആരോഗ്യപരമായ ജീവിതശൈലികൊണ്ട് മേൽപ്പറഞ്ഞ രോഗങ്ങളെ നല്ലൊരു പരിധിവരെ തടയാനും ആരോഗ്യം നിലനിർത്താനും സാധിക്കും. ഭക്ഷണം, വ്യായാമം എന്നിവ വ്യക്തിയുടെ ആരോഗ്യത്തിൽ അതിപ്രധാന പങ്ക് വഹിക്കുന്നുണ്ട്.

ആരോഗ്യകരമായ ഭക്ഷണം കഴിക്കേണ്ടത് ആരോഗ്യം നിലനിർത്താൻ ഏറ്റവും അത്യാവശ്യമാണ്. അതിനായി പഴങ്ങൾ, പച്ചക്കറികൾ, പരിപ്പുവർഗ്ഗങ്ങൾ, മത്സ്യം, മുട്ട എന്നിവ ശരിയായ അളവിൽ ആഹാരത്തിൽ ഉൾപ്പെടുത്താനുണ്ട്. ഇതു വഴി വിറ്റാമിനുകൾ, ധാതുക്കൾ, പ്രോട്ടീൻ, ഒമേഗ 3 ഫാറ്റി ആസിഡ്, നാരുകൾ എന്നിവ ശരീരത്തിന് ലഭ്യമാകുന്നു. വറുത്തതും പൊരിച്ചതും അമിതമായി മധുരം, ഉപ്പ്, കൊഴുപ്പ് എന്നിവ അടങ്ങിയ ആഹാരം ഒഴിവാക്കേണ്ടതാണ്. മുതിർന്നവർ നിത്യേന കുറഞ്ഞത് 30 മിനുട്ട് വീതവും കുട്ടികൾ ഒരു മണിക്കൂറും ശാരീരികാധ്വാനം നൽകുന്ന വ്യായാം, കളികൾ, നൃത്തം,

ആയോധനകലകൾ എന്നിവ ഏതെങ്കിലും ചെയ്യേണ്ടതുണ്ട്. ഇത് ശാരീരിക ക്ഷമത മാത്രമല്ല മാനസികമായ ആരോഗ്യവും മെച്ചപ്പെടുത്തുന്നു എന്നു പഠനങ്ങൾ പറയുന്നു.

ലഹരിയുടെ ഉപയോഗമാണ് ആരോഗ്യത്തെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന മറ്റൊരു ഘടകം അമിതമദ്യപാനം, പുകവലി തുടങ്ങിയവ രോഗസാധ്യത വളരെയധികം വർധിപ്പിക്കുന്നു. പുകയിലയിൽ അടങ്ങിയിരിക്കുന്ന രാസവസ്തുക്കൾ ശരീരത്തിലെ എല്ലാ അവയവങ്ങളെയും ബാധിക്കുന്നു.

ഇന്നത്തെ ജീവിത ചുറ്റുപാടുകളിൽ വർധിച്ചുവരുന്ന വിഷാദം, ഉത്കണ്ഠ പോലെ മാനസികരോഗങ്ങൾ സർവ്വസാധാരണമാണ്. കുടുംബപ്രശ്നങ്ങൾ, ഭാര്യാഭർത്താക്കൻമാർ തമ്മിൽ ചേർച്ചയില്ലായ്മ, ചിട്ടയില്ലാത്ത ജീവിതരീതി, ആർഭാട ജീവിതം മുതലായവ ഇത്തരം മാനസികരോഗങ്ങൾക്ക് കാരണമാകുന്നു. ജോലിസ്ഥലത്തെ സമ്മർദ്ദവും ഇത്തരം പ്രശ്നങ്ങളിലേയ്ക്ക് വഴിതെളിക്കുന്നു. മലിനീകരണവും ശുദ്ധജലത്തിന്റെ അഭാവവും രോഗങ്ങൾ വർധിപ്പിച്ചേക്കാം.

ആരോഗ്യം നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങൾ സാമൂഹികവും സാമ്പത്തികവുമായ അന്തരീക്ഷം, ആരോഗ്യസേവനങ്ങളുടെ ലഭ്യത, വികസനം, ഭൗതികമായ ചുറ്റുപാട്, ആരോഗ്യകരമായ തൊഴിലിടങ്ങൾ, ജനങ്ങളുടെ ജീവിതശൈലി, നല്ല ആഹാരം, ശുചിത്വം മെച്ചപ്പെട്ട മാനസികാവസ്ഥ, മലിനീകരണത്തിന്റെ തോത് തുടങ്ങിയവയാണെന്നാണ് ലോകാരോഗ്യ സംഘടനയുടെ നിലപാട്.

വ്യക്തികൾ സ്വയം പാലിക്കേണ്ട അനവധി ആരോഗ്യശീലങ്ങൾ ഉണ്ട്. അവ കൃത്യമായി പാലിച്ചാൽ പകർച്ച വ്യാധികളേയും ജീവിതശൈലി രോഗങ്ങളേയും ഒഴിവാക്കുവാൻ കഴിയും. കൂടെക്കൂടെ ഭക്ഷണത്തിനു മുൻപും പിൻപും കൈകൾ നന്നായി സോപ്പിട്ടു കഴുകുക. വയറിളക്ക രോഗങ്ങൾ, വിരകൾ തുടങ്ങി കോവിഡ്, സാർസ് (SARS) വരെ അതു വഴി ഒഴിവാക്കാം പൊതുസ്ഥലസമ്പർക്കത്തിനു ശേഷം നിർബന്ധമായും കൈകൾ സോപ്പിട്ട് കഴുകേണ്ടതാണ്. കൈയുടെ മുകളിലും വിരലിന്റെ ഇടയിലും എല്ലാം സോപ്പും വെള്ളവും ഉപയോഗിച്ച് ഇരുപത് സെക്കന്റ് നേരത്തേക്കെങ്കിലും ഉരച്ചു കഴുകുന്നതാണ് ശരിയായ രീതി, ഇതു വഴി കൊറോണ, എച്ച് ഐ വി, ഹെർപീസ്, ഇൻഫ്ളുവൻസ, മുതലായവ പരത്തുന്ന നിരവധി വൈറസുകളേയും ചില ബാക്ടീരിയകളേയും ഒക്കെ എളുപ്പത്തിൽ കഴുകിക്കളയാം.




ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും മാസ്ക് ഉപയോഗിച്ചോ തൂവാലകൊണ്ടോ മുഖം മറയ്ക്കുക. മറ്റുള്ളവരിലേക്ക് രോഗം പകരാതിരിക്കുവാനും നിശ്വാസവായുവിലെ രോഗാണുക്കളെ തടയുവാനും ഇത് ഉപകരിക്കും.

പകർച്ചവ്യാധികൾ ഉള്ളവർ പൊതുസ്ഥലങ്ങൾ സന്ദർശിക്കുന്നത് ഒഴിവാക്കുക. രോഗബാധിതരിൽ നിന്നു ഒരു മീറ്റർ എങ്കിലും സാമൂഹിക അകലം പാലിക്കുക. രോഗികളുടെ ശരീരസ്രവങ്ങളുമായി സമ്പർക്കത്തിലാകാതിരിക്കാൻ ശ്രദ്ധിക്കുക.

* ഉയർന്ന നിലവാരമുള്ള മാസ്ക് ഉപയോഗിക്കുന്നതും, ഹസ്തദാനം ഒഴിവാക്കുന്നതും ആൽക്കഹോൾ അടങ്ങിയ സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ വൃത്തിയാക്കുന്നതു പകർച്ചവ്യാധികളെ ചെറുക്കാൻ സഹായിക്കും.
* നഖം വെട്ടി വൃത്തിയാക്കുന്നത് രോഗാണുക്കളെ തടയും. പല്ലുതേപ്പ് രാവിലെയും രാത്രിയിലും ശീലമാക്കുക. രണ്ടു നേരവും സോപ്പിട്ട് കുളിച്ച് ശരീരശുദ്ധി വരുത്തണം.
* മറ്റുള്ളവർ ഉപയോഗിക്കുന്ന തോർത്ത്, ചീപ്പ്, ഷേവിങ് സെറ്റ്, ബ്ലേഡ് എന്നിവ ഉപയോഗിക്കുന്നത് ഒഴിവാക്കുക. രക്തം പുരണ്ട ഷേവിങ് സെറ്റ്, ബ്ലേഡ് എന്നിവ വഴി HIV തുടങ്ങിയ അനുബാധ പകരാൻ സധ്യതയുണ്ട്.
* വൃത്തിയുള്ള വസ്ത്രം ധരിക്കുക. കഴിയുന്നതും വസ്ത്രങ്ങൾ കിടക്കകൾ എന്നിവ കഴുകി സൂര്യപ്രകാശത്തിൽ ഉണക്കുക. രോഗി ഉപയോഗിച്ച വസ്ത്രങ്ങൾ ബ്ലീച്ചിങ് പൗഡർ അല്ലെങ്കിൽ അനുനാശക ലായിനിയിൽ മുക്കിയ ശേഷം കഴുകുക. ഫാസ്റ്റ് ഫുഡ്ഡും, കൃത്രിമ ആഹാരവും ഒഴിവാക്കണം. പഴങ്ങളും, പച്ചക്കറികളും, മുളപ്പിച്ച പയറുവർഗ്ഗങ്ങളും പരിപ്പുവർഗ്ഗങ്ങളും, ഇളനീരും അടങ്ങിയ സമീകൃതാഹാരം ശീലമാക്കുക. കടൽ മത്സ്യവും മുട്ടയും ഭക്ഷണത്തിൽ ഉൾപ്പെടുത്തുക. ഇത് രോഗപ്രതിരോധശേഷിയെ വർദ്ധിപ്പിക്കും.

*****

*(33-ാം പേജിന്റെ തുടർച്ച)*

ശുചിത്വമാർന്ന അന്തരീക്ഷവും തുല്യപ്രാധാന്യമർഹിയ്ക്കുന്നു രോഗശാന്തിയ്ക്ക് എന്ന ബോധം വളർത്തിയെടുക്കാനുള്ള ശ്രമം വിജയിച്ചു. ആ മാറ്റം വരുത്തിയ ഗുണം മൂലം സമൂഹം ഒന്നടങ്കം അവരെ ആദരിച്ചു.

ക്രിമിയൻ യുദ്ധത്തിൽ പരിക്കേറ്റവരെ സ്നേഹപൂർവ്വം പരിചരിച്ചു. മുറിവേറ്റ പട്ടാളക്കാരെ ജീവിതത്തിലേയ്ക്കു കൊണ്ടുവരാൻ നടത്തിയ കാരുണ്യപ്രവർത്തനം വിശിഷ്ടസേവനത്തിന് സമ്മാന അർഹയാക്കി. ആ നിസ്വാർത്ഥ സേവനം അവരെ ''ക്രിമിയനിലെ മാലാഖ''യാക്കിമാറ്റി. രാപകലില്ലാതെ ഇരുട്ടറയിൽ വിളക്കേന്തി ക്ഷേമമന്വേഷിച്ച ആ ധീര വനിതയെ ലോകം ''ഫ്ളോറൻസ് നൈറ്റിങ്ഗേൽ'' എന്ന് വിശേഷിപ്പിച്ചു. ആതുര സേവനത്തിന്റെ പ്രഥമ വനിതയെന്ന് ലോകമെങ്ങും അവൾ പ്രശസ്തിയാർജ്ജിച്ചു. ആ വിപ്ലവ വനിതയുടെ അനുഭവം പിൻതലമുറയ്ക്ക് മാർഗ്ഗനിർദ്ദേശമായി. ദൈവത്തിൽ വിശ്വാസമർപ്പിച്ച്, ധീരമായി തന്റെ ലക്ഷ്യപ്രാപ്തിയ്ക്കായി, നിരന്തരം പോരാടിയ ആ വനിത തന്റെ സ്വപ്നസാക്ഷാത്കാരം അസാധ്യമെന്ന് ചിന്തിച്ചിരുന്നെങ്കിൽ തീരാനഷ്ടമായിപ്പോയേനെ. ഏതു കഴിവും, കലയാകാം, സാഹിത്യമാകാം അവ സ്വായത്തമാക്കുമ്പോൾ ആ സർഗ്ഗശേഷി നമുക്കു നൽകി അനുഗ്രഹിയ്ക്കുന്ന ഒരദൃശ്യശക്തി പിന്നിൽ പ്രവർത്തിയ്ക്കുന്നുവെന്ന് അറിയണം.


ഒരു ശില്പിയ്ക്ക് ശില്പം കൊത്തിയെടുക്കണമെങ്കിൽ സൂക്ഷ്മദർശനവും, കൈവിരുതും അസാമാന്യമായി വേണം. താളലയത്തോടെ, ശ്രുതി ശുദ്ധമായി സംഗീതമാലപിയ്ക്കണമെങ്കിൽ അതിനുള്ള പാടവം ആവശ്യമാണ്. ഇത് സാധാരണ ഒരു മനുഷ്യന് സ്വന്തം കഴിവു കൊണ്ട് മാത്രം ചെയ്യാനാവില്ല. അതിനതീതമായ ഒരു ശക്തി വേണം.

നാം ആഗ്രഹിയ്ക്കുന്ന കാര്യങ്ങൾ നടക്കുമ്പോൾ ആഹ്ലാദിക്കുന്നു. അഹങ്കരിക്കുന്നു. എന്നാൽ പ്രതിസന്ധിഘട്ടത്തിലാണ് യഥാർത്ഥത്തിൽ ഈശ്വരസാന്നിദ്ധ്യം നമ്മളറിയുന്നത്.

നമുക്ക് സമാധാനവും ശാന്തിയും ലഭിക്കണമെങ്കിൽ നമ്മുടെ ഓരോ ചലനവും നിയന്ത്രിക്കുന്ന ശക്തിയിൽ നമ്മെ സമർപ്പിച്ച്, ഉത്തമ വിശ്വാസത്തോടെ പ്രവർത്തിക്കണം. ആത്യന്തികമായ നന്മ നമുക്ക് വന്നു ചേരും. നമ്മെ നിയന്ത്രിക്കുന്ന ആകാരങ്ങളുടെ സ്വപർശം നമ്മെ എത്തേണ്ടിടത്ത് എത്തിയ്ക്കുമെന്ന ഉത്തമ വിശ്വാസത്തോടെ, ഇന്നു ജീവിയ്ക്കുക. ഇന്നലെകളും നാളെയും നമ്മെ അമിതമായി സ്വാധീനിക്കാതിരിയ്ക്കട്ടെ. അചഞ്ചലമായ വിശ്വാസത്തോടെ കരുണയും സ്നേഹവും മറ്റുള്ളവർക്ക് പകർന്നുകൊണ്ട് ജീവിക്കാൻ ആ ശക്തി അനുഗ്രഹിയ്ക്കട്ടെ.

*****

## എറണാകുളം കരയോഗം സാംസ്ക്കാരിക വേദി
## ഒക്ടോബർ മാസ പരിപാടി



# വയലാറിന്റെ ഗാന പ്രപഞ്ചം

ഒക്ടോബർ 23 ശനിയാഴ്ച വൈകിട്ട്
5 മണിക്ക് ഓൺലൈൻ പ്രഭാഷണം.
കൂടെ വയലാർ ഗാനങ്ങളുമായി
കരയോഗം ഗായകരും.
പ്രഭാഷകൻ ചലച്ചിത്ര ഗാന നിരൂപകൻ
ടി.പി. ശാസ്തമംഗലം

## സാഹിത്യരംഗം

# ഞാൻ കണ്ട കുലാംഗനകൾ

ഡോ. സി. ശാന്തകുമാരി

**പ്രൊഫസർ പി. അംബുജാക്ഷി എഴുതിയ വ്യാസമുനിയുടെ കുലാംഗനകൾ എന്ന പുസ്തകത്തിന് ഒരു അവലോകനം**

വലിയ ക്യാൻവാസിൽ ജീവിതത്തിന്റെ കഥ പറയുന്ന നോവൽ. ഇവിടെ ഏറ്റക്കുറച്ചിലുകൾ നോവലിസ്റ്റിനു സ്വന്തം. ചെറുകഥ സംക്ഷിപ്തതയുടെ ലോകമാണ്. മിതത്വം കൂടുന്തോറും സംഭാഷണത്തിന് ചാരുത ഏറുന്നു. ജീവിതത്തിലെ ഒരു മുഹൂർത്തത്തെ സമർത്ഥമായി പിടിച്ചെടുക്കുകയാണ് കഥാകൃത്ത് ചെയ്യുന്നത്. ഇവിടെയാണ് കാഥികർ നോവലിസ്റ്റിൽ നിന്ന് മാറി നിൽക്കുന്നത്. ആ മുഹൂർത്തം കൊണ്ട് കഥാകാരന് കഥാസന്ദർഭത്തോടൊപ്പം മറ്റു പലതും സമർത്ഥമായി പിടിച്ചെടുക്കാനാകും. ഇങ്ങനെ പിടിച്ചെടുക്കാൻ അവർക്ക് സ്വന്തമായ ചില രീതികളും ഒപ്പം മുൻഗാമികളുടെ വെളിച്ചവുമുണ്ട്.

ഇവിടെ ഒരു കഥാകാരൻ അതിനുപയോഗിച്ച രീതി ആത്മഗതമാണ്. അതിന് ചില സൗകര്യങ്ങളുമുണ്ട്. ആത്മഗതം കൂട്ടാം കുറയ്ക്കാം. കഥാസന്ദർഭവും സാഹചര്യവുമാണ് പശ്ചാത്തലം. ഇതിലെ നായികാനായകന്മാർ എല്ലാം ജീവിതാന്ത്യത്തിൽ മുൻകാലങ്ങളിലേക്ക് തിരിഞ്ഞുനോക്കി നെടുവീർപ്പിടുന്നവരാണ്. മലയാളചെറുകഥയിൽ ആത്മകഥാംശം തുളുമ്പുന്ന ഈ രീതിക്ക് ലാളിത്യവും, സുഭഗതയും ഉണ്ട്. കാരണം, പുരാണകഥാപാത്രങ്ങളെല്ലാം നമുക്ക് സുപരിചിതരാകും. വിശേഷിപ്പിച്ചും, ഐതിഹാസികനായികമാർ. അതിലും പ്രധാനം, വ്യാസന്റെ നായികമാർ എന്നതുതന്നെ. അവരുടെ ആത്മാവിന്റെ അംശമാക്കി കഥാഗതി രൂപപ്പെടുത്തുമ്പോൾ വരുത്തുന്ന മാറ്റം സ്വാഭാവികമായും പൗരാണികതയ്ക്ക് ചേരുന്നതും, മാറ്റം വരുത്താൻ എഴുത്തുകാരിക്ക് അർഹതയില്ലാത്തതുമായ അവസ്ഥയാണെന്ന് ഓർക്കണം. ഇക്കാര്യത്തിൽ പൗരാണികതയോട് കൂറുപുലർത്തി ഈ അംഗന(?)മാർ എന്നാണെനിക്ക് പറയാനുള്ളത്.

ഇതിലെ എല്ലാ നായിക(?)മാരും ദാമ്പത്യത്തിൽ കുഴഞ്ഞവരാണ്. കുലശ്രേഷ്ഠകളാണോ? ചിന്തിക്കണം. പക്ഷെ അവർ നമ്മുടെ മനസ്സിനെ ഏറ്റവും വിഷമിപ്പിച്ചുകൊണ്ട് കടന്നുപോകുമ്പോൾ, എഴുത്തുകാരി നമ്മെ സന്തോഷിപ്പിക്കുക കൂടി ചെയ്യുന്നു. കാരണം എല്ലാ കഥയിലും കടന്നുവരുന്നത് ധർമ്മരക്ഷയോ, കുലരക്ഷയോ രാജ്യരക്ഷയോ ആണ്. ഇത് ആ നായികമാരെ കൂടുതൽ മനോഹരികളാക്കുന്നു. സംഭാഷണരീതിയും വളരെ ആകർഷകമാണ്.

ഈ സന്ദർഭങ്ങളിലൊക്കെ എടുത്തു പറയാൻ തോന്നിയത്. നായികമാരുടെ ശൃംഗാരരംഗങ്ങളാണ്. കഥാകാരി ഈ സന്ദർഭങ്ങൾ അവതരിപ്പിക്കുമ്പോൾ കഥാകാരന്മാരെ കടത്തിവെട്ടിയില്ലെങ്കിലും തുല്യം നിന്നു. ഇത്തരം രംഗങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ആകർഷകരമായി വിജയിക്കുന്നത് അസാധാരണമല്ലേ?

ഇവർ എങ്ങനെയാണ് കുലാംഗനകളാവുന്നത്? ജീവിതം ഒരു നീണ്ടയാത്രയാണ്. എത്ര അരുവികൾ, പുഴകൾ, കാട്ടാറുകൾ, നീലത്തടാകങ്ങൾ-മുങ്ങിയും കുളിച്ചും കിടന്നും നടന്നും ഉള്ള യാത്ര. പക്ഷെ ഈ നായികമാരെ ശ്രദ്ധിക്കൂ. ഏതു പ്രവൃത്തി ചെയ്യുമ്പോഴും അവർക്കോരോരുത്തർക്കും സ്വന്തമായ ഒരു കാഴ്ചപ്പാടുണ്ട്. സ്വന്തമായ ചിന്താഗതികളുണ്ട്. ഭോഗസുഖത്തിന്റെ പ്രതീകങ്ങളായ ഇവരോരോരോത്തരും ജീവിതയാത്രയിൽ യാഥാർഥ്യങ്ങൾ ഉൾക്കൊണ്ട്, ഭോഗം ത്യജിച്ച് ത്യാഗത്തിന്റെ ധർമ്മത്തിന്റെ പാതയിലേക്ക് നീങ്ങുന്നു. ത്യാഗത്തിന്റെ ഈ മാർഗ്ഗം തന്നെയല്ലേ തപസ്സ്? ഈ ത്യാഗം തന്നെയല്ലേ തപസ്സ്? ഒരിക്കലും ഭോഗമല്ലല്ലോ. ത്യാഗത്തിന്റെ ശാന്തി ഏതു ലൗകികസുഖത്തിനാണ് തരാനാവുക? ഒന്നിനും ആവില്ല. ഇവരുടെയെല്ലാം വനവാസം ശാന്തിതീരത്തേയ്ക്കാണ് നൈസർഗികമായി ഈ ശാന്തി തീരം ഉണ്ടാക്കുന്ന നായികമാരാണ് വ്യാസന്റെ കുലാംഗനകൾ.

മറ്റൊരു കാര്യം കൂടി. ഈ കുലാംഗനകളൊക്കെ അപ്രധാന കഥാപാത്രങ്ങളോ അസാധാരണകഥാപാത്രങ്ങളോ ആണ്. പ്രധാന കഥാപാത്രങ്ങൾക്ക് പൂർണവ്യക്തിത്വം നല്കാൻ സഹായകമായ തരത്തിലാണ് ഭാരതകഥയിൽ ഇവർ സജീവരാകുന്നത്. അങ്ങനെ, കഥയുടെ വഴിത്തിരിവിനും ഈ നായികമാർ പങ്കാളികളാകുന്നു. അതുകൊണ്ടു തന്നെ, ഇവരെ പൂർണകഥാപാത്രങ്ങളാക്കി മാറ്റാൻ കഥാകാരിക്ക് കഴിഞ്ഞിട്ടുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവർ വ്യാസമുനിയുടെ കുലാംഗനകൾ തന്നെ.

*****

# പാതഞ്ജലയോഗ ദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ - 9447077203

അവിദ്യാ f സ്മിതാ രാഗദ്വേഷാഭിനിവേശം
പഞ്ചക്ലേശാ: (2-3)

അവിദ്യ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം എന്നിവയാണ് അഞ്ച് ക്ലേശങ്ങൾ

**ക**ഴിഞ്ഞ സൂത്രത്തിൽ ക്രിയായോഗത്തിന്റെ ഫലം പറയുമ്പോൾ ക്ലേശതനൂകരണത്തെപ്പറ്റി പറയുന്നുണ്ട്. അതായത് ക്രിയാ യോഗം ചെയ്താൽ ക്ലേശങ്ങൾ കുറയുമെന്നു പറയുന്നുണ്ട്. അപ്പോൾ ക്ലേശങ്ങളെന്നാൽ എന്താണ് ഉദ്ദേശിക്കുന്നത് എന്ന ചോദ്യം സ്വാഭാവികമായും ഉയരും. ആ ആകാംക്ഷയെ പരിഹരിക്കുക എന്നത് സൂത്രകാരന്റെ കർത്തവ്യമാണ്

ഒന്നാം അധ്യായത്തിലെ അഞ്ചാമത്തെ സൂത്രത്തിൽ വൃത്തികൾ ക്ലിഷ്ടവും, അക്ലിഷ്ടവുമായി അയ്യഞ്ചെണ്ണമുണ്ട് എന്നു പറയുന്നുണ്ട്. (വൃത്തയ: പഞ്ചതയ്യ:ക്ലിഷ്ടാ f ക്ലിഷ്ടാ:) ക്ലിഷ്ടമെന്നാൽ ക്ലേശം തരുന്നത് എന്നർത്ഥം. അക്ലിഷ്ടമെന്നാൽ ക്ലേശമില്ലാത്ത, ഗുണകരമായ എന്നും അർഥം. ഇവിടെയും ക്ലേശമെന്നാൽ എന്ത് എന്ന ചോദ്യമുയരുന്നുണ്ട്.

അതുകൊണ്ട് ഈ സൂത്രവും അടുത്ത 6 സൂത്രങ്ങളും അഞ്ചു ക്ലേശങ്ങളെ വിവരിക്കുന്നു. ഈ സൂത്രത്തിൽ അവയുടെ പേർ പറയുന്നു. അവിദ്യ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം എന്നിവയാണ് അഞ്ച് ക്ലേശങ്ങൾ. ഇവ ആത്മീയ പുരോഗതിക്കു ഗുണകരമല്ല. അവ ത്രിഗുണങ്ങളെ അടക്കുന്നതിനു പകരം പെരുപ്പിക്കും ദൃഢമാക്കും. കാര്യ രൂപത്തിലുള്ള പ്രപഞ്ചത്തിന്റെ പരിണാമത്തെ ത്വരിതമാക്കും. കർമവും കർമഫലങ്ങളും വർധിപ്പിക്കും.

ഇവയെ വിപര്യയങ്ങൾ എന്ന് വ്യാസൻ വിശേഷിപ്പിക്കുന്നു. അതായത്, നമ്മൾ നിരോധിക്കേണ്ട അഞ്ച് വൃത്തികളിൽ ഒന്നാണ് ഇത്. വിപര്യയമെന്നാൽ തെറ്റായ അറിവാണ് (മിഥ്യാ ജ്ഞാനമാണ്). അതുകൊണ്ടുതന്നെ സത്യത്തെ കാണാനാകില്ല. അരണ്ട വെളിച്ചത്തിൽ കയറ് പാമ്പായി തോന്നുന്നു. പാമ്പിനെ കണ്ടാലുള്ള ഭയാദി വികാരങ്ങൾ നമ്മെ ബാധിക്കുകയും ചെയ്യും.

പഞ്ച ക്ലേശങ്ങളെ യഥാക്രമം തമസ്സ്, മോഹം, മഹാമോഹം, താമിസ്രം, അന്ധതാമിസ്രം എന്നും വിളിക്കുമെന്ന് ഭാഷ്യകാരൻ പറയുന്നുണ്ട്. ഇത് സാംഖ്യന്മാരുടെ സിദ്ധാന്തമാണ്. ഇവയെ നരകങ്ങളുടെ പേരുകളായി ഭാഗവതാദി പുരാണങ്ങൾ പറയുന്നു.

സാംഖ്യകാരികയിൽ പറയുന്നു.

ഭേദ:തമസ:അഷ്ടവിധ:മോഹസ്യ ച ദശവിധ: മഹാമോഹ:

താമിസ്ര: അഷ്ടാദശധാ

തഥാ ഭവതി അന്ധതാമിസ്ര: (സാം കാ. 48)

തമസ്സിനും മോഹത്തിനും എട്ടു ഭേദങ്ങളുണ്ട്. മഹാമോഹം 10 വിധം, താമിസ്രവും അന്ധതാമിസ്രവും 18 വിധവും.

സാംഖ്യദർശനത്തിൽ പറയുന്ന പ്രധാനം, മഹത്തത്വം, അഹങ്കാരം, ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നീ എട്ട് അനാത്മ പ്രകൃതികളിൽ ആത്മാവെന്ന തെറ്റായ അറിവാണ് തമസ് (അവിദ്യ). എട്ടു വിഷയമുള്ളതിനാൽ 8 പ്രകാരത്തിലുള്ള തമസ്.

അണിമ (ശരീരത്തെ അണു പോലെ ചെറുതാക്കൽ), മഹിമ (വലുതാക്കൽ), ലഘിമ (ശരീരത്തെ തൂവൽ പോലെ കനമില്ലാതാക്കുക), ഗരിമ (കരിങ്കൽപ്പാറ പോലെ കനം കൂട്ടുക), പ്രാപ്തി (ആഗ്രഹിച്ചതിനെ എത്തിപ്പിടിക്കുക), പ്രാകാമ്യം (ആഗ്രഹിച്ചത് നേടുക), ഈശിത്വം (സൃഷ്ടി സംഹാര സാമർഥ്യം), വശിത്വം (എല്ലാറ്റിനെയും വശത്താക്കൽ) എന്നീ എട്ട് ഐശ്വരങ്ങൾ ജീവിത ലക്ഷ്യമെന്ന തെറ്റായ ബോധമാണ് 8 തരം മോഹങ്ങൾ അഥവാ അസ്മിതാ ക്ലേശങ്ങൾ.

ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നീ ലൗകിക ആകർഷണങ്ങളോടും അവയുടെ തന്നെ ദിവ്യമായ (മരണശേഷം കിട്ടുന്ന) ആകർഷണങ്ങളോടും തോന്നുന്ന അത്യധികമായ ഇഷ്ടം. ധർമാധർമ ചിന്തയില്ലാതെ അതിൽ രാപ്പകൽ തൽപ്പരരാവുക എന്നത് 10 തരം രാഗങ്ങൾ (മഹാമോഹം) ആണ്.

8 തരം മോഹങ്ങളും, 10 തരം രാഗങ്ങളും പ്രാപിക്കാനുള്ള യത്നത്തിൽ തടസ്സം നേരിടുമ്പോൾ, ഭോഗാനുഭവത്തിൽ വിഘ്നം വരുമ്പോൾ ക്രോധമുണ്ടാകും. ഇങ്ങനെ 8 തരം ഐശ്വര്യങ്ങൾ, ദിവ്യവും അദിവ്യവുമായ 10 തരം വിഷയങ്ങൾ ഇവയോടുള്ള ദ്വേഷം (താമിസ്രം) 18 വിധമുണ്ട്.

മേൽ പറഞ്ഞ 18 കാര്യങ്ങളും കിട്ടിയാലും അവ പൂർണ്ണമായും അനുഭവിക്കാൻ സാധിക്കാതെ വരിക, അവ സ്വന്തമാക്കാൻ അനുഭവിച്ച കഷ്ടപ്പാടും, അനുഭവിച്ചു തീരുന്നതിനു മുമ്പ് മരണം വരുമോ എന്ന ചിന്തയും, അവ നഷ്ടപ്പെടുമോ എന്ന ഭയവുമൊക്കെയാണ് 18 തരം അന്ധതാമിസ്രം അഥവാ അഭിനിവേശം.

ഇങ്ങിനെ ക്ലേശങ്ങൾ 62 വിധം.

ഈ ദുഃഖങ്ങളെല്ലാം തെറ്റായ ജ്ഞാനം മൂലമാണുണ്ടാകുന്നത് എന്നതിനാൽ ഇവയെ അജ്ഞാനം, അവിദ്യാ, വിപര്യയജ്ഞാനം, മിഥ്യാ ജ്ഞാനം, ഭ്രാന്തി ജ്ഞാനം, ക്ലേശം എന്നൊക്കെ വിളിക്കും.

*****


## എറണാകുളം കരയോഗാംഗത്വമെടുക്കൂ സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്.**


**താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 04842361160**


## 2021 സെപ്റ്റംബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**പി. മാധവൻ പിള്ള**
L/1370 ഉത്രം, വെണ്ണല പി.ഒ.
കൊച്ചി - 28



**ടി. ഹരിദാസ്**
L/0766 ഇലഞ്ഞേരി,
കെ.പി. വള്ളോൻ റോഡ്
കൊച്ചി - 20



**ടി. ശാന്തകുമാരി**
L/2332, മാടക്കാപ്പിള്ളി,
ചിറ്റൂർ റോഡ്,
കൊച്ചി - 16

# ദശാവതാരം - എന്തിനെ സൂചിപ്പിക്കുന്നു?

പ്രൊഫ. ജീ.ആർ.സി.നായർ - 9846174300



ദശാവതാരം എന്നാൽ പത്ത് അവതാരങ്ങൾ. ഈ പത്ത് അവതാരങ്ങൾ ഹിന്ദു മതത്തിലെ തൃമൂർത്തികളിൽ ഒന്നായ മഹാവിഷ്ണു എടുത്തതാണെന്ന് കരുതപ്പെടുന്നു. ഹിന്ദുമതത്തിലെ ത്രിത്വം എന്നറിയപ്പെടുന്ന മൂന്ന് പരമോന്നത ദേവതകളാണ് ബ്രഹ്മാവ്, മഹാവിഷ്ണു, ശിവൻ. സൃഷ്ടി, സംരക്ഷണം, സംഹാരം എന്നീ പ്രവർത്തനങ്ങളുടെ ചുമതല യഥാക്രമം ഇവർക്കാണ്. മഹാവിഷ്ണു സമയാസമയം ആകാശത്ത് നിന്ന് ഭൂമിയിലേക്ക് അവതാരമായ ഇറങ്ങി വരുന്നതിന്റെ ഉദ്ദേശം, സദ്ഗുണരായ ആളുകളെ സഹായിക്കുക. ദുഷ്ടരിൽ നിന്ന് അവർ നേരിടുന്ന തടസ്സങ്ങൾ നീക്കുക, ധർമ്മ പുനസ്ഥാപിക്കുക എന്നിവയാണ്. ദൈവം മനുഷ്യർക്ക് നൽകിയ വാഗ്ദാനപ്രകാരമാണ് ഇത്. ഭഗവദ്ഗീത 4.7, 4,8 വാക്യങ്ങളിൽ ഇത് അടങ്ങിയിരിക്കുന്നു.

യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം (ഭ.ഗീ 4.7)

അർത്ഥം: ഹേ ഭരതാ, എപ്പോഴെല്ലാം, എവിടെയെല്ലാം ധർമ്മത്തിനു തളർച്ചയും അധർമ്മത്തിനു ഉയർച്ചയും സംഭവിക്കുന്നുവോ, അപ്പോഴെല്ലാം ഞാൻ സ്വയം അവതരിക്കുന്നു.

പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം
ധർമസംസ്ഥാപനാർഥായ സംഭവാമി യുഗേ യുഗേ :(ഭ.ഗീ 4.8)

അർത്ഥം: സജ്ജനങ്ങളുടെ സംരക്ഷണത്തിനും, ദുഷ്ടന്മാരുടെ സംഹാരത്തിനും, ധർമ്മം നിലനിർത്തുന്നതിനും ഓരോ യുഗവും, മഹാവിഷ്ണു ഒരു അവതാരമെടുത്ത് ഭൂമിയിലേക്ക് ഇറങ്ങും, നീതിമാന്മാർക്ക് ആരാണ് പ്രശ്നം സൃഷ്ടിക്കുന്നത് അവരെ ഇല്ലാതാക്കാനും, ധർമ്മം പുനസ്ഥാപിക്കാനുമായി.

മേൽപ്പറഞ്ഞ വാക്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന ഉദ്ദേശത്തിനായി മഹാവിഷ്ണു ആദ്യമായി ഈ വാഗ്ദാനപ്രകാരം ഒരു മത്സ്യത്തിന്റെ രൂപത്തിൽ ഭൂമിയിലേക്ക് ഇറങ്ങി വന്നതായി പറയുന്നു. ഈ കഥയുടെ വിശദാംശങ്ങൾ ഇവിടെ നൽകുന്നില്ല, കാരണം ഇവിടെ കഥയുടെ പിന്നിലെ തത്വമാണ് പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നത്. അദ്ദേഹം രണ്ടാം തവണ വന്നത്, നിരവധി സഹസ്രാബ്ദങ്ങൾക്ക് ശേഷം, ഒരു കൂർമ്മം (ആമ) ആയിട്ടാണ്. മൂന്നാമത്തെ അവതാരം ഒരു വരാഹം (കാട്ടുപന്നി) ആയിരുന്നു. നാലാം തവണ അദ്ദേഹം നരസിംഹമായായിട്ടാണ് വന്നത്. നരൻ എന്നാൽ മനുഷ്യൻ എന്നും നരസിംഹം എന്നാൽ പകുതി മനുഷ്യനും, പകുതി സിംഹവുമായ ഒരു സാങ്കല്പിക സങ്കര ജീവി. അതിന്റെ താഴത്തെ ഭാഗം നാല് കാലുകളുള്ള സിംഹത്തിന് തുല്യമാണ്. മുകളിലെ ശരീരം ഒരു മനുഷ്യന്റെ ശരീരത്തെപ്പോലെ നിവർന്നിരിക്കുന്നു. അഞ്ചാമത്തേത് വാമനൻ. അത് ആദിമ മനുഷ്യനെ പോലെ ആയിരുന്നു. ഹ്രസ്വവും രോമമുള്ളതുമായ ശരീരം.

പിന്നെ അടുത്തത് പരശുരാമനായിരുന്നു. നല്ല ഉയരവും അതീവ ശക്തിശാലിയുമായ അദ്ദേഹം തികച്ചും പരാക്രമിയായ ഒരു മനുഷ്യനായിരുന്നു. അതിനോട് പൊരുത്തപ്പെടുന്ന ശക്തമായ അഹങ്കാരവും ഉണ്ടായിരുന്നു. നിരവധി കഥകളിൽ വിശദീകരിച്ചിരിക്കുന്നതുപോലെ,

അദ്ദേഹത്തിന് നിരവധി ശാരീരിക നേട്ടങ്ങൾ ഉണ്ടായിരുന്നു. പരശുരാമനുശേഷം അടുത്തത് ശ്രീരാമനായിരുന്നു. ശ്രീരാമൻ ദശരഥ രാജാവിന്റെ മൂത്ത മകനും രാജ്യാവകാശിയുമായിരുന്നു. രാമായണത്തിൽ വിശദീകരിച്ച ചില സങ്കീർണതകൾ കാരണം, ശ്രീരാമന് ഇളയ സഹോദരൻ ഭരതന് അനുകൂലമായി കിരീടം ഉപേക്ഷിക്കേണ്ടി വന്നു, കൂടാതെ, പ്രവാസ ജീവിതത്തിനായി കാട്ടിലേക്കും പോകേണ്ടിവന്നു. അടുത്തത് ബലരാമനായിരുന്നു. ശ്രീകൃഷ്ണന്റെ ജ്യേഷ്ഠ സഹോദരൻ. കൃഷിക്കായി ഭൂമി ഉഴുതുമറിക്കുന്നതിന് ഉപയോഗിക്കുന്ന ഒരു കലപ്പയാണ് അദ്ദേഹം തോളിൽ ചുമന്നിരുന്നത്. പിന്നെ ഒമ്പതാമത്തെ അവതാരം. ശ്രീകൃഷ്ണൻ, ദ്വാപരയുഗത്തിന്റെ ഏതാണ്ട് അവസാനമാണ് വരുന്നത്. ഹിന്ദുക്കൾക്ക് വളരെ പവിത്ര മൃഗമായ പശുവിനെ വളർത്തുന്ന യാദവന്മാർ എന്നറിയപ്പെടുന്ന ഒരു കൂട്ടം ആളുകളുടെ കുടുംബത്തിൽ, ഒരു സാധാരണ ആൺകുട്ടിയായിട്ടാണ് ശ്രീകൃഷ്ണൻ ജനിച്ചത്. ശ്രീകൃഷ്ണന്റെ സ്വർഗാരോഹണത്തോടെ നിലവിലെ കലിയുഗം ആരംഭിച്ചു. ഈ യുഗത്തിൽ കൽക്കി എന്ന പത്താമത്തെയും അവസാനത്തെയും ആയ അവതാരം എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

ഓരോ അവതാര കഥയ്ക്കും പകരം അവയിൽ ഉൾക്കൊള്ളുന്ന ദാർശനിക സങ്കൽപ്പത്തിലേക്ക് നമുക്ക് പോകാം. പിൽക്കാലത്ത് ചാൾസ് ഡാർവിൻ മുന്നോട്ടു വച്ച പരിണാമ സിദ്ധാന്തവുമായി ഇത് വളരെ യോജിക്കുന്നു. ഈ കഥയിലെ ആദ്യത്തെ അവതാരം മത്സ്യമാണെന്ന് പറഞ്ഞല്ലോ. ജീവൻ ആദ്യമായി കടലിലാണ് ഉത്ഭവിച്ചതെന്ന് ഇന്നത്തെ ശാസ്ത്രം അംഗീകരിക്കുന്നു. കടലിലെ മൃഗങ്ങളുടെ വികാസത്തിലെ ഒരു പ്രധാന നാഴികക്കല്ലാണ് മത്സ്യം. കടലിൽ പരിണമിച്ച ആദ്യകാല നട്ടെല്ലുള്ള ജന്തുക്കളിൽ ഒന്നാണിത്. രണ്ടാമത്തെ അവതാരം ആമയാണല്ലോ. കടലാമ, കരആമ എന്നിങ്ങനെ രണ്ട് തരം ആമകളുണ്ടെന്ന് നമുക്കറിയാം. ഇത് ഒരു ഉഭയജീവിയാണ്. ജീവൻ പതുക്കെ കടലിൽ നിന്ന് കരയിലേക്ക് കുടിയേറി എന്നത് പരിണാമസിദ്ധാന്തത്തിന് തികച്ചും അനുസൃതമാണ്. അടുത്തത് ആദ്യകാല സസ്തനിയായ കാട്ടുപന്നിയിലേക്ക് പരിണമിക്കുന്നതാണ്. ഇത് ഭൂമിയിലെ ജീവജാലത്തിന്റെ സസ്തനികളിലേക്കുള്ള പുരോഗതിയെ പ്രതിനിധീകരിക്കുന്നു. ഇത് പരിണാമത്തിലെ മറ്റൊരു പ്രധാന നാഴികക്കല്ലാണ്. അടുത്തത് നരസിംഹമാണ്, അത് ഭാഗികമായി സിംഹവും ഭാഗികമായി മനുഷ്യനുമാണ്. അത്തരമൊരു മൃഗമൊന്നുമില്ലല്ലോ. പക്ഷേ ഇത് പ്രാകൃത സസ്തനിയിൽ നിന്ന് മനുഷ്യനിലേക്കുള്ള പരിണാമത്തിന്റെ പ്രതീകമാണ്. പരിണാമത്തിന്റെ അടുത്ത ഘട്ടം പ്രാകൃത മനുഷ്യനാണ്. ഹ്രസ്വവും രോമമുള്ളതുമായ മനുഷ്യനായ വാമനൻ ഇതിനെ ശരിയായി പ്രതിനിധീകരിക്കുന്നു.

പരിണാമത്തിൽ അടുത്തത്, ആറാമത്തേത് നട്ടെല്ലുള്ള, പൂർണ്ണമായും നിവർന്ന് നിൽക്കാവുന്ന, മനുഷ്യനാണ് പരശുരാമൻ. അദ്ദേഹം ശാരീരികമായി പൂർണ്ണമായി പരിണമിച്ചുവെന്നും, ശക്തനാണെന്നും ദൃഢചിത്തനാണെന്നും മറ്റും കാണിക്കുന്നതിന് നിരവധി, ചിലപ്പോൾ അതിശയോക്തി കലർന്ന, കഥകളുണ്ട്. ഒറ്റയടിക്ക് അദ്ദേഹം അനവധി ക്ഷത്രിയ യോദ്ധാക്കളെ കൊന്നൊടുക്കി, ഗോകർണം എന്ന സ്ഥലത്ത് നിന്ന് ഒരു മഴു എറിഞ്ഞത്, അഞ്ഞൂറിലധികം കിലോമീറ്റർ അകലെ, ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള കന്യാകുമാരി എന്ന സ്ഥലത്ത് ചെന്നാണ് വീണതത്രേ അതിനാൽത്തന്നെ, ഭൗതിക പരിണാമം പൂർത്തിയായി എന്ന് അനുമാനിക്കാം. അപ്പോൾ ഇനി മുതൽ സംഭവിക്കേണ്ടത് ബൗദ്ധികവും, ആദ്ധ്യാത്മികവും ധാർമ്മികവുമായ തലങ്ങളിലെ പരിണാമമാണ്. അത്തരം പരിണാമത്തിന് ഇനിയും ധാരാളം ആവശ്യകതയും സാധ്യതകളുമുള്ള പരുക്കനായ മനുഷ്യനായ അദ്ദേഹത്തിന് ദുരഭിമാനം, അമിത ആക്രമണോത്സുകത മുതലായവയിൽ നിന്നും മോചനവും, എളിമ, സമചിത്തത, സഹനശക്തി, സഹാനുഭൂതി മുതലായ പല ഗുണങ്ങളും നേടേണ്ടതായും ഉണ്ട്.

ഏഴാമത്തെ അവതാരമായ ശ്രീരാമനാകുമ്പോൾ അത് സംഭവിക്കുന്നു. അദ്ദേഹം ശക്തനായ ഒരു രാജകുമാരനാണ്. ബൗദ്ധികവും, ആദ്ധ്യാത്മികവും ധാർമ്മികവുമായ തലങ്ങളിലെല്ലാം വളരെയധികം പുരോഗമിച്ച അദ്ദേഹം ഒരു ഉത്തമ പുത്രനാണ്. പിതാവിന്റെ എല്ലാ ആഗ്രഹങ്ങളും അറിഞ്ഞ് അനുസരിക്കുന്നു. രാജകുമാരന്മാർ ബഹുഭാര്യാത്വം പാലിച്ചിരുന്ന ആ കാലത്ത്, ഏകഭാര്യ വ്രതം പിന്തുടരുമെന്ന് അദ്ദേഹം സ്വയം തീരുമാനിച്ചു. ചില നിബന്ധനകൾ കാരണം പതിന്നാലു വർഷക്കാലം അദ്ദേഹത്തിന് കാട്ടിലേക്ക് പോകേണ്ടി വന്നു. പുതിയ രാജാവാകാൻ പൂർണ്ണമായ ഒരുക്കങ്ങൾ ആയതിന് ശേഷം കിരീടധാരണത്തിന്റെ തലേ

ന്നായിരുന്നു. ഇത്. അദ്ദേഹം തന്റെ പിതാവിന്റെ പ്രതിസന്ധി പൂർണ്ണമായി മനസ്സിലാക്കുന്നു. താഴ്മയുള്ളവനായ അദ്ദേഹം അച്ഛന്റെ ഹിതമറിഞ്ഞ് തന്റെ രാജ്യം ത്യജിക്കുന്നു. ഉയർന്ന ധാർമ്മികമൂല്യങ്ങളുടെ അപൂർവ പ്രദർശനമായിരുന്നു അത്. (വിശദമായ സംഭവകഥ രാമായണ ഇതിഹാസത്തിൽ അടങ്ങിയിരിക്കുന്നു.) പരിണാമത്തിന്റെ പരമകോടിയിലെത്താൻ പൂർണ്ണമായും സജ്ജമായി, അതുവഴി അദ്ദേഹം ദൈവവുമായി ഒന്നായിത്തീരുന്നു.

അടുത്ത അവതാരമായ ബലരാമൻ, കൃഷി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഒരാളെ പ്രതിനിധീകരിക്കുന്നു. പ്രതീകാത്മകമായി, അദ്ദേഹത്തിന്റെ ചുമലിൽ ഒരു കലപ്പ ആയുധമായി ചുമന്ന് കൊണ്ട് നടക്കുന്നതായി കാണിക്കുന്നു. ഇത് നദീതീരത്തെ നാഗരികതകളുടെയും ലോകമെമ്പാടുമുള്ള സംഘടിത കൃഷിയുടെയും കാലഘട്ടത്തിലെത്തുന്ന പൊതുവായ പരിണാമ ഘട്ടത്തെ പ്രതിനിധീകരിക്കുന്നു. അടുത്തത് ഒൻപതാമത്തെ അവതാരം, പശുക്കളെ വളർത്തുന്നതിലും മറ്റ് ജോലികളിലും ഏർപ്പെട്ടിരിന്ന ഒരു സാധാരണ മനുഷ്യനെ പ്രതിനിധീകരിക്കുന്ന ശ്രീകൃഷ്ണനാണ്. ഒരു രാജ കുടുംബത്തിലെ യുദ്ധം ഒഴിവാക്കാൻ ചർച്ചകളിൽ ഏർപ്പെടുന്ന ഒരു പ്രായോഗിക മനുഷ്യൻ കൂടിയാണ് അദ്ദേഹം. യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന പാണ്ഡവർക്ക് ഒരു വശത്ത് നയപരമായ ഉപദേശങ്ങൾ നൽകുന്നു. മറുവശത്ത് യുദ്ധം ഒഴിവാക്കാനുള്ള സന്ധിസംഭാഷണങ്ങൾ നടത്തുന്നു. ഒരു സാധാരണ കുടുംബത്തിൽ നിന്ന് വന്ന അദ്ദേഹം, പിന്നീട് ഒരു രാജാവായിത്തീരുന്ന, ധാർമ്മികതയും പ്രായോഗികതയും ഒരുപോലെ കൈകാര്യം ചെയ്യുന്ന മനുഷ്യനാണ്. പരിപൂർണ്ണത നേടി, അദ്ദേഹം പരിണാമം പൂർത്തിയാക്കി, ബ്രഹ്മനുമായി ലയിച്ചു. പല സാധാരണ മനുഷ്യരും പൂർണ്ണപരിണാമം കൈവരിക്കുന്നതായി ഇത് കാണിക്കുന്നു. അവസാനത്തേത് കൽക്കി ആണ്. അത് ഇനിയും വരാനിരിക്കുന്ന, എല്ലാ മതങ്ങളും പ്രവചിക്കുന്ന അന്തിമ മഹാപ്രളയത്തെ പ്രതിനിധീകരിക്കുന്നു.

മുകളിൽ വ്യക്തമാക്കിയതുപോലെ, ഈ പത്ത് അവതാരങ്ങളും പ്രപഞ്ചത്തിൽ നടക്കുന്ന പരിണാമത്തിന്റെ കഥ തന്നെയാണ്. സമുദ്ര ജീവികളിൽ നിന്ന് ആരംഭിച്ച്, പതുക്കെ ഭൂമിയിലേക്ക് കുടിയേറുന്നു, ക്രമേണ സസ്തനികളായി പരിണമിക്കുന്നു, പ്രാകൃത മനുഷ്യൻ, ശാരീരികമായി തികഞ്ഞ മനുഷ്യൻ എന്നീ ഘട്ടങ്ങളിലൂടെ പുരോഗമിച്ച് ബൗദ്ധികവും, ആദ്ധ്യാത്മികവും, ധാർമ്മികവുമായ പൂർണ്ണത കൈവരിക്കുന്ന പ്രബുദ്ധ മനുഷ്യനായി ഒടുവിൽ ബ്രഹ്മനിൽ വിലയിക്കുന്നു. പിന്നെ, ഈ മുഴുവൻ ചക്രവും നിരവധി തവണ തിരിഞ്ഞു കൊണ്ടേ ഇരിക്കുന്നു. ഇത് തന്നെയാണ് ആധുനിക ശാസ്ത്രത്തിൽ മുന്നോട്ടു വച്ചിട്ടുള്ള സിദ്ധാന്തവും. പ്രപഞ്ചം മുഴുവൻ ഒരു ചെറിയ വളരെ ഘനമുള്ള ഗോളമായി ആരംഭിച്ച് ഒരു മഹാവിസ്ഫോടനത്തോടെ വികസിക്കുകയും ചെയ്യുന്നു. ഊർജ്ജം സാവധാനം 'ഘനീഭവിച്ച്' വാതകങ്ങൾ, വിവിധ നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ എന്നിവയായി മാറുന്നു. ജീവിതം ക്രമേണ ആരംഭിക്കുകയും പരിണാമം പുരോഗമിക്കുകയും, ഒടുവിൽ പരിണാമത്തിന്റെ ലക്ഷ്യം കൈവരിക്കുകയും ചെയ്യുന്നു. വീണ്ടും മഹപ്രളയത്തോടുകൂടി ആ ചക്രം സമാപിക്കുന്നു. വീണ്ടും, അടുത്ത ചക്രം തുടങ്ങുവാനായി മാത്രം.

എന്നാൽ ഹിന്ദുമതത്തിൽ ഈ സിദ്ധാന്തം അതിലും അപ്പുറത്തേയ്ക്ക് പോകുന്നു. ജീവികൾക്ക് പരിണാമത്തിന്റെ ഓരോ ഘട്ടത്തിലും ഉയർന്ന തലത്തിലേക്ക് പരിണമിക്കാനുള്ള ശേഷി അവയിൽത്തന്നെ അന്തർലീനമായ ദൈവീക സ്ഫുരണം ആണ്. നിർജ്ജീവ അണുക്കളും, കണികൾ പോലും ആ അന്തർലീനമായ കഴിവുപയോഗിച്ച് ഏക കോശ ജീവികളായും, പിന്നീട് ബഹുകോശ ജീവികളിലേക്കും സാവധാനം പരിണമിച്ച് കൊണ്ടേ ഇരിക്കുന്നു. അങ്ങനെ അവ ക്രമേണ ഉരഗങ്ങൾ, സസ്തനികൾ, വാനരന്മാർ, മനുഷ്യർ, പരിപൂർണ്ണരായ അല്ലെങ്കിൽ പ്രബുദ്ധരായ മനുഷ്യൻ എന്നീ ഘട്ടങ്ങളിലൂടെ അദ്വൈതവേദാന്തമനുസരിച്ച് അവസാനം ദൈവത്തിൽ അഥവാ ബ്രഹ്മനിൽ അലിഞ്ഞുചേരുകയും ചെയ്യുന്നുവെന്ന് ഹിന്ദുമതം വിശ്വസിക്കുന്നു. അതിനാൽ മനുഷ്യരിൽ മാത്രമല്ല, ജന്തുക്കളിലും, സസ്യങ്ങളിലും നിർജ്ജീവ വസ്തുക്കളിൽ പോലും ദൈവീകത്വം നിലനിൽക്കുന്നു. അതാണ് ഹിന്ദുക്കൾ തൂണിലും തുരിമ്പിലും ദൈവം അഥവാ ബ്രഹ്മനുണ്ടെന്ന് വിശ്വസിക്കുന്നത്. ഇവിടെയാണ് സനാതന ധർമ്മ വീക്ഷണം സെമിറ്റിക് മതങ്ങളിൽ നിന്നും വളരെ വ്യത്യസ്തമാകുന്നത്. സെമിറ്റിക് മതങ്ങളിൽ മനുഷ്യർ 'പാപികൾ' (ആദി പാപം ചെയ്യുകയാൽ) ആകുമ്പോൾ, സനാതനമതത്തിൽ അവർ ദൈവീകത്തിന്റെ ഉടമകളാണ്.

* * *

# മരം എന്ന ദിവ്യാത്ഭുതം

എൻ. രാജശേഖരൻ

ഭൂമിയിലുള്ള സമസ്ത ജീവജാലങ്ങൾക്കും നന്മകൾ മാത്രം ചെയ്തുകൊടുത്ത് കൊണ്ട് ആകാശം മുട്ടെ തല ഉയർത്തി നിൽക്കുന്ന ദിവ്യാത്ഭുതമാണ് മരങ്ങൾ. മരങ്ങൾ കൊണ്ടുള്ള എണ്ണമറ്റ ഗുണങ്ങൾ വിവരിക്കുവാൻ പ്രയാസമാണ്. സംശുദ്ധമായ വായു, ജലം, ആഹാരം, മരുന്നുകൾ എന്നിവ മനുഷ്യന് നൽകുന്നത് മരങ്ങളാണ്. മഴക്കാലത്ത് മണ്ണൊലിപ്പും തടയുകയും ആയിരക്കണക്കിന് സൂക്ഷമജീവികൾക്ക് അഭയം നൽകികൊണ്ട്, ശ്വസിക്കുന്നതിന് വേണ്ട പ്രാണവായു നൽകുന്നതും മരങ്ങൾ തന്നെയാണ്. അന്തരീക്ഷത്തിൽ നിന്ന് കാർബൺ ഡൈ ഓക്സൈഡിനെ വലിച്ചെടുത്ത് കാലാവസ്ഥാ വ്യതിയാനത്തെ ഫലപ്രദമായി തടഞ്ഞു നിർത്തുന്നതും മരങ്ങളാണ്.

മരങ്ങൾ ഭൂമിയിൽ കണ്ട് തുടങ്ങിയിട്ട് സുമാർ 400 ലക്ഷം വർഷങ്ങളായിരിക്കുന്നു. അതിന് എത്രയോ ശേഷമാണ് (100 ലക്ഷം വർഷങ്ങൾക്കു മുമ്പ്) മനുഷ്യൻ ഭൂമിയിൽ എത്തിയത്. ഭൂമിയുടെ 1/3 ഭാഗത്ത് മാത്രമേ മരങ്ങൾ കാണപ്പെടുന്നുള്ളൂ. എങ്കിലും, കാർബൺ വിസർജ്ജനത്തിന്റെ 2/3 ഭാഗവും പ്രകാശസംശ്ലേഷണം വഴി വലിച്ചെടുക്കുന്നത് മരങ്ങളിൽ ധാരാളമായി കാണപ്പെടുന്ന ഇലകൾ വഴിയാണ്.

ഇലകൾ ഇങ്ങനെ വലിച്ചെടുക്കുന്ന കാർബൺ ഡൈ ഓക്സൈഡിൽ നിന്ന് കാർബണെ ഭൂമിയിൽ നിക്ഷേപിക്കുന്നു. ഇങ്ങനെ നിക്ഷേപിക്കപ്പെടുന്ന കാർബൺ ഭൂമിക്കടിയിലുള്ള സൂക്ഷ്മജീവികൾക്ക് ആഹാരമായി തീരുന്നു. കൂടാതെ, ഭൂമിയെ ഫലഭൂയിഷ്ഠമാക്കുന്നതിനും സഹായിക്കുന്നു. ഭൂമിയിലെ ഊർജ്ജത്തിന് ഇലകൾ ഏറെ സഹായിക്കുന്നു. മരങ്ങൾ കൂട്ടമായി നിൽക്കുമ്പോൾ വനമായി തീരുന്നു. മരങ്ങളെ ആശ്രയിച്ചു കഴിയുന്ന എത്ര, എത്ര ജീവജാലങ്ങളുണ്ടെന്നോ അവയുടെ പട്ടിക നമ്മെ അത്ഭുതപ്പെടുത്തുക തന്നെ ചെയ്യും.

### മരങ്ങളെ ആശ്രയിച്ചു നിൽക്കുന്ന സസ്യങ്ങൾ

1. ചുറ്റിക്കയറുന്ന വള്ളികൾ
2. പറ്റിപിടിച്ചു കയറുന്ന വള്ളികൾ
3. തടിയിലും, ശാഖകളിലും കാണുന്ന അതിജീവി സസ്യങ്ങൾ (Epiphytes)
4. പാരസൈറ്റുകൾ (Parasites)
5. തടിയിൽ കാണുന്ന ലൈക്കണുകൾ
6. മരത്തിന്റെ അടിയിൽ, വേരുകൾക്കിടയിൽ കാണുന്ന ചെറു സസ്യങ്ങൾ എന്നിവ.

### ഇനി മരങ്ങളെ ആശ്രയിച്ച് കഴിയുന്ന ജന്തുക്കളെ നോക്കാം.

1. അണ്ണാൻ, വവ്വാൽ എന്നീ സസ്തനികൾ
2. പക്ഷികൾ കായ് തിന്നുന്നവ, തേൻ കുടിക്കുന്നവ, കീടങ്ങളെ ഭക്ഷിക്കുന്ന പക്ഷികൾ, കൂട് കൂട്ടുന്ന പക്ഷികൾ, വിശ്രമിക്കാൻ വേണ്ടി മരത്തിന്റെ ശാഖകളിൽ എത്തുന്നവ, മുട്ട ഇടുന്ന പക്ഷികൾ
3. മരത്തവള, ചൊറിത്തവള, എന്നീ ഉഭയജീവികൾ
4. പല്ലികൾ, അരണകൾ, ഓന്തുകൾ, ഉടുമ്പ്, പാമ്പ് എന്നീ ഉരഗങ്ങൾ
5. വിട്ടിലുകൾ, പൂമ്പാറ്റകൾ, നിശാശലഭങ്ങൾ, തേനീച്ചകൾ, ചാഴികൾ, എന്നീ ഷഡ്പദങ്ങൾ
6. തേൾ, പഴുതാര, ചിലന്തികൾ, എന്നിവ
7. ഒച്ചുകൾ
8. മരത്തിന്റെ ചുവട്ടിലെ മണ്ണിര, ആയിരക്കണക്കിന് സൂക്ഷ്മജീവികൾ എന്നിവ

ഇതിൽ ഒരു കാര്യം വ്യക്തമാണ്. മരം എന്നത് കേവലം ഒരു ജീവി മാത്രമല്ല, ഒരു ജൈവസമൂഹമാണ്. ഒരു മരം മുറിച്ച് മാറ്റുമ്പോൾ എത്ര ജീവികൾക്ക് ആണ് നാശം സംഭവിക്കു

ന്നതെന്ന് ഓർക്കുക. മരത്തിന്റെ ചുവട്ടിൽ വിശ്രമിക്കുകയും, മറ്റനേകം ഗുണങ്ങൾ മരത്തിൽ നിന്ന് ലഭിക്കുകയും ചെയ്യുന്ന നമ്മളും മുകളിൽ പറഞ്ഞ ജൈവ സമൂഹത്തിലെ അംഗങ്ങളാണ്. ഒരു തണൽ മരത്തിന്റെ ചുവട്ടിൽ നിന്ന്, തുറസ്സായ സ്ഥലത്തേക്കാൾ $25^0$ കുളിർമ അനുഭവപ്പെടും. മരങ്ങളെ ആശ്രയിച്ചു കഴിയുന്ന വൈവിധ്യമാർന്ന ജന്തുജാലങ്ങളുടെ ഒരു വലിയ നിര തന്നെ കണ്ടു കഴിഞ്ഞു. അസംഖ്യം ഷഡ്പദങ്ങൾ പക്ഷികൾ, മറ്റ് ജന്തുക്കൾ, നിരവധി ജീവികൾ- അവരും അവരുടെ ജീവിതത്തിന് മരത്തോടാണ് കടപ്പെട്ടിരിക്കുന്നത്. കാലാവസ്ഥ ഭേദപ്പെടുത്താനും, നന്നാക്കാനും മരങ്ങൾക്ക് കഴിയുന്നു എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

വനത്തിൽ ജീവിക്കുന്ന മരങ്ങൾക്ക് തമ്മിൽ ബന്ധപ്പെടാനുള്ള കഴിവുണ്ട്. അവയുടെ വേരുകളിൽ പരസ്പരം ബന്ധപ്പെടാൻ network ഉണ്ട്. മരങ്ങൾ/ചെടികൾ പ്രകാശസംശേഷണം വഴി ആഹാരം തയ്യാറാക്കുമ്പോൾ, sugar, organic moleculse എന്നിവ ഉണ്ടാകുകയും, അവ ഫംഗസിന് (Fungus) നൽകുകയും ചെയ്യുന്നു. ഫംഗസാകട്ടെ മണ്ണിൽ നിന്ന് വെള്ളവും, വളവും മരങ്ങൾക്ക് നൽകുന്നു. ഏതാണ്ട് മുഴുവൻ മരങ്ങളും ഫംഗസ് വഴി തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു.

മുതിർന്ന മരങ്ങളാകട്ടെ അവരുടെ വേരുകൾ ആഴത്തിലേക്കിറക്കി, അതിന്റെ വേരുകളിലെ network വഴി ചെറിയ തൈകളെ വളരാൻ സഹായിക്കുന്നു. ഒരു മരത്തോട് ചേർന്നുള്ള ഫംഗസ് വരൾച്ച, ഉപദ്രവകാരികളായ ഷഡ്പദങ്ങളുടെ ആക്രമണം എന്നിവയെപ്പറ്റി മരത്തിന് വേണ്ട മുന്നറിയിപ്പ് നൽകുന്നു. അതുപോലെ, മരങ്ങളുടെ വേരുകളോട് ബന്ധിപ്പിച്ചിട്ടുള്ള network മരത്തിന്റെ പ്രതിരോധശക്തി വർദ്ധിപ്പിക്കുന്നു. ക്ഷതം പറ്റിയ മരങ്ങൾ network വഴി ഭൂമിയിലുള്ള കാർബൺ ശേഖരം ചെറിയ മരങ്ങൾക്ക് നൽകുന്നു.

മണ്ണിലുള്ള ആയിരക്കണക്കിന് സൂക്ഷ്മ ജീവികളുമായി സമ്പർക്കം പുലർത്തിയാണ് മരങ്ങൾ ഭൂമിയിൽ കഴിയുന്നത്. അന്തരീക്ഷത്തിൽ നിന്ന് കാർബണെ വലിച്ചെടുക്കുമ്പോൾ കൂടുതലുള്ള കാർബൺ മണ്ണിലേക്ക് വേരുകൾ വഴി എത്തിച്ച് കൊടുക്കുന്നു. ഇത് സൂക്ഷ്മജീവികളുടെ ആഹാരമായി തീരുന്നു. അങ്ങനെ മണ്ണ് കൂടുതൽ ഫലപൂയിഷ്ടമാകുന്നു.

നമ്മുടെ ഭൂമിയിൽ ഏകദേശം 3 ട്രില്യൻ (ഒരു ട്രില്യൻ = പതിനായിരം കോടി) മരങ്ങൾ ഉണ്ടായിരുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ, നിരന്തരമായ വനം നശീകരണത്തിന്റെയും, മരങ്ങൾ അരിഞ്ഞ് വീഴ്ത്തുന്നതിന്റെയും ഫലമായി മരങ്ങളുടെ എണ്ണത്തിൽ വലിയ ഒരു കുറവുണ്ടായിട്ടുണ്ട്. ഒരു വർഷം 10 മില്യൺ (10= മില്യൺ ഒരു കോടി) മരങ്ങൾ വീതം നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ വൻനശീകരണത്തിന്റെ ഫലമാണ് ആഗോളതാപനത്തിലും, കാലാവസ്ഥാ വ്യതിയാനത്തിലും നമ്മെ എത്തിച്ചിരിക്കുന്നത്. ഒരു ഹെക്ടർ വനം 750 ടൺ കാർബൺ ഡൈ ഓക്സൈഡാണ് അന്തരീക്ഷത്തിൽ നിന്ന് നീക്കം ചെയ്യുന്നത്. മരങ്ങൾ നിഷ്കരുണം വെട്ടി നശിപ്പിക്കുമ്പോൾ, അന്തരീക്ഷത്തിലെ തങ്ങിനിൽക്കുന്ന $co_2$ (കാർബൺഡൈഓക്സൈഡ്) ആഗിരണമാണ് ഇല്ലാതാകുന്നത് എന്നോർക്കുക. ജീവനുള്ള മരങ്ങൾ ഇപ്രകാരം $co_2$ ആഗിരണം ചെയ്യുമ്പോൾ മരിച്ച മരങ്ങൾ $co_2$ നെ പുറത്തേക്ക് വിടുകയാണ് ചെയ്യുന്നത്.

2007-ലെ വേനൽക്കാലത്ത് ആർട്ടിക്ക് മഞ്ഞ് മലയിലെ പാറപോലെ ഉറച്ച മഞ്ഞ് വളരെ വേഗത്തിൽ ഉരുകുകയുണ്ടായി. ഈ ഉരുകൽ അത്യന്തം സംഭ്രമജനകവും, ഭയാനകവുമായിരുന്നു. ഇതിനെ തുടർന്നാണ് $co_2$ ന്റെ അന്തരീക്ഷത്തിലെ അളവ് അപകടനിലയിലെത്തിയിരിക്കുന്നു എന്ന സൂചന ശാസ്ത്രജ്ഞർക്കു ബോധ്യമായത്. ഇതിനെ തുടർന്ന് ഹിമാലയ പർവ്വതത്തിലും സമാനമായ ലക്ഷണങ്ങൾ കാണുകയുണ്ടായി. അന്തരീക്ഷത്തിലെ $co_2$ ന്റെ അളവ് കുറക്കുന്നതിന് നഷ്ടപ്പെട്ട മരങ്ങൾക്ക് പകരം കോടിക്കണക്കിന് മരങ്ങൾ വച്ച് പിടിപ്പിക്കേണ്ടിയിരിക്കുന്നു.

വനത്തിന്റെ ആകെയുള്ള വിസ്തൃതിയുടെ പകുതിയിൽ കൂടുതൽ മനുഷ്യൻ തന്റെ ആർഭാടത്തിനും ഭൗതികാവശ്യങ്ങൾക്കുമായി നശിപ്പിച്ച് കഴിഞ്ഞു. ഭൂമിയിലെ ജൈവൈവിധ്യം നശിക്കുവാൻ വലിയ കാലതാമസമില്ലെന്ന ശാസ്ത്രജ്ഞന്മാരുടെ മുന്നറിയിപ്പിനെ തുടർന്നു നൂറ്റിഅമ്പതോളം രാഷ്ട്രതലവന്മാർ 1992-ൽ ബ്രസീലിലെ റയോഡി ജനീറോ പട്ടണത്തിൽ വച്ച് ഭൗമ ഉച്ചകോടി (Earth Submit) സമ്മേളം നടത്തി. പ്രസ്തുത സമ്മേളനത്തിൽ രണ്ട് തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി. ഭൂമിയിലെ ഒരിഞ്ച് വനഭൂമി

പോലും നശിപ്പിച്ചു പോകരുതെന്നായിരുന്നു ആദ്യത്തെ തീരുമാനം. രണ്ടാമത്തെ തീരുമാനം ജൈവവൈവിധ്യത്തിന്റെ ഉടമസ്ഥാവകാശത്തെ പ്പറ്റിയായിരുന്നു. ഈ തീരുമാനങ്ങളെ തുടർന്നാണ് ഇന്ത്യ ഉൾപ്പെടെയുള്ള എല്ലാ രാജ്യങ്ങളും വന സംരക്ഷണത്തിനുള്ള നിയമം പാസ്സാക്കിയത്.

ഇതിനെ തുടർന്നുള്ള ഗവേഷണങ്ങളുടെയും വിപുലമായ പഠനങ്ങളുടെയും വെളിച്ചത്തിൽ ഐക്യരാഷ്ട്രസംഘടന തന്നെ മുൻകൈ എടുത്ത് പതിനായിരം കോടി (Trillion Tree Compaign) മരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള ബ്രഹത്തായ ഒരു പദ്ധതിക്ക് രൂപം കൊടുത്തിരിക്കുന്നു. ലോകത്തെമ്പാടുമുള്ള പൗരന്മാർക്ക് ധാരാളമായി മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനുള്ള പ്രോത്സാഹനമായിട്ടാണ് ഈ പ്രസ്ഥാനം ആരംഭിച്ചിരിക്കുന്നത്. ലോകത്തിലെ മിക്ക കമ്പനികളും, ഗവൺമെന്റുകളും ഈ സംരംഭത്തിന് സാമ്പത്തിക സഹായം നൽകാമെന്ന് ഏറ്റിരിക്കുന്നു. നശിപ്പിക്കപ്പെട്ട മരങ്ങൾക്ക് പകരമായി പുതിയവ വച്ച് പിടിപ്പിക്കേണ്ടിയിരിക്കുന്നു. ഇത്തരം ഒരു വൻപ്രസ്ഥാനത്തിന് ലോകത്തെമ്പാടുമുള്ള എല്ലാ പൗരന്മാരും മുന്നോട്ട് വരേണ്ടതാണ്. ഐക്യരാഷ്ട്രസംഘടനയുടെ ഈ ലക്ഷ്യം കൈവരിച്ചാൽ പരിസ്ഥിതി, ജൈവവൈവിധ്യം എന്നിവ പൂർവ്വസ്ഥിതിയിലാക്കുമെന്ന് തന്നെയുമല്ല എണ്ണമററ സാമ്പത്തിക പ്രയോജനങ്ങളും സിദ്ധിക്കുന്നതാണ്. കൂടാതെ, മണ്ണിന്റെ ഫലപൂയിഷ്ഠി പതിന്മടങ്ങ് വർദ്ധിക്കുന്നതിനു കാരണമാകുന്നു. മണ്ണിന്റെ ജലസംഭരണശേഷി വർദ്ധിക്കുന്നു. ഇതിന്റെ ഫലമായി കാർഷിക വിഭവങ്ങൾ വർദ്ധിക്കുകയും, കൂടുതൽ വരുമാനത്തിനിടയാകുന്നു. വനം നശീകരണം, ഇത്രയും പ്രവർത്തനങ്ങളുടെ ഫലമായി ഇല്ലാതാകുന്നു. വനനശീകരണത്തിന്റെ ഫലമായുണ്ടായ മണ്ണൊലിപ്പിന് ഒരു ശാശ്വത പരിഹാരമുണ്ടാകുന്നു. പശ്ചിമഘട്ട നിരകളിലെ ഏറ്റവും വലിയ പ്രശ്നം മണ്ണൊലിപ്പാണ്. ഒരു മഴപെയ്താൽ അവിടെ വെള്ളപ്പൊക്കമുണ്ടാകുന്നു. കാരണം, വെള്ളം താഴേക്ക് പോകാതെ കുത്തിയൊലിച്ച് പോകുന്നതുകൊണ്ടാണിത്.

## മരം കൊണ്ടുള്ള പ്രയോജനങ്ങൾ

മരംകൊണ്ട് മനുഷ്യന് നിരവധി ഗുണങ്ങളാണുള്ളത്. അവയിൽ ചിലത് മാത്രം താഴെ കൊടുക്കുന്നു.

1. ഒരു മരം ഒരു വർഷം 250 പൗണ്ട് ഓക്സിജനെയാണ് പുറത്തേക്ക് വിടുന്നത്.
2. അന്തരീക്ഷത്തിലെ മാലിന്യമായ കാർബൺ ഡൈഓക്സൈഡിനെ വലിച്ചെടുത്ത് ശുദ്ധമായ ഓക്സിജൻ ഉല്പാദിപ്പിക്കുകയാണ് മരങ്ങളും സസ്യങ്ങളും ചെയ്യുന്നത്. 1990-2007നും മധ്യേ ലോകത്തിൽ ഗതാഗത രംഗത്ത് നിന്ന് വിസർജ്ജിച്ച കാർബൺ ഡൈഓക്സൈഡിന്റെ 1/3 ഭാഗവും വലിച്ചെടുത്തത് വനങ്ങളാണു.
3. അന്തരീക്ഷ ഊഷ്മാവിന്റെ 2-8$^0$C വരെ കുറക്കാൻ മരങ്ങൾക്കു കഴിവുണ്ട്.
4. മരങ്ങൾ, അന്തരീക്ഷത്തിൽ നിന്ന് പൊടി, പുക, ഉപദ്രവകാരികളായ വാതകങ്ങൾ എന്നിവയെ ഒരു അരിപ്പപോലെ അരിച്ചെടുത്ത് വായുവിനെ സംശുദ്ധമാക്കുന്നു.
5. ഇലകൾ, $CO_2$നെ വലിച്ചെടുക്കുന്ന അതേ മാർഗ്ഗം (Stomato) വഴി നൈട്രജൻ, ഓക്സൈഡ്, സൾഫർ എന്നിവയെ - വലിച്ചെടുക്കുന്നു.
6. ഇവാപ്പോ ട്രാൻസ്പിരേഷൻ (Evapotranspriation) വഴി ഇലകൾ അന്തരീക്ഷത്തെ കുളിർമയുള്ളതാക്കുന്നു. ഈർപ്പത്തെ (ജലകണങ്ങളെ) പുറത്തേക്ക് വിട്ടുകൊണ്ടാണ് മരങ്ങൾ അന്തരീക്ഷത്തെ കുളിർമയുള്ളതാക്കുന്നത്. ഒരു ഓക്കു മരം (oaktree) ഒരു വർഷം 40000 ഗാലൻ ജലമാണ് ഇപ്രകാരം പുറത്തേക്ക് വിടുന്നത്.
7. മരങ്ങൾ മണ്ണൊലിപ്പ് തടയുക മാത്രമല്ല മണ്ണിന്റെ ജലസംഭരണശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇപ്പോൾ ആകെ പെയ്യുന്ന മഴയുടെ അമ്പതു ശതമാനം ജലവും മണ്ണിന്റെ ആഴത്തിലേക്ക് ഇറങ്ങാതെ കുത്തിയൊലിച്ച് പോകുകയാണ്. മണ്ണൊലിപ്പ് മൂലം ഫലപൂയിഷ്ഠിയേറിയ മേൽമണ്ണ് നഷ്ടമാകുന്നു. വീണ്ടും അത്രയും മേൽമണ്ണ് ഉണ്ടാകണമെങ്കിൽ 200 വർഷങ്ങൾ വരെ എടുക്കുന്നതാണ്. അന്തരീക്ഷതാപം ഉയരുന്നതനുസരിച്ച് കാർഷികോൽപ്പാദനം കുറയുകയാണ് ചെയ്യുന്നത്.

അന്തരീക്ഷതാപം ഉയരുന്നത് കാർബൺ ഡൈ ഓക്സൈഡിന്റെ സാന്നിദ്ധ്യം കൊണ്ടാ

ണെന്ന് ഇതിനകം ബോധ്യമായല്ലോ? ഭാവിയിൽ $CO_2$ന്റെ അളവ് കൂടാതെയിരിക്കാൻ പാരമ്പര്യേതര ഊർജ്ജസ്ത്രോതസ്സുകളായ സൗരോർജ്ജം, പവനോർജ്ജം, ഭൂതാപവൈദ്യുതി എന്നിവ ഉപയോഗിക്കുകയാണ് വേണ്ടത്. കൽക്കരി നിലയങ്ങൾ ഉപേക്ഷിക്കുകയും വേണം. പക്ഷേ, അന്തരീക്ഷത്തിൽ ഇതിനകം കെട്ടികിടക്കുന്ന കാർബൺ ഡൈ ഓക്സൈഡിനെ വലിച്ചെടുത്ത് വായു സംശുദ്ധമാക്കിയാൽ മാത്രമേ അന്തരീക്ഷതാപം കുറക്കാനും, അതുവഴിയുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനത്തിൽ ഉദ്ദേശിക്കുന്നത്ര പുരോഗതി കൈവരിക്കാനും കഴിയൂ! ആ ലക്ഷ്യം വരിക്കാൻ വനവൽക്കരണവും, കോടിക്കണക്കിന് മരങ്ങൾ വച്ച് പിടിപ്പിക്കുകയും വേണം.

ഈ സന്ദർഭത്തിൽ, കഴിഞ്ഞ 10 വർഷങ്ങളായി 40000-ൽപ്പരം വൃക്ഷങ്ങൾ നട്ടുവളർത്തി സംരക്ഷിച്ച് പോരുന്നു. കർണ്ണാടക സ്റ്റേറ്റിൽ, ഉത്തരകന്നഡയിൽ, ആങ്കോള താലൂക്കിൽ ഹൊന്നാലി ഗ്രാമത്തിൽ ജനിച്ച തുളസി ഗൗഡയെ സ്മരിച്ച് പോകുന്നു. 2020-ൽ പത്മശ്രീ പുരസ്കാരം നൽകി രാജ്യം അവരെ ആദരിച്ചു.

ഇനിയും അലംഭാവം കാട്ടി ഒന്നും ചെയ്യാതിരുന്നാലുണ്ടാകാൻ പോകുന്ന ദുരിതങ്ങൾ വേദനാജനകമായിരിക്കും. അടുത്ത 5 വർഷം കൂടി ഇങ്ങനെ പോയാൽ അന്തരീക്ഷമാകെ കാർബൺ ഡൈ ഓക്സൈഡ് വാതകത്താൽ പൊതിയുമെന്ന് മനസ്സിലാക്കേണ്ടതാണ്. ഈ അവസരത്തിലാണ്, ഐക്യരാഷ്ട്രസംഘടന തന്നെ മുൻകൈ എടുത്ത് മുന്നോട്ട് വച്ചിട്ടുള്ള പതിനായിരം കോടി മരങ്ങൾ (Trillion Tree Compaign) ലോകമെമ്പാടും വച്ചു പിടിപ്പിക്കാനുള്ള സംരംഭത്തെ നോക്കികാണേണ്ടത്. ഈ മഹത്തായ ലക്ഷ്യം നിറവേറ്റാൻ എല്ലാ ലോകരാഷ്ട്രങ്ങളും, പൗരന്മാരും മുന്നോട്ട് വരേണ്ടതാണ്.

അലംഭാവം കാട്ടി വെറുതെയിരിക്കാൻ ഇനി സമയമില്ല, തന്നെ ഇനി വൃക്ഷരാജനായ അരയാലിനെപ്പറ്റിയും, മരത്തിന്റെ പട്ടികയിൽ പെടുത്താൻ കഴിയില്ലെങ്കിൽ കൂടി മരത്തിന് പകരം വക്കാവുന്ന ഭാവിയിലെ കൽപ്പവൃക്ഷമായ മുളയെപ്പറ്റിയും നോക്കാം.

### അരയാൽ

വൃക്ഷങ്ങളുടെ രാജാവാണ് അരയാൽ. ഹിന്ദുപുരാണമനുസരിച്ച് ശിവൻ, വിഷ്ണു, ബ്രഹ്മാവ് എന്നീ ദേവന്മാരുടെ സാന്നിദ്ധ്യം അരയാലിൽ ഉണ്ടെന്ന് വിശ്വസിക്കുന്നു. അരയാലിന്റെ കറ ഉപയോഗിച്ചാണ് ശ്രീരാമന്റെ മുടി ജടയാക്കിയെതെന്ന ഒരു വിശ്വാസമുണ്ട്. മോഹൻജോദാരോയിൽ നിന്ന് ലഭിച്ച തെളിവുകളിൽ അരയാലിന്റെ ചിത്രമുണ്ടായിരുന്നു. ആദിമ മനുഷ്യൻ വരെ അരയാലിനെ ബഹുമാനിക്കുകയും, പൂജിക്കുകയും ചെയ്തിരുന്നു. വേദകാലം മുതൽക്ക് തന്നെ രാവിലെ കുളികഴിഞ്ഞ് ശുദ്ധിയോടെ എല്ലാവരും അരയാലിനെ വലം വച്ച് തൊഴുതിരുന്നു. മഹാനായ ശ്രീബുദ്ധഭഗവാന് ജ്ഞാനം സിദ്ധിച്ചത് അരയാലിന്റെ ചുവട്ടിൽ ധ്യാനനിരതനായി ഇരിക്കവേയാണ്. അങ്ങനെ ഭാരതീയ സംസ്കാരത്തിൽ അരയാലിനുള്ള സ്ഥാനം അനുപമമാണ്.



അന്തരീക്ഷത്തിൽ നിന്നും കാർബൺ ഡൈ ഓക്സൈഡിനെ വലിച്ചെടുത്ത് ഓക്സിജനെ പുറം തള്ളാനുള്ള അരയാലിന്റെ കഴിവ് എല്ലാവർക്കും അറിവുള്ളതാണ്. ജനത്തിരക്ക് വളരെ കൂടതലുള്ള ക്ഷേത്രങ്ങളിൽ അരയാൽ നിർബന്ധമായും വച്ച് പിടിപ്പിച്ചിരുന്നത് ഈ കഴിവ് കൊണ്ടാണ്. ഇത് കൂടാതെ ശക്തമായ ഇടിമിന്നൽ നടക്കുമ്പോൾ, മിന്നലിനെ തന്റെ ശരീരത്തിൽ ഭൂമിയിലേക്ക് എർത്ത് ചെയ്ത് മറ്റ് ജീവജാലങ്ങളെ രക്ഷിക്കുന്ന പുണ്യപ്രവർത്തികൂടി അരയാൽ നിർവ്വഹിക്കുന്നു.

അരയാലിന്റെ എല്ലാ ഭാഗങ്ങളും ഔഷധഗുണമുള്ളതാണ്.

മരങ്ങൾ നാം സാർവ്വത്രികമായി വച്ചു പിടിപ്പിക്കുമ്പോൾ അരയാൽ വച്ചു പിടിപ്പിക്കാൻ മറക്കരുത്. തുറസ്സായ സ്ഥലത്ത് കമ്പ് മുറിച്ച് നട്ട് അരയാൽ വളർത്തേണ്ടതാണ്.

## മുളയും വനവൽക്കരണവും

ആഗോളതാപനവും, കാലാവസ്ഥാ വ്യതിയാനവും നിമിത്തം ലോകമാകെ ഉത്കണ്ഠയോടെ കഴിയുമ്പോൾ പ്രതീക്ഷയോടെ നോക്കുന്നത് വൃക്ഷങ്ങളെയാണ്. കാർബൺ ഡൈഓക്സൈഡിന്റെ പുറം തള്ളൽ ഭയാനകാം വിധം കൂടിയിരിക്കെ, മരങ്ങൾക്കും, സസ്യങ്ങൾക്കും എന്താണ് ചെയ്യാൻ കഴിയുക എന്നതാണ് ലോകം ഉറ്റുനോക്കുന്നത്. വനങ്ങളെല്ലാം വെട്ടി നശിപ്പിച്ചും, മരങ്ങൾ അരിഞ്ഞ് വീഴ്ത്തിയും പ്രകൃതിക്ക് വലിയ നാശനഷ്ടങ്ങളാണ് മനുഷ്യൻ വരുത്തിവച്ചത്. മരങ്ങൾക്കും സസ്യങ്ങൾക്കും $CO_2$ (കാർബൺ ഡൈ ഓക്സൈഡ്)നെ സ്വാംശീകരിച്ച്, പ്രകാശസംശ്ലേഷണം നടത്തി, അന്തരീക്ഷത്തിന് ഓക്സിജൻ സംഭാവന ചെയ്യാനുള്ള കഴിവ് പ്രസിദ്ധമാണ്.

മരത്തെപ്പറ്റി നാം വിശദമായി ചർച്ച ചെയ്തു കഴിഞ്ഞു. ഇനി മരത്തിനു, പകരം വക്കാവുന്ന ഒരു കല്പവൃക്ഷം തന്നെ പ്രകൃതി നമുക്ക് നൽകിയിട്ടുണ്ട്, അതാണ് മുള.

മുള ശരിക്കും ഒരു മരമല്ല, പക്ഷേ മുള ഭാവിയിലെ മരമാണ് താനും. പുല്ല് വർഗ്ഗത്തിൽ പോയേസി (poacace) കുടുംബത്തിൽപ്പെടുന്ന ഒരു സസ്യമാണ് മുള.

മനുഷ്യന്റെ ആദിമകാലം മുതൽ മുളയുടെ ഉപയോഗങ്ങൾ കണ്ടെത്തിയിരുന്നു. നിർമ്മാണ മേഖലയിൽ നാം സജീവമായി ഉപയോഗിക്കാൻ പോകുന്നത് മുളയായിരിക്കും.

വീട്, പാലങ്ങൾ, ഔഷധങ്ങൾ, ആഹാരം അങ്ങനെ നിരവധി കാര്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഒരു സസ്യമാണ് മുള.

ഇതിനെല്ലാം ഉപരിയായി ഈ സസ്യം അന്തരീക്ഷത്തിൽ നിന്ന് 30% വരെ കാർബൺ ഡൈ ഒക്സൈഡിനെ സ്വീകരിച്ച് 30% കൂടുതൽ ഓക്സിജൻ പുറത്തേക്ക് വിടുന്നു എന്നതാണ് മുളയുടെ ശ്രേഷ്ഠമായ ഒരുഗുണം. അതിനാൽ ഈ ആഗോളതാപവർദ്ധന കാലത്ത് മുളകൾ മറ്റ് മരങ്ങളോടൊപ്പം വച്ച് പിടിപ്പിക്കണമെന്നത് മനുഷ്യരാശിയുടെ എന്നല്ല ഈ ലോകത്തിന്റെ തന്നെ നിലനിൽപിന് അത്യന്താപേക്ഷിതമായിരിക്കുന്നു.

അന്നം മുതൽ ഔഷധം വരെ എല്ലാറ്റിനും ആശ്രയിക്കാവുന്ന മുള green gold എന്നാണറിയപ്പെടുന്നത്. 120-ൽ പ്പരം ജെനസ്സുകളിലായി 1400 ഇനം മുളകൾ ഇന്ന് നിലവിലുണ്ട്. ഇന്ത്യയിൽ 25 ജെനുസസുകളിൽ 136 ഇനം മുളകൾ കാണപ്പെടുന്നുണ്ട്. മുളകളിലെ പ്രധാന വിളവ് അതിന്റെ തടി തന്നെയാണ്. മുളകൂമ്പ്, മുളയരിയും മനുഷ്യന് ഭക്ഷണമായി ഉപയോഗിക്കുന്നു.

ഭൂകമ്പസാദ്ധ്യതയുള്ള സ്ഥലങ്ങളിൽ വീടുകൾ നിർമ്മിക്കാൻ മുളയാണ് ഉപയോഗിക്കുന്നത്. മുളയുടെ തടി നേർത്ത പാളികളായി പായ് നെയ്യാം, വസ്ത്രങ്ങൾ, പേപ്പർ, കരകൗശലവസ്തുക്കൾ, ഫർണിച്ചർ എന്നിങ്ങനെ നിരവധി ആവശ്യങ്ങൾ മുളകൊണ്ട് നിറവേറ്റാം.


## ഡാൻസ്, കരാട്ടേ, വയലിൻ ക്ലാസ്സുകൾ

എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ഡാൻസ്, കരാട്ടേ, വയലിൻ ക്ലാസ്സുകൾ ആരംഭിക്കുന്നു.

**ഡാൻസ് - വ്യാഴാഴ്ചയും വെള്ളിയാഴ്ചയും വൈകിട്ട് 5.00 മണിക്ക്**
**കരാട്ടെ - തിങ്കളാഴ്ചയും ശനിയാഴ്ചയും വൈകിട്ട് 5.00 മുതൽ 6.30 വരെ**
**വയലിൻ - ഞായറാഴ്ച രാവിലെ 10.00 മണിക്ക്**

**വിശദവിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.**

**വിളിക്കേണ്ട നമ്പർ - 0484 2361160**

ജനറൽ സെക്രട്ടറി എറണാകുളം കരയോഗം

വേൾഡ് ബാംബു കോർപ്പറേഷൻ (INBAR) തുടങ്ങിയ ഗവേഷണ സംഘങ്ങൾ മുളയെപ്പറ്റി ഗവേഷണങ്ങൾ നടത്തി വരുന്നു. കേരളത്തിൽ പീച്ചിക്കടുത്ത് Forest rearch institute ആണ് ഇന്ത്യയിലെ ഇൻഫോർമേഷൻ സെന്റർ.

കാർബൺ ഡയോക്സൈഡിന്റെ അളവ് കൂടുതൽ തടയുകയും മറ്റ് സസ്യങ്ങളെ അപേക്ഷിച്ച് 30 ശതമാനം അധികം ഓക്സിജൻ പുറത്തേക്ക് വിടുന്നു മുളങ്കാടുകൾ എന്ന് നേരത്തേ സൂചിപ്പിച്ചല്ലോ ഇത് കൂടാതെ നദീ തീരങ്ങളിൽ മുളകൾ നടുന്നത് വളരെ ഉത്തമമാണ്. ജീവജാലങ്ങളുടെ ആവാസവ്യവസ്ഥക്കും, മണ്ണൊലിപ്പ് തടയാനും വളരെ ഉപകരിക്കുന്നു, കൂടാതെ ഉപ്പിനെ പ്രതിരോധിച്ചു നർത്തുന്ന മുളകളായ Bambusa Bambos, Dendrocalamus strictus ഇവ കടൽ തീരത്ത് ധാരാളമായി വച്ചു പിടിപ്പിച്ചാൽ, കടൽ ക്ഷോഭ സമയത്തും, ചുഴലിക്കാറ്റിലും പ്രതിരോധമായി നിൽക്കുന്നതാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

വളരെ വേഗത്തിൽ വളരുന്ന സസ്യമാണ് മുള, അതിനാൽ വനവൽക്കരണത്തിന് മുളകൾ ധാരാളമായി നടുന്നത് വളരെ ആവശ്യമാണ്.

ചൈനയാണു മുളകൊണ്ടുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നവരിൽ മുന്നിൽ നിൽക്കുന്നത്. ഏറ്റവും കൂടുതൽ മുള ഉൽപ്പാദിപ്പിക്കുന്നതും ചൈനയിൽ തന്നെ അവിടെ 26 തരത്തിൽ, മുന്നൂറോളം വർഗ്ഗങ്ങളുണ്ട്. ഇന്ത്യ ഉൽപ്പാദനത്തിൽ രണ്ടാം സ്ഥാനത്താണ് കേരളത്തിൽ കാണുന്ന മുളകൾ. ഏണി മുള, ബാൽക്കുവ മുള, പച്ചമുള, കല്ലൻ മുള പറമുള, ബിലാത്തിമുള, ഈറങ്കോൽ, നീളൻ കല്ലൻ മുള എന്നിവയാണ്.

വന വൽക്കരണത്തിനും, മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനുമുള്ള പരമപ്രാധാന്യം നാം കണ്ടു കഴിഞ്ഞു. ആഗോള താപനം ഉയർന്നുകൊണ്ടിരിക്കുന്ന അതീവ സംഭ്രമജനകമായ ഈ കാലഘട്ടത്തിൽ, താപവർദ്ധനവിന് കാരണമായ കാർബൺ പുറത്തേക്ക് കളയുന്ന പ്രവർത്തി പൂർണ്ണമായി തന്നെ ഒഴിവാക്കേണ്ടതാണ്. അതിനുള്ള ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

* നടപ്പാതകളിലും, നിരത്തുകളിലിരുവശത്തും ധാരാളമായി തന്നെ മരങ്ങൾ വച്ച് പിടിപ്പിക്കണം.
* വനനശീകരണം കർശനമായി തടയണം
* വാഹനങ്ങൾ പാർക്ക് ചെയ്യുന്ന സ്ഥലങ്ങളിൽ മരങ്ങൾ കൂടുതലായി വച്ച് പിടിപ്പിക്കണം.
* വനങ്ങളിൽ തന്നെ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിൽ കൂടുതലായി മരങ്ങൾ നട്ട് നിബിഡ വനങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കണം.
* വ്യാവസായികാവശ്യങ്ങൾക്ക് വേണ്ടി വിദേശവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്ന രീതി അവസാനിപ്പിക്കണം. ഇത് നൈസർഗ്ഗീക വനങ്ങൾ വൻതോതിൽ നശിക്കുന്നതിന് ഇടയാക്കുന്നു.
* നിലവിലുള്ള കാടുകൾ പൂർണ്ണമായി സംരക്ഷിക്കണം.
* ഗ്രാമപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന സർപ്പക്കാവുകൾ പുനരുദ്ധരിക്കണം. അവ സംരക്ഷിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകണം.



* വനവത്കരണ പരിപാടികളിൽ ഫലവൃക്ഷങ്ങൾക്ക് പരമപ്രാധാന്യം നൽകണം. കാരണം ഇത് ഭക്ഷ്യസുരക്ഷിതക്ക് സഹായകമാകുമെന്നത് തന്നെ.
* പൊതു സ്ഥലത്ത് വച്ച് പിടിപ്പിച്ചിട്ടുള്ള മരങ്ങൾ മുറിക്കുകയൊ, ശാഖകൾ അരിഞ്ഞ് വീഴ്ത്തുകയൊ ചെയ്യുന്നത് ശിക്ഷാർഹമായ കുറ്റമാക്കികൊണ്ട് നിയമ നിർമ്മാണം നടത്തണം.
* റോഡുകൾ വന്നു ചേരുന്ന ചെറിയ ജംഗ്ക്ഷനുകളിലും ഓട്ടോറിക്ഷ സ്റ്റാൻഡുകൾ, ടാക്സി സ്റ്റാൻഡുകൾ എന്നിവിടങ്ങളിൽ തണൽ മരങ്ങൾ വച്ച് പിടിപ്പിക്കണം. ഓട്ടോറിക്ഷ ഡ്രൈവർമാർക്കു, ടാക്സിഡ്രൈവർമാർക്കും എളുപ്പത്തിൽ ചെയ്യാവുന്ന ഒരു പരിപാടിയാണിത്.

ഒരു തണൽ മരം, തുറസ്സായ സ്ഥലങ്ങളെക്കാൾ 25° കുളിർമ നൽകുന്നതാണ്.

മണ്ണിന്റെ അഗാധതയിലേക്ക് വേരോടിച്ച് ആകാശം മുട്ടെ വളർന്ന് നിൽക്കുന്ന മരങ്ങളെ നോക്കൂ. പ്രകൃതിയിലെ ഒരു ദിവ്യാത്ഭുതം തന്നെയാണവ. അന്തരീക്ഷ ശുചീകരണത്തിനും മണ്ണിലെ ജലസംരക്ഷണത്തിനും, ഫലങ്ങൾ ലഭിക്കുന്നതിനും പിന്നെ എണ്ണിയാലൊടുങ്ങാത്ത ജീവജാലങ്ങൾക്ക് അഭയസ്ഥാനം അരുളിക്കൊണ്ടും അങ്ങനെ എത്രയെത്ര ഉപകാരങ്ങളാണ് അവ നമുക്ക് നൽകുന്നത്.

(ശേഷം പേജ് 66)

# 10-ാം ചരമ വാർഷികം

## 11-10-2021



**സി. മാലതി അമ്മ**
**ചെറുപറമ്പത്ത് വീട്**
**എസ്.എ. റോഡ്**
**കടവന്ത്ര**
**കൊച്ചി - 682020**

# 9-ാം ചരമവാർഷികം

## 08.10.2021



**സരസ്വതി അമ്മ**
കെഴുപ്പിള്ളിൽ ഹൗസ്
കടവന്ത്ര
കൊച്ചി - 682020

# 10-ാം ചരമവാർഷികം

## 04.10.2021



**പാരിജാതം. ജി. മേനോൻ**
മേലങ്ങത്ത്
ആലപ്പാട്ട് റോഡ്
രവിപുരം, കൊച്ചി - 682016

# പഞ്ചമഹായജ്ഞങ്ങൾ

എം.ആർ.എസ്. മേനോൻ ഫോൺ - 9495755140

പഞ്ചമഹായജ്ഞങ്ങളിൽ അഞ്ചാമത്തേതാണെങ്കിലും സാമൂഹ്യതലത്തിൽ ഏററവും പ്രധാനപ്പെട്ടതാണ് ഭൂതയജ്ഞം. ഇതിന് വൈശ്വദൈവയ്ജ്ഞമെന്നും പേരുണ്ട്. രോഗാതുരർ, പതിതർ (സമൂഹത്തിന്റെ മുഖ്യധാരയിൽപ്പെടാത്തവർ) വീട്ടുമൃഗങ്ങൾ പക്ഷി മൃഗാദികൾ എന്നിവയെ സംരക്ഷിക്കുന്നത് ഭൂതയജ്ഞത്തിന്റെ ഭാഗമാണ്.

പശു, കുതിര, മാർജ്ജാരൻ, ഒട്ടകം, കഴുത, കുരങ്ങ്, എലി, സർപ്പം, കാക്ക മുതലായ പക്ഷികൾ, ഈച്ചകൾ മുതലായവ പ്രാണിവർഗ്ഗങ്ങളെ സ്വപുത്രന്മാരെപ്പോലെ കരുതി അവക്കും ഭക്ഷണാദികൾ കൊടുക്കാനായി അധികധനത്തെ ഉപയോഗിക്കണം തന്റെ പുത്രന്മാർക്കും. ഇവർക്കും തമ്മിൽ എന്തു ഭേദം. രണ്ടുപേരും തന്നെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ, ആവശ്യത്തിലധികം ദനം കൈവശമുള്ള ഗൃഹസ്ഥൻ പശ്വാദികളേയും പുത്രന്മാരെപ്പോലെ കരുതി സംരക്ഷിക്കണം (ശ്രീമദ്ഭാഗവതം 7-14.10) തനിക്കനുവദിക്കാനുള്ള പദാർത്ഥങ്ങളെ യഥായോഗ്യം ശ്വാക്കൾക്കും പതിതന്മാർക്കും വിഭജിച്ചു കൊടുക്കണം. (ശ്രീമദ് ഭാഗവതം 7.14.12) അധിക ധനം എന്താണന്ന് ഭാഗവതം വ്യക്തമാക്കുന്നു എത്രത്തോളമുള്ള അന്നാദിപദാർത്ഥത്താൽ പ്രാണധാരണം ചെയ്യാൻകഴിയുമോ അത്രത്തോളം പദാർത്ഥത്തിൽ മാത്രമേ ദേഹികൾക്ക് സ്വന്തമായി കരുതാൻ അവകാശമുള്ളു യാതൊരുവൻ അതിലധികം തന്റേതെന്ന് അഭിമാനിക്കുന്നുവോ അവർക്കുള്ളതാകുന്നു ഭാഗവതം. (ഭാഗവതം 7.14.9)

യജ്ഞ ശിഷ്ടമായി വരുന്ന അന്നാദികൾ ശ്വാക്കൾ, പതിതന്മാർ, കുഷ്ഠം, ക്ഷയം മുതലായ രോഗങ്ങളാൽ കഷ്ടപ്പെടുന്നവർ കാക്ക, കൃമി എന്നിവക്കു നൽകണമെന്ന് മനുസ്മൃതിയിൽ വ്യക്തമാക്കുന്നു സെമിററിക് മതങ്ങൾ പ്രപഞ്ചത്തിൽ എല്ലാം മനുഷ്യന് വേണ്ടി സൃഷ്ടിച്ചു എന്ന വിശ്വസിക്കുമ്പോൾ അവയ്ക്കു എത്രയോ ആയിരം വർഷം മുമ്പ് രൂപം കൊണ്ട് ഭാരതീയ സംസ്കൃതി സർവ്വ ജീവജാലങ്ങളെയും സൃഷ്ടിക്കുന്നത്, ഈശ്വരനാണെന്നും അവയെയെല്ലാം രക്ഷിക്കേണ്ടത് മനുഷ്യന്റെ കടമയാണെന്നമുള്ള ഉദാത്തമായ ആശയം നമ്മേ പഠിപ്പിക്കുന്നു. നമ്മുടെ പ്രാണൻ നിലനിർത്താൻ ആവശ്യമായത് മാത്രമേ തനിക്കു ഈ പ്രപഞ്ചത്തിൽ നിന്ന് എടുക്കാൻ അർഹതയുള്ളുവെന്ന സനാതന ധർമ്മത്തിന്റെ അടിസ്ഥാന ആശയം മറന്നതാണ് ഇന്നത്തെ ലോകത്തിലെ അസമത്വത്തിന് കാരണം.

സർവ്വഭൂതങ്ങളിലും അന്തര്യാമിയായി വർത്തിക്കുന്ന ആത്മാവ് ഭഗവാൻ തന്നെയാണെന്നും ആത്മസ്വരൂപമായ ഭഗവാനിൽ സർവ്വഭൂതങ്ങളും വസിക്കുന്നുവെന്നും കാണുന്നവനാണ് യഥാർത്ഥഭക്തൻ എന്ന് ശ്രീമദ്ഭാഗവതം വ്യക്തമാക്കുന്നു. ഇതേ ആശയം തന്നെയാണ് പഞ്ചമഹായജ്ഞങ്ങളിലൂടെ നമ്മുടെ സംസ്കൃതി പകർന്നു തന്നതും മനുഷ്യൻ ഭക്ഷണം കഴിക്കുന്നതിന് മുമ്പ് വീട്ടിലെ വളർത്തുമൃഗങ്ങൾക്ക് ഭക്ഷണം നൽകുകയെന്ന് നമ്മുടെ ഭവനങ്ങളിൽ പിന്തുടർന്നു വന്ന ശീലമായിരുന്നു. വീടുകളിൽ രാവിലെ അരിപ്പൊടികൊണ്ട് കോലമിടുന്ന സമ്പ്രദായത്തിന്റെ പിന്നിൽ ഉറുമ്പ് മുതലായ ചെറുജീവികൾക്കു

വരെ ആഹാരമായി ഭവിക്കട്ടെ എന്ന ആശയം കൂടി ഉണ്ടായിരുന്നു. പക്ഷേ, നാം ഈ തത്വം മറന്ന് ഭക്ഷ്യയോഗ്യമല്ലാത്ത് ചോക്ക് പൊടിപോലെത്തെ വർണ്ണപ്പൊടികൾ കൊണ്ട് നിർമ്മിച്ച കോലപ്പൊടി കൊണ്ട് കോലങ്ങൾ വരക്കുന്നു. മൃഗങ്ങൾക്കും പക്ഷികൾക്കും, കൃമികൾക്കു വരെ ആഹാരം നൽകണമെന്ന ഭാഗവതത്തിലെ ആശയങ്ങളുടെ പൂർത്തീകരണമാണിത്. തൃപ്രയാർ, ഇരിങ്ങാലക്കുട ക്ഷേത്രങ്ങളിലെ മീനൂട്ട്, ശാസ്ത്രാംകോട്ട ക്ഷേത്രത്തിലെ കുരങ്ങന് ഭക്ഷണം നൽകൽ, കാസർകോട്ട് അനന്തപുരം ക്ഷേത്രത്തിലെ നിവേദ്യച്ചോറ് മാത്രം ഭക്ഷിക്കുന്ന മുതല. ശ്രീകൃഷ്ണക്ഷേത്രങ്ങളിലെ ഗോപൂജ, പറശ്ശിനിക്കടവ് മുത്തപ്പക്ഷേത്രത്തിലെ നായ, ഗജപൂജ, ആനയൂട്ട് തുടങ്ങിയ വൈവിദ്ധ്യമാർന്ന ആചാരങ്ങളെല്ലാം ഭൂതയജ്ഞത്തിന്റെ പ്രായോഗികപാഠങ്ങളാണ്.

നമ്മുടെ കാവുകളും കാവുകളിൽ സംരക്ഷിക്കുന്ന ജൈവവൈവിദ്ധ്യവും ഈ ഭൂമിയിൽ എല്ലാ ജീവജാലങ്ങൾക്കു ഒരിടം എന്ന ആശയത്തിന്റെ പ്രായോഗിക പാഠങ്ങളാണ്. കൃഷ്ണനോടൊപ്പം ഗോവിനേയും ശിവനോടൊപ്പം കാളയേയും, സർപ്പത്തേയും സരസ്വതിയൊടൊപ്പം നീല ഹംസത്തേയും ഗണപതിയോടൊപ്പം എലിയേയും അയ്യപ്പനോടൊപ്പം പുലിയേയും, സുബ്രഹ്മണ്യനോടൊപ്പം മയിലിനേയും ആരാധിക്കുന്ന പാരമ്പര്യം എല്ലാ ജീവജാലങ്ങളും ഈ ഭൂമിയുടെ അവകാശികളാണെന്ന തത്ത്വത്തെത്തന്നെയാണ് പ്രകാശിപ്പിക്കുന്നത്. പഞ്ചമഹായജ്ഞങ്ങളെ സ്വജീവിതത്തിൽ പകർത്താൻ കഴിയുന്ന ഒരു ജനതക്കു മാത്രമേ ശ്രേയസ് നേടാൻ കഴിയൂ. (പഞ്ചമഹായജ്ഞങ്ങൾ എന്ന ഈ പരമ്പര അവസാനിച്ചു - 9037126220)

*****


ഓം നമോ നാരായണായ

ചോള പാണ്ഡ്യ പല്ലവ കാലത്തിന്റെ ശില്പഗോപുരങ്ങളും സ്തംഭഗോപുരങ്ങളും
നിലപാട് നിൽക്കുന്ന ആൾവാർമാരുടേയും നായനാർമാരുടേയും
തിരുവായ്മൊഴികളുടെ അലയൊലികളൊഴിയാത്ത

**തമിഴ്നാട്ടിലെ ക്ഷേത്രങ്ങളിലൂടെ**



**2021 ഡിസംബർ 15 ന് ആരംഭിച്ച് 22ന് തിരിച്ചെത്തുന്ന**

# സോമശേഖരൻ ഭാരതി സ്വാമികൾ

**നയിക്കുന്ന പുണ്യയാത്ര**

2021 ഡിസംബർ മാസം15ന് വെളുപ്പിന് തൃപ്പയാർ ശ്രീരാമക്ഷേത്രസന്നിധിയിൽ നിന്ന് പുറപ്പെട്ട് **പഴനി, മധുര, രാമേശ്വരം, കുംഭകോണം, നവഗ്രഹക്ഷേത്രങ്ങൾ, ചിദംബരം, സ്വാമിമല, തഞ്ചാവൂർ, ശ്രീരംഗം, നാമക്കൽ ഹനുമാൻ ക്ഷേത്രം** തുടങ്ങിയ വിവിധ പുകൾപെറ്റ ക്ഷേത്രങ്ങളും **മലക്കോട്ട, തിരുവൻകാവ്, കരൂർകൊടുമുടിശിവക്ഷേത്രം, നരസിംഹക്ഷേത്രം, തൃച്ചൻകോട് അർദ്ധനാരീശ്വര ക്ഷേത്രം, തിരുച്ചന്തൂർ, തിരുപ്പുറംകുണ്ട്രം, പേരൂർ, മരുതമല, ഇഷ ശിവക്ഷേത്രം, സത്യമംഗലം അമ്മൻകോവിൽ** തുടങ്ങിയ മറ്റ് അനവധി ക്ഷേത്രങ്ങളും സന്ദർശിച്ച് 21ന് തിരിച്ചെത്തുന്നു.

ബസ്‌യാത്ര, താമസം, വെജിറ്റേറിയൻ ഭക്ഷണം ഉൾപ്പെടെ 7 ദിവസത്തെ യാത്രയ്ക്ക് ഒരാൾക്ക് ₹9,500/-
യാത്ര പുറപ്പെടുന്നതിന്റെ തലേന്ന് തൃപ്രയാറിൽ താമസസൗകര്യവും ഭക്ഷണവും ഏർപ്പാട് ചെയ്യുന്നതാണ്.

വിവരങ്ങൾക്ക്: **സോമശേഖരൻ ഭാരതി,** ഇല്ലത്ത്ഹൗസ്, നാട്ടിക പി.ഒ., തൃശൂർ - 680 566
**ഫോൺ: 8129888033, 8075839714, 8281891700**

sreegraphics/tvr

Advt

# ഭാരതത്തിന്റെ ശാസ്ത്രപൈതൃകം – 1

സി. രാമചന്ദ്രൻ – 9995820684

പ്രാചീന ഈജിപ്തിലേയും ബാബിലോണിയയിലേയും മറ്റും സംസ്കാരങ്ങളുടെ സുവർണ്ണകാലം പുലരുന്ന വേളയിൽത്തന്നെ ഭാരതത്തിലും നാഗരികത ഉദിച്ചുയർന്നു പരിലസിച്ചിരുന്നു എന്നു കാണാൻ കഴിയും. ഹാരപ്പ, മോഹഞ്ചദാരോ, ധോളാവിരാ, ലോഥാൽ തുടങ്ങിയ നഗരങ്ങളും നൂറോളം ചെറു ഗ്രാമങ്ങളും ചേർന്നുനിന്ന ഒരു സംസ്കൃതിയായിരുന്നു അത്. സുസംഘടിതമായ ഒരു രാഷ്ട്രീയ വ്യവസ്ഥ അവിടെ നിലനിന്നിരുന്നു. അവിടെ അന്നു പ്രചാരത്തിലിരുന്ന ലിപിയുടെ വടിവിന്റെ ഉച്ചാരണവും അർത്ഥവും വിശകലനം ചെയ്യാനാകാത്തതിന്റെ പരിമിതിയാണ് പലതിനെയും ഗോപ്യമാക്കുന്നത്. ക്രിസ്തുവിന് 1500 വർഷംമുമ്പ് അസ്തമിച്ച പ്രസ്തുത സംസ്കാരം അതിനുമുമ്പ് ഒരു 1500 വർഷക്കാലം നിലനിന്നിരുന്നു എന്നാണ് കാണുന്നത്. കുഴിച്ചെടുത്ത അവശിഷ്ടങ്ങൾ കാണിക്കുന്നത്, ആസൂത്രണത്തിന്റെയും ഭരണനിർവഹണത്തിന്റെയും മികച്ച മാതൃകയാണിവിടെ, നിലനിന്നിരുന്നതെന്നാണ്.

വീതി കൂടിയ പ്രധാന വീഥികളെ ഖണ്ഡിക്കുന്ന വീതികുറഞ്ഞ വഴികൾ നഗരത്തെ ചതുരംചതുരമായ ബ്ലോക്കുകളായി തിരിച്ചിരുന്നു. കെട്ടിടങ്ങളുണ്ടാക്കുവാൻ ചുട്ടെടുത്ത ഇഷ്ടികതന്നെ ഉപയോഗിച്ചിരുന്നു. വീടിനകത്തെ കുളിമുറിയും മലിനജല നിർഗമന സംവിധാനങ്ങളും, സമാന്തരമായി ഓടകളുള്ള റോഡുകളും മറ്റും ഇന്നത്തെ ഒരു പ്ലാൻ സിറ്റിയെ അനുസ്മരിപ്പിക്കുന്നവയാണ്. വീടിനകത്തെ കുളിമുറി കൂടാതെ പൊതുവായ സ്നാനഘട്ടങ്ങളും അവരുടെ നഗരാസൂത്രണ ചാതുരിയെ വെളിപ്പെടുത്തുന്നതായിരുന്നു. കാർഷിക സംസ്കൃതിയെ വിളിച്ചോതുന്ന ധാന്യപ്പുരകളും അവിടവിടെ കാണാമായിരുന്നു. കൃഷിക്കാരോടൊപ്പം കരകൗശല വിദഗ്ധരും കച്ചവടക്കാരും ഇടകലർന്നു ജീവിച്ചതിന്റെ തെളിവുകളുമുണ്ട്.

ചക്രമുള്ള ഒരു കളിവണ്ടി ലഭിച്ചതിൽ നിന്ന് ചക്രവും വണ്ടികളും നിലവിലുണ്ടായിരുന്നു എന്നു വേണം അനുമാനിക്കുവാൻ. കുശവന്റെ ചക്രം ഉപയോഗിച്ചുണ്ടാക്കിയ കളിമൺപാത്രങ്ങളും അവിടെ നിന്നു ലഭിച്ചു. തൂക്കക്കട്ടികളാണ് പരിഷ്കൃതമായ മറ്റൊന്ന്. ഒന്ന്, രണ്ട്, അഞ്ച്, പത്ത് എന്നിങ്ങനെയായിരുന്നു കട്ടികളുടെ സംവിധാനം. നൂറ്റാണ്ടുകൾക്കുശേഷമുണ്ടായ കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ വിശദീകരിക്കുന്ന അളവുതൂക്കങ്ങളോട് ഇവയ്ക്കുള്ള സാദൃശ്യം ശ്രദ്ധേയമാണ്.

ഇന്ന് റാൻ ഓഫ് കച്ച് എന്ന് അറിയപ്പെടുന്ന അന്നത്തെ ധാരാവിളാ നഗരത്തിന്റെ അവശിഷ്ടങ്ങൾ ഇന്നു കണ്ടെത്തിയിട്ടുണ്ട്. തീരദേശനഗരമായ ലോഥാലിൽ നിന്നും കണ്ടെടുത്ത വസ്തുക്കളിൽ നിന്ന് അവർക്ക് പശ്ചിമേഷ്യൻ രാജ്യങ്ങളുമായുണ്ടായിരുന്ന നാവിക – വാണിജ്യ ബന്ധങ്ങളെക്കുറിച്ചുള്ള സൂചന ലഭിക്കും. ഒമാനിൽ ഖനനം ചെയ്ത ചെമ്പുകൊണ്ടാണ് ഹാരപ്പൻ നാണയങ്ങളുണ്ടാക്കിയിരുന്നത്. നാണയങ്ങളിൽ കാണുന്ന മൃഗരൂപങ്ങൾ സിറിയയിലും ഗ്രീസിലുമുള്ള മൃഗങ്ങളുടേതാണ്. അക്കാലത്തെ അമ്മ ദൈവാരാധനയുടെ സാദൃശ്യതയും സാംസ്കാരികമായ കലർപ്പിന്റെ സൂചനകളാണ്. സാങ്കേതിക വിദ്യയുടെയും, ചിന്താഗതികളുടെയും കൈമാറ്റം ക്രിസ്തുവിനു രണ്ടായിരം വർഷങ്ങൾക്കു മുമ്പു മുതലേ ഉണ്ടായിരുന്നു എന്നനുമാനിക്കാം.

ബി.സി. 1500 നടുത്ത് വടക്കുപടിഞ്ഞാറുനി

ന്ന് കൊടുങ്കാറ്റുപോലെ അടിച്ചുകയറിയ കുടി യേറ്റക്കാരാണ് സൈന്ധവ നാഗരികതയെ തകർത്തതെന്ന ഒരാരോപണമുണ്ടല്ലോ. എന്നാൽ ചില വസ്തുതകൾ കാണിക്കുന്നത് അതിനു മുമ്പു തന്നെ ഹാരപ്പൻ നാഗരികത ക്ഷയോന്മുഖമായിക്കഴിഞ്ഞിരുന്നു എന്നാണ്. അതേക്കുറിച്ച് വ്യക്തതയും കൃത്യതയുമില്ല. ഇത്തരം സന്ദർഭങ്ങളിൽ അവരവരുടെ താല്പര്യങ്ങൾക്കനുസരിച്ചായിരിക്കും വ്യാഖ്യാനം. എന്നാൽ യൂറോ - ആര്യൻ സംസ്കൃതിയുടെ വ്യാപനം ഇവിടെ ദൃശ്യമാണ്. കുതിരകൾ വരുന്നു, ഇരുമ്പ് വ്യാപകമാകുന്നു. ഭാഷകൾ കലരുന്നു, ഒരു പുതിയ സാംസ്കാരിക സംഗമ പ്രക്രിയ രൂപം കൊള്ളുന്നു.

ഏതാണ്ട് അതോടെ വേദങ്ങളുടെ രൂപീകരണം തുടങ്ങി. അതിൽ, ശത്രുക്കളെ നിഗ്രഹിക്കുന്നതിനും ഗോക്കളെ രക്ഷിക്കുന്നതിനും ദേവതകളോടുള്ള പ്രാർത്ഥനയുണ്ട്. ഗഹനമായ ദാർശനിക പ്രശ്നങ്ങളുണ്ട്. സർവ്വോപരി, ജ്യോതിശാസ്ത്രം, ഗണിതം, ശരീരശാസ്ത്രം തുടങ്ങിയ വിജ്ഞാന മേഖലകളും പ്രതിപാദിതമാകുന്നു.

ജ്യോതിശാസ്ത്രത്തിന്റെ അന്നത്തെ വളർച്ചയുടെ പ്രേരണ ഘടനം മുഹൂർത്തങ്ങൾ നിർണയിക്കലായിരുന്നു. യാഗങ്ങളുടെയും പൂജകളുടെയും തുടക്കം ഗ്രഹങ്ങളുടെയും നക്ഷത്രങ്ങളുടെയും വിന്യാസപ്രകാരമാകണം. അതിനായുള്ള പരിശ്രമത്തിനിടയിൽ ചന്ദ്രന്റെ ചലനചക്രം പൂർത്തിയാകുന്ന സമയത്തെ ചാന്ദ്രമാസമായും, സൂര്യന്റെ വാർഷികചക്രം പൂർത്തിയാകുമ്പോൾ സംവത്സരമായും അവർ മനസ്സിലാക്കി. വൃദ്ധി - വൃദ്ധിക്ഷയങ്ങൾ, ഗ്രഹണങ്ങൾ, നാളുകൾ, വേലിയേറ്റ ഇറക്കങ്ങൾ തുടങ്ങിയ പ്രതിഭാസങ്ങളെ നിരീക്ഷിക്കുകയും, തങ്ങളാൽ കഴിയുന്ന വിശദീകരണങ്ങൾ നൽകുകയും ചെയ്തിരുന്നു. വിശദീകരണങ്ങളില്ലാത്തത് കഥകളിൽ ഒതുക്കി. ലഗധന്റെ വേദാംഗജ്യോതിഷം, ഗ്രഹ-നക്ഷത്ര സഞ്ചാരങ്ങളെ ചിട്ടപ്പെടുത്തുവാനുള്ള ഒരു ശ്രമമാണ്. ഉത്തരായനത്തെയും, ദക്ഷിണായനത്തെയും വേർതിരിക്കുവാനും, സൗരവർഷത്തിലെ ദിവസങ്ങൾക്കു കൃത്യത നൽകുവാനും യുഗങ്ങളേയും, മഹായുഗങ്ങളേയും വിഭാവന ചെയ്യുവാനും അവർ ശ്രമിച്ചു. അനന്തമായ സ്ഥലവും, അനന്തമായ സംഖ്യയും അവരുടെ ഭാവനയിലുൾപ്പെട്ടിരുന്നു. ജ്യോതിശാസ്ത്രപരമായ അവരുടെ അറിവുകളിൽ, ബാബിലോണിയ, ഈജിപ്റ്റ്, ഗ്രീസ് തുടങ്ങിയ ഇടങ്ങളിൽ നിന്നുള്ള ആശയങ്ങളും സ്വാംശീകരിക്കപ്പെട്ടിരുന്നു. വേദകാലത്തുതന്നെ പത്ത് അടിസ്ഥാനമാക്കിയ ഗണിതമായിരുന്നു നിലനിന്നിരുന്നത്. ചിട്ടയും ക്രമവും സംഖ്യാസമ്പ്രദായത്തിലുണ്ടായിരുന്നു. ഭിന്ന സംഖ്യകളുമുണ്ട്. യാഗയജ്ഞപീഠ നിർമ്മിതികൾക്കാവശ്യമായ ജ്യാമിതീയ സങ്കല്പങ്ങളും അവർക്കുണ്ടായിരുന്നു.

ആയുർവേദത്തിന്റെ തുടക്കം അഥർവവേദത്തിൽ നിന്നാണ്. മരുന്നും, മന്ത്രവും, മാജിക്കും കലർന്ന രോഗശമനതന്ത്രമായിരുന്നു അത്. രോഗകാരണത്തെക്കുറിച്ച് അന്നത്തെ നിലയ്ക്കുള്ള ഒരന്വേഷണവുമുണ്ടായിരുന്നു. ത്രിദോഷം, പഞ്ചഭൂതം തുടങ്ങിയ സങ്കല്പങ്ങൾ ഇന്നു കാലഹരണപ്പെട്ടെങ്കിലും, തെറ്റുകളിൽ നിന്നാണല്ലോ ശരിയുടെ തുടക്കം. ശസ്ത്രക്രിയകളെക്കുറിച്ചും, അതിനാവശ്യമായ ഉപകരണങ്ങളെക്കുറിച്ചും വേദത്തിൽ പരാമർശമുണ്ട്.

രസതന്ത്രപരമായ പരാമർശങ്ങളും വേദങ്ങളിലുമുണ്ട്. കളിമൺപാത്രങ്ങൾക്കു തിളക്കം നൽകുന്ന ലേപനത്തെക്കുറിച്ചും, നിറം നൽകി സുന്ദരമാക്കുന്നതിനെക്കുറിച്ചും മറ്റും അതിലുണ്ട്. പാലുതൈരാക്കാനും, പഴച്ചാറ് വീഞ്ഞാക്കാനും, വീഞ്ഞ് മദ്യമാക്കാനും അവർക്കറിയാമായിരുന്നു - ജൈവസാങ്കേതികവിദ്യയുടെ വിത്ത്. മധു, സുര, സോമ തുടങ്ങിയ മദ്യങ്ങളും ഭാംഗ് തുടങ്ങിയ ലഹരിപാനീയങ്ങളും ചിന്തകളെ ആത്മീയ തലത്തിലേക്കുയർത്തുന്നതിനു സഹായകമാക്കി.

ക്രിസ്തുവിന് ആറോ അഞ്ചോ നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ കണാദസിദ്ധാന്തത്തിൽ പരമാണുക്കളെക്കുറിച്ചുള്ള പരാമർശമുണ്ടായി. പരമാണുക്കളെ സംബന്ധിച്ച ആദ്യപരാമർശമാണത്. ജഗത്ത് പഞ്ചഭൂതങ്ങളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു എന്ന വാദത്തെ നിഷേധിക്കുന്നതുമാണ്. പരമാണു സിദ്ധാന്തവും അന്നത്തെ ഒരു പരികല്പന മാത്രമാണ്. എങ്കിലും, ഭൗതികവാദപരമായ ഒന്നാണെന്ന പ്രത്യേകത അതിനുണ്ടായിരുന്നു. മാത്രമല്ല, കാലത്തിനൊപ്പം അതിനു സഞ്ചരിക്കാനും നിലനിൽക്കാനും കഴിഞ്ഞു.

*****

# മനഃശുദ്ധീകരണവും നിയന്ത്രണവും

ഡോ. കെ. ഹരിഹരൻ (ഫോൺ: 9847313322)

മനുഷ്യന്റെ സത്തയിൽ രണ്ടു ഭാഗങ്ങളുണ്ട്. രൂപവും ബോധവും. മണ്ണിൽ നിന്നും രൂപപ്പെട്ട മനുഷ്യൻ എന്ന വേദാശയത്തിൽ നിന്നു തന്നെ തുടങ്ങാം. നമ്മൾക്ക് ഈശ്വരൻ കണ്ണും, കാതും, ബോധവും തന്നു. ഇവ ബാഹേന്ദ്ര്യയങ്ങളാണ്. ഇവയിൽ മനുഷ്യന്റെ ശാരീരികമായ സംവേദനേന്ദ്രിയങ്ങളെല്ലാം വരുന്നുണ്ട്. അഞ്ചെണ്ണമാണവ-കണ്ണ്, കാത്, മൂക്ക്, നാക്ക്, ത്വക്ക് (ചക്ഷുസ്സ്, ശ്രോത്രം, ഘ്രാണം, രസന, ത്വക്ക്). ഇവ യഥാക്രമം വർണ്ണരൂപാദികളാണ്. ശബ്ദം, ഗന്ധം, രസം, സ്പർശം, ദർശനം എന്നീ തന്മാത്രകളുമായി ബന്ധപ്പെട്ട് ഇവ പ്രവർത്തിക്കുന്നു. അഞ്ച് ജ്ഞാനേന്ദ്രിയങ്ങളും, അഞ്ച് കർമ്മേന്ദ്രിയങ്ങളുമാണ് മനുഷ്യനുള്ളതെന്ന് സാംഖ്യാ ദർശനത്തിന്റെ ആചാര്യനായ കപിലൻ സിദ്ധാന്തിച്ചിട്ടുണ്ട്. കണ്ണ്, ത്വക്ക്, മൂക്ക്, നാക്ക്, കാത് എന്നിവ പഞ്ചേന്ദ്രിയങ്ങളും കൈ, കാൽ, നാക്ക്, ഗുദം, ലിംഗം എന്നിവ കർമ്മേന്ദ്രിയങ്ങളുമാണ്. രസം എന്ന സംവേദനം അറിയാനും സംസാരിക്കുക എന്ന കർമ്മം ചെയ്യാനും ഉപയോഗിക്കുന്നതിനാലാണ് നാക്ക് രണ്ടിലും പെടുന്നത്. ഈ ഇന്ദ്രിയങ്ങൾക്കു പുറമേ മനസ്സ് എന്ന ആറാം ഇന്ദ്രിയത്തെക്കൂടി ഭാരതീയ ദർശനത്തിൽ കാണുന്നുണ്ട്. ഇതാകട്ടെ ശാരീരികമല്ല അതിനാൽ തന്നെ അഭൗതികമാണ്. ഇതിനെയാണ് നാം ബോധം എന്നു കണക്കാക്കുന്നത്. ഇതിൽ നിന്നും ഈശ്വരൻ നമ്മൾക്ക് കാതും, കണ്ണും, ബോധവും തന്നു എന്ന് മനസ്സിലാക്കാം.

ബോധത്തിന്റെ മൂന്നു തലങ്ങൾ പരാമർശിക്കപ്പെടുന്നുണ്ട്, വിശുദ്ധ ഖുറാനിൽ, ബുദ്ധി, മനസ്സ്, ആത്മാവ് എന്നിവയാണവ. ഇങ്ങനെ ചിന്തിക്കുമ്പോൾ മനുഷ്യസത്വത്തിന്റെ നാല് തത്വങ്ങളാണ് പരാമർശിക്കപ്പെടേണ്ടത്. ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളുമടങ്ങുന്ന ശരീരമാണ് ഒന്ന്, അതിനോടു ചേർന്നു നില്ക്കുന്ന ബോധ ഘടകം ബുദ്ധി. അതിനുമുകളിലായി മനസ്സ്. എല്ലാറ്റിനും മുകളിലായി നിലകൊള്ളുന്നത് ആത്മാവ്. പദാർത്ഥപരവും ആശയപരവുമായ ഈ തത്വങ്ങൾ പ്രേരണ, അസൂത്രണം, പ്രവൃത്തി, അനുഭവം എന്നവയെ പ്രതിനിധികരിക്കുന്നു.

പ്രേരണകളുടേയും, ചിന്തകളുടേയും തലമാണ് മനസ്സ്. ഒപ്പം, മൊത്തം ജീവിതത്തിന്റെ സന്തുലിതാവസ്ഥനില നിറുത്തുന്നതും മനസ്സാണ്. രണ്ടുതരം പ്രേരണകളാണ് മനുഷ്യരിൽ വളർന്നു വരുന്നത്. നൈസർഗിക നന്മയോടുകൂടിയതും ആ നന്മയിൽ നിന്നു മനുഷ്യനെ പിൻതിരിപ്പിക്കുന്നതുമായ പ്രേരണകളാണവ. ബുദ്ധിയെ ആസൂത്രണത്തിന്റേയും, യുക്തിയുടേയും തലമെന്ന് വിശേഷിപ്പിക്കാം. മനസ്സ് സ്വീകരിക്കുന്നതും, പ്രസരിപ്പിക്കുന്നതുമായ പ്രേരണകളെ പ്രയോഗവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ രൂപം കൊള്ളുന്നതിവിടെയാണ്. പ്രേരണകളെ വിലയിരുത്തുന്നതും ബുദ്ധിതന്നെയാണ്. അറിവിന്റേയും, ഓർമ്മയുടേയും ലോകം ബുദ്ധിയാണ്. കർമ്മമാണ് ശരീരത്തിന്റെ ധർമ്മം. ബുദ്ധിയുടെ നിയന്ത്രണത്തിലായിരിക്കും ശരീരത്തിന്റെ വ്യവഹാരങ്ങൾ. വിവേചനശേഷിയുടെ പ്രകാശനം കർമ്മമാണ്. ഇതിനെല്ലാം മുകളിൽ അനുഭവത്തിന്റെ ഒരു മണ്ഡലം കൂടി ഉള്ളതായി കരുതപ്പെടുന്നു. അതിനെയാണ് നാംആത്മാവ് എന്ന് വിളിക്കുന്നത്. നല്ലതായാലും ചീത്തയായാലും നാം ചെയ്യുന്ന കർമ്മങ്ങളുടെ ഫലം നമുക്കുതന്നെ അനുഭവയോഗ്യമാകും.

നമ്മുടെ പഞ്ചജ്ഞാനേന്ദ്രിയങ്ങളിലൂടെ നാം അനുഭവിക്കുന്ന അറിവുകളും, അനുഭവങ്ങളും ആണ് ബുദ്ധിശക്തിയായി പരിണമിക്കുന്നത്. പഞ്ചജ്ഞാനേന്ദ്രിയങ്ങളാണ് ഒരു വ്യക്തിയെ ചുറ്റുപാടുകളുമായി ബന്ധിപ്പിക്കുന്നത്. മൂക്ക്, നാക്ക്, കണ്ണ്, ത്വക്ക്, ചെവി എന്നീ പഞ്ചേന്ദ്രിയങ്ങളിൽ നിന്നുള്ള വിവരസൂചികകളെ ബുദ്ധിയിലേയ്ക്കു കൂട്ടി കൊണ്ടുപോകു

ന്നത് മനസ്സാണ്. ഇങ്ങനെ വ്യക്തിയെ ചുറ്റുപാടുമായി ബന്ധിപ്പിക്കുന്നതിനും അതുവഴി അറിവുനേടുന്നതിനും ഏററവും നിർണ്ണായകമായ കണ്ണിയായി പ്രവർത്തിക്കുന്നത് മനസ്സാണ്. ഇന്ദ്രിയങ്ങളെല്ലാം ഉണർന്നിരുന്നാലും മനസ്സ് പ്രവർത്തിക്കുന്നില്ലെങ്കിൽ അതിൽ നിന്നുള്ള സൂചനകളൊന്നും ബുദ്ധിയെ ഉണർത്തുന്നില്ല. അതായത് ബുദ്ധിയും മനസ്സും ഇന്ദ്രിയങ്ങളും പരസ്പരം പൂരകങ്ങളായി പ്രവർത്തിച്ചാൽ മാത്രമെ അറിവുനേടാൻ സാധിക്കുകയുള്ളൂ.

ഇന്ന് പരീക്ഷാക്കാലമാകുമ്പോഴേക്കും നമ്മുടെ അമ്മമാർ കുട്ടികളെക്കുറിച്ച് വ്യാകുലപ്പെടാറുണ്ട്. കുട്ടിക്ക് ബുദ്ധിശക്തിയും ഓർമ്മശക്തിയും കുറവാണ് എന്നാണ് മിക്കവരുടേയും പരാതി. അതിന് അവർ ആധാരമാക്കുന്നത് തന്റെ അയൽവാസിയുടെ കുട്ടിയേയോ മകന്റെ ക്ലാസ്സിലെ മറ്റൊരുകുട്ടിയേയോ ആയിരിക്കും. അത് തീർത്തും തെറ്റായ വിശകലനമാണ്. ബുദ്ധിശക്തിയും ഓർമ്മശക്തിയും വിലയിരുത്തേണ്ടത് കേവലം പരീക്ഷയിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലല്ല. ഓരോ കുട്ടിയും ഓരോ പാഠഭാഗവും മനസ്സിലാക്കുന്നത് വ്യത്യസ്ത രീതിയിലാണ്. അതിന് ഒരു പ്രധാന ഘടകം മനസ്സിന്റെ ഏകാഗ്രതയാണ്. എത്രത്തോളം ഏകാഗ്രമായി നമ്മുടെ മനസ്സിനെ ഒരു വിഷയത്തിലേക്ക് ശ്രദ്ധപതിപ്പിക്കുവാൻ സാധിക്കുമോ അത്രത്തോളം ആ വിഷയത്തെക്കുറിച്ചുള്ള അറിവുകൾ നമുക്കു ലഭിക്കുകയും ചെയ്യും. മനസ്സിനെ ഏകാഗ്രമാക്കാനുള്ള ഈ കഴിവ് പല ഘടകങ്ങളെ ആശ്രയിച്ചാണ് ഇരിക്കുന്നത്. അതിൽ ഒരു പ്രധാനഘടകം കുടുംബാന്തരീക്ഷം തന്നെയാണ്. കലുഷിതമായ കുടുംബാന്തരീക്ഷത്തിൽ ഒരു കുട്ടിക്കും മനസ്സിനെ ഏകാഗ്രമാക്കി പഠനത്തിന് ശ്രദ്ധ കൊടുക്കുവാൻ സാധിക്കുകയില്ല. മറ്റൊന്ന്, അമിതമായ മാനസ്സിക സമ്മർദ്ദമാണ്. ഇത്തരം സാഹചര്യങ്ങൾ മനസ്സിലാക്കി രക്ഷിതാക്കൾ കുട്ടികളെ സ്വഛമായ രീതിയിൽ പഠിക്കാൻ അനുവദിക്കുകയാണെങ്കിൽ ഒരു പരിധി വരെ അവർക്ക് ഉന്നത വിജയം നേടാൻ സാധിക്കും. അല്ലാതെ, കേവലം പരസ്യവിപണിയിൽ കാണുന്ന മരുന്നുകളെ വിശ്വസിച്ച് മുന്നോട്ടുപോവുകയല്ല വേണ്ടത്.

ഒരു വ്യക്തിയുടെ ശാരീരികഭാവങ്ങളിൽ വാത, പിത്ത, കഫ ദോഷങ്ങളുടെ മേൽക്കൈ അനുസരിച്ച് ഓരോ പ്രകൃതികളാക്കി തിരിച്ചിട്ടുണ്ട്. വാതപ്രകൃതി, കഫപ്രകൃതി, പിത്തപ്രകൃതി എന്നിങ്ങനെ. ഈ ശരീരപ്രകൃതി ഒരു വനിൽ ജന്മനാഉള്ളതാണ്. അത് മാറ്റുവാൻ സാധിക്കുന്നതല്ല. നമ്മൾ ഓരോ വ്യക്തിയുടേയും ബുദ്ധിശക്തിയുടേയും, ഓർമ്മശക്തിയുടേയും സ്വഭാവം ഈ പ്രകൃതിക്കനുസരിച്ച് വ്യത്യാസപ്പെടുത്തേണ്ടതാണ്. സാധാരണ രീതിയിൽ ഒരു വാതപ്രകൃതിക്കാരന് ബുദ്ധിയും, ഓർമ്മയും സ്ഥായിയായ ഭാവം കാണിക്കുകയില്ല. അയാൾ എളുപ്പത്തിൽ കാര്യങ്ങൾ പഠിച്ചെടുക്കുമെങ്കിലും, പെട്ടെന്നു മറന്നു പോകും. ഈ അസ്ഥിരത അയാളുടെ എല്ലാ സ്വഭാവത്തിലും പ്രതിഫലിക്കും. പിത്തപ്രകൃതിക്കാർ, പൊതുവെ തീക്ഷ്ണ ബുദ്ധികളായിരിക്കും. അവർക്ക് പെട്ടെന്ന് തന്നെ തന്റെ അറിവുകളെ പുനരാവിഷ്ക്കരിക്കാൻ സാധിക്കും. കഫപ്രകൃതിക്കാർ ബുദ്ധിയുടെ കാര്യത്തിൽ കൂടുതൽ വിശാലമായിരിക്കും. മികച്ച ഓർമ്മശക്തിയും, തീരുമാനങ്ങളിൽ ഉറപ്പും, സ്ഥിരതയും ഉണ്ടായിരിക്കും. ഇത്തരം പ്രകൃത്യാലുള്ള ചട്ടക്കൂടുകളുണ്ടെങ്കിലും, മനസ്സിന്റെ ഏകാഗ്രതയും പ്രവർത്തനശേഷിയും വർദ്ധിപ്പിച്ചുകൊണ്ട് ബുദ്ധിശക്തിയെ പരമാവധി നമ്മൾക്ക് പ്രയോജനപ്പെടുത്തുവാൻ സാധിക്കും.

ബുദ്ധിശക്തി വർദ്ധിപ്പിക്കുവാൻ നിരവധി ഔഷധങ്ങൾ ആയൂർവേദത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇതേ ഔഷധങ്ങൾ തന്നെയാണ് പല വിധമാനസിക വ്യഥകൾക്കും ആയൂർവേദാചാര്യന്മാർ ഉപദേശിക്കപ്പെടുന്നതെന്നും മനസ്സിലാക്കണം. ഇതിൽ നിന്നും മനസ്സും ബുദ്ധിയും എത്രത്തോളം പരസ്പരം പൂരകങ്ങളാണ് എന്ന് നമ്മൾക്ക് മനസ്സിലാക്കിത്തരുന്നു.

ബുദ്ധിയുടെ പ്രയോജനം പരമാവധിയാക്കുന്നതിന് മനസ്സിന്റെ ശരിയായ പിന്തുണ കൂടിയെ തീരു. തുടർച്ചയായ പഠനം, പഠിച്ച കാര്യങ്ങൾ ഓർമ്മിച്ചെടുക്കുവാൻ ശ്രമിക്കൽ, പഠിച്ച കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവെയ്ക്കൽ എന്നിവ ബുദ്ധിശക്തിയും, ഓർമ്മശക്തിയും വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. മനസ്സിനെ നിർമ്മലമാക്കുന്നതിന് ഉപകരിക്കുന്ന സംഗീതം, ധ്യാനം, യോഗ, മറ്റുകളികൾ, നല്ല സുഹൃദ്ബന്ധങ്ങൾ, നല്ല കുടുംബാന്തരീക്ഷം, നല്ല ഭക്ഷണക്രമം, ജീവിതചര്യകൾ എന്നിവ പരിപാലിക്കുവാൻ സാധിച്ചാൽ, നമുക്ക് നല്ല ബുദ്ധി

ശക്തിയുള്ള, മനസ്ഥിതിയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ സാധിക്കും.

### മനഃശുദ്ധീകരണം

മനുഷ്യർ ഒട്ടുമിക്കവരും ലൗകിക വികാരങ്ങൾക്ക് അടിമപ്പെടുന്നു. അതവനെ ഏതോ മായിക ലോകത്തിലേയ്ക്കും, തുടർന്ന് ദുഃഖത്തിലേയ്ക്കും വലിച്ചിഴക്കുന്നു. അഞ്ചുഗണത്തിപ്പെടുത്താവുന്ന ലൗകികാഗ്രഹങ്ങൾ ഈ ലോകത്തുണ്ട്. ആഗ്രഹങ്ങൾ. കണ്ണുകൾ വസ്തുക്കളുടെ രൂപം കാണുന്നതിൽ നിന്നും, കാതുകൾ ശബ്ദം കേൾക്കുന്നതിൽ നിന്നും, മൂക്ക് വസ്തുക്കളെ മണത്തറിയുന്നതിൽ നിന്നും, നാക്ക് വസ്തുക്കളെ രുചിത്തറിയുന്നതിൽ നിന്നും ത്വക്ക് സ്പർശനത്താൽ വസ്തുക്കളെ ഗ്രഹിച്ചറിയുന്നതിൽ നിന്നുമാണ് ഉണ്ടാകുന്നത്. ഈ അഞ്ച് ഇന്ദ്രിയങ്ങളിലൂടെയാണ് മനുഷ്യൻ അവന്റെ സുഖത്തിനുവേണ്ടിയുള്ള വഴികൾ തിരയുന്നത്. ഒരു നായാട്ടുകാരന്റെ കെണിപോലെ മനുഷ്യമനസ്സാകുന്ന മാൻപേടയെ കെണിയിൽ അകപ്പെടുത്തുന്നു. സാധാരണ മനുഷ്യർ ഇന്ദ്രിയസുഖങ്ങളുടെ പിന്നിലുള്ള അപകടങ്ങളെപ്പററി ബോധവാന്മാരല്ല. ഒരു തരത്തിൽ പറഞ്ഞാൽ, ഇന്ദ്രിയങ്ങളുണ്ടാക്കുന്ന പ്രചോദനമാണ് മനുഷ്യനെ നാശത്തിലേയ്ക്ക് നയിക്കുന്ന ഏറ്റവും വലിയ വികാരം. ഈ ലൗകിക വികാരങ്ങളുടെ കെണിയിൽ പെടുന്ന മനുഷ്യൻ ദുഃഖദായകമായ അവസ്ഥയിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നു. ലൗകികാഗ്രഹങ്ങളിൽ നിന്നും വളരെയെളുപ്പത്തിൽ രക്ഷപ്രാപിക്കാൻ സാധിക്കുകയില്ല. ഈ അഞ്ച് ഇന്ദ്രിയങ്ങളേയും കെട്ടിയിട്ട് നിയന്ത്രിക്കുവാൻ സാധിച്ചാൽ മനുഷ്യന് മനസ്സിനെ വരുതിയിൽ നിറുത്തുവാൻ സാധിക്കും. ആത്മീയാചാര്യന്മാർ പ്രവചിച്ചിട്ടുള്ള അഞ്ചു മാർഗ്ഗങ്ങളുടെ സഹായത്താൽ, ഒരുവന് ലൗകികവികാരങ്ങൾ സൃഷ്ടിക്കുന്ന മായികവലയത്തിൽ നിന്നും മോചനം നേടാൻ സാധിക്കും. ആദ്യമായി, മനുഷ്യന് എല്ലാറ്റിനേയും കുറിച്ച് കൃത്യമായ ധാരണവളർത്തിയെടുക്കണം. ഈ ധാരണ ഭൂമിയിലുള്ള വസ്തുക്കളേയും സംഭവങ്ങളേയും കൃത്യമായി വീക്ഷിക്കുന്നതിൽ നിന്നും ഉണ്ടായതായിരിക്കണം, അവ കാര്യകാരണങ്ങളെ ആധാരപ്പെടുത്തിയുള്ളതായിരിക്കണം. മനുഷ്യദുഃഖങ്ങളുടെ കാരണം മനസ്സിന്റെ അമിതാഗ്രഹങ്ങളേയും അഭിനിവേശങ്ങളേയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായിരുന്നാലും, അഭിനിവേശവും ആഗ്രഹവും അഹന്ത നിറഞ്ഞ മനസ്സിനെ അജ്ഞാനത്തിന്റെ സ്വാധീനത്തിൽ കാര്യകാരണങ്ങൾ മറന്ന് ആത്മാവായി തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ളതിനാലും, അത് തെറ്റായ നിരീക്ഷണത്തിന്റെ ഫലമായി ഉണ്ടാകുന്നതിനാലും, ഒരു മനുഷ്യൻ ശാന്തിയും, സമാധാനവും ഇച്ഛിക്കുന്നുവെങ്കിൽ അവൻ ലൗകികാഗ്രഹങ്ങളിൽ നിന്ന് മോചനം നേടണം.

രണ്ടാമതായി, ലൗകികാഗ്രഹങ്ങളും വികാരങ്ങളും ഉളവാക്കുന്ന തെറ്റായ നിരീക്ഷണങ്ങളെ വളരെ ശ്രദ്ധാപൂർവ്വമുള്ള മനോനിയന്ത്രണമാർഗ്ഗങ്ങളിലൂടെ മാററിയെടുക്കാൻ സാധിക്കുന്നു. ഈ ധ്യാനരീതികൾ ഒരു മനുഷ്യനെ വികാരങ്ങൾ ഉണർത്തുവാൻ കെല്പുള്ള അവന്റെ പഞ്ചേന്ദ്രിയങ്ങളുടെ മേൽ സ്ഥായിയായ നിയന്ത്രണം ഉണ്ടാക്കിയെടുക്കാൻ സഹായിക്കുന്നു. അങ്ങനെ ചെയ്യുന്നതുമൂലം ഒരുവന് അവനിലുള്ള ലൗകികവികാരങ്ങളുടേയും ആഗ്രഹങ്ങളുടേയും അടിസ്ഥാനകാരണങ്ങൾ മനസ്സിലാക്കിയെടുക്കാൻ സാധിക്കും.

മൂന്നാമതായി, മനുഷ്യർക്ക് വസ്തുക്കളുടെ ഉപയോഗത്തെപ്പറ്റിയും ഉപയോഗരീതിയെ കുറിച്ചും ശരിയായ ധാരണയും ആശയകൃത്യതയും ഉണ്ടാക്കിയെടുക്കുക എന്നതാണ്. ഉദാഹരണത്തിന്, വസ്ത്രങ്ങളും ഭക്ഷണവും മറ്റും ഒരിക്കലും സുഖഭോഗങ്ങളായി കാണാതിരിക്കുകയും, മറിച്ച് അവയെ ജീവൻ നിലനിർത്തുന്നതിനും രക്ഷയ്ക്കുമുള്ള ഉപാധികളായി മാത്രം കാണുകയും ചെയ്യണം. വസ്ത്രങ്ങൾ മനുഷ്യശരീരത്തിനെ ശീതോഷ്ണത്തിൽ നിന്നും രക്ഷിക്കുന്നതിനോടൊപ്പം മനുഷ്യന്റെ നാണം മറയ്ക്കാനും സഹായിക്കുന്നു. അതുപോലെ, ഭക്ഷണം മനുഷ്യശരീരത്തിന് ആവശ്യമായ പോഷണം നൽകുന്നതിനൊപ്പം ധ്യാനം തുടങ്ങിയ ആത്മീയ കാര്യങ്ങൾ തുടർന്നു ചെയ്യുന്നതിനുള്ള ഊർജ്ജവു, മനക്കരുത്തും പ്രദാനം ചെയ്യുന്നു. ഇത്തരം ശരിയായ ചിന്തകൾ മനുഷ്യമനസ്സിനെ ലൗകിക വികാരങ്ങൾക്ക് അടിമപ്പെടുന്നതിൽ നിന്നും രക്ഷിക്കുന്നു.

നാലാമതായി, മനുഷ്യർ ഇക്കാര്യങ്ങളിൽ മനക്കരുത്ത് സ്വരൂപിക്കണം-ചൂടിനേയും തണുപ്പിനേയും നേരിടാനുള്ള കരുത്ത്, വിശപ്പിനേയും, ദാഹത്തിനേയും നേരിടാനുള്ള ത്രാ

ണി, മറ്റുള്ളവരുടെ കുറ്റപ്പെടുത്തലുകളേയും, തിരസ്കാരങ്ങളേയും സമചിത്തതയോടെ നേരിടാനുള്ള ചങ്കൂറ്റം എന്നിവയെല്ലാം മനോനിയന്ത്രണത്തിന് ആവശ്യമായ മനക്കരുത്ത് മനുഷ്യന് നൽകും, അതിലൂടെ അവന് ലൗകികാഗ്രഹങ്ങളും വികാരങ്ങളും ഉണ്ടാക്കുന്ന വൈഷമ്യങ്ങളിൽ നിന്ന് രക്ഷപ്രാപിക്കുവാൻ സാധിക്കും.

അഞ്ചാമതായി, ഒരു മനുഷ്യൻ സംയമനരീതികൾ സ്വായത്തമാക്കുവാൻ പരിശീലിക്കണം. അത് അവനെ കടിഞ്ഞാണിടാത്ത കുതിരയിൽ നിന്നും ഒഴിഞ്ഞു നടക്കുന്നതുപോലെ, അപകടങ്ങളിൽ നിന്നും രക്ഷിക്കും. അതുകൊണ്ട് മനുഷ്യർ ചീത്ത കൂട്ടുകെട്ടുകളിൽ നിന്നും, അപകടമുണ്ടാക്കുന്ന സാഹചര്യങ്ങളിൽ നിന്നും ജാഗ്രതയോടെ ശ്രദ്ധാപൂർവ്വം സംയമനം പാലിക്കുകയാണെങ്കിൽ അവന്റെ ജീവിത സുഖത്തേയും ലക്ഷ്യങ്ങളേയും നശിപ്പിക്കുന്ന ലൗകികാഗ്രഹങ്ങളിൽ നിന്നും, തൃഷ്ണയിൽ നിന്നും സ്വയം രക്ഷപ്രാപിക്കുവാൻ സാധിക്കും.

ഈ ലോകത്തിൽ ലാഭവും, നഷ്ടവും, മര്യാദയും, അപമര്യാദയും, പുകഴ്ത്തലും, അപകീർത്തിപ്പെടുത്തലും, സുഖവും ദുഃഖവും ജീവിതത്തിന്റെ ഭാഗമായുണ്ട്. ജ്ഞാനിയായ ഒരു വ്യക്തി ഇത്തരം നൈമിഷികങ്ങളായ കാര്യങ്ങൾക്ക് ചെവികൊടുത്ത് തീരുമാനങ്ങളെടുക്കുകയില്ല. ഇത്തരം കാര്യങ്ങൾ വന്നതു പോലെ മറഞ്ഞു പൊയ്ക്കൊള്ളും

## നല്ല ശീലങ്ങളും പെരുമാറ്റരീതിയും

ജ്ഞാനവും നിർവ്വാണവുമാഗ്രഹിക്കുന്ന ഒരു വ്യക്തി ശരീരവും, മനസ്സും, ചിന്തയും, വാക്കുകളും സൂക്ഷ്മമായും, തുടർച്ചയായും ശുദ്ധമായി വെയ്ക്കുന്നതിന്റെ ആവശ്യകതയെപ്പററി തികച്ചും നല്ല അവബോധം ഉണ്ടാക്കിയെടുക്കണം. അതിലേയ്ക്കായി, ഒരുവൻ അവന്റെ ശരീര ശുദ്ധിക്കായി ഒരു ജീവിയുടേയും ജീവനെടുക്കാതിരിക്കുവാനും, വാക്കുകളുടെ ശുദ്ധത സംരക്ഷിക്കുവാനും, നുണ പറയാതിരിക്കുവാനും, അസഭ്യം പറയാതിരിക്കുവാനും, ചതിയ്ക്കാതിരിക്കുവാനും, അശ്ലീലം നിറഞ്ഞ സംഭാഷണം നടത്താതിരിക്കാനും ശ്രദ്ധചെലുത്തണം. അതുപൊലെ, മനസ്സിനെ ശുദ്ധീകരിക്കുന്നതിനായി മനസ്സിൽ നിന്ന് അഹങ്കാരം, ലോഭം, ദ്വേഷ്യം, തെറ്റായ പ്രസ്താവനകൾ തുടങ്ങിയവയിൽ നിന്നും മാറി നില്ക്കുവാൻ ശ്രദ്ധിക്കണം.

മനുഷ്യന്റെ മനസ്സ് അശുദ്ധമാണെങ്കിൽ അവന്റെ കർമ്മങ്ങളും അശുദ്ധമായിത്തീരും. കർമ്മങ്ങൾ അശുദ്ധമായാൽ ജീവിതം ദുഃഖപൂരിതമാകും. അതുകൊണ്ട്, മനുഷ്യ ജീവിതത്തിൽ ഏറ്റവും പ്രധാനമായ കാര്യമാണ് മനസ്സും, ശരീരവും ശുദ്ധമാക്കിവെയ്ക്കുകയെന്നത്.

നമ്മൾ സംസാരിക്കുമ്പോൾ സാഹചര്യങ്ങൾക്കനുയോജ്യമായി വേണം വാക്കുകൾ തിരഞ്ഞെടുക്കാൻ. കേൾക്കുന്നവരെ അത് നല്ല രീതിയിലും മോശമായ രീതിയിലും, സ്വാധീനിക്കുന്നു. മനുഷ്യമനസ്സ് ദൈന്യതയിലും കാരുണ്യം കൊണ്ടും നിറഞ്ഞിരിക്കുകയാണെങ്കിൽ നമ്മൾക്കെതിരെ ഉയർത്തുന്ന ശകാരങ്ങളും , ശാപവാക്കുകളും മറ്റും നിഷ്ഫലമായി പോകും. അതുപൊല നമ്മുടെ വായിൽ നിന്നും കഠിനവും വെറുപ്പുമുളവാക്കുന്ന വാചകങ്ങൾ പ്രയോഗിക്കാതിരിക്കാൻ ശ്രദ്ധിക്കണം. കാരണം അത്തരം പ്രയോഗങ്ങൾ കേൾക്കുന്നവന്റെ മനസ്സിൽ ദ്വേഷ്യവും വെറുപ്പും ഉണ്ടാകുന്നു. നമ്മൾ വിവേകപൂർവ്വം സംസാരിക്കുകയും ആ വാക്കുകൾ എപ്പോഴും സ്നേഹവും കാരുണ്യവും നിറഞ്ഞവയുമായിരിക്കണം.

അഹങ്കാരത്തെ അകറ്റി നിർത്തി സേവനത്തിന്റേയും ജീവകാരുണ്യത്തിന്റേയും പ്രവൃത്തികളിൽ മനസ്സിനെ വ്യാപൃതമാക്കുന്നതാണ് ഏറ്റവും വലിയ കാര്യം. ഒരുവൻ സ്വാർത്ഥതയിലധിഷ്ഠിതമായ മനസ്സിനെ നിയന്ത്രണത്തിൽ നിർത്തി അതിനെ ആത്മാർത്ഥമായി മറ്റുള്ളവരെസഹായിക്കുന്നതിന് സന്നദ്ധതയുള്ള ഒരു മനസ്സാക്കി മാറ്റിയെടുക്കണം. സന്തോഷമുണ്ടാക്കുന്ന ഒരു പ്രവൃത്തി, അതനുഭവിക്കുന്ന ഒരുവനെ മറ്റൊരാളെ സന്തോഷമുളവാക്കുന്ന പ്രവർത്തിയിൽ പ്രേരിപ്പിക്കുവാൻ സാധിക്കൂ. അങ്ങനെ, സന്തോഷം നല്ല പ്രവർത്തികളിൽ നിന്നു മാത്രം ഉടലെടുക്കുന്നു.

ആയിരക്കണക്കിന് വിളക്കുകൾ ഒരു എരിയുന്ന വിളക്കിന്റെ തീയിൽ നിന്ന് തെളിയിക്കുവാൻ സാധിക്കും. അങ്ങനെ, ചെയ്യുന്നതുമൂലം ആ വിളക്കിന്റെ അവസ്ഥയ്ക്ക് ഒരു ദോഷവും സംഭവിക്കുന്നില്ല. സന്തോഷവും പങ്കുവെയ്ക്കുന്തോറും വളരുന്നതല്ലാതെ, ഒരു ദോഷവും സംഭവിക്കുകയില്ല.

നിർവ്വാണം ആഗ്രഹിക്കുന്ന ഒരു വ്യക്തി അതു സാദ്ധ്യമാക്കുന്നതിനുവേണ്ടി ക്രമമായ പ്രവർത്തനങ്ങളിലൂടെ സഞ്ചരിക്കണം. ഒരാളുടെ ആഗ്രഹം എത്ര വലുതായിരുന്നാലും നിർവ്വാണത്തിനുവേണ്ടിയുള്ള അയാളുടെ പ്രവർത്തികൾ ചിട്ടയോടും പടിപടിയായും നിർവ്വഹിക്കേണ്ടതാണ്. ഓരോ ദിവസവും അതിനുവേണ്ടിയുള്ള ശ്രമത്തിൽ അയാൾ മുഴുകണം.

## മനോനിയന്ത്രണം വിഷമമെങ്കിലും സാദ്ധ്യമാണ്

വളരെ രസകരമായ ഒരു മനോ വ്യാപാരവും, ആന്തരികലീലയുമാണ് മനസ്സിന്റെ നിയന്ത്രണമെന്നത്. ഒരു യഥാർത്ഥ സ്പോർട്സ്മാന്റെ മാനസ്സിക ഭാവമുണ്ടെങ്കിൽ കളിയിൽ തോല്ക്കുമ്പോഴും താല്പര്യം വിടാതെ കളിയിൽ ആസ്വദിച്ചിരിക്കുന്നതു പോലെ ഒരുവനു ഈ കളിയും ഹൃദ്യമായി തോന്നും. ഈ കളിയിൽ നല്ല സാമർത്ഥ്യവും, ജാഗ്രതയും, നർമ്മബോധവും, ഹൃദയശുദ്ധിയും, തന്ത്രപരമായ നീക്കവും, സമർപ്പണവും, ക്ഷമയും കൂടിയേ തീരൂ. മാത്രമല്ല ഒരു നൂറു പരാജയത്തിനു മുന്നിലും പതറാത്ത ധീരോദാത്തമായ മനസ്സിന്റെ ഉടമയുമായിരിക്കണം.

ഭഗവദ്ഗീതയിൽ ശ്രീകൃഷ്ണൻ മഹത്തായ യോഗഭാവം പ്രാപിക്കേണ്ടതെങ്ങനെയെന്ന് വിവരിക്കുമ്പോൾ അരുളിചെയ്യുന്നു. അർജ്ജുനാ, സംശയമില്ല, മനസ്സ് നീ പറഞ്ഞതുപോലെ, ചഞ്ചലവും, നിയന്ത്രിക്കുവാൻ ദുസ്സഹമായതും തന്നെയാണ്. എന്നാൽ, അഭ്യാസം കൊണ്ടും, വൈരാഗ്യം കൊണ്ടും അതിനെ നിയന്ത്രിക്കുവാൻ കഴിയും.

ഈ സംവാദത്തിൽ നിന്ന് മനോനിയന്ത്രണത്തെക്കുറിച്ച് മൂന്നു മൗലികമായ വസ്തുതകൾ നമുക്ക് മനസ്സിലാക്കാൻ കഴിയും.

1. അർജ്ജുനനെപ്പോലെയുള്ള ധീരയോദ്ധാക്കൾക്കു പോലും വളരെയേറെ ദുഷ്കരമായ ഒന്നാകുന്നു മനോനിയന്ത്രണം.
2. എന്നിരുന്നാലും, മനസ്സിനെ നിയന്ത്രിക്കുകയെന്നത് സാദ്ധ്യമാകുന്ന ഒന്നാണ്.
3. മനസ്സിനെ നിയന്ത്രിക്കുവാൻ സുനിർവ്വചനം ചെയ്യപ്പെട്ട മാർഗ്ഗങ്ങളുണ്ട്, അഭ്യാസം, 'വൈരാഗ്യം' എന്നിവ

കാലാകാലങ്ങളായി എല്ലാ ഭാരതീയ ഋഷിമാരും ഐക്യകണ്ഠേന അഭിപ്രായപ്പെട്ടിട്ടുള്ളതാണ് അഭ്യാസം കൊണ്ടും, വൈരാഗ്യം കൊണ്ടുമല്ലാതെ മനസ്സിനെ നിയന്ത്രിക്കുവാൻ സാദ്ധ്യമല്ല എന്നുള്ള കാര്യം. ഇവയ്ക്ക് അഭ്യാസയോഗമെന്നും പേരുണ്ട്. ശ്രീരാമകൃഷ്ണൻ പറയുന്നു. ''അഭ്യാസയോഗം എന്നത് പ്രതിദിനം കൈക്കൊള്ളുന്ന അനുഷ്ഠാനമാകുന്ന സ്ഥിര ചര്യ കൊണ്ട് നേടാവുന്നതാണ്. നിങ്ങളുടെ മനസ്സ് നിങ്ങൾക്ക് പൂർണ്ണാധീനമാകുമ്പോൾ ഏതു വഴിക്കു വേണമെങ്കിലും മനസ്സിനെ കൊണ്ടുപോകാൻ കഴിയും. മനസ്സ് എന്നു പറയുന്നത് അലക്കു കഴിഞ്ഞ് തിരിച്ചു കിട്ടിയ വെള്ള വസ്ത്രം പോലെയാണ്. ചുവപ്പു ചായത്തിൽ മുക്കിയാൽ അത് ചുവപ്പുവസ്ത്രമാകുന്നു നീല ചായത്തിൽ മുക്കിയാലോ അത് നീലവസ്ത്രമായി മാറുന്നു''.

അഭ്യാസവും വൈരാഗ്യവുമാണ് മനോനിയന്ത്രണത്തിന്റെ മുഴുവൻ രഹസ്യവുമെന്നു പറയാം. പക്ഷെ, എങ്ങനെ ഈ രണ്ടു കാര്യങ്ങളും നമ്മുടെ ജീവിതസരണിയിൽ കൊണ്ടുവരും. അതിന്

(a) മനസ്സിനെ നിയന്ത്രിക്കുവാനുള്ള ശക്തമായ ഇച്ഛാശക്തി നമുക്ക് വളർത്തിയെടുക്കണം.

(b) മനസ്സിന്റെ പ്രകൃതമെന്തെന്ന് നാം ശരിയായി മനസ്സിലാക്കണം.

(c) ഇതിന് ചില വ്യവസ്ഥാപിത മാർഗ്ഗങ്ങൾ നാം അവലംബിക്കുകയും അവ ആത്മാർത്ഥതയോടും ബുദ്ധികൂർമ്മതയോടും അനുഷ്ഠിക്കുകയും വേണം.

മനോനിയന്ത്രണത്തിനു വേണ്ട ഇച്ഛാശക്തി പ്രബലമാകണമെങ്കിൽ തീർച്ചയായും നമ്മൾ മനപ്പൂർവ്വമായി, സംശയാതീതമായി ജീവിതത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നായി കണക്കാക്കി വരുന്ന ഇന്ദ്രിയ സുഖത്തെ പാടേ ത്യജിച്ചേ മതിയാകൂ. സുഖാനുഭവതൃഷ്ണയാണ് മനസ്സ് നിയന്ത്രിക്കുവാന് ആവശ്യമായ ഇച്ഛാശക്തിയെ കാർന്നു തിന്നുന്ന വിഷാണു ബീജം. സുഖം തേടി, സുഖാനുഭവങ്ങളിൽ മുഴുകുവാൻ മനസ്സിനെ വിട്ടാൽ ഒരിക്കലും നമുക്ക് മനസ്സ് നിയന്ത്രിക്കുവാൻ സാധിച്ചുവെന്നുവരില്ല. കാരണം, നമ്മെ നമ്മുടെ പഴയ അനുഭവങ്ങളെ

ഓർമ്മപ്പെടുത്തി മനസ്സ് അലട്ടിക്കൊണ്ടേയിരിക്കും. ഏതു തുറയിലിരിക്കുന്നവരായാലും, സുഖഭോഗേച്ഛ ത്യജിക്കുവാൻ വൈമനസ്യമുള്ളവർ മനസ്സ് നിയന്ത്രിക്കുന്ന കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയുള്ളവരോ ആത്മാർത്ഥതയുള്ളവരോ ആയിരിക്കുകയില്ല.ആവർത്തിച്ചുണ്ടാകുന്ന പരാജയങ്ങൾക്കു മുന്നിലും പതറാതെ മുന്നോട്ടു നീങ്ങത്തക്കവണ്ണം നമ്മുടെ മനസ്സ് ഇച്ഛാശക്തിയെ ബലവത്താക്കണം. നിരാശയ്ക്കു വഴങ്ങാതെ ഓരോ പരാജയം നേരിടുമ്പോഴും പുത്തൻ ഉത്സാഹത്തോടെ മനസ്സിനെ നിയന്ത്രിക്കുവാൻ നാം വീണ്ടും വീണ്ടും ശ്രമിച്ചുകൊണ്ടേയിരിക്കണം. ശ്രീകൃഷ്ണൻ ഗീതയിൽ പറയുന്നു. അല്ലയോ അർജ്ജുനാ, പരിപൂർണ്ണതയെ ലക്ഷ്യമാക്കി ശ്രമം നടത്തുന്ന ബുദ്ധിമാനായ ജ്ഞാനിയെപ്പോലും അനിയന്ത്രിതമായ ഇന്ദ്രിയങ്ങൾ വശം കെടുത്താറുണ്ട് എന്നതാണ് സത്യം. കാറ്റിലകപ്പെട്ട തോണി വെള്ളത്തിൽ ഉഴലുന്ന പോലെ ഇന്ദ്രിയങ്ങളുടെ അലക്ഷ്യഗമനത്തിൽ പെട്ട് ഉഴലുന്ന മനസ്സ് ജ്ഞാനിയുടെ പോലും വിവേക വിവേചനാ ശക്തിയെ ഉലച്ചുകളയുന്നു. വ്യക്തി വികാസത്തിനു വളരെ ദോഷം ചെയ്യുന്ന ഒന്നാണ് മനസ്സിന്റെ നിയന്ത്രണമില്ലായ്മ. മനസ്സ് കാടുകയറാൻ അനുവദിക്കുന്ന ഒരാളുടെ ജീവിതത്തിൽ എല്ലായ്പ്പോഴും സാധാരണഗതിക്ക് വിരുദ്ധമായുള്ള സംഭവവികാസങ്ങളും ആന്തരിക സംഘർഷം മൂലമുള്ള മാനസിക ഛിദ്രീകരണവും ഉണ്ടാകുവാനുള്ള പ്രവണത ഉടലെടുക്കും. ഏററവും അനുകൂലമായ സാഹചര്യങ്ങളിൽ പോലും അയാളുടെ സ്വന്തം കഴിവിനെ വേണ്ട വിധം വിനിയോഗിച്ച് സ്വന്തം പ്രതീക്ഷകളെ നിറവേറ്റാൻ അയാൾക്കു കഴിയാതെ വരും. മനസ്സമാധാനമില്ലാത്തവന് എങ്ങനെയാണ് സുഖമുണ്ടാവുക

വികാരവിക്ഷേപത്തിനടിമയായി സംഘർഷം നിറഞ്ഞ മനസ്സുമായി നീങ്ങുന്ന ഒരാൾക്ക് മനസ്സിന്റെ സമനില തന്നെ തെറ്റിയെന്നു വരാം. സ്വന്തം മനസ്സിന്റെ അനുഗ്രഹം അയാൾക്കില്ലായെങ്കിൽ അയാൾ തകർന്നടിഞ്ഞു പോകും. സ്വന്തം മനസ്സിന്റെ അനുഗ്രഹമെന്നു വെച്ചാൽ മനോ നിയന്ത്രണം തന്നെ. ഉയർന്ന തലത്തിലുള്ള മനോനിയന്ത്രണം മൂലം ആത്മീയ പ്രകാശനം സാദ്ധ്യമാകുന്നു. അത്രയ്ക്കില്ലങ്കിൽ കൂടി മനോനിയന്ത്രണം കൊണ്ട് മറ്റു ചെറിയ ജീവിത സൗഭാഗ്യങ്ങളെങ്കിലും നേടിയെടുക്കാവുന്നതാണ്. നിയന്ത്രിക്കപ്പെട്ട മനസ്സിന് എളുപ്പം ഏകാഗ്രത കിട്ടും. ഏകാഗ്രമായ മനസ്സുകൊണ്ട് അറിവു നേടാൻ കഴിയും. മനോനിയന്ത്രണ ഫലമായി ഉണ്ടാകുന്ന സ്വകീയാനുഭൂതിയാണ് വ്യക്തിവികാസം വിപരീത സാഹചര്യങ്ങളിൽ പോലും ഇങ്ങനെയുള്ള ഒരു വ്യക്തി വിജയം കൈവരിക്കുന്നു. നിയന്ത്രണാധീനമായ മനസ്സ് ശാന്തിയിലേയ്ക്ക് വഴി തെളിക്കുന്നു. ശാന്തമായ മനസ്സാകട്ടെ സമാധാനം കൈവരിക്കുന്നു. മനസ്സമാധാനം ആനന്ദത്തെ വിളിച്ചു വരുത്തുന്നു. ആനന്ദമുള്ള ഒരുവനാകട്ടെ മററുള്ളവരേയും ആനന്ദഭരിതമാക്കുന്നു. മാത്രമല്ല, അയാൾ ചെയ്യുന്ന ഏതൊരു പ്രവൃത്തിക്കും മൂല്യഗുണം കൂട്ടുന്നു. അങ്ങനെ കാലക്രമത്തിൽ ഐശ്വര്യം അയാളെ തേടിവരുന്നു. നല്ലൊരു ആദർശ ജീവിതത്തിന്റെ ഉടമയായി അയാൾ സമൂഹത്തിൽ ജീവിക്കും. ആരാണ് ലോകം കീഴടക്കുന്നത്?. സ്വന്തം മനസ്സിനെ കീഴടക്കിയവർ തന്നെ.

*****


## എറണാകുളം കരയോഗം

## മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ

**ഉത്തമ പങ്കാളിയെ കണ്ടെത്തു.**

For matrimony registration on KarayogamMangalyam visit

https://karayogammangalyam.com/free/a1


**കൂടുതൽ വിവരങ്ങൾക്ക്:-** Ph: 9447171160

# പ്രാണവായു എന്ന ഓക്സിജൻ

യു.എസ്. രവീന്ദ്രൻ ഫോൺ - 9496120978

ഈ ഭൂലോകത്തിലുള്ള എല്ലാ ജീവജാലങ്ങളുടെയും ജീവസന്ധാരണത്തിന് അത്യാവശ്യമായ ഒരു അദൃശ്യ വസ്തുവാണ് ഓക്സിജൻ. ഭക്ഷണവും, വെള്ളവുമില്ലാതെ ദിവസങ്ങളോളം പ്രാണൻ നിലനിർത്താമെങ്കിലും, ശ്വസിക്കാതെ അഞ്ചുമിനുട്ടു പോലും പ്രാണൻ നിലനിറുത്തുവാൻ സാധിക്കുകയില്ല. നമ്മൾ ശ്വസിക്കുന്ന വായുവിൽ തന്നെ ആവശ്യത്തിനനുസരിച്ച് പ്രാണവായു നിലനിർത്തി കൊണ്ടാണ് സർവേശ്വരൻ ഭൂമി സൃഷ്ടിച്ചിട്ടുള്ളത്. പ്രകൃതിയും മനുഷ്യനും പരസ്പര പൂരകങ്ങളായി പ്രാണവായുവിനെ എടുത്തും, കൊടുത്തും പ്രാണവായുവിന്റെ സന്തുലിതാവസ്ഥ നിലനിർത്തി പോരുന്നു. എന്നാൽ, ഈ സന്തുലിതാവസ്ഥ തകർക്കപ്പെടുമ്പോൾ മനുഷ്യശരീരത്തിന് ആവശ്യമായ പ്രാണവായു ലഭിക്കാതെ വരുന്നു, ശരീരം രോഗഗ്രസ്ഥമാകുന്നു. അതുകൊണ്ട്, ഓക്സിജൻ ഉൽപ്പാദിപ്പിക്കുന്ന പ്ലാന്റുകളുടെ പ്രാധാന്യം കൂടി വരുന്നു.

എങ്ങിനെയാണ് വൈദ്യാവശ്യത്തിനുള്ള ഓക്സിജൻ ഉൽപ്പാദിക്കുന്നത്? അന്തരീക്ഷത്തിലെ വായുവിൽ 78 ശതമാനത്തോളം നൈട്രജനും, 21 ശതമാനത്തോളം ഓക്സിജനും, 0.9 ശതമാനത്തോളം ആർഗണു, 0.1 ശതമാനത്തോളം കാർബൺഡയോക്സൈഡ്, മിതേൻ, നീരാവി, നിയോൺ എന്നീ ഘടകങ്ങളുമാണ്. അന്തരീക്ഷത്തിലെ വായുവിനെ വലിച്ചെടുത്ത് മാലിന്യങ്ങളെ അരിപ്പയിലൂടെ (filter) നീക്കി, ബാക്കി ഓക്സിജനും, നൈട്രജനും മാത്രം ചേർന്ന മിശ്രിതത്തിൽ നിന്ന്, നൈട്രജനേയും അരിച്ചു കളഞ്ഞാണ്, ഓക്സിജൻ ഉൽപ്പാദിക്കപ്പെടുന്നത്. സിയോളൈറ്റ് (Zeolite) എന്ന പദാർത്ഥത്തിന്




പ്രാണവായുവിനെ കൃത്രിമമായി ഉൽപ്പാദിപ്പിച്ച് ശരീരത്തിലേക്ക് മർദ്ദമുപയോഗിച്ച് കയറ്റിവിടേണ്ട അവസ്ഥ വരുന്നു. ഇപ്പോൾ നിലനിൽക്കുന്ന കൊറോണ എന്ന മഹാമാരി ശരീരത്തിന്റെ പ്രതിരോധ ശക്തികുറച്ച്, സ്വാഭാവികമായി ശ്വാസോച്ഛ്വാസത്തിലൂടെ ലഭിക്കേണ്ട പ്രാണവായുവിനെ സ്വീകരിക്കാൻ കഴിയാത്ത ആരോഗ്യസ്ഥിതി വിശേഷമുണ്ടാക്കുന്നു.

നൈട്രജനെ അധിശോഷണം (Adsorption) ചെയ്യാനുള്ള കഴിവുണ്ട്. ഓക്സിജനും, നൈട്രജനും ചേർന്ന മിശ്രിതം സിയോളൈറ്റിൽക്കൂടെ കടത്തിവിടുമ്പോൾ നൈട്രജൻ മാത്രം സിയോളൈറ്റിൽ അടിഞ്ഞു കൂടുകയും, ഓക്സിജൻ സ്വതന്ത്രമാകുകയും ചെയ്യുന്നു.

അങ്ങിനെ ലഭിക്കുന്ന ഓക്സിജനെ, ഒന്നു കൂടി ശുദ്ധീകരിച്ച്, സിലിണ്ടറുകളിൽ ശേഖരിക്കുകയോ, ആശുപത്രികളിലെ ഓക്സിജൻ വിതരണ ശൃംഖലയുമായി ഘടിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

ഇവിടെ ഒരു വ്യത്യാസം ശ്രദ്ധിക്കേണ്ടതാണ്. ആഗിരണവും (Absorption) അധിശോഷണവും (Adsorption) രണ്ടു രീതികളാണ്. ഉപ്പ്പൊടി വെള്ളത്തിലിട്ടാൽ അത് അലിഞ്ഞ് വെള്ളത്തിൽ ചേരുന്നു. ഇതിനെ ആഗിരണം എന്ന് വിളിക്കാം. എന്നാൽ ഉപ്പു വെള്ളം ഒരു സ്പോഞ്ചു കഷണം കൊണ്ട് തുടച്ചെടുത്തിട്ട് പിഴിഞ്ഞാൽ ഉപ്പുവെള്ളം മുഴുവനും പുറത്തുവരുന്നു. ഇത് അധിശോഷണം എന്ന പ്രക്രിയയാണ്. വായുവിൽ നിന്നും നൈട്രജനെ സിയോളൈറ്റ് ഉപയോഗിച്ച് വേർതിരിക്കുന്ന പ്രക്രിയയും അധിശോഷണമാണ് (Adsorption). ഈ നൈട്രജനെ വളം ഉണ്ടാക്കാനും മറ്റു വ്യവസായാവശ്യങ്ങൾക്കും ഉപയോഗിക്കാം. നൈട്രജനെ വേർതിരിച്ചു മാറ്റിയാൽ, ബാക്കിയുള്ളത് ഓക്സിജൻ മാത്രമാണല്ലോ. നൈട്രജനെ അരിച്ചുമാറ്റുന്ന സിയോളൈറ്റ് (Zeolite) എന്താണെന്ന് നോക്കാം. അതിസൂക്ഷ്മസുഷിരങ്ങളുള്ള സോഡിയം അലുമിനിയം സിലിക്കേറ്റ് എന്ന ഖരപദാർത്ഥമാണ് സിയോളൈറ്റ്. ഇതിന്റെ അതിസൂക്ഷ്മസുഷിരങ്ങൾ ഓക്സിജന്റെ അതിസൂക്ഷ്മകണികകളെ കടത്തിവിടുന്നു. താരതമ്യേന വലിയ കണികകളുള്ള നൈട്രജൻ സിയോളൈറ്റിന്റെ സുഷിരങ്ങളിൽ കുടുങ്ങിപ്പോകുന്നു. സിയോളൈറ്റ് ഒരു അരിപ്പയായി പ്രവർത്തിക്കുന്നു. നൈട്രജൻ കണികളെ അരിക്കുന്ന അരിപ്പ (Moleculer sieve). ഈ അരിപ്പ കടന്ന് ബഹിർഗമിക്കുന്ന ഓക്സിജനെയാണ്, മെഡിക്കൽ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത്. സിയോളൈറ്റ് ഖനികളിൽ നിന്നും കുഴിച്ചെടുക്കുകയോ, ഫാക്ടറികളിൽ ഉൽപ്പാദിപ്പിക്കുകയോ ചെയ്യാം.

ഇനി ഓക്സിജൻ പ്ലാന്റിന്റെ പ്രവർത്തനം എങ്ങിനെയാണെന്ന് നോക്കാം. P.S.A. Technology (Pressure swing adsorption) മർദ്ദദോലനാതിശോഷണം എന്ന സാങ്കേതിക വിദ്യയാണ് മെഡിക്കൽ ഓക്സിജൻ ഉൽപ്പാദിപ്പിക്കാനുള്ള ഒരു സംവിധാനം.

ഒരു കമ്പ്രസർ ഉപയോഗിച്ച് അന്തരീക്ഷത്തിലെ വായു വലിച്ചെടുത്ത്, രണ്ടു വലിയ സിലിണ്ടറുകളിൽ നിറയ്ക്കുന്നു. വലിച്ചെടുക്കുന്ന വായുവിലെ മാലിന്യങ്ങളെ വേർതിരിച്ചു കളയാൻ മേൽപറഞ്ഞ സിലിണ്ടറുകളിൽ വായുപ്രവേശിപ്പിക്കുന്നതിന് മുമ്പ്, അരിപ്പകൾ (filter) വച്ചിട്ടുണ്ടാകും. ഈ സിലിണ്ടറുകളുടെ അടിഭാഗത്ത് കാൽഭാഗത്തോളം സിയോളൈറ്റ് നിറച്ചിട്ടുണ്ടാകും. അരിപ്പകൾ കടന്നുവരുന്ന മർദ്ദത്തിലുള്ള വായുവിലുള്ള നൈട്രജൻ, സിയോളൈറ്റിന്റെ സുഷിരങ്ങളിൽ കുടുങ്ങുന്നു. ഓക്സിജൻ മാത്രം രക്ഷപ്പെടുന്നു. സിലിണ്ടറിന്റെ മുകളിൽ ശേഖരിക്കപ്പെടുന്നു. സിലിണ്ടറിലെ മർദ്ദനം വർദ്ധിക്കുമ്പോൾ, ഓക്സിജൻ പുറത്തേക്ക് വാൽവുകൾ കടന്ന് പൈപ്പ്ലൈൻ വഴി ആശുപത്രിയിലെ ഓക്സിജൻ വിതരണ ശൃംഖലയിലേക്ക് പ്രവേശിക്കുന്നു. സിയോളൈറ്റ് നൈട്രജൻ നിറഞ്ഞ് പൂരിതമാകുമ്പോൾ വേറെ പൈപ്പ് വഴി പുറത്തുപോകുന്നു. ഇത് വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

ആദ്യത്തെ സിലിണ്ടറിലെ മർദ്ദം കുറയുമ്പോൾ, രണ്ടാമത്തെ സിലിണ്ടർ മേൽപറഞ്ഞ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. ഇങ്ങനെ മർദ്ദാനുഷിഠിതമായി സിലിണ്ടറുകൾ പ്രവർത്തിക്കുന്നതിനാലാണ് Pressure swing ( മർദ്ദനോലനം) എന്ന സാങ്കേതികനാമം ഈ പ്രക്രിയയ്ക്ക് നൽകിയിരിക്കുന്നത്. അതിശോഷണപ്രക്രിയ (Adsorption) മൂലമാണ് ഓക്സിജനെ വേർതിരിച്ചെടുക്കാൻ സാധിക്കുന്നതുകൊണ്ട് ഈ വിദ്യയെ pressure swing adsorption (PSA) എന്ന് നാമകരണം ചെയ്തിട്ടുള്ളത്. 95ശതമാനം ശുദ്ധമായ ഓക്സിജൻ ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് ആശുപത്രികളിൽ തന്നെ ഉണ്ടാക്കാവുന്നതാണ്. ചില പ്രത്യേക ആവശ്യങ്ങൾക്ക് ആശുപത്രികളിൽ 99 ശതമാനം വരെ ശുദ്ധമായ ഓക്സിജൻ ആവശ്യമാണ്. അങ്ങിനെയുള്ള ആവശ്യങ്ങൾക്ക്, 95 ശതമാനം ശുദ്ധിയുള്ള ഓക്സിജൻ ഒന്നു കൂടി ശുദ്ധീകരിക്കേണ്ടതാണ്.

Pressure swing adsorption (PSA) വിദ്യ പോലെ vacuun swing adsorption, Cryogenie Method, Electrolysis എന്നീ സാങ്കേതിക വിദ്യകളുപയോഗിച്ചും ഓക്സിജൻ ഉണ്ടാക്കാവുന്നതാണ്. ഏറ്റവും ചെലവുകുറഞ്ഞതും പ്രായോഗികവുമായ രീതിയാണ് PSA Technology.

പ്രധാനമന്ത്രിയുടെ പി.എം.കെയർ ഫണ്ടിൽ നിന്നും ഇന്ത്യയിലാകെ 1215 ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിച്ചു കൊടുക്കുന്നുണ്ട്. കേരളത്തിലെ ഇരുപതോളം ആശുപത്രികളിൽ ഇത്തരത്തിലുള്ള ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഒരു പ്ലാന്റിനു മാത്രം ഒരു കോടി രൂപയോളം ചെലവുവരുന്നു. കേരളത്തിന്റെ പ്രത്യേകതകൾ മൂലം ഇതു പൊതുജനം അറിഞ്ഞിരിക്കാൻ വഴിയില്ല.

*****

1197 തുലാം 1 - 30

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 96456 83491

# മാസഫലം

**2021 ഒക്ടോബർ 17 മുതൽ നവംബർ 15 വരെ**

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**

മേടക്കൂർ (അശ്വതി ഭരണി, കാർത്തിക കാൽ) ഈ മാസം അത്ര അനുകൂലമായിരിക്കില്ല. വാക്ക് നിമിത്തം കലഹങ്ങളും ധനനഷ്ടം ഉണ്ടാകാം. വിദ്യാഭ്യാസ കാര്യത്തിൽ അലസത അനുഭവപ്പെടും. കുടുംബ കാര്യങ്ങൾ ക്രമം വിട്ട നിലയിലാകും. വാക്കിന് വിശ്വാസ്യത കുറയും. കുടുംബത്തിൽ പങ്കാളിക്കും കുട്ടികൾക്കും കടുത്ത സമ്മർദ്ദം നേരിടേണ്ടിവരും. സ്വയം പലകാര്യങ്ങളിൽ നിന്നും വിട്ട് നിൽക്കും. കർമ്മ രംഗം വിടാൻ ആഗ്രഹിക്കും തുടങ്ങിയ അനുഭവങ്ങൾ ഉണ്ടാകുന്നതിനുള്ള സാധ്യത ഉള്ളതിനാൽ സർപ്പ പ്രീതികരങ്ങളായ വഴിപാടും ശിവാരാധനയും നടത്തുക.



ഇടവക്കൂർ (കാർത്തിക മുക്കാൽ രോഹിണി, മകയിരം ആദ്യ പകുതി) ആരോഗ്യപരമായി കാലം വിപരീതമായിരിക്കും. തലവേദന, അലർജി, ഉദര രോഗം എന്നീ രോഗങ്ങൾ അസ്വസ്ഥതകൾ ഉണ്ടാക്കും, ആത്മവിശ്വാസ കുറവ് ഉണ്ടാകും ദാമ്പത്യകലഹം മൂലം മനപ്രയാസം ഉണ്ടാവും. വസ്തുവകകളിൽ നിന്നും ധനലാഭവും ദുർവ്യയവും ഒരു പോലെ ഉണ്ടാകും. വിദേശ യാത്രക്ക് സാധ്യത ഉണ്ട്. സർപ്പ പ്രീതി വിഷ്ണു പൂജ എന്നിവ നടത്തുക.



മിഥുനക്കൂർ (മകയിരം രണ്ടാം പകുതി തിരുവാതിര പുണർതം ആദ്യ മുക്കാൽ ഭാഗം) ദാമ്പത്യ വിഷയത്തിൽ അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാക്കും, അവിവാഹിതർക്ക് വിവാഹ കാര്യത്തിൽ പുരോഗതിയുണ്ട്. ദീർഘകാലമായി പ്രതീക്ഷിക്കുന്ന ചില കാര്യങ്ങൾ സാധ്യമാകും. പഴയ വാഹനങ്ങളുടെ ക്രയവിക്രയം നടക്കുമെങ്കിലും ധനലാഭം കുറയും. വാഹനത്തിന് വേണ്ടി പണം ചിലവഴിക്കേണ്ടിവരും. തൊഴിൽ സ്ഥലത്ത് വിട്ടുവീഴ്ച കാണിക്കാത്തതിനാൽ കലഹത്തിന് സാധ്യതയുണ്ട്. ദേവീ ക്ഷേത്രത്തിൽ ശത്രുദോഷ നിവാരണ അർച്ചന നടത്തുക.



കർക്കിടകക്കൂർ (പുണർതം അവസാന പാദം പൂയം ആയില്യം) ധനകാര്യങ്ങളിലും, സഹോദരസ്ഥാനിയർ, സഹപ്രവർത്തകർ എന്നിവരെ കൊണ്ടും അമിത സമ്മർദ്ദത്തിന് സാധ്യത. സന്താനങ്ങളെ കുറിച്ച് ആകുലത കൂടും. ശത്രുക്കൾ നിഷ്പ്രഭരാക്കും തൊഴിൽ അനുകൂലമായ അനുഭവങ്ങൾ ഉണ്ടാകും., തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിൽ ലഭിക്കും., പൊതുവേ അലസത തോന്നും വാതരോഗം അലട്ടും., തൊണ്ട, തോൾ, നെഞ്ച് എന്നീ ഭാഗങ്ങളിൽ വേദനക്കും നീർക്കെട്ടിനും സാധ്യതയുള്ളതിനാൽ ശ്രദ്ധിക്കുക. വിഷ്ണു സഹസ്രനാമജപം നടത്തുക.



ചിങ്ങക്കൂർ (മകം പൂരം ഉത്രം ആദ്യ പാദം) ധനനഷ്ടം, വിദ്യാതടസ്സം, പ്രവൃത്തികളിൽ പൂർണ്ണത കുറവ്, കുടുംബത്തിൽ പലതരത്തിലുള്ള അസ്വസ്ഥകൾ അനുഭവപ്പെടുക. ദാമ്പത്യ ബന്ധത്തിൽ അലസത കാരണം ദമ്പതികൾ തമ്മിൽ അകലാനും സാധ്യത ഉണ്ട്. ഏത് പ്രതിസന്ധിയും നേരിടാനുള്ള മനക്കരുത്ത് വിഷയങ്ങളെ അഭിമുഖീകരിക്കാൻ സഹായിക്കും. സന്താനങ്ങൾക്ക് സമ്മർദ്ദമനുഭവപ്പെടും. തൊഴിലിനനുസരിച്ചുള്ള അംഗീകാരം ലഭിക്കില്ല. സർപ്പ സ്തുതികളും, ഭദ്ര കാളിമന്ത്ര ജപവും നടത്തുക.



കന്നിക്കൂർ (ഉത്രം അവസാന മുക്കാൽ ഭാഗം അത്തം ചിത്തിര ആദ്യ പകുതി) പുതുതായി വീടു വെക്കാനോ, വീട് നവീകരിക്കാനോ ആഗ്രഹിക്കുന്നവർക്ക് കാലം അനുകൂലമാണ്. വാഹനങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനു വേണ്ടിയോ നിയമ ലംഘനം മൂലമോ പണ നഷ്ടത്തിന് സാധ്യതയുള്ളതിനാൽ ശ്രദ്ധിക്കുന്നത് നല്ലതാണ്. സഹായികൾ നിമിത്തം ചില ദോഷങ്ങൾ അനുഭവപ്പെടും. തീരുമാനങ്ങൾ എടുക്കാൻ സാധിക്കാതെ പ്രയാസപ്പെടും. ഭദ്രകാളി മന്ത്ര ജപത്തിലൂടെ ദോഷനിവൃത്തി വരുത്തുക.



തുലാക്കൂറ് (ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യ മുക്കാൽ ഭാഗം) പൊതുവേ കാലം അനുകൂലമല്ല. സാമ്പത്തിക പരമായും കുടുംബ പ്രശ്നങ്ങൾ നിമിത്തവും ദാമ്പത്ത്യ പരമായും ഉള്ള പ്രശ്നങ്ങൾ കടുത്ത മാനസിക സമർദ്ദത്തിലാക്കും. വാക്ക് കരുതലോടെ വേണം ഉപയോഗിക്കുവാൻ വാക്ക് നിമിത്തം നഷ്ടങ്ങൾക്ക് സാധ്യത ഉണ്ട്. പങ്കാളി പോലും ശത്രുതയിലായേക്കാം. വിദ്യാർത്ഥികൾക്ക് വിദ്യാതടസ്സത്തിന് ഇടവരും. തടസ്സങ്ങൾ നീങ്ങുന്നതിനു വേണ്ടി ശൈവശാക്തേയ മന്ത്ര ജപം നടത്തുക.



വൃശ്ചികക്കൂർ (വിശാഖം അവസാന കാൽ ഭാഗം അനിഴം, തൃക്കേട്ട) ശിരസ്സ്, നെഞ്ച്, ഉദരം എന്നീ ഭാഗങ്ങളിലെ രോഗവസ്ഥ അസ്വസ്ഥതപ്പെടുത്തും. ക്രമവിരുദ്ധമായ കാര്യങ്ങൾ മൂലം ദാമ്പത്യകലഹത്തിന് സാധ്യതയുണ്ട്. വിദ്യാർത്ഥികൾക്ക് കാലം അനുകൂലമാണ്. ധനപരമായി ഗുണമുണ്ടാകും. വിട്ടുവീഴ്ചയില്ലായ്മ നിമിത്തം സന്താനങ്ങളുമായി കലഹത്തിന് കലാശിക്കും. ജീവിത പങ്കാളിക്ക് ദേശം വിട്ടു പോകാൻ തോന്നും. ദേവീ പ്രീതികരങ്ങളായ നാമ ജപങ്ങൾ നടത്തുക.



ധനുക്കൂർ (മൂലം പൂരാടം ഉത്രാടം ആദ്യ കാൽ) തൊഴിൽപരമായി പ്രയാസങ്ങൾ അനുഭവപ്പെടും. ഗൃഹത്തിൽ കലഹങ്ങൾക്ക് സാധ്യതയുണ്ട്. കിട്ടാനുള്ള ധനം കിട്ടുമെങ്കിലും കാലതാമസമുണ്ടാകും. വിദ്യാർത്ഥികൾക്ക് പഠനത്തിന് അലസത ഉണ്ടാകും. എന്നാലും വിദ്യാവിജയമുണ്ടാകും. തോൾ വേദനയും അലർജിനിമിത്തമുള്ള ചില രോഗങ്ങളും മൂർച്ഛിച്ചേക്കാം. കാലിന് മുറിവ് ഉണ്ടാവാനും വീഴ്ച സംഭവിക്കാനും ഇടയുണ്ട്. ആയതിനാൽ ദേവീ കവച മന്ത്രം ജപിക്കുക.



മകരക്കൂർ (ഉത്രാടം അവസാന മുക്കാൽ ഭാഗം തിരുവോണം അവിട്ടം ആദ്യ പകുതി) സഹോദരസ്ഥാനീയർ, സഹായികൾ, അയൽവക്കം എന്നിവരുമായി കലഹത്തിന് സാധ്യതയുള്ളതിനാൽ എല്ലാവരുമായും കരുതലോടെ ഇടപെടുക. ശരിയായ രീതിയിലുള്ള തീരുമാനമെടുക്കാൻ പറ്റാതെ വരിക തുടങ്ങിയ കാര്യങ്ങൽ നിമിത്തം മനസ്സ് അസ്വസ്ഥമാകും. ധനപരമായി കൂടുതൽ മെച്ചം പ്രതീക്ഷിക്കേണ്ടതില്ല. വിഷ്ണു സഹസ്രനാമ ജപം പഞ്ചാക്ഷരി ജപം എന്നിവ ദോഷങ്ങളെ ലഘൂകരിക്കും.



കുംഭക്കൂർ (അവിട്ടം രണ്ടാം പകുതി ചതയം, പൂരൂരുട്ടാതി) വാക്ക് നിമിത്തവും ധനം നിമിത്തവും കലഹം ഉണ്ടാകാം. വിദ്യാഗുണം, ധനലാഭം എന്നിവ പ്രതീക്ഷിക്കാം. പങ്കാളിയിൽ നിന്നും സർക്കാരിൽ നിന്നും ചില ആനുകൂല്യങ്ങൾ ലഭിക്കും. തൊഴിൽപരമായി ചില പ്രശ്നങ്ങൾ അഭിമുഖികരിക്കേണ്ടിവരും കഴുത്തിന് മുകളിലും ശ്വാസകോശ സംബന്ധമായും അരക്ക് താഴെയും രോഗ സാധ്യത ഉള്ളതിനാൽ തുടക്കം മുതൽ തന്നെ ശ്രദ്ധിക്കുക. ശാസ്ത്രാ ഭജനവും നവഗ്രഹസ്തോത്ര ജപവും നടത്തുക.



മീനക്കൂർ (പൂരൂരുട്ടാതി അവസാനകാൽ ഉത്രട്ടാതി രേവതി) പിടിവാശി ദാമ്പത്യ ബന്ധത്തിൽ വിള്ളലുണ്ടാക്കും. ധനലാഭം, കർമ്മഗുണം, വിദ്യാലാഭം എന്നീ ഗുണ ഫലാനുഭവങ്ങൾ ഉണ്ടാകും. പലപ്പോഴും നിർഭാഗ്യകരമായ അനുഭവങ്ങളും ഉണ്ടാകും. സഹായികൾ ക്രമവിരുദ്ധമായി പ്രവർത്തിക്കും. ശിരോരോഗം, അലർജി സംബന്ധമായ രോഗം, അരക്ക് താഴെ എന്നീ ഭാഗങ്ങളിൽ പല തരത്തിലുള്ള രോഗ ദുരിതങ്ങൾ നേരിടാം. ശൈവ പ്രീതികരങ്ങളായ മന്ത്രജപങ്ങൾ നടത്തി ദോഷ ദുരിതങ്ങൾക്ക് ശമനം വരുത്തുക.



*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

**തിങ്കൾ, വ്യാഴം, ശനി ദിവസങ്ങളിൽ 9.30 am to 1.30 pm വരെ ജ്യോതിഷാചര്യന്റെ സേവനം ലഭ്യമാണ്**


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 24/165cm, Vishakham1/4 (Vrischikam), B.Tech, Software Engineer, Pref: Professional Boys Mob: 9633144701


Email:seetha.lakshmy1969@gmail.com
Date of Birth:8-9-1997(1.40 p.m)
Sishta Dasa:




Contact Address:
SMT.SEETHALAKSHMY
GFA,
ROYAL CASTLE
KOTTAIKAKOM
ERNAKULAM - 682 301

Nair Girl, 28/170cm, Makam, Fair, M.Com, Doing CS, Executive, BAMCO Ernakulam, Divorcee, Pref: Post Graduate, Mob: 9895274485

Email:ravindranpk911@gmail.com
Date of Birth:22-7-1993(10.30am)
Sishta Dasa:Sun :




Contact Address:
MR.RAVINDRAN P. K
POYYATTU HOUSE
PURAYAR
DESOM P. O
ALUVA,
ERNAKULAM 683102

Nair Girl,25/ 158cm, Avittam,White, B.Tech Electrical,Pref:Professional boys,Mob:8304821872


Email:gvenugopal64@gmail.com
Date of Birth:3-7-1996(10.38pm)
Sishta Dasa:Mars:6-4-24




Contact Address:
MR. VENUGOPAL G
SAKETHAM
VIKAS NAGAR
MUVATTUPUZHA
ERNAKULAM - 686661

Nair Girl, 25/ 170cm,Chithira 1/2 (kanni), M.Com - Amrita School of Arts and Science, Edappally, Audit Associate - KPMG -GDC,Kochi, an MNC Consultancy, Mob:9447777354


Email:harimadhav2014@gmail.com
Date of Birth:15-9-1996(4.15pm)
Sishta Dasa:




Contact Address:
MR.T.M. HARIKUMAR
ROHINI, 5/446,
VALLOOR ROAD
NEAR THURUTHY TEMPLE
MARADU
ERNAKULAM - 682304

Nair Girl,23/ 5'2",Bharani,White,B.Sc Physics,Doing MBA,MNC, Non IT,Pref: Graduation, Bank/Insurance/Cenntral Govt,Non IT field preferable Ernakulam/ Trichur/Aleppey Districts ,Mob: 9495240668, 9497769696


Email:anilgiceuk@gmail.com
Date of Birth:21-06-1998(8.50a.m)
Sishta Dasa:Sukra -2-2-12.0




Contact Address:
MR.ANILKUMAR
KADEKUZHI HOUSE
MARADU P.O
KUNDANNOOR
ERNAKULAM - 682304

Nair Girl, 28/160cm, Pooram, Completed MA in journalism and Mass communication, Pursuing Masters in Psychology, Skill Trainer with Edutech start up based in Delhi, Pref: Post Graduate/ Professionals, Mob:9847039971

Email:prakasharackal@gmail.com
Date of Birth:22-10-1992(5.11pm)
Sishta Dasa:Venus:10-4-8




Contact Address:
Dr.PRAKASH CHANDRAN
KAMMATHIPARAMBIL
RAJEEV NAGAR
ELAMAKKARA
COCHIN - 682026


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 25/5'5" Chathayam, B.Tech-Computer Science and Engineering, Software professional, MNC, Pref Professionals /Employed boys USA, London,Mob:9446987935, 9400510709


Email:ramachandran61@gmail.com
Date of Birth:25-09-1996(5pm)
Sishta Dasa:Rahu :4-8-21




Contact Address:
MR.D.RAMACHANDRAN
NADUVATHUPUTHAN VEEDU
MARUTHORVATTOM P. O
CHERTHALA
ALAPPUZHA - 688539

Nair Girl, 29/156cm, Pooyam, Medium, M.Sc Nursing, Studying in UK, Pref: Boys Employed /Professionally qualified, Mob: 9496592886

Email:rkkumarsuresh@gmail.com
Date of Birth:29-07-1992(11.20am)
Sishta Dasa:




Contact Address:
MR.SURESHKUMAR K. R
KALARICKAL HOUSE
MUTHOLY P.O
PANTHATHALA
PALA
KOTTAYAM - 686573


**THOTTEKKATT DIWAN'S MEMMORIAL HALL**

**ERNAKULAM KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com


## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2021 സെപ്റ്റംബർ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീ. പി.ജി. പരമേശ്വര പണിക്കർ, ജയ്കുഞ്ച്, 39/73, ചിറ്റൂർ റോഡ്, കൊച്ചി - 35 | 25,000/- |
| 2. | ശ്രീ. ടി.എൻ.ടി നായർ, കൈരളി അപ്പാർട്ട്മെന്റ്, ഫ്ളാറ്റ് ന. 15, പനമ്പിള്ളി നഗർ, കൊച്ചി - 36 | 25,000/- |
| 3. | ശ്രീ. രഘു കെ.ആർ., നവനീതം, കിഴക്കേകണ്ണൻതോടത്ത്, ഇടപ്പള്ളി, കൊച്ചി - 24 | 10,000/- |
| 4. | ശ്രീ. പ്രകാശ്. കെ. ഇരുപ്പാക്കൽ ഹൗസ്, പൊന്നേത്ത് ടെമ്പിൾ റോഡ്, ശാന്തി നഗർ, കടവന്ത്ര, കൊച്ചി- 20 | 10,000/- |
| 5. | ശ്രീ. കൃഷ്ണകുമാർ കെ. 107, ഗോവിന്ദ് അപ്പാർട്ട്മെന്റ്, കളത്തിപ്പറമ്പിൽ റോഡ്, കൊച്ചി - 11 | 10,000/- |
| 6. | ശ്രീമതി. ശാന്തകുമാരി അമ്മ, തത്ത്വമസി, മാടക്കാപ്പിള്ളി ഹൗസ്, ചിറ്റൂർ റോഡ്, എറണാകുളം | 10,000/- |
| 7. | ശ്രീ. പ്രദീപ് കുമാർ എം. പൗർണ്ണമി, മുല്ലശ്ശേരി, 41/534 A, എ.എൽ ജേക്കബ് റോഡ്, കൊച്ചി - 35 | 10,000/- |
| 8. | ശ്രീമതി. പങ്കജം വിജയലക്ഷ്മി മേനോൻ, 1 D Link Heights, കൊച്ചി - 36 | 5,000/- |
| 9. | ശ്രീ. കണ്ണൻ, DTPC Stall (Nirathil), ഡി. എച്ച് റോഡ്, എറണാകുളം | 5,000/- |

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 29/175cm, Aayilyam, Medium,B.Tech, PG in Petroleum Engineering (UK), Manager, Ashok Leyland, Pref: Post Graduation, IT, Bankers, Teachers, Dentist Engineer, Ph:0484-2352579,Mob:9446367838, 9526703400

Email:girija_paliath@yahoo.com
Date of Birth:21-01-1992(11.45am)
Sishta Dasa:

| | | | | | |
|---|---|---|---|---|---|
| | ര | ശു ല | മ | | |
| | | ല | മാ | ശി | |
| ച ശി | | ഗ്രഹനില | | ച | |
| | ര മ | & അംശകം | | ഗു | കു സ |
| | ബുശു കു സ | | | | |
| | | | ബുഗു | | |

Contact Address:
MR.K.KRISHNA KUMAR
II,A SANTHI PRATHYUSHA
APARTMENTS
CHITTOOR ROAD
NEAR PULLEPADY JN
ERNAKULAM - 682018

Nair Boy, 27/180cm,Chathayam, Sudhajathakam, White, BA, LLB, Advocate, Pref: Employed girls, Bank/ LIC/ IT/ Teaching Profession etc, Mob:7356254832

Email:advprdep@gmail.com
Date of Birth:25-10-1993(2.16pm)
Sishta Dasa:Rahu:10-10-20

| | | | | | |
|---|---|---|---|---|---|
| | | ശി | കു | ബു | |
| | | | ശി | | ശു |
| മാ | ച ല മാ | ഗ്രഹനില | | | |
| ച | മ | & അംശകം | | | |
| ര | | സ | ര കു ബു ഗു | ശു | |
| | | ല | ഗു സ | മ | |

Contact Address:
ADV.P.B. PRADEEP
EDAKKATHALATH (AJITH)
ELOOR EAST
UDYOGAMANDAL P.O
ERNAKULAM - 683501

Kshatriya Boy, 40/169 cm, Pooyam, Sudham , White, B.Com, Accountant in a private firm at Cochin,Vegetarian, Mob:9048448159, 9048828800

Email:surajv1981@gmail.com
Date of Birth:21-10-1981(3.40a.m)
Sishta Dasa:Sani:4-6-21

| | | | | | |
|---|---|---|---|---|---|
| | | | കു | | |
| | | മാ | | | |
| ശി | | ഗ്രഹനില | | ച സ | മ |
| | ശി | & അംശകം | | ല കു | സ |
| ശു | | ശു | ര | ബുഗു മ | ബു ഗു |
| | | ര ച | ല | മാ | |

Contact Address:
SMT.RATHNAM G RAJA
VAKKE KOVILAKAM
THIPPILASSERY
KARIKKAD VIA
KUNNAMKULAM
THRISSUR - 680519

Nair Boy, 37/172cm,Avittam, Fair, Sudha Jathakam, BBA, PGDM, ,Business, C& F Distribution of Oil / Food material, Divorcee,Pref: Age 28 to 32, preferably in Kerala, Mob: 9895677777

Email:drvenu73@gmail.com
Date of Birth:24-4-1984(12.43pm)
Sishta Dasa:Kuja:6-2-10-12

| | | | | | |
|---|---|---|---|---|---|
| | ശുമാ | മ | സ | ബു | |
| | ശു | ര ബു | സ | | |
| | | ഗ്രഹനില | | ല മാ | ര കു |
| | ച | & അംശകം | | | ച |
| | ഗു | ശി കു | മ | | ഗു |
| | | ല ശി | | | |

Contact Address:
DR.M.VENUGOPAL
PADMASREE
PANAMPILLY AVENUE
KOCHI -682036

Nair Boy, 36/173cm, Rohini, Medium, B.Tech(Civil Engineering) Site Engineer, Kuwait,Pref: Educated girls, Mob:9562154521

Email:lathikasunil05@gmail.com
Date of Birth:15-7-1985(1.45am)
Sishta Dasa:

| | | | | | |
|---|---|---|---|---|---|
| | | ശി | ശു | ര | |
| | മാ | സ ല | ച ശു | ര കു | കു മ |
| | | ഗ്രഹനില | | ബു | ചമാ ഗു |
| ബു | ഗു | & അംശകം | | | |
| | | | മ ശി | | |
| | | ല | സ | | |

Contact Address:
MR.K.K.PARAMESWARAN NAIR
VAKKODIYIL HOUSE
THALAYOLAPARAMBU P. O
KOTTAYAM - 686605

Nair Boy,33/182cm, Karthika 3/4 (Edavam), B.Tech, HCL Technologies, Lead Engineer,Pref: Professionally qualified girl from good family background, height 5’4” + moderate complexion,Mob:9995599734

Email:pp.vijayakumar@gmail.com
Date of Birth:10-10-1987(10.50pm)
Sishta Dasa:Sun:1-1-9

| | | | |
|---|---|---|---|
| സ | ഗു | ച | ല മാ |
| | ഗ്രഹനില | | |
| | & അംശകം | | ശു |
| | മ | ബു | ര ശി കു |

Contact Address:
MR.P.P.VIJAYAKUMAR
PALAKKAMADATHIL HOUSE
MUTHOLAPURAM P O
ELANJI -686665

# MANGALYAM MATRIMONIAL
# വധുവിനെ ആവശ്യമുണ്ട്



Nair Boy, 26/172cm, Uthradam1/4 (Dhanu), B.E Mechanical Engineering, Najed Al Ahliya Logistics Coordinator, Pref: Graduate, Mob:9447580543

Email: deepakmurali007@gmail.com
Date of Birth:8-11-1994(12.50p.m)
Sishta Dasa:Sun : 5-8-21

ര ച കു മാ

| | | | |
|---|---|---|---|
| ര | ബു | | കു |
| സ | ഗ്രഹനില & അംശകം | | ല |
| ഗു | | | മാ |
| | | ച ശു ശി മ | |

സ ഗു മ
ബു ശു ല ശി

Contact Address:
MR.K MURALEEDHARAN
PEEDIKAPARAMBIL HOUSE
PONJASSEY P. O
PERUMBAVOOR
ERNAKULAM - 683547

Nair Boy, 30/172cm, Avittom 1/2 (Makaram), M.Tech,MNC, Consultant, Pref: Well educated, preferably employed girls, Mob: 09495386053

Email:njatuveettil@gmail.com
Date of Birth:28-7-1991(2.00pm) ച
Sishta Dasa:Mars: 4-2-23

മ ശി ബു

| | | | |
|---|---|---|---|
| | | | ശി |
| | ഗ്രഹനില & | | ര ഗു |
| ച മ | അംശകം | | ബു കുശു |
| സ മാ | ല | | |

ഗു ശു കു മാ ല ച
സ ര

Contact Address:
SMT.LEENA
KARTHIKA
CHALIKKAVATTOM ROAD
VENNALA
ERNAKULAM -682028


ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതംഅവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

**0484 2361161**

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ
6 മണി വരെ


*(തുടർച്ച പേജ് 48)*

ഇങ്ങനെ നിത്യവിസ്മയമായ മരങ്ങളെയാണ് സ്വാർത്ഥമോഹിയും, വിഡ്ഢിയുമായ മനുഷ്യൻ യാതൊരു ഔചിത്യവുമില്ലാതെ വെട്ടിനശിപ്പിക്കുന്നത് എന്ന് ഓർക്കുക. ആഗോളതാപനം പോലയുള്ളതും, ലോകം മുഴുവൻ ഭയാനകമായ ദുരന്തങ്ങൾക്ക് കാരണമാകുന്നതുമായ, ഈ അവസാന നാളുകളിൽ പോലും, യാതൊരു മാനദണ്ഡവുമില്ലാതെ മരങ്ങൾ വെട്ടിനശിപ്പിക്കുകയും, ശാഖകൾ അരിഞ്ഞു വീഴ്തുകയും ചെയ്യുന്ന വിഢിയും സ്വാർത്ഥമോഹിയുമായ ഈ മനുഷ്യനെപ്പറ്റി ഒരു നിമിഷം ചിന്തിക്കുക. അലങ്കാരവൃക്ഷമായാലും, ഫലവൃക്ഷമായാലും, പ്രകൃതിയുടെ അമൂല്യ സമ്പത്താണ് മരങ്ങൾ.

ഇന്ന് നാം കാണുന്ന അലങ്കാരവൃക്ഷങ്ങളിൽ മിക്കവയും ഔഷധികൾ കൂടിയാണ്. അതിവിശിഷ്ടമായ വേപ്പ്, അരയാൽ, അശോകം അങ്ങനെ എത്ര, എത്ര ഔഷധ സസ്യങ്ങളാണ് നമ്മുടെ ഭൂമിയിൽ ഉള്ളത്. വൃക്ഷങ്ങളെ സ്നേഹിക്കുക, അവയെ സാധ്യമായ സ്ഥലങ്ങളിലെല്ലാം വച്ചു പിടിപ്പിക്കുക. അതുവഴി അന്തരീക്ഷ മലിനീകരണവും, ആഗോള താപനവും പോലുള്ള കൊടിയ വിപത്തുകൾ പരിഹരിക്കാൻ നമുക്ക് മുന്നിട്ടിറങ്ങാം. വൃക്ഷങ്ങളെ ഒരു കാലത്ത് നാം ആരാധിച്ചിരുന്നു എന്നോർക്കുക.

പത്ത് യോഗ്യന്മാരായ പുത്രന്മാരുണ്ടാകുന്നതും, ഒരു മരം നടുന്നതും തുല്യഫലം നൽകുമെന്നാണ് വേദങ്ങളിൽ വിശേഷിപ്പിച്ചിരിക്കുന്നത്. മരങ്ങളെ ദൈവങ്ങളുമായി ബന്ധപ്പെടുത്തിയാണ് നമ്മുടെ പൂർവ്വികർ ആരാധിച്ചിരുന്നത്. പ്രകൃതിയുടെ അത്യപൂർവ്വമായ വിസ്മയങ്ങളിലൊന്നാണ് മരങ്ങൾ. വൃക്ഷങ്ങളെ സ്നേഹിക്കുവാനും, നട്ടുവളർത്തുവാനുമുള്ള സന്മനസ്സു ഏവർക്കും ഉണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തുന്നു.

*****











എറണാകുളം കരയോഗത്തിന്റെ വിവിധ ജീവകാരുണ്യപ്രവർത്തനങ്ങളിൽ ആരോഗ്യസംരക്ഷണപദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ ക്ലിനിക്ക് ഓൺ വീൽസിന്റെ വാക്സിനേഷൻ ക്യാമ്പുകളിൽ നിന്ന്. ചടങ്ങിൽ ജില്ലാ കളക്ടർ ശ്രീ. ജാഫർ മാലിക്ക് സന്നിഹിതനായിരുന്നു.



DATE OF PUBLICATION: 10-10-2021

RNI NO. KERMAL/2008/23515
REGISTERED NEWSPAPER
M6-57945/2007

REGISTERED KL/EKM/514/2021-23
LICENSE NO. KL/CR/EKM/WPP-15/2021-23
LICENSED TO POST WITHOUT PREPAYMENT

Volume No. 13 October 2021 Issue No. 10


Radheyam
Guest House


For Booking

Thekke Nada, Karakkat Road, Guruvayoor - 680 101
Email: radheyamguesthouse@gmail.com
Tel: +91 487 2504700, +91 8547871161









*Administrative Office:* **ERNAKULAM KARAYOGAM**
T.D.M Hall Complex, D.H. Road, Kochi 682016, Kerala
Ph: 0484 2361160, +91 9447171160, Email: ekmkgm@gmail.com

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

*ONLINE ISSUE*

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.